


UNION CHRISTIAN COLLEGE MAGAZINE 2006-07



















# Miss U Sweet Dreams



FOR REFERENCE ONLY

FOR REFERENCE ONLY



## Union Christian College

Aluva

2006-2007

# EDITORIAL



ഇവിടെ എല്ലാം ഉണ്ട്: മൺപാതകൾ...
ഇലകൾ വീണുകിടക്കുന്ന ഇടവഴികൾ...
മഹാഗണിത്തണലുകൾ...
ചരിത്രമുറങ്ങുന്ന കച്ചേരിമാളിക
പ്രാർത്ഥന തുളുമ്പുന്ന അന്തരീക്ഷം...
ശിശിരത്തിൽ ഇലപൊഴിച്ച്,
പ്രണയത്തിന്റെ നാൾവഴിയിൽ
മഞ്ഞ് പുഷ്പങ്ങൾ ചൂടുന്ന കൊന്നമരം.!
ഇവിടെ എല്ലാം ഉണ്ട്.
ഒരു സൗഹൃദത്തിന്റെ നനുത്ത
ഓർമ്മയിൽ ചില മുഖങ്ങൾ മിന്നി മറയുമ്പോൾ...
കാന്റീനിൽ ചില ശബ്ദകോലാഹലങ്ങൾ....
ഗേറ്റിനടുത്തുള്ള വാഗ്വാദങ്ങൾ....
സി.സിയിലെ വാചാലമായ നേരമ്പോക്കുകൾ...
കുസൃതികൾ നിറഞ്ഞ - ബി.ബി.സിയിലെ പ്രണയം...
ഇങ്ങനെ പോകുന്നു.
നിങ്ങൾ ഇല്ലാത്ത എന്റെ ഓർമ്മകൾ...
നിശബ്ദതയിൽ വിപ്ലവവും. വികസനവും
സ്വപ്നവും കവിതയും പ്രണയവുമെല്ലാം
ഉറങ്ങുന്ന ലൈബ്രറിയിലെ പുസ്തകത്താളുകൾ...
നിങ്ങളെത്തിരയുന്നു. ഇവിടെ എല്ലാം ഉണ്ട്:
നിങ്ങൾ മാത്രം ഇല്ല.
നീ ചിരിക്കുമ്പോൾ കൂടെ ചിരിക്കാനും
കരയുമ്പോൾ കൂടെ കരയാനും
സന്തോഷങ്ങൾ പങ്കിടാനും
കൂടെ ഞാനുണ്ടാകും എന്നു പറഞ്ഞ
സൗഹൃദങ്ങൾ !
ഓർമ്മകൾ നിഴൽക്കുത്തുകൾ
വീഴ്ത്തിയ മനസ്സിൽ
മായാതെ കിടക്കുന്ന
നനവുള്ള ആ ഓർമ്മകൾക്ക്...
ഇന്നെത്ര വയസ്സാണ്...?

# Editorial Board

| | |
|---|---|
| *Principal* | : **Dr. Varghese John** |
| *Staff Advisor* | : **Mr. Vidhu Narayan** |
| *Student Editor* | : **Tom Joseph** |
| *Sub Editors* | : **Jino John**<br>**Ansila Urumese**<br>**Midhun Murali** |
| *Committee Members* | : **Nibin P. B.**<br>**Jayalal K. J.**<br>**Vishnuraj N. R.**<br>**Sreeraj K. S.**<br>**Sarin John**<br>**Sijo John M. J.**<br>**Binil M. B.**<br>**Bineesh Kumar**<br>**Bins George**<br>**Azad Azeez**<br>**Joby Varghese** |
| *Layout* | : **Tom Joseph** |
| *Illustration* | : **Alex Xavier**<br>**Midhun Mohan** |
| *D. T. P.* | : **Ushus Computers**<br>N. Paravur |
| *Computer Designing & Printing* | : **Maptho Printings**<br>Kalamassery |



## Statement of Ownership

*Statement of Ownership and other particulars:*

| | |
|---|---|
| Place of Publication | : Aluva |
| Periodicity of Publication | : Annually |
| Printer's Name | : Dr. Varghese John |
| Nationality | : Indian |
| Address | : Principal<br>U.C. College<br>Aluva |
| Publisher's Name | : - do - |
| Editor's Name | : Tom Joseph |
| Nationality | : Indian |
| Address | : Editor<br>U.C. College<br>Aluva |
| Printed at | : Maptho Printings<br>Kalamassery |

I, Varghese John hereby declare that the publications given above are true to the best of my knowledge and belief.

*Sd/-*
Principal

Post Box : 5
Aluva - 683 102
Kerala
Phone: 91-484-2609194
Fax: 91-484-2607534, 2609194
Email: ucc@uccollege.edu.in
Website: www.uccollege.edu.in

# Principal's Message



In a sense, this college magazine marks the culmination of the student activities in the college during the past one year. I congratulate all who have contributed for its production.

It is time once again for the college to look back and see how we fared during the past year. The year 2006-07 has been reasonably satisfying in many ways. Let us congratulate all those who have been responsible for this feeling – students, teachers and non-teaching staff.

These are times when it is difficult to have a generally agreed view on many subjects --on the best type of higher education, on the best type of institutions, on the best type of achievements in education. Perhaps there need not be a generally agreed view on these subjects either. But it should be useful if thoughts about such issues engage us when we study or teach or work here. It should certainly help if such thoughts have a bearing on the way we conduct ourselves here.

These are also times when we can, if we wish, have a broad, even international perspective. A definite advantage of this is that we can, again, if we wish, have more examples and guidelines than in the past to help set our own standards and fix targets. Let us wish.

My best wishes!

**Dr. Varghese John**

# INDEX


| | | |
|---|---|---|
| 1. | നീയും ഒരോർമ്മയായ് | 8 |
| 2. | ഓർമ്മകളിലേയ്ക്ക് | 8 |
| 3. | പറയാതെ പോയത് | 9 |
| 4. | മടക്കയാത്ര | 12 |
| 5. | ഫീച്ചർ - ഒരു നദിയുടെ ആസന്ന മരണം | 13 |
| 6. | God's Greatest Gift to Me | 18 |
| 7. | ദൈവം ശല്യമായപ്പോൾ | 20 |
| 8. | പുഴയുടെ ഓർമ്മകൾ | 22 |
| 9. | അഗ്നിസാക്ഷിയിലൂടെ ഒരു യാത്ര | 23 |
| 10. | The Growth Story of Indian Economy | 25 |
| 11. | നനവുള്ള ഓർമ്മകൾ | 31 |
| 12. | യാത്രമൊഴി | 32 |
| 13. | An Eco Friendly Gesture | 33 |
| 14. | മായാത്ത മുഖം | 34 |
| 15. | വിമുഖതയുടെ കോട്ടവാതിൽ | 35 |
| 16. | പുസ്തക പരിചയം-മുള്ളകൾക്കിടയിൽ | 36 |
| 17. | एक अपराजिता कि आखरी कोशिश | 37 |
| 18. | ഞാൻ മാത്രം | 37 |
| 19. | Is Religion Unmasonadle | 38 |
| 20. | വിടപറയുന്നവർക്കു സ്നേഹപൂർവ്വം | 39 |
| 21. | പുനർജന്മം | 40 |
| 22. | नयी सुबह | 40 |
| 23. | മഞ്ഞ് | 42 |
| 24. | രാവിന്റെ നൊമ്പരം | 42 |
| 25. | ഞാൻ C Cയിൽ ഉണ്ടാകും | 44 |
| 26. | സുഹൃത്തിന് | 46 |
| 27. | പുഴ ഒഴുക്കും വഴി | 48 |
| 28. | ദീർഘനിദ്ര | 48 |
| 29. | പനിനീർ മഴയായി | 49 |
| 30. | Present plight of God's own Country | 50 |
| 31. | കനവ് | 54 |
| 32. | മഴ | 54 |
| 33. | യൂണിയൻ റിപ്പോർട്ട് | 57 |
| 34. | യാത്ര | 62 |
| 35. | യാത്രയാകട്ടെ | 63 |
| 36. | മാധ്യമങ്ങളും യുവജനങ്ങളും | 64 |
| 37. | ഓർമ്മ | 66 |

38. നിലാവ് 66

39. മഹാഗണിതം 67

40. Why? 68

41. സങ്കല്പങ്ങളിലെ യു.സി 69

42. പെങ്ങൾ 70

43. എന്നെ നീ അറിഞ്ഞിരുന്നോ 70

44. Principal's Report 71

45. Sports Report 80

46. അധ്യാപകർ അവർ നമ്മുക്ക് പ്രിയപ്പെട്ടവരാകുന്നത് എന്തുകൊണ്ട്? 83

47. സഖീ നിനക്കായി 84

48. Evening Walk - Cine Club Report 85

49. N.S.S. Report 86

50. ഒരു കുഞ്ഞ് പൂവ് 88

51. മഹാഗണി മുത്തശ്ശിമാരോട് 91

52. N.C.C. Report 92

53. എന്നിൽ ഭദ്രം നിന്നോർമ്മകൾ 94

54. നിന്റെ പദസ്വരം കേൾക്കാൻ 94

55. കവിതയുടെ ഉൾത്തിരിവ് 95

56. വെയിൽ മായുന്നു. ഇനി സന്ധ്യകൾ മാത്രം എങ്കിലും നിനക്കായി 95

57. വിദ്യാർത്ഥികളും അദ്ധ്വാനശീലവും 97

58. നമ്മുടെ യു.സി 98

59. അവർ അവർക്ക് ആര് 98

60. മൗനനൊമ്പരങ്ങൾ 99

61. ആര് 99

62. നവവിദ്യാഭ്യാസ സംസ്കാരം; ഒരു വിദ്യാർത്ഥിയുടെ കാഴ്ചപ്പാടുകൾ 100

63. വേനലും വാകയും 101

64. ഒരു ഇന്റർവ്യൂ അനുഭവം 102

65. ഇലഞ്ഞി ചുവട്ടിലെ സൗഹൃദം 103

66. മാറ്റം അനിവാര്യമത്രേ 104

67. RNA Interference..................... 105

68. എന്റെ പ്രിയ കൂട്ടുകാരാ 107

69. തണുപ്പ് 108

70. Adiev Mother Adiev 109

71. ചരിത്രത്തിൽ നിന്ന് .................. 110

# ഓർമ്മകളിലേയ്ക്ക്



നീതുമോൾ തങ്കപ്പൻ
I B.A. English

കാറ്റിന്റെ മർമ്മരം കാതിനെ
കാലയവനികയ്ക്കുമപ്പുറത്തേയ്ക്കു നയിച്ചു
ശബ്ദം, കനവിന്റെ കദനത്തിന്റെ
കരുണയുടെ, കക്ഷിരാഷ്ട്രീയത്തിന്റെ ശബ്ദം
കിനാവിന്റെ മട്ടുപ്പാവിലിരുന്ന്
കാതു കൂർപ്പിച്ചു.
നിമിഷങ്ങൾക്ക് ദൈർഘ്യം കുറഞ്ഞ,
കാമനകൾ വർണ്ണങ്ങൾ ചൊരിഞ്ഞ,
ഭാവന ചിറകുവിടർത്തിപ്പറന്ന,
സ്നേഹം സായൂജ്യമായി ഒഴുകിപ്പരന്ന
സൗഹൃദം ഹൃദയാനുഭൂതിയായ...
പിന്നൊരിക്കൽ, കണ്ണീരിന്റെ ഈറനണിഞ്ഞ
മാരിവില്ലുകളുടെ, സുഗന്ധ പുഷ്പങ്ങളുടേയും കാലം.
ആ കാലത്തിന്റെ നനുത്ത ശബ്ദം
മനസ്സിന്റെ കടിഞ്ഞാൺ കൈവിട്ടു പോകുന്നു.
ഓർമ്മകളാകുന്ന കുതിരകൾ ശരവേഗത്തിൽ പായുന്നു.
പഥികനായ എന്നെ കാത്തുനിൽക്കാതെ,
തിരിഞ്ഞു നോക്കുക പോലും ചെയ്യാതെ,
അവപായുന്നു.....അനന്തതയിലേയ്ക്ക്........

# നീയും ഒരോർമ്മയായ്.....



മനീഷ കെ. പി.
I B.Sc. Zoology

അന്ന്,
ഒരു മയിൽപീലിയായ് നീ വന്നു
എന്റെ മനസ്സാം പുസ്തകത്താളിലൊളിച്ചു
ഒരിക്കലും കണ്ടതില്ല നീ പിന്നെയീ വാനം
നിന്നെ ഞാനെൻ പൊന്നോമലായ് വളർത്തി
വർഷങ്ങൾ എത്ര കടന്നുപോയ്, എന്നിട്ടും
കുറഞ്ഞതില്ല നിൻ രൂപ ഭംഗി....
ഇന്ന്,
എന്റെ പുസ്തകത്താളുകൾ കാറ്റിലിളകി
അതിൽ നിന്നും നീ പറന്നകന്നു
എങ്ങോട്ടോ പറന്നകന്നു...
അവസാനമായ്,
നീ തലോടിയെന്നെ
നിൻ മന്ദസ്മിതത്താൽ...
കണ്ണിലൊളിച്ചിരിക്കും കുസൃതിയാൽ....
പിന്നെ,
ഉള്ളിലൊതുക്കിയ തേങ്ങലാൽ...



**Remya R.**
III B.Sc. Mathematics

# പറയാതെ പോയത്

അവൾ അങ്ങനെ ആരുടേയും സ്വപ്നങ്ങളിലെ നായികയായിരുന്നിട്ടില്ല.. അങ്ങനെ ആയിരിക്കുവാൻ മാത്രം അവൾക്ക് ഒന്നും സ്വന്തമായിരുന്നിട്ടില്ലല്ലോ, വിടർന്ന കണ്ണുകളോ നുണക്കുഴികളോ ഒന്നും.. എന്നിട്ടും അവളൊരുപാട് സ്വപ്നങ്ങൾ കണ്ടിരുന്നു - നിറയെ വർണ്ണങ്ങളുള്ളവ- സ്വപ്നങ്ങളിലൊക്കെയും കൈപിടിച്ചുനടന്ന രാജകുമാരന് എന്നുമുതൽക്കാണ് അവന്റെ മുഖം വന്നതാവോ??

പരിചയപ്പെടലിന്റേതായ ആദ്യ ദിവസങ്ങളിലൊന്നും അവളവനെ ശ്രദ്ധിച്ചിരുന്നിട്ടേയില്ല. ഒരു കുഞ്ഞിനോടൊക്കും വണ്ണമുള്ള അവന്റെ ചെറുചിരിയൊഴിച്ചൊന്നും മനസ്സിലെവിടേയും സൂക്ഷിച്ചിരുന്നുമില്ല. പിന്നീടുമെത്രയോ തവണ പരസ്പരമറിയാത്തവരെപ്പോലെ നിർവികാരമായൊരു നോട്ടവുമെറിഞ്ഞുകൊടുത്തുകൊണ്ട് അവർകടന്നുപോയിരിക്കുന്നു. യു.പി യുടെ കുത്തനെയുള്ള ഗോവണിപ്പടികളിൽ വച്ച്, സി.സി യുടെ മരത്തണലുകളിലും പി.ജെ യുടെ ഇഷ്ടികച്ചുമരുകൾക്കിടയിലും വച്ച്, ലൈബ്രറിയുടെ വെളിച്ചം മങ്ങിയ ഇടനാഴികളിൽ വച്ച്, എം.ബി.യുടെ അഴികളിട്ട പൂമുഖത്തുവച്ച് - അങ്ങനെ എത്രയോ തവണ. അന്നൊന്നും പക്ഷേ ഓർത്തുവയ്ക്കുവാൻപോലും മിനക്കെടാതിരുന്ന അവന്റെ പേരുപതിയെ മന്ത്രിച്ചു തുടങ്ങിയതെന്നുമുതൽക്കാണ്.. ??

തീർത്തും വിസ്മയിപ്പിക്കുന്ന കാഴ്ചകളാണ് യു.സി

അതറിഞ്ഞിട്ടുമിപ്പൊഴും ഞാൻ നിന്നെക്കുറിച്ചുമാത്രം ചിന്തിച്ചുകൊണ്ടേയിരിക്കുന്നു-

എന്നിട്ടുമതു നീയറിയുന്നതേയില്ലല്ലോ..

ഉറക്കെയുറക്കെ ചിരിക്കുവാനാണ് ആ നിമിഷത്തിലവൾക്കു തോന്നിയത് - അവളെപ്പോഴുമങ്ങനെയായിരുന്നുവല്ലോ.. ഒരുപാട് ചിരിച്ച്... ഒരുപാട് പറഞ്ഞ്.. എന്നിട്ടും ഉള്ളിലൊരുപാടൊരുപാടൊളിപ്പിച്ചുവച്ച്.. അവളെ അറിഞ്ഞിരുന്നവരാരും അവളാരെന്നറിഞ്ഞിരുന്നില്ല.. അറിയിക്കുവാനവളൊരിക്കലും ശ്രമിച്ചിരുന്നുമില്ല-

നീറിപ്പുകഞ്ഞു കൊണ്ടിരുന്ന രാത്രികളിൽ ഡയറിയിലെ താളുകൾ നിറഞ്ഞു കവിഞ്ഞു കൊണ്ടിരുന്നു- എഴുതിത്തീർക്കുവാൻ മാത്രമുള്ള വിഷയം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതല്ല സത്യമെങ്കിലും..

ഇനിയും നീ കാത്തിരിക്കുന്നതാർക്കു വേണ്ടിയാണ്?
ഇനിയും നിന്നെത്തേടി വരുമെന്ന് നീ
കരുതിയിരിക്കുന്നതാരെയാണ്?
നീ കാത്തു കാത്തു നിന്നവൻ നിന്നെയും കടന്ന്
പൊയ്പ്പോയിയല്ലോ..
മനോഹരമായൊരു ചിരിയുടെ പുറകേ..
പ്രകാശമാനമായ രണ്ടുകണ്ണുകളുടെ പുറകേ..
നിന്റെ കൈക്കുമ്പിളിലൊതുക്കിപ്പിടിച്ചിരുന്ന സ്നേഹവും

നിന്റെ കണ്ണുകളിൽ തെളിഞ്ഞിനിന്ന പ്രതീക്ഷയും അവനറിയാതെ പോയിയല്ലോ..

നീ കാത്തു കാത്തു നിന്നത് അവനുവേണ്ടി മാത്രമായിരുന്നുവെന്ന് അവൻ തിരിച്ചറിഞ്ഞതുമില്ലല്ലോ..
ഇനിയീ വഴിത്താരയിൽ കാത്തു നിന്നു നീ
കണ്ണു കഴക്കേണ്ടതില്ല..
നിനക്കിനി മടങ്ങാം..
നിനക്കായ് പുതിയൊരു ലോകം
തുറന്നിട്ടിരിക്കുന്നു..
ഇവിടെ നിന്റെ സ്വപ്നങ്ങളെ
ചവിട്ടിക്കടന്നു പോകുവാനാരും വരില്ല-
ഇവിടെ നീയൊറ്റക്കാണ് ..
ഒറ്റപ്പെടലിന്റെ വേദനയ്ക്കിടയിലും നിനക്കു
ചിരിക്കാം - പതിയെ...
കാരണം
ഇനി നിനക്കാരെയും
കാത്തിരിക്കുവാനില്ലല്ലോ...

കണ്ണീരടക്കുവാൻ കടിച്ചമർത്തിയ ചുണ്ടുകളിൽ ചോര പൊടിഞ്ഞു തുടങ്ങിയതും അവളറിഞ്ഞില്ല-

അവനോ? അവനൊരു കന്നിൻ കുട്ടിയുടെ കഴുത്തിലെ മണിപോലെ - എല്ലാവരിലും കൗതുകമുണർത്തി-കാതുകളിൽ കിലുക്കം കേൾപ്പിച്ച്... പരുപരുത്തൊരു തുണിയിൽ പൊതിഞ്ഞ് സൂക്ഷിച്ചെടുത്തുവയ്ക്കാനവൾ കൊതിച്ചിരുന്നൊരുപാട് ഒരുപാട് വിലയുള്ളൊരുമുത്തുപോലെ.. കൈകൾക്കെത്തിപ്പിടിക്കാവുന്നതിനുമപ്പുറമൊരു അകലം അവർക്കിടയിലുണ്ടെന്നറിഞ്ഞിരുന്നപ്പോഴും പരാജയപ്പെട്ടു പിൻമാറാനവൾ തുനിയാതിരുന്നതിനെ പിഴവ് എന്നു പറയാമോ? ഒരുപക്ഷേ ഇനിയാർക്കുമിതിലുമധികം അവനെ സ്നേഹിക്കുവാൻ കഴിയാതിരുന്നാലോ?

ഒരു നിറചിരിയോടെ മാത്രം അവനെയെന്നും കാണണമെന്നായിരുന്നുവത്രേ അവളുടെ ഏറ്റവും വലിയ പ്രാർത്ഥനകളിലൊന്ന് - അവന്റെ അസ്വസ്ഥത അവളെയാണ് കരയിപ്പിച്ചിരുന്നത്. ഓരോ കുറുമ്പിനൊടുവിലും അവന്റെ കൈകളിൽ പതിഞ്ഞിരുന്ന വിരൽനഖങ്ങൾ അവളെത്തന്നെയല്ലേ വേദനിപ്പിച്ചിരുന്നത്.. തുടുത്ത കവിളുകൾ ചുവപ്പിച്ച് അവൻ ചിരിച്ചപ്പോഴൊക്കെ അവളും കൂടെച്ചിരിച്ചു- കാരണമൊന്നുമില്ലാതെ..

കൈക്കുമ്പിളിലൊതുങ്ങുന്നതല്ലെന്നറിഞ്ഞിട്ടും അവന്റെ കണ്ണുകളിൽ നോക്കിയവൾ മനസ്സിലെപ്പോഴും പറഞ്ഞുകൊണ്ടേയിരുന്നു- നിന്നെ എനിക്കായ് തന്നിരിക്കുന്നതാണ്.. ഒരിക്കലെങ്കിലും അവനത് കേൾക്കാൻ കഴിഞ്ഞുവോ എന്നറിയില്ല.. കേട്ടിരിക്കുന്നുവെങ്കിലും അതെ എന്നു മറുപടി കൊടുക്കുവാൻ അവനാവുമായിരുന്നോ? ഇതെല്ലാമറിഞ്ഞിട്ടുമറിയാതെയും. എവിടെയോയിരുന്നവൻ. ചിരിച്ചുകൊണ്ടേയിരുന്നു- അവൻ എപ്പോഴാണ് അങ്ങനെയല്ലാതിരുന്നിട്ടുള്ളത്??

ഒരിക്കലും വേണ്ടി വരില്ലെന്ന് വെറുതെ മനസ്സിലാശിച്ചിരുന്നുവെങ്കിലും യു.സിയുടെ പടിയും ഇറങ്ങേണ്ടി വന്നു- സ്വന്തമെന്നു പറഞ്ഞു നടന്നതു മുഴുവൻ പുറകിലുപേക്ഷിച്ച് - ഒരുപാട് ചിന്നിച്ചിതറിയ ഹൃദയങ്ങൾക്കു നടുവിലൂടെ-ുമൗലെ - ബട്ടണമർത്താൻ ജീവിതത്തിനൊരു റിമോട്ട് കൺട്രോളർ വേണമെന്ന് ആദ്യമായി ആഗ്രഹിച്ചു പോയത് അപ്പോഴായിരുന്നു..

മാറിമാറി വന്ന ഇരവിനും പകലിനുമൊടുവിൽ നഷ്ടബോധത്തിന്റെ നനവിൽ കുതിർന്ന് കുതിർന്ന് അവളുടെ ഹൃദയം ചിതലെടുത്തു പോയിരുന്നു. ഒടുവിലൊരു പുറ്റു മാത്രമായി മണ്ണോടു ചേരവേ ഒരു ചെറു ചെടിയവിടെ കിളിർത്തു വന്നു. ചുവന്നു ചുവന്നൊരു പനിനീർപ്പൂവതിൽ പതിയെവിടർന്നു നിന്നു- കണ്ണീരിന്റെയുപ്പ് നല്ല വളമാണെന്ന് പറഞ്ഞത് ആരായിരുന്നു?

ജീവിതത്തിന്റെയോരോ താളും മറിച്ചുതീർത്തൊടുവിൽ സ്വത്വം തേടിയലയവെ ഒരുനാൾ അവന്റെ കൈകളാ പൂവിനെ തഴുകി കടന്നുപോയി.. എവിടെയോ ഇരുന്നവൾ ചിരിച്ചിരുന്നിരിക്കണം- ജീവിതത്തിലൊരിക്കൽപോലും അവൾക്കു കഴിയാതിരുന്നഅതേ ചിരി.. തീർച്ചയില്ല- തീർച്ചയുള്ള മറ്റൊന്നുണ്ട്- ആ പൂവിനപ്പോഴുമൊരു സുഗന്ധം ഉണ്ടായിരുന്നു. അവസാനശ്വാസം വരേക്കും അവൾ പറയാതെപോയ, അവനറിയാതെപോയ ആ പ്രണയത്തിന്റെ സുഗന്ധം.

ഇപ്പോഴെങ്കിലും അതു തിരിച്ചറിയുവാനവനു കഴിഞ്ഞുവോ എന്തോ??!

## പതിറ്റാണ്ടുകളുടെ സ്തുത്യർഹസേവനത്തിന്
## യു.സി.യുടെ ഹൃദയം നിറഞ്ഞ നന്ദി!



**A. M. GEEVARGHESE**
Dept. of English



**SANTHA M. MATHEW**
Dept. of Botany




**K. K. RAJAMMA**
Library



**GEORGE PHILIPPOSE**
Dept. of Chemistry

# മടക്കയാത്ര



ടിപ്സി പോൾ
III B.A. Malayalam

റെയിൽവേട്രാക്കിലൂടെ മരിക്കാൻ തീരുമാനിച്ചു നടന്നു നീങ്ങുമ്പോൾ എന്നെ സ്നേഹിക്കുന്ന ആരുടേയും മുഖം എന്റെ മനസ്സിലേയ്ക്ക് കടന്നുവന്നില്ല.പകരം മരണമെന്ന ലക്ഷ്യത്തിലേയ്ക്ക് എത്താനുള്ള തിടുക്കമായിരുന്നു.ഓടിവരുന്ന ഒരു കൊച്ചുകുട്ടിയെ പോലെ തോളിലെടുക്കാനായി രണ്ടുകൈയ്യും നീട്ടി നില്ക്കുന്ന ഒരാളിനെപ്പോലെയാണ് ട്രെയിൻ അകലെനിന്നുവരുമ്പോൾ എനിക്ക് തോന്നിയത്. ട്രെയിനിന്റെ ചൂളം വിളി എന്റെ കാതിൽ എത്തേണ്ടതാമസം എവിടെ നിന്നോ ഒരു പെൺകുട്ടി പാളത്തിലേയ്ക്ക് കടന്ന് എന്നെ പിടിച്ചുമാറ്റി. ഓർമ്മകളിൽ നിന്നും ഒളിച്ചോടാനുള്ള എന്റെ അവസാന ശ്രമവും പരാജയപ്പെടുത്തിയ അവളോട് എനിക്ക് കടുത്ത ദേഷ്യം തോന്നി. ദേഷ്യം കൊണ്ട് എന്റെ കൈ അവളുടെ കവിളിൽ പതിഞ്ഞു.നിറഞ്ഞകണ്ണുകളുമായി തിരിച്ച് യാതൊന്നും പറയാതെ അവളെന്നെ അവളുടെ കൊച്ചുവീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ട്പോയി.പൊതുവേ ആൾപാർപ്പു കുറഞ്ഞ ഒരു സ്ഥലത്തായിരുന്നു ആ കൊച്ചു വീട്. ദാരിദ്രവും ദുഃഖവും ആ വീടിന്റെ നാലുചുവരുകൾക്കുള്ളിൽ തളം കെട്ടി നിന്നിരുന്നു.എങ്കിലും എനിക്കവൾ കഴിക്കാൻ വറ്റുള്ള കഞ്ഞിതന്നു.എന്നെ എന്തിനു രക്ഷിച്ചിവിടെ കൊണ്ടുവന്നു എന്ന ചോദ്യത്തിന് പലപ്പോഴും മൗനമായിരുന്നു മറുപടി. ആ കൊച്ചുവീട്ടിലെ കീറപ്പായയിൽ കിടന്ന് ഞാനെന്റെ അമ്മയെ കുറിച്ചോർത്തു. ഇറയത്തെ കത്തിച്ച നിലവിളക്കിനുമുന്നിലിരുന്ന് നാമം ജപിക്കുകയും ഇടയ്ക്ക് വഴിയിലേയ്ക്ക് നോക്കി ആകാംക്ഷയോടെ ഞാൻ വരുന്നുണ്ടോ എന്ന് തിരക്കുകയും ചെയ്യുന്ന എന്റെ അമ്മയുടെ മുഖം എന്റെ മനസ്സിലേയ്ക്ക് വന്നു.രാവിലെ എനിക്ക് ഭക്ഷണം തന്ന് മേശക്കരികിൽ നിന്ന് ഞാൻ കഴിക്കുന്നതും നോക്കി അമ്മ നിൽക്കുന്നത് ഞാൻ കണ്ടു.മതിയായി എന്നുപറഞ്ഞിട്ടും വീണ്ടും വീണ്ടും വിളമ്പിത്തന്ന് എന്റെ വയർ നിറച്ചു. അപ്പോഴും മനസ്സിൽ ഞാൻ വിങ്ങിപ്പൊട്ടുകയായിരുന്നു.പടിയിറങ്ങുമ്പോൾ ഉമ്മറത്തെകല്ലിൽ തട്ടി വീഴാനാഞ്ഞപ്പോൾ ഞെട്ടലോടെ ഓടിവന്ന് അമ്മയെന്നെ പിടിച്ചു. അതുകണ്ട് ഒരു നിമിഷം എന്റെ കണ്ണു നിറഞ്ഞു.അമ്മയറിയാതെ കണ്ണീരൊപ്പിയാത്രപോലും ചോദിക്കാതെ ഞാൻ പടിയിറങ്ങി.

എന്നെ രക്ഷിച്ചുകൊണ്ടുവരുമ്പോൾ ആ പെൺകുട്ടി പാലിച്ച മൗനത്തെ നിലനിർത്തിക്കൊണ്ടുതന്നെ രാവിലെ അവളെങ്ങോട്ടോ പോയി തിരിച്ചുവരുമ്പോൾ അവളുടെ ഒപ്പം ഒരു സ്ത്രീകൂടെയുണ്ടായിരുന്നു അവരെ കണ്ടപ്പോൾ വല്ലാതെ കരഞ്ഞതളർന്നപോലെ തോന്നിയിരുന്നു.ഓരോ ദിവസവും അവൾവരുമ്പോൾ അവളോടൊപ്പം ആരെങ്കിലും ഉണ്ടാകുമായിരുന്നു പിറ്റേന്നവർ തിരിച്ചു പോകുകയും ചെയ്യും.ഇതുകണ്ട് അവളൊരു ചീത്ത സ്ത്രീയാണെന്ന് ഞാൻ ധരിച്ചു. എങ്കിലും അവളെക്കുറിച്ചറിയാൻ എനിക്ക് ആഗ്രഹം തോന്നി.പിറ്റേന്നവൾ പോകുമ്പോൾ ഞാനവളെ പിൻതുടർന്നു.ഞാൻ എവിടെ വച്ചാണ് ആദ്യമായ് അവളെ കണ്ടത് ആപാളത്തിലൂടെ അവൾ നടന്നു പോകുകയായിരുന്നു.പക്ഷെ അവൾക്കുമുന്നിൽ ഒരു സ്ത്രീ പാളത്തിലേയ്ക്ക് നടക്കുന്നതു കണ്ട് അവരെ പിടിച്ചുമാറ്റാനായ് അവൾ ഓടി.മരിക്കാൻ വേണ്ടിയാണ് അവൾ എന്നും അവിടെ വന്നിരുന്നതെന്നും പക്ഷെ ദൈവനുഗ്രഹത്താൽ മരിക്കാൻ വരുന്നവരെ രക്ഷിക്കാനായിരുന്നു അവളുടെ വിധിയെന്നും ഞാൻ മനസ്സിലാക്കി....അവളെ മരണത്തിൽ നിന്നും രക്ഷിക്കണമെന്ന് എനിക്ക് തോന്നി. അടുത്തദിവസം അവൾ റെയിൽവേ ട്രാക്കിലൂടെ നടക്കാനാരംഭിച്ചപ്പോൾ ആരും തന്നെ അവൾക്ക് തടസ്സമായി അവിടെ മരിക്കാൻ എത്തിയിരുന്നില്ല.ട്രെയിനിന്റെ നേരിയദൃശ്യം അകലെനിന്നും കാണാൻ തുടങ്ങിയപ്പോൾ തന്നെ ഞാനോടി എനിക്കവളുടെ മെലിഞ്ഞകൈത്തണ്ടയിൽ പിടികിട്ടി.മരണത്തിൽ നിന്നും ജീവിതത്തിലേയ്ക്കുള്ള ഒരു മടക്കയാത്രയായിരുന്നു അത്.



# ഫീച്ചർ: ഒരു നദിയുടെ ആസന്നമരണം

ഒരു ധാരയായിത്തുടങ്ങി.
ഒരു ചാലായൊഴുകി...
ഒരു പുഴയായി മാറി...
ചിലർ,
ഭൂമിയെ കുളിരണിയ്ക്കുന്നു.
ഭൂമി പുഷ്പിണിയാകുന്നു.
ചിലപ്പോൾ....
ചില പുഴകൾ ചുമന്നൊഴുകും.
ചെളിനീരണിയും, പച്ചയായും
മഞ്ഞയായും, കറുപ്പായുമൊഴുകും.
ചിലപ്പോൾ ഉണങ്ങിവരളും...,
ചിലനേരം ചത്തതും
ചീഞ്ഞതും വഹിക്കും...
ഇതെല്ലാം....,
വികസനത്തിന്റെ അടുക്കളക്കാര്യങ്ങൾ.!
ഇതൊരു അങ്ങാടിപ്പാട്ടായാൽ...
നാട്ടിൽ-നാലുമൂലയിൽ
കൊടിതോരണങ്ങൾ.....,
അപ്പോഴും,
നദി ശ്വാസംമുട്ടി മരിച്ചുകൊണ്ടിരിയ്ക്കുന്നു.
ഇതിനിടയിൽ,
കസേരകൾ മാറുന്നു.
ഒഴിയുന്നു; ചിലത് വീഴുന്നു.
ചില കോളറക്കാലങ്ങൾ
മഞ്ഞപ്പിത്തമോർത്തു കരയുന്നു.
ഡെങ്കിയും ജ്വരവും അരങ്ങ് വാഴുന്നു.
കരിപുരണ്ട ജീവിതങ്ങൾ
മണൽക്കുഴിയിലേയ്ക്കെറിയപ്പെടുന്നു.
ഇനി,
ഈ നദിയ്ക്കിനിയൊരു
പുനർജ്ജനിയുണ്ടാകുമോ...?
ഈ കഥയിൽ ചോദ്യമില്ല!

---

*തയ്യാറാക്കിയവർ: ജിന്റോ ജോൺ, ടോം ജോസഫ്, മിഥുൻ മുരളി, ജിനോ ജോൺ*
*നിർദ്ദേശങ്ങൾ: ശ്രീ. എം.ഐ. പൊന്നൂസ്, ഡോ. സി. എം. ജോയ്*

# ഒരു നദിയുടെ ആസന്നമരണം


ആയിരം പാദസരങ്ങൾ കിലുങ്ങി
ആലുവാ പുഴ പിന്നെയുമൊഴുകി....

ആയിരമായിരം പാദസരക്കിലുക്കങ്ങൾക്ക് കാതോർത്തു കൊണ്ട് ആലുവാപ്പുഴ ഒഴുകികൊണ്ടേയിരിയ്ക്കുന്നു. ശതാബ്ദങ്ങൾ കൊണ്ട് കോടി മനുഷ്യാത്മാക്കളുടെ ജീവനദിയാണ് പെരിയാർ. മലയാള മണ്ണിന്റെ വശ്യതയാർന്ന ഹരിതഭംഗിയ്ക്ക് ,ജീവജാലങ്ങളുടെ നിലനിൽപിന്, വനനിർമ്മിതിയ്ക്ക്,... മിഴിവേകികൊണ്ട് പെരിയാറിന്റെ ഓളവും തീരവും നീന്തിക്കയറിയത് മലയാളിയുടെ സാഹിത്യമനസ്സിലേയ്ക്കാണ്.

നൂറ്റാണ്ടുകൾക്കപ്പുറമുള്ള സംഘകാല കൃതികളിലും, പുറംനാനൂറിലും, അകനാനൂറിലും തുടങ്ങി പെരിയാർ അതിന്റെ ഒഴുക്ക് നിർഭാതം തുടർന്നു പോരുന്നു. മലയാളസാഹിത്യകൃതികളിൽ പെരിയാർ ഒരു നിത്യവസന്തമായി നിറഞ്ഞു നിൽക്കുന്നു. ചൂർണ്ണി, പൂർണ്ണ എന്നീ പേരുകളിലും പെരിയാർ അറിയപ്പെട്ടിരുന്നു. ആധുനിക മലയാള സാഹിത്യത്തിൽ പെരിയാർ എന്ന ജീവനദിയെ വാനോളംവാഴ്ത്തിപ്പാടിയത് യശ്ശ:ശരീരനായ വയലാർ രാമവർമ്മയാണ്.ഒരു പക്ഷേ, വയലാർ കൃതികളിൽ ഏറ്റവുമധികം പരാമർശിയ്ക്കപ്പെട്ടിരിയ്ക്കുന്നതും പെരിയാർ എന്ന പുണ്യനദിയാണ്.

പെരിയാറേ പെരിയാറേ
പർവ്വത നിരയുടെ പനിനീരേ..

എന്ന ഗാനം പാടിചേക്കേറിയത് മലയാളിയുടെ മനസ്സിന്റെ ശ്രീകോവിലിലേയ്ക്കാണ്. ഇവിടെ തീരുന്നില്ല പെരിയാറിന്റെ സാഹിത്യപ്പെരുമ. കടമനിട്ടയുടേയും വിനയചന്ദ്രന്റേയും, ദേശം കവികളുടേയും, സുഗതകുമാരിയുടേയും തുടങ്ങി നിരവധി കവികളുടേയും സാഹിത്യകാരന്മാരുടേയും ഇഷ്ട വിഷയമായിത്തീരാൻ പെരിയാറിന് കഴിഞ്ഞിട്ടുണ്ട്. കേവലം ഒരു നദിയെന്ന നിലയിൽ നിന്നും വിശാലമായ ഒരു സാഹിത്യശാഖയിലേയ്ക്കുയരാൻ പെരിയാറിന്റെ നിർഭാതമായ ഒഴുക്കിന് കഴിഞ്ഞു. ഇങ്ങനെ കിനാവിന് പോലും കുളിരും നനവും നേരും നന്മയുമേകി ഈ പുഴയങ്ങനെ ഒഴുകുന്നു.... മനസ്സിൽ നിന്നും മനസ്സിലേയ്ക്ക്...





## നദി - ഒരു സംസ്ക്കാരം

നദി ഒരു സംസ്കാരമാണ്. മനുഷ്യൻ കൃഷിചെയ്യാൻ തുടങ്ങിയതും സ്ഥിരമായി ഒരു സ്ഥലത്ത് തന്നെ താമസിയ്ക്കുവാൻ തുടങ്ങിയതും നദീതീരങ്ങളിലാണ്. നദീ തീരങ്ങളിൽ അതിജീവത്തിനാവശ്യമായ ശുദ്ധമായ വായുവും വെള്ളവും ഭക്ഷ്യവസ്തുക്കളും സുലഭമായിരുന്നതായിരുന്നു ഇതിനു കാരണം. അങ്ങനെ നദി ഒരു സംസ്ക്കാരത്തിന് തിരിതെളിയ്ക്കുന്നു. നിരവധി സംസ്ക്കാരങ്ങൾ കെട്ടിപ്പെടുത്തപ്പെട്ടതും വളർന്നതും പടർന്നതും നദീതീരങ്ങളിലാണ്.അതുകൊണ്ട് തന്നെ നദി ഒരു സംസ്ക്കാരം തന്നെയാണ്.

## പെരിയാർ ഒരു ജീവനദി

ദൈവത്തിന്റെ സ്വന്തം നാട് -കേരളം നദികളാൽ സമ്പന്നമാണ്. കിഴക്കോട്ടൊഴുകുന്ന മൂന്നു നദികളും (പാമ്പാർ, കബനി, ഭവാനി) പടിഞ്ഞാറോട്ട് ഒഴുകുന്ന 41 നദികളും തലങ്ങും വിലങ്ങും ഒഴുകി മലയാള നാടിനെ നനയ്ക്കുകയും കുളിർപ്പിയ്ക്കുകയും ചെയ്യുന്നു.കേരളത്തിലെ ഏറ്റവും ജലസമൃദ്ധവും, നീളം കൂടിയതുമായ നദിയാണ് പെരിയാർ.ശിവഗിരി മലയിലെ അനേകം നീർച്ചാലുകൾ പെരിയാറിന് രൂപം നല്കുന്നു.

244 കിലോമീറ്ററോളം നീളം വരുന്ന പെരിയാറിന്റെ 5284 ചതുരശ്ര അടി വൃഷ്ടി പ്രദേശം കേരളത്തിലും 144 ചതുരശ്ര അടി തമിഴ്നാട്ടിലും ഉൾക്കൊള്ളുന്നു. ഇതിന് 21 പോഷകനദികളും നിരവധി കൈവഴികളും കൊണ്ട് പെരിയാർ ധന്യമാണ്. പശ്ചിമഘട്ടത്തിലെ 12 മലകളിൽ നിന്നും ഉത്ഭവിയ്ക്കപ്പെടുന്ന ഈ പുണ്യനദിയിൽ പലയിടങ്ങളിലായി 13 തുരുത്തുകൾ (ചെറു ദ്വീപുകൾ) ഉൾക്കൊള്ളുന്നു.

കേരളത്തിലെ 11 ഹൈഡ്രോഇലക്ട്രിക് പ്രോജക്ടുകളിൽ 6 എണ്ണവും പെരിയാറിലാണ് സ്ഥാപിക്കപ്പെട്ടിരിയ്ക്കുന്നത്. കേരളത്തിലെ ഏകദേശം 52800 ഹെക്ടർ പ്രദേശത്തെ കൃഷി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിമുഖേനയുള്ള ജല ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. ഏകദേശം 15-ഓളം അണക്കെട്ടുകൾ നിർമ്മിയ്ക്കപ്പെട്ടിരിയ്ക്കുന്ന പെരിയാറിന്റെ തീരത്തായി മുന്നൂറിലധികം വ്യവസായ സ്ഥാപനങ്ങളും 14 വിനോദസഞ്ചാര തീർത്ഥാടന കേന്ദ്രങ്ങളും, 6 വന്യജീവി സങ്കേതങ്ങളും കുടികൊള്ളുന്നു.

## സാമ്പത്തിക മൂല്യ ചിന്തകൾ....

വിശാല കൊച്ചി വികസന പദ്ധതി യഥാർത്ഥത്തിൽ പെരിയാറെന്ന പുണ്യനദിയെ ആശ്രയിച്ചിരിക്കുന്നു. ഇതിലൂടെ കൊച്ചി നഗരത്തിന്റെ വികസന സ്വപ്നങ്ങൾക്ക് നിറം പകരാൻ ഈ അമൃത വാഹിനിയ്ക്ക് കഴിയുന്നു. എന്നാൽ, കൊച്ചി നഗരത്തിലെ അഴുക്ക് ചാലുകൾ അടഞ്ഞ് നശിച്ചതോടെ നഗരത്തിലെ മാലിന്യജലം ഒഴുകി പോകാൻ ഇടയില്ലാതായി. ഇതിന്റെയെല്ലാം പരിണിതഫലമായി ഉപ്പ് വെള്ളം പുഴയിലേയ്ക്ക് ഒഴുകാൻ തുടങ്ങി.

പതിറ്റാണ്ടുകളായി കേരളത്തിന്റെ സാമ്പത്തിക സാമൂഹിക മേഖലയിൽ ഒഴിച്ചുകൂടാനാവാത്ത സ്വാധീനം ചെലുത്താൻ ഈ നദിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.47-ഓളം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഇതിന്റെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്നു.ഏകദേശം 33 ലക്ഷം ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള ജലം പ്രദാനം ചെയ്യുന്നതിലൂടെ കാലാകാലങ്ങളായി കേരളത്തിന്റെ സാമ്പത്തിക സാംസ്ക്കാരിക മേഖലയിൽ ഒഴിച്ചുകൂടാനാവാത്ത സ്താനം നേടാൻ പെരിയാറിന് കഴിഞ്ഞു.ഗാർഹിക കാർഷിക വ്യാവസായിക മേഖലക്കുപുറമേ കേരളത്തിന്റെ ഊർജ്ജോല്പാദനരംഗത്തും പെരിയാറിന് കനത്ത സംഭാവനകൾ നൽകാൻ കഴിയുന്നു.പള്ളിവാസൽ, ശെങ്കുളം, പന്നിയാർ, നേര്യമംഗലം, ജടുക്കി, ഇടമലയാർ തുടങ്ങി ആറോളം ജലവൈദ്യുത പദ്ധതികൾ പെരിയാറിനെ ആശ്രയിച്ചിരിക്കുന്നു. കേരളത്തിന്റെ ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിത ശേഷിയായ 1651 മെഗാവാട്ട് വൈദ്യുതിയിൽ 1065.5 മെഗാവാട്ട് വൈദ്യുതിയും പെരിയാറിൽ നിന്നാണ് ഉൽപാദിപ്പിക്കപ്പെടുന്നത്.

കേരളത്തിലെ മൊത്തം വ്യവസായശാലകളിൽ 600ൽ അധികം സ്ഥിതിചെയ്യുന്നത് പെരിയാറിന്റെ തീരത്താണ്. സുലഭമായ ശുദ്ധജലലഭ്യതയും ഊർജ്ജലഭ്യതയും കണക്കിലെടുത്ത് ഏലൂർ എടയാർ ബെൽറ്റ് ൽ തിരുവിതാംകൂർ ദിവാനായിരുന്ന സർ.സി.പി. രാമസ്വാമി അയ്യരുടെ കാലത്താണ് ഈ വ്യവസായ സ്ഥാപനങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടത്. ഇതിൽ 1943 ൽ സ്ഥാപിതമായ ഇന്ത്യൻ അലൂമിനിയം കമ്പനി (IAC) മുതൽ ടി.സി.എം., ട്രാവൻകൂർ റയോൺസ്, ഇന്ത്യൻ റയർ എർത്ത്, ബിനാനി സിങ്ക്, FACT തുട

ങ്ങിയ 250 ൽ അധികം ഫാക്ടറികൾ പെരിയാറിന്റെ ജലസ്രോതസിനെ ആശ്രയിച്ചുപ്രവർത്തിക്കുന്നു. ഏകദേശം 150 ദശലക്ഷം ലിറ്റർ ജലം പ്രതിദിനം വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുമ്പോൾ, ഉൽപാദനത്തിനുശേഷമുള്ള മലിന ജല നിർഗമനത്തിനും പെരിയാറിനെയാണ് ഈ വ്യവസായ സംരംഭങ്ങൾ ആശ്രയിക്കുന്നത്.

പെരിയാറിന്റെ തീരദേശനിവാസികളായ 16000 ത്തോളം കുടുംബങ്ങൾ മത്സ്യബന്ധനത്തിലൂടെയാണ് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നത്. കരിമീൻ, കൂരി, ബ്രാൽ, വരൽ, തുടങ്ങിയ 36 ഇനം മത്സ്യനമ്പത്തിന്റെ കലവറയാണ് പെരിയാർ. മലയാളത്തിന്റെ ആതിഥേയത്വത്തിന്റെ തീൻമേശയിൽ പെരിയാറെന്ന ജീവനദി ചെലുത്തുന്ന സ്വാധീനം നിമിത്തം കേരളത്തിന്റെ വിനോദ സഞ്ചാരമേഖല അനുദിനം വികസനത്തിന്റെ പാതയിലാണ്.തേക്കടി, പീരുമേട്, മൂന്നാർ, ഇടുക്കി ഭൂതത്താൻ കെട്ട്, മലയാറ്റൂർ, കാലടി, തട്ടേക്കാട്, കോടനാട്, ആലുവാ ശിവരാത്രി മണപ്പുറം, തിരുഐരാണിക്കുളം, കോട്ടേയിൽ കോവിലകം,ഉളിയന്നൂർ, ചേലാമറ്റം തുടങ്ങിയ 14 ഓളം വിനോദ സഞ്ചാര കേന്ദ്രങ്ങൾ പെരിയാറിന്റെ ജൈവ വൈവിധ്യം വിനോദസഞ്ചാരികൾക്ക് പകർന്നു നൽകുന്നു.ഇരവികുളം നാഷ്ണൽപാർക്ക്, ഇടുക്കി വന്യമൃഗസംരക്ഷണ കേന്ദ്രം, പെരിയാർ ഇന്ദിരാഗാന്ധി നാഷ്ണൽ പാർക്ക്, ചിന്നാർ വന്യമൃഗസംരക്ഷണ കേന്ദ്രം, തട്ടേക്കാട് പക്ഷിസങ്കേതം തുടങ്ങി ടൈഗർ റിസർച്ച് വരെ 6 ഓളം വന്യ ജീവിസംരക്ഷണ കേന്ദ്രങ്ങൾ മലനാടിന്റെ തനതായ ജൈവ വൈവിധ്യത്തിന് കാവലാളായിവർത്തിക്കുന്നു.

കേരളത്തിന്റെ ഈ ജീവനദിയിൽ എറണാകുളം ജില്ലയിൽ മാത്രം 67 ഓളം മണൽ വാരൽ കടവുകൾ ഉണ്ട്. കേരളത്തിന്റെ മൊത്തമായി പെരിയാൽ നിന്നും പ്രതിദിനം 55000 ടൺ മണൽ ഖനനം ചെയ്യുന്നു. ഒരു ദിവസം പെരിയാറിൽ ഒഴുകിയെത്തുന്ന മണൽ വെറും 2500 ടൺ മാത്രമാണ്. സാമ്പത്തിക ലാഭം അലന്നു നോക്കുമ്പോൾ ഇതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടികണക്കിലെടുക്കേണ്ടത് അനിവാര്യമാണ്. അതോടെ എത്ര വേഗത്തിലാണ് ഈ നദിമരണത്തിലേയ്ക്ക് കൂപ്പുകുത്തുന്നതെന്ന് നമുക്ക് മനസ്സിലാകും. അമിതമായ മണൽ വാരൽ നിമിത്തം ജലനിരപ്പ് കുറഞ്ഞത് പെരിയാറിന്റെ തീരദേശവാസികളെ ജലദൗർലഭ്യത്തിന്റെ പടുകുഴിയിലേയ്ക്ക് തള്ളിവിടുന്നു. ആഗോള താപനവും, നദിയുടെ നീരോഴുക്കിനെ വിപരീതമായി സ്വാധീനിക്കുന്ന അണക്കെട്ടുകളുടെ നിർമ്മാണവും,വനനശീകരണവും, പ്രകൃതി വിഭവങ്ങളുടെ ദുരുപയോഗവും വ്യവസായത്തിന്റെയും വിനോദഞ്ചാരത്തിന്റെയും പേരിൽ നദിയിലേക്ക് ഒഴുകിയെത്തുന്ന മാലിന്യങ്ങളും, പെരിയാറെന്ന അമൃതവാഹിനിയുടെ അവസാന സ്പന്ദനങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

ഒരു സംസ്ക്കാരത്തെ പണിതുയർത്തുന്നതിൽ നദി വഹിക്കുന്ന പങ്ക് അതിർവചനീയമാണ്. വേദേതിഹാസങ്ങളിൽ നദികളെ ദൈവത്തിന്റെ സ്വഛമായ പരിവേഷം നൽകി പരിശുദ്ധിയുടെ പ്രതികമായി കരുതിപ്പോന്നിരുന്നു. ഇതുകൊണ്ടുതന്ന ഏതൊരു കേരളീയന്റേയും ആത്മീയമണ്ഡലത്തിൽ തർപ്പണങ്ങളുടേയും, ദിവ്യസ്നാനങ്ങളുടേയും സിരാകേന്ദ്രമായി പെരിയാർ നിറഞ്ഞുനിൽക്കുന്നു.

മലിനീകരണം- ഒരു സംസ്ക്കാരത്തിന്റെ അന്ത്യം അഴുക്കുചാലുകളും വ്യവസായശാലകളും ഉയർത്തിവിടുന്ന ബൃഹത്തായ ജീവശോഷണത്തിന് പരിഹാരം കാണാനാവാതെ പെരിയാർ എന്ന മഹാസംസ്ക്കാരം അതിന്റെ അസ്തമനതീരങ്ങളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.ഉപയോഗ ശൂന്യമായതെന്തും പ്രകൃതിക്ക് സമ്മാനിക്കുക എന്ന പുത്തൻ സംസ്ക്കാരത്തിന്റെ രക്തസാക്ഷിയായി നൂറ്റാണ്ടുകളുടെ ജീവവാഹിനി അവരോധിക്കപ്പെടുകയാണ്.

ഇവിടെ ദുരന്തങ്ങളുടെയും, ദുരിതങ്ങളുടേയും കരിപുരണ്ട ശേഷിപ്പുകളാവാൻ അധസ്ഥിത വർഗ്ഗം തഴയപ്പെടുമ്പോൾ കോടികളുടെ സാമ്പത്തിക ലാഭത്തിനു വേണ്ടി ഒരു ജീവനദിയെ പണയവസ്തുവാക്കാൻ മുതലാളിവർഗ്ഗം മത്സരിക്കുന്നു.ഇതിന് ഓശാന പാടിക്കൊണ്ട് അധികാര വർഗ്ഗത്തിന്റെ ഇരട്ടത്താപ്പുനയങ്ങൾ പ്രബുദ്ധമായ ഒരു സമൂഹത്തിന്റെ ഇഛാശക്തിക്കുനേരെ ഒരു ചോദ്യ ചിഹ്നമായി നിലകൊള്ളുന്നു.

### ജനനന്മ - നവരാഷ്ട്രീയ ചിന്താധാരകൾ

ജനനന്മ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു രാഷ്ട്രീയ ഇച്ഛാ



ശക്തിയാണ് കേരളത്തിന് ഇന്നാവശ്യം ചരിത്രരേഖകൾ പരിശോധിച്ചാൽ പൊതുജനക്ഷേമ തൽപരനായ ഏതൊരു രാജാവിന്റേയും ഭരണ പരിഷ്കാരങ്ങളിൽ കിണറുകളും, തണൽ മരങ്ങളും വഴിയോര വിശ്രമ കേന്ദ്ര ങ്ങളും നിർമ്മിക്കുന്നതിനായിരുന്നു പ്രാമുഖ്യം.ഇതിന്റെ ആത്യന്തികമായ ലക്ഷ്യം വരും തലമുറക്കുകൂടി പ്രകൃ തിയുടെ കരുതൽ ശേഖരം ലഭ്യമാക്കുക എന്നതായിരു ന്നു. അന്നത്തെ ജനകീയരാജാക്കന്മാരുടെ ജനദ്രോഹ നയതന്ത്രങ്ങളുടെ ഭാഗമായി പ്രകൃതി കനിഞ്ഞേകിയ അമൂല്യസമ്പത്തുകൾ പലതും ബഹുരാഷ്ട്ര കുത്തകക ളുടെ സാമ്പത്തിക മേഖലക്ക് അടിത്തറ പാകുന്നു.

## ജലനയം

പെരിയാർ പോലുള്ള ജീവനദികളെ സംരക്ഷിക്കേണ്ട തിനായി കേരളത്തിന് തനതായ ഒരു ജലനയം അത്യാ വശ്യമായിരിക്കുന്നു. ഇതിലൂടെ ജല സ്രോതസ്സുകൾക്ക് സംരക്ഷണം നൽകുകയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇടത്തോടുകൾ പുനരുജ്ജീവിപ്പിക്കുകയും ജലസംഭര ണികളായ ചതുപ്പുനിലങ്ങൾ നിലനിർത്തുകയും വന നശീകരണം തടയുകയും ചെയ്യാൻ സാധിക്കണം. ഇതിന് അത്യാവശ്യം വേണ്ടത് അശാസ്ത്രീയമായ വിക സന സങ്കൽപ്പങ്ങൾ ഉടച്ചുവാർക്കുകയാണ്. ഇതിനു വേണ്ടി നദി സംരക്ഷണം ലക്ഷ്യം വയ്ക്കുന്ന ഒരു നദി അതോറിറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിലൂടെ പൊതു പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതുണ്ട്. സാധാരണക്കാ രന് ഗുണകരമായ പ്രകൃതിക്ക് ഇണങ്ങുന്ന നയസമീപ നങ്ങളോടുകൂടിയ ഇച്ഛാശക്തിയുള്ള ഭരണകർത്താക്ക ളുടെ ഒരു പുത്തൻ കൂട്ടായ്മ ഇതിനാവശ്യമാണ്.മരണ കർത്താക്കളായി വർത്തിക്കുന്ന ഭരണകർത്താക്കളുടെ സമീപനരീതിയിലും മനോഭാവത്തിലും മാറ്റം വരുത്തേ ണ്ടത് അത്യാവശ്യമാണ്.

## ഗ്രീൻപീസിന്റെ പഠനങ്ങൾ

1999 ഡിസംബർ 22ന് ഭോപാൽ ദുരന്തത്തിന്റെ 15-ാം വാർഷികത്തിൽ ഗ്രീൻപീസ് ഏലൂരിൽ ഒരു ചൂണ്ടുപ ലക സ്ഥാപിച്ചു. ലോകത്തിലെ ഏറ്റവും പ്രധാന രാസ വിഷമേഖലയാണിത്. ഇവിടെ കണ്ടെത്തിയ രാസവിഷ ങ്ങൾ മനുഷ്യജീവനും പ്രകൃതിയ്ക്കും കടുത്ത ഭീഷണി ഉയർത്തുന്നു. ഇതായിരുന്ന അതിലെ വാചകങ്ങൾ പെരി യാറിൽ നിന്നും ശേഖരിച്ച ജലസാമ്പിളിൽ നിന്നും 11 ൽ അധികം രാസവിഷങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് ഗ്രീൻപീസ് ഏലൂരിന് ലോകത്തിലെ 35-ാമത്തെ മാരക വിഷമേഖല എന്ന ആഗോള പദവി നല്കി. ഇതിന്റെ മുഴുവൻ ക്രഡിറ്റും പെരിയാറിന്റെ ഇരുകരകളിലുമുള്ള ഫാക്ടറികൾക്കാണ്. ഇതിൽ FACT, HIC, TCC, IRE, IAC, BINANI ZINC, CMRL തുടങ്ങിയവയുടെ ഭീമൻ മലിനജല നിർഗമന കുഴലുകൾ മുഖ്യ പങ്കുവഹിക്കുന്നു.

## മലിനീകരണത്തിന്റെ കണക്കുകൾ


ഡിഡിറ്റി, ബി.എച്ച്.സി, എൻഡൊ സൾഫാൻ തുടങ്ങിയ കീടനാശിനികൾ, മെർക്കുറി, റേഡിയോ ആക്ടീവ് വേസ്റ്റു കൾ തുടങ്ങിയവയുൾക്കൊള്ളുന്ന 260 മില്യൺ മലിന ജലമാണ് പെരിയാറിൽ എത്തിച്ചേരുന്നത്. ഇതിനു പുറമേ ഗാർഹീക, കാർഷീക മലിനീകരണവും ഈ നദിയുടെ ആസന്നമരണത്തിലേയ്ക്ക് വഴിതെളിയ്ക്കുന്നു. ഇതുമൂലം ഈ ഭാഗത്തെ ജനങ്ങൾക്ക് തൈറോയ്ഡ്, എപ്പിലപ്സി, ഓർമ്മക്കുറവ്, ജനിതക വൈകല്യങ്ങൾ,ക്യാൻസർ, ത്വക്ക് രോഗങ്ങൾ, ഹൃദ്രോഗം,ആസ്മ,അൾസർ തുടങ്ങിയ ഇരു പതോളം മാരകരോഗങ്ങൾക്കുള്ള സാദ്ധ്യത 200% മുതൽ 2553.72 % വരെ ഇരട്ടിയാണെന്ന് തെളിയിയ്ക്കപ്പെട്ടിരിയ്ക്കു ന്നു. നമ്മുടെ മലിനീകരണനിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങളും ഇവിടെ വിലയിരുത്തേണ്ടിയിരിക്കുന്നു.

**പെരിയാർ മലിനീകരണ കണക്കുകൾ**

| | വ്യവസായശാല | ലക്ഷംലിറ്റർ/പ്രതിദിനം |
|---|---|---|
| 1. | FACT | 20660 |
| 2. | Travancore Rayons- Perumbavoor | 5361.5 |
| 3. | Indian Aluminium Company Ltd (IAC) | 4112 |
| 4. | Travancore Cochin Chemicals (T.C.C) | 3504 |
| 5. | Binani Zinc Ltd. | 846.6 |
| 6. | Hindustan Insecticiale Ltd (HIC) | 802 |
| 7. | Indian Rare Earths | 706.3 |

# God's Greatest Gift To Me

**Pretty Mariam Mathew**
I M.A. Psychology



**M** is for mother, amma you have been the most marvelous mother to me.
**O** is for the one great thing that has happened in my life.
**T** is for the tender love that you have showered on me since birth.
**H** is for the heaven that you have tried to create for me in the form of a family.
**E** is for the wonderful example you set for me.
**R** is for the reassuring comfort that I can always find in you.

Thank you O Lord for this precious gift a mother so wonderful, so true. Mother dear you are an exceptional lady, without you, where would I be. Everything that I am today is becaus of you. You are God's greatest gift to me. Scraped knees, running nose, broken friendships, unfulfilled dreams, hesitant steps through all this you have been a faithful friend, gentle guide and the most marvelous mother to me.

Mothers you are people who are not recognized for your worth, you are not thanked enough. Even when hurt by our deeds, you say not a word but keep loving us. At times you seem strict; little do we realize then that it is for our good. You are one person whom we can depend on always. At the dinner table many are the times when we are less satisfied. It is only when we are forced to stay away from home that we value the great cook you are. After a hard day we can always pour out our heart to you. No matter how boring it is, you hear us through and comfoit us. When we fall sick you are like an angel whose very presence makes us feel better. It is fun to go out shopping with you, we seem more like friends. We can always rely on you to come out with the best at every shop. You do not show your emotions, but I know its depth, you are the epitome of love and warmth.

It is only rarely that people realize the true worth of their mother. In this world where some people disown their own flesh and blood we should be grateful to our mothers for taking a decision to keep us and care for us.

It took me so long to discover my mother, but I am glad that I did so before it was too late. Through this I would like to tell the greatest woman in my life "ma" that "I love you and I pray to our Lord almighty to keep you in good health and cheer for many years to come for I can't imagine a life without you".

(Dedicated to my mother Mrs. Saramma Mathew)

# Congratulations for Ph.D Achievers



**Dr. M. P. Marrykutty**
History



**Dr. K. P. Unnikrishnan**
Chemistry



**Dr. Lopez Mathew**
Chemistry

# ദൈവം ശല്യമായപ്പോൾ



ജോൺ പി.എ.
I M.A. Malayalam

2000 ഏപ്രിൽ 30. വൈകുന്നേരം മരിക്കാൻ തയ്യാറെടുത്ത് നിരാശനായി എറണാകുളം മറൈൻഡ്രൈവിൽ ഇരിക്കുകയാണ്. ബിസിനസ്സ് മുഴുവൻ തകർന്നു. ഭാര്യ പിണങ്ങി പോയി. കാറുകൾ വിൽക്കേണ്ടി വന്നു. വീട്ടിലെ സാമഗ്രികളെല്ലാം കടക്കാർ കൊണ്ടുപോയി. പിന്നെ ഞാനെന്തിനു ജീവിക്കണം?എത്രയും പെട്ടെന്ന് ഈ ലോകത്തിൽ നിന്ന് ഞാനില്ലാതാവുക. ബാക്കിയുണ്ടായിരുന്നത് ഒരു ബൈക്കാണ്, അതിലാണ് ഞാൻ മറൈൻഡ്രൈവിലെത്തിയതും. ഇരുട്ട് കായലിനെ കരിതേച്ചുതുടങ്ങി. കായൽ ഉണ്ടെന്നുള്ളതിന് തെളിവ് അതിന്റെ ശബ്ദവും, വെളിച്ചം തിരകളിലടിക്കുമ്പോഴുണ്ടാകുന്ന മിന്നലുകളുംമാത്രം:

ആളുകൾ ഒഴിഞ്ഞിട്ടു വേണം മരിക്കാൻ. ഏകദേശം 9 മണിയായിക്കാണും പുറകിലൊരു തട്ടൽ. പരിചയക്കാരായിരിക്കുമോ?യാതൊരു പരിചയവുമില്ലാത്ത മനുഷ്യൻ.

എന്താ
എന്നെ മനസ്സിലായില്ലേ?
ഇല്ല ഞാൻ മറുപടി പറഞ്ഞു.
ഞാൻ ദൈവം.
ഏതോ വട്ടൻ ഞാൻ മനസ്സിൽ പറഞ്ഞു.

വീണ്ടും അയാൾ പറഞ്ഞു ഞാൻ നിന്റെ ദൈവമാണ്.

അയാൾ എന്റെ ചരിത്രം മുഴുവൻ പറയുവാൻ തുടങ്ങി. ഞാൻ വിശ്വസിച്ചില്ല. പെട്ടെന്ന് പൂക്കളുടെ സുഗന്ധം കൊണ്ട് ആ പ്രദേശമാകെ നിറഞ്ഞു. എന്നിട്ടും വിശ്വസിക്കാൻ തയ്യാറല്ലെന്ന് കണ്ടപ്പോൾ അയാളൊരു കല്ലെടുത്ത് അതിനെ നക്ഷത്രമാക്കി ആകാശത്തിലേക്ക് എറിഞ്ഞു. അത് അങ്ങ് ആകാശത്ത് സ്ഥാനം പിടിച്ചു. ഞാൻ ഉറക്കെ വിളിച്ചു. ദൈവമേ!

ദൈവത്തെ ഞാൻ ബൈക്കിൽ വീട്ടിലേക്ക് കൊണ്ടുവന്നു. വീട്ടിൽ സാധനസാമഗ്രികൾ ഒന്നും തന്നെയില്ലായിരുന്നു. ഞാൻ പറഞ്ഞുവല്ലോ എല്ലാം കടക്കാർ കൊണ്ടുപോയി എന്ന്. അവിടെയുണ്ടായിരുന്ന എന്തൊക്കെയോ ഞാനും ദൈവവും കൂടിക്കഴിച്ചു. ദൈവത്തിനു കിടക്കാൻ വിരിക്കാൻ പോലും ഒന്നുമുണ്ടായിരുന്നില്ല. എന്റെ മാനസികാവസ്ഥ കണ്ടിട്ടായിരിക്കണം ദൈവം പറഞ്ഞു.

ഞാനീ വരാന്തയിൽ കിടന്നോളാം.

നേരം വെളുത്തപ്പോൾ എവിടെ നിന്നോ ഒരു കിണ്ടിയുമായി ദൈവം.ക്ലാവുപിടിച്ച കാരണം ഒത്തിരി പഴക്കം തോന്നിക്കുമായിരുന്നു.

നീയിതുകൊണ്ടുപോയി വിൽക്കുക. ആജ്ഞയായിരുന്നു.

വിറ്റുകിട്ടുന്ന പണംകൊണ്ട് കുറേ പച്ചക്കറി വിത്തുവാങ്ങണം.

കിണ്ടി വിറ്റു വിചാരിച്ചതിലും കൂടുതൽ പണംകിട്ടി. വിത്തുമായി വീട്ടിലെത്തിയപ്പോൾ പറമ്പുമുഴുവൻ കിളച്ചുമറിച്ചിട്ടിരിക്കുന്നു. ദൈവം കിളച്ചമണ്ണിലേയ്ക്ക് വിത്തുകളെറിഞ്ഞു. വളരെ പെട്ടെന്നായിരുന്നു അവയുടെ വളർച്ച. രണ്ടു മൂന്നാഴ്ച്ചയ്ക്കുള്ളിൽ പറമ്പുമുഴുവൻ പച്ചക്കറി കൊണ്ടുനിറഞ്ഞു. പതിവിലും വലുതും ഭംഗിയുള്ളതുമായ ഫലങ്ങൾ. ജീവിക്കാൻ വരുമാനമായി. എന്റെ ആദ്യ സമ്പാദ്യത്തിൽ നിന്ന് ദൈവത്തിന് കിടക്കാൻ ഒരു വിരിയും, തലയിണയും വാങ്ങിക്കൊടുത്തു. ദൈവം താമസം വരാന്തയിൽ നിന്ന് മുറിയിലേക്ക് മാറ്റി.

പണം വരാൻ തുടങ്ങിയപ്പോൾ ബിസിനസ്സ് പുനരാരംഭിച്ചു. മുറ്റത്ത് കാർ പ്രത്യക്ഷപ്പെട്ടു. പിണങ്ങിയ ഭാര്യ തിരിച്ചു വന്നു. അവൾ മിടുക്കിയായ പെൺകുഞ്ഞിനെ പ്രസവിച്ചു. സകലസൗഭാഗ്യങ്ങളും തിരിച്ചുവരികയായിരുന്നു.

ദൈവം ഇപ്പോൾ ജോലിയൊന്നും ചെയ്യുന്നില്ല. മുറിയിൽ എന്തെങ്കിലും വായിച്ചുകൊണ്ടിരിക്കും. ഇടയ്ക്ക് പുറത്തിറങ്ങും. മകളുമായി വലിയ ചങ്ങാത്തത്തിലാണ്. അങ്കിൾ എന്നാണവൾ ദൈവത്തെ വിളിക്കുന്നത്. അങ്ങനെ തന്നെയാണവളെ പരിചയപ്പെടുത്തിയതും. എപ്പോഴും അവളെന്തെങ്കിലും ദൈവത്തോട് ചോദിച്ചുകൊണ്ടിരിക്കും. എല്ലാത്തിനും നല്ല മറുപടിയുണ്ട്.



മറുപടികൾക്കൊന്നും മറുചോദ്യം ഉണ്ടാകാറില്ല എന്നത് എന്നെ അത്ഭുതപ്പെടുത്താറുണ്ട്. ഞാനെന്തെങ്കിലും സംശയം തീർത്താൽ അവൾക്ക് നൂറ് സംശയങ്ങൾ വീണ്ടുമുണ്ടാകും.

കഴിഞ്ഞ തിങ്കളാഴ്ച്ചയാണ് രാജശേഖരൻ കടന്നുവന്നത്. ബിസ്സിനസ്സിൽ പഴയൊരു പാർട്ട്ണർ. പത്തു ലക്ഷം രൂപയുടെ പദ്ധതിയുമായാണ് വന്നത്. ഒരു ലക്ഷം രൂപ കൈക്കൂലിയായി കമ്മീഷണർക്ക് നൽകണം. എനിക്ക് കിട്ടാൻ പോകുന്ന വിഹിതം നാലുലക്ഷം രൂപ. ദൈവം മുറിയിലിരുന്ന് എന്നെ നോക്കി. ആ കണ്ണുകൾക്ക് ആയിരം നക്ഷത്രങ്ങളുടെ പ്രകാശമുണ്ടായിരുന്നു. ഞാൻ രാജശേഖരനോട് പറഞ്ഞു. എനിക്കിതിൽ ഒട്ടും താൽപ്പര്യമില്ല. അയാൾ പോയി. രാത്രി കിടന്നുറങ്ങാൻ കഴിഞ്ഞില്ല. ദൈവം കാരണം എനിക്കുനഷ്ടം നാലുലക്ഷം രൂപ. ഭിത്തിയിലിരുന്ന പല്ലി കളിയാക്കി ചിലച്ചു...

ദൈവം ഒരു ശല്യമായി മാറുകയാണ്. കഴിഞ്ഞദിവസമാണ് പുതിയ വേലക്കാരിയെ അപ്പോയിന്റ് ചെയ്തത്. ചെറുപ്പക്കാരി, സുന്ദരി. അവളെ ഒന്ന് ശരിക്കു കാണണമെന്ന് ആഗ്രഹമുണ്ടായിരുന്നു.പ്രലോഭനങ്ങൾ പുതുമയല്ലല്ലോ? ഞാൻ എപ്പോഴൊക്കെ അടുക്കളയിൽ ചെന്നോ അപ്പോഴൊക്കെ ദൈവം അവിടെയെവിടെയെങ്കിലുമൊക്കെ നിൽക്കുന്നുണ്ടാകും. ഭാര്യയോടു പോലും എന്തെങ്കിലും മറച്ചു വയ്ക്കാൻ പറ്റാത്ത അവസ്ഥ. പലതിനും കടിഞ്ഞാണിടേണ്ടി വരുന്നു. വിലങ്ങുകൾ ഏറിവരികയാണ്. ഭാര്യക്കും ദൈവത്തോട് അമർഷമായിത്തുടങ്ങിയിട്ടുണ്ട്. പണിയൊന്നും ചെയ്യാതെ വെറുതെ മുറിയിലിരിക്കുകയാണല്ലോ. അതുകൊണ്ടാവാം.

ഇന്നു രാത്രി ദൈവത്തെ അവർ വന്നു കൊണ്ടുപോകും.പതിനായിരം കൊടുത്തിട്ടായാലെന്താ ശല്യം തീരുമല്ലോ!? മനസ്സമാധാനമായി ജീവിക്കുകയും ചെയ്യാം.കാറിന്റെ ശബ്ദം. അതവരാണ്. ഞാൻ മെയിൻ ഡോർ തുറന്നു. അവർക്ക് ദൈവത്തിന്റെ മുറി ചൂണ്ടിക്കാണിച്ചുകൊടുത്തു. ഭാഗ്യം ആരും അറിഞ്ഞിട്ടില്ല. തിരികെ റൂമിൽ വന്നു കിടന്നു. അല്പം കഴിഞ്ഞപ്പോൾ കാറിന്റെ ശബ്ദം ഓടിമറഞ്ഞു.ഞാൻ താഴേക്കുചെന്നു. ദൈവത്തെ പിടിച്ചുകൊണ്ടു പോയപ്പോൾ ബഹളമോ പിടിവലിയോ ഒന്നും നടന്നില്ല. മുറിയാകെ ശാന്തം. വായിച്ചുകൊണ്ടിരുന്ന പുസ്തകമായിരിക്കാം കട്ടിലിൽ കിടപ്പുണ്ട്. ഞാനത് തുറന്നുനോക്കി. അതൊരു ഡയറിയായിരുന്നു. ഇന്ന് 1-1-2006 ദൈവം ഡയറിയിൽ എഴുതിയ അവസാനവാക്കുകൾ.

ഒന്നും തന്നെ വായിക്കാൻ പറ്റുന്നില്ല. ആ താളുകൾ മുഴുവൻ രക്തം......പെട്ടെന്ന് മുറി രക്തം കലർന്ന വിയർപ്പിന്റെ ഗന്ധം കൊണ്ട് നിറഞ്ഞു. ഞാൻ കണ്ണു പൊത്തി.

അകലെ നക്ഷത്രങ്ങൾ മുപ്പത് വെള്ളിക്കാശ് എണ്ണിക്കൊണ്ടിരുന്നു.


79

വയസ്സിന്റെ അനുഭവത്തിളക്കവുമായി സഹകരണ രംഗത്ത് പുരോഗതിയുടെ പടവുകൾ താണ്ടിയ

**ആലുവ അർബ്ബൻ സഹകരണ ബാങ്കിന്റെ മഹാശിവരാത്രി ആശംസകൾ**

വായ്പകൾ ലളിതവും സുതാര്യവും
നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ

എന്നും നിങ്ങളോടൊപ്പം

അഡ്വ. ബി.എ. അബ്ദുൽ മുത്തലിബ്
ചെയർമാൻ

കെ.എ. കുഞ്ഞുമുഹമ്മദ്
ജനറൽ മാനേജർ



# പുഴയുടെ ഓർമ്മകൾ

**ആതിര റ്റി. ആർ.**
I B.A. Malayalam



എത്രയോ വസന്തം കൊഴിഞ്ഞു ഭൂവിൽ
അത്രയും കാലം ഞാൻ മന്നിൽ വാണതും
ഓർമ്മതൻ അച്ഛസ്ഫടിക പാത്രങ്ങൾ
ഉടഞ്ഞതും, തേഞ്ഞതും മണ്ണിലടിഞ്ഞതും
മയക്കംവിടാത്തൊരെൻ ഓളത്തിൻ നെറുകയിൽ
സ്വപ്നങ്ങളായ് വന്നു രാത്രി ചുംബിച്ചതും
അവിരാമം തുടരുമെൻ മോഹനസ്വപ്നത്തിന-
നുഭൂതിയായി മഴത്തുള്ളി ചാറിയതും
സരയൂ, കബിനി, ഭവാനി നദികളെ ചുംബിച്ചതും
പിന്നെ ഒഴുകിയും ഭൂവിൽ
എന്റെ മടിത്തട്ടിലെന്നും മണൽത്തരി
വാരിയെടുത്തതും മനുജന്റെ കൈകളാൽ
ആ മണൽത്തരിയുടെ കരച്ചിൽ ഞാൻ കേട്ടതും
ഓർത്തെടുത്തിടുന്നു ഓർമ്മതൻ താളിൽ
വേനലിൻ ചൂടിൽ ഞാൻ വറ്റിവരണ്ടതും
മഴയുടെ കളിയിൽ ഞാൻ പ്രളയം സൃഷ്ടിച്ചതും
വേദനാജനകമാം രംഗങ്ങൾ കണ്ടതും
വെയിലിന്റെ വേരുകൾ ആഴ്ന്നിറങ്ങിയതും
ഓർമ്മതൻ ഗ്രാമത്തിൽ അർത്ഥവതിയാം ഞാൻ
ഓർമ്മിച്ചെടുക്കുന്ന കാര്യങ്ങൾ പറയട്ടെ.........
ഞാൻ ഓർമ്മിച്ചെടുക്കുന്ന കാര്യങ്ങൾ പറയട്ടെ !



# 'അഗ്നിസാക്ഷി' യിലൂടെ ഒരു യാത്ര



കാർത്തിക കെ. എം.
I. Bsc. Computer Science

നോവൽപോലെ വലിയൊരു സാഹിത്യകൃതിയുടെ സമഗ്രരൂപം മനസ്സിൽ കൽപ്പിച്ച് തപസ്യ കൊണ്ട് പൂർത്തീകരിക്കേണ്ട ഗുരുതരമായ കൃത്യം നിർവ്വഹിക്കുന്നതിന് യൗവനത്തിലോ, മദ്ധ്യവയസ്സിലോ സൗകര്യമില്ലാഞ്ഞിട്ടും, മാറിയ മനുഷ്യനു മുന്നിലും ആചാരത്തിനു മുന്നിലും ഒരു അവശേഷിച്ച ജീവിതസാക്ഷിയെന്നപോലെ ലളിതാംബിക അന്തർജനം എന്ന ശ്രേഷ്ഠയായ എഴുത്തുകാരി സമർപ്പിച്ച ഒരുപാട് സവിശേഷതകളുള്ള ഒരു നോവലാണ് "അഗ്നിസാക്ഷി". 1962-ൽ നടന്ന ബീജാദാനം എന്ന മഹത്കർമ്മത്തിൽ ഉത്തരപ്രദേശത്തെ ഒരു തീർത്ഥസങ്കേതത്തിൽ വച്ചു കണ്ട തേജസ്വിനിയായ ആ സന്യാസിനി താൻ അന്വേഷിച്ചു വന്ന, ജീവിതാവസാനകാലങ്ങളിൽ സന്യാസം സ്വീകരിച്ച ആ പഴയ സാമൂഹ്യ പ്രവർത്തകയാണെന്ന് തിരിച്ചറിഞ്ഞ ഇതികർത്തവ്യതാമൂഢമായ ഒരു നിമിഷത്തിൽ നിന്നാണ് അഗ്നിസാക്ഷിയുടെ ആരംഭം. കുടുംബജീവിതം മറക്കുകയോ ത്യജിക്കുകയോ ചെയ്ത്, പൊതുപ്രവർത്തനത്തിനിറങ്ങി, ഒടുവിൽ സന്യാസത്തിൽ അഭയം തേടിയ തനിയ്ക്കറിയാവുന്ന പല സ്ത്രീകളേയും കുറിച്ച് ഓർമ്മ വന്നപ്പോൾ അവ അഗ്നിസാക്ഷിയിലെ അത്യുജ്ജ്വലകഥാപാത്രമായ 'ദേവീബഹ'ന്റെ ചട്ടക്കൂടിന് അടിസ്ഥാനമാകുമെന്ന് ആ എഴുത്തുകാരി ഒരിക്കലും പ്രതീക്ഷിച്ചില്ല.

1970-ൽ റേഡിയോയ്ക്കുവേണ്ടി ഒരു തുടർക്കഥ കൊടുക്കാമെന്ന് വാക്കുകൊടുത്തതനുസരിച്ച് എഴുതിയ പ്രസാദം എന്ന ചെറിയ കഥ- വിപ്ലവത്തിന്റെ ചൂട് കുറച്ചാറിയപ്പോൾ സഹപ്രവർത്തകരിൽ നിന്നും, എതിരാളികളിൽ നിന്നും ഒരു പോലെ കിട്ടിയ കല്ലേറ് ഏറ്റു തളർന്ന്, ഏറ്റവുമൊടുവിൽ ഈശ്വരഭജനത്തിൽ രക്ഷ നേടിയ ഒരു സാമൂഹ്യ പ്രവർത്തകയുടെ കഥ മാതൃഭൂമി വാരികയ്ക്കുവേണ്ടി ഒരു നോവൽ എഴുതിക്കൊടുക്കണമെന്ന് പത്രാധിപർ ആവശ്യപ്പെട്ടപ്പോൾ പൊളിച്ചെടുക്കപ്പെട്ട്, ചട്ടക്കൂട് അഴിച്ചുപണിയപ്പെട്ട് അഗ്നിസാക്ഷിയായി പുനരുദ്ധരിക്കപ്പെട്ടു.

തികച്ചും സാങ്കല്പിക സൃഷ്ടിയല്ലാത്ത അഗ്നിസാക്ഷി യിലെ തേതിയേടത്തി, ദേവകി മാനമ്പിള്ളി, ദേവീ ബഹൻ എന്നീ മൂന്നുപേരുകളിൽ പരിചയപ്പെടുത്തുന്ന 'സുമിത്രാനന്ദ'യെന്ന തേജസ്വിനി കഴിഞ്ഞ തലമുറയിലെ സ്ത്രീജീവിതത്തിന്റെ മൂന്നു വ്യത്യസ്ത മുഖങ്ങളാണ് വെളിവാക്കുന്നത്. സമുദായ പരിഷ്കരണവാദിയും എഴുത്തുകാരനുമായ പി.കെ. പി. നമ്പൂതിരിയുടെ സഹോദരിയായും, മാനമ്പിള്ളി ഇല്ലത്തെ മൂത്ത സന്തതിയായ ഉണ്ണി നമ്പൂതിരിയുടെ ഭാര്യയായും ജീവിച്ചപ്പോൾ സ്വതന്ത്ര ജീവിതത്തിന്റെ മധുരവും കയ്പ്പും യഥാക്രമം അവർ തിരിച്ചറിഞ്ഞു. ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും അഴുക്കുപുരണ്ട നൂലുകളിൽ കുടുങ്ങിയിട്ടും അവയിൽ നിന്നും ഒന്നു പുറത്തുകടക്കുവാൻ ശ്രമിക്കുകപോലും ചെയ്യാതിരുന്ന തന്റെ ഭർത്താവിനെ തിരിച്ചറിഞ്ഞിട്ടുകൂടി മാറ്റിപ്പണിയാൻ ദേവകിയ്ക്ക് കഴിഞ്ഞില്ല എന്നതാണ് സത്യം. പരലോകം മാത്രം മുന്നിൽക്കണ്ടു ജീവിക്കുന്ന ഒരാളെ ഉൾക്കൊള്ളുവാൻ ദേവകിയെ പ്രായമോ വിവേകമോ അനുവദിച്ചില്ല. മുഷിഞ്ഞ ഏകാന്തതയ്ക്കിടയിൽ, കവിതയും സാഹിത്യവും കേട്ടു വളർന്ന ദേവകി, പുസ്തകം വായിച്ചും, ഏട്ടനു രഹസ്യമായി കത്തെഴുതിയും സ്വന്തം ഭാരം ലഘൂകരിക്കാനും, ഭ്രാന്തിച്ചെറിയമ്മയ്ക്കു വന്നതുപോലെ തനിക്ക് ഭ്രാന്തു വരാതിരിക്കാനും ശ്രമിച്ചത് വിങ്ങുന്ന മനസ്സിനിടയിലും, പൊള്ളുന്ന അനുഭവങ്ങൾക്കിടയിലും പിടിച്ചു നിൽക്കുവാനുള്ള ഒരു സ്ത്രീജീവിതത്തിന്റെ പോരാട്ടമായോ നമുക്ക് ദർശിക്കാൻ സാധിക്കൂ. പക്ഷേ, മരണാസന്നയായി കിടക്കുന്ന സ്വന്തം അമ്മയെ കാണാൻ അനുമതി കിട്ടാതെ വന്നപ്പോൾ നാട്ടുനടപ്പു ലംഘിച്ച് അവർ ഇല്ലത്തേക്ക് പോന്നു. ഭർത്താവ് പിന്നീടു തിരിച്ചു വിളിക്കാൻ വരാതിരുന്ന സാഹചര്യത്തിൽ, സ്ത്രീയുടെ ദുരന്തങ്ങൾ സ്വന്തം ദുരന്തമാക്കി ഒരു സമുദായ പരിഷ്ക്കരണവാദിയായി അവർ പൊതുരംഗത്തെത്തി. ആ വഴിയിലൂടെ അവർ സ്വാതന്ത്ര്യ

സമരത്തിൽ എത്തിച്ചേരുകയും 1942-ലെ ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിലൂടെ ഒരു വീരനായികയായിത്തീരുകയും ചെയ്തു. അങ്ങിനെയവർ ഉത്തരേന്ത്യയിൽ 'ദേവീബഹനായി അറിയപ്പെട്ടു. ഗാന്ധിജിയുടെ പരീക്ഷണങ്ങളെപ്പോലും വിജയകരമായി നേരിടുവാനും, കർക്കശബുദ്ധിയായ ആ ത്യാഗിവര്യന്റെ അനുമോദനം നേടുവാനും സ്നേഹശീലത്തിൽ നിന്നും ഉയർന്നു വന്ന ത്യാഗം അവരെ പ്രാപ്തയാക്കി. തന്റെ സ്നേഹം കബളിപ്പിക്കപ്പെട്ടപ്പോൾ, ആശ്രമത്തിലെ അന്തേവാസിയായ ഒരു പെൺകിടാവിൽ അർപ്പിച്ച വിശ്വാസം മിഥ്യയായി എന്നു ബോധ്യം വന്നപ്പോൾ, അതിനൊരു പ്രായശ്ചിത്തമായി അവർ സന്ന്യാസം സ്വീകരിച്ചു. പൂർവ്വാശ്രമങ്ങൾ അറുത്തുമാറ്റി സുമിത്രാനന്ദ എന്ന പേരു സ്വീകരിച്ച് ഒരു യോഗിനിയായി. ആ മാതൃത്വത്തിന്റെയും സന്ന്യാസത്തിന്റെയും നിറവിൽ അടങ്ങാത്ത സ്നേഹദാഹത്തിനിടയിലും അവർ വളരെക്കാലം ജീവിച്ചു.

മറ്റൊരു കഥാപാത്രമായ തങ്കം നായർ അഗ്നിസാക്ഷിയിലെ ആധുനിക വനിതയുടെ വക്താവാണ്. അച്ഛൻ നമ്പൂതിരിയുടെ വിജാതീയ ഭാര്യയിൽ പിറന്ന തങ്കം മാനുഷിക വികാരങ്ങളെച്ചൊല്ലി അനുഭവിച്ച വേദന അന്നത്തെ നമ്പൂതിരിക്കുടുംബങ്ങളുടെ ദുഷിച്ച അകത്തളങ്ങൾ നമുക്കു മുന്നിൽ തുറന്നുകാട്ടുന്നു. സ്നേഹിക്കുന്നവരുമായുള്ള സമ്പർക്കം തങ്കത്തിന് നിഷേധിക്കപ്പെട്ടിരുന്നു. തേതിയേടത്തിയെ വളരെയധികം സ്നേഹിക്കുകയും, അവർ നേരിട്ട ദുരന്തത്തിൽ ദു:ഖിക്കുകയും ചെയ്ത തങ്കം, ഉണ്ണിയേട്ടനോട് അവർക്കു വേണ്ടി വാദിച്ചിരുന്നു. പിന്നീട്, ദാമ്പത്യത്തിന്റെ സുഖാലസ്യത്തിൽ താൻ വിട്ടുപോന്ന കണ്ണികൾ മറന്നെങ്കിലും, തങ്കം ഒരിക്കലും ഉണ്ണിയേട്ടനെയോ, തേതിയേടത്തിയേയോ മറന്നില്ല. പിന്നീട് ഉണ്ണിയേട്ടന്റെ അന്ത്യകർമ്മങ്ങൾക്കിടയിൽ, തങ്കം ആ പ്രദേശത്ത് കഴിഞ്ഞുപോന്ന തന്റെ പൂർവ്വകാല സുഹൃത്തിനെ കണ്ടെത്തുകയും, അവരെ പഴയ സ്നേഹം നിറഞ്ഞ പ്രപഞ്ചത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്തിരുന്നു. സ്നേഹബന്ധത്തിന്റെ വൈകാരികതയും നിഷ്കളങ്കതയും കാത്തുസൂക്ഷിക്കുന്ന സാധാരണക്കാരുടെ പ്രതിനിധിയായ തങ്കം നായർക്ക് ചരിത്രം സൃഷ്ടിക്കുവാൻ യോഗമില്ല, മറിച്ച് അതിന് സാക്ഷിയാകുവാനേ യോഗമുണ്ടായുള്ളൂ.


ലളിതാംബിക അന്തർജനത്തിന്റെ സ്വയം സൃഷ്ടിയുടെ ബലത്തിൽ രൂപം കൊണ്ട ഒരു കഥാപാത്രമാണ് 'ഉണ്ണി നമ്പൂതിരി'. ബാഹ്യലോകത്തിൽ ഉത്തമനായിരുന്ന ഉണ്ണി നമ്പൂതിരിയ്ക്ക് വിവാഹത്തെക്കുറിച്ചുള്ള അപക്വമായ ചിന്താഗതിയുടെ ഫലമായി തന്റെ വേളിയോട് നീതിപുലർത്താൻ സാധിച്ചില്ല. ബ്രാഹ്മണർക്ക് ജീവിതം യജ്ഞമാണ്. ഞാൻ ബ്രാഹ്മണനായി ജനിച്ചുപോയി. ഞാനും പത്നിയും തമ്മിൽ എന്നും അഭിപ്രായവ്യത്യാസമുണ്ട് . അവസാനകാലത്തെ അദ്ദേഹത്തിന്റെ ഈ വാക്കുകളിൽ, ആചാരങ്ങളെ എത്രമാത്രം ഭയന്നായിരുന്നു ആ ജീവിതം എന്ന് വ്യക്തമാണ്.

ഉണ്ണിനമ്പൂതിരി ഈശ്വരനെ അന്വേഷിച്ചത് അമ്പലങ്ങളിലും തേവാരങ്ങളിലുമാണ്. ദേവീബഹനാകട്ടെ, ഈശ്വരനെ അസ്വതന്ത്രമായ മാതൃഭൂമിയിലും, കഷ്ടപ്പെടുന്ന ജനങ്ങളിലും അന്വേഷിച്ചു. വ്യത്യസ്തമായ വഴിയിലൂടെയെങ്കിലും ഒരേ ലക്ഷ്യത്തിലാണ് തങ്ങൾ എത്തിച്ചേർന്നതെന്ന് ദേവീബഹൻ വിശ്വസിച്ചു. പിന്നീട് ഗംഗാതീരത്തുവച്ച് തങ്കത്തിനെ കണ്ടപ്പോൾ, തങ്കം ഏല്പിച്ച താലി അഗ്നിയിൽ നിക്ഷേപിച്ച് പവിത്രമാക്കി. ഇത് തനിത്തങ്കമാണ്. കലർപ്പുകൂട്ടരുത്. ഇതിന്റെ മാറ്റുകൂട്ടാതെ തന്നെ സൂക്ഷിക്കണം. നിന്റെ തലമുറയ്ക്ക് ഇഷ്ടമുള്ളതുപോലെ പണിയൂ . എന്നു പറയുമ്പോൾ ദാമ്പത്യത്തിൽഅവർ ദർശിച്ച പവിത്രത വെളിവാകുന്നു. പിന്നീട് തങ്കത്തിന്റെ മകനെ എന്റെ മകനേ എന്നു വിളിക്കുന്നതും, സർവ ചരാചരങ്ങളും വരാനിരിയ്ക്കുന്ന തലമുറയും ആ വിളി കേൾക്കുന്നതും, പ്രകൃതിയുടെ സർവാംഗങ്ങളിൽ നിന്നും മുലപ്പാൽ ഊറിവരുംപോലെ ഒരു പുതിയയുഗം പിറക്കുന്നതും നമുക്ക് തെളിഞ്ഞുകാണാം.

അഗ്നിസാക്ഷിയിലെ മറ്റു കഥാപാത്രങ്ങൾ കോപാവേശം വരുമ്പോൾ സർവവും മറന്ന് നീചമായ ഭാഷയിൽ ശകാരിക്കുകയും പ്രാകുകയും ചെയ്യുന്ന ബ്രാഹ്മണ പാരമ്പര്യത്തിൽ പെട്ടവരാണ്. തന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു സംഭവത്തെ അഗ്നിസാക്ഷി എന്ന നോവലിലൂടെ ഇതൾ വിടർത്തിയപ്പോൾ, രക്തത്തെ മുലപ്പാലാക്കിമാറ്റുന്ന രാസപ്രക്രിയയാണ് ആ ശ്രേഷ്ഠയായ എഴുത്തുകാരി നടത്തിയിരിക്കുന്നതെന്ന കാര്യത്തിൽ സംശയമേയില്ല.



# *The Growth Story of Indian Economy*



**Sunil Abraham Thomas**
Department of Economics

Indian economy has made great strides in the years since independence. In 1947 the country was poor and shattered by the violence and economic and physical disruption involved in the partition from Pakistan. India was characterized by very low per capita income. GDP was always big, but there were a lot of people, so the percapita income was very low. In some ways India had a fully developed capitalist economy, and it had some of the oldest capitalist institutions in Asia, such as the Bombay Stock Exchange, founded in 1875. So there was a modern economy, but it was very thin. There was a manufacturing sector, but it didn't cover many industries. There was even a steel industry and a relatively strong textile industry, but these were limited. Indian economy was predominantly a subsistence economy. Most of the villages at the time didn't even have road connections. They were connected only by tracks to the outside world. They weren't part of the market economy.

During the final phase of independence struggle, Nehru was put in jail, along with a number of his Congress colleagues. In a matter of weeks, they drew up a consensus which has been called subsequently the Indian Congress Consensus. At that time the Indian Congress absolutely dominated India, so what the Indian Congress thought prevailed. There was certainly a widespread agreement on the need to develop, to create an industrial revolution, to grow rapidly, and to build a modern economy. This would involve moving agricultural workers to the cities, that wouldn't really cost anything, because the marginal products of those agricultural workers was negligible anyway. In any event, with a little agricultural modernization, it would be possible to increase output. It was generally agreed that society should be based on collective action, not capitalist acquisitiveness. Basically, the view was that the state ought to seize control of the economy and ought not to be run by the capitalist sector.

The "License Raj" developed very quickly. Everything needed permission. If you owned a business that officially was in the private sector, in order to expand, you needed a license. You couldn't get foreign exchange to import until you had the industrial license to expand. The government effectively controlled everything through a series of interlocking controls of that type. The banking system was one of the later things to be nationalized, in the late 1960s and early 1970s.

The system was dominated as in many developing countries by the idea of import substitution, the idea that you would get expanding markets for industrial goods essentially by producing at home, things that formerly been imported. That was because you simply couldn't import most goods.

There was on the other hand continuous macroeconomic discipline. Unlike many developing countries in Latin America, or in Africa, or even in Southeast Asia (such as Indonesia), India never suffered from hyperinflation. Instead, where the macroeconomic problems showed up was in balance-of-payment pressures. The fact that one required a license to import just about everything was strangling the economy.

In 1966, a year before the UK's famous devaluation came India's. An attempt was made to undertake some liberalization of the economy at that time, and India sought U.S. aid. But since India wouldn't support the Vietnam War, President Johnson withheld aid. So the envisaged flow of aid that would help to liberalize the economy wasn't there, and India went back to slow growth for another 15-20 years.

Another feature of this period was that the educational system was much skewed. Illiteracy continued, and in particular female illiteracy. The elites had a very good educational system, typified by the Indian Institutes of Technology and Management, which were established in this period to cater their needs. However education they received has been important in the subsequent development of the country's economy.

But in the early years, the economy grew rather slowly, at what became known as the Hindu rate of growth, merely 3-4 percent per year. At the time, the Indian population was growing at 2.5 percent per year. Even if GDP went up by 3.5 percent a year, that wouldn't give much scope for an improvement in living standards and cutting poverty, the ultimate objectives of economic growth. In fact, there was actually an increase in poverty in India in the middle of that period.

Then a major change happened in our economy. Government initiated the policy of liberalization. Many economists have argued that the acceleration in. Indian growth really came long before 1991. They claimed to the evidence of growth speeding up in the mid-1980s. Perhaps the faster growth rate could be explained as a consequence simply of catching up, because there was a severe recession in 1979, due to the second oil shock. In any event, by the mid-1990s the Indian economy had moved to a faster growth rate, following the first, limited reforms.

One example of liberalization was known as "broad-banding." In the earlier period, if a private-sector entrepreneur was given permission to produce something, he produced exactly that and nothing else. Broad-banding meant that as long as he didn't use more raw materials, he was entitled to make something else. What you were entitled to produce was broad-banded, or extended. And that in itself led to an important liberalization of the economy. Another example is that the trucking industry was deregulated in the mid-1980s, which meant that people who owned trucks, were allowed to go out to bid in order to take loads from one part of the country to another, at prices they could choose. This was successful in that trucking performance improved and prices were lowered as a result of competition, instead of going up. Toward the end of the 1980s, even though exports were growing rapidly, balance-of-payment pressures were beginning to rise and the budget deficit was increasing. These two things together led to an severe crisis in 1991, at the time of the general election. Despite the debate as to whether there had already been some liberalization, 1991 marked the big liberalization of the Indian economy.

Manmohan Singh happened to be the finance minister at the time. When he was a young man at Cambridge in the 1950s, he'd written an article that argued that it was a mistake to rely on import substitution, but despite that he'd gone back to India, entered the civil service, and been a loyal civil servant implementing these sorts of policies all those years. But when he became finance minister and was presented with the challenge of finding a way out of the crisis, he set about undertaking a major liberalization of the economy. The macroeconomic part of the package was quite orthodox. After all, if you have a balance-of-payment crisis, if you run out of reserves, you have to fix the balance of payments in a hurry. You have to do orthodox things like cutting expenditures, raising taxes, devaluing the exchange rate, and implementing monetary restriction.

The interesting part of the package was the microeconomic liberalization, which was adamantly against the Indian tradition. There'd been the very



limited liberalization in the 1980s, but the main Indian ethos had remained very hostile to the market economy, capitalism, and free enterprise. Singh swept away the controls of the license raj, the requirement that one obtain permission from the Capital Issues Committee to raise new money, and the ban on foreign direct investment. So investment was gradually liberalized, as was trade. The initial moves were to get rid of the quantitative trade restrictions. Tariffs were gradually reduced to the point of normal levels, though India's still a fairly protectionist country. Then there was an effort to modernize the tax system. In 1991 about one-quarter of all the tax revenue came out of trade taxes, which would be lost with trade liberalization.

There was the beginning of divesting the public sector of its ownership of enterprises. India was not adventurous in this respect. It pursued disinvestment, which meant selling minority shares in enterprises on the stock market. You don't pay a lot of money if you think you're going to buy is a minority share in a state-owned enterprise. This isn't a good way of raising money or changing management incentives. So India was slow in divesting, but the program was started, and it's gradually built up steam. There has been much more willingness to contemplate private enterprises competing against state-owned enterprises in recent years.

Finally, there was financial reform. Where India used to have one stock exchange, which still operated pretty much like in the nineteenth century, today it has a modern stock exchange. The Capital Issues Committee was abolished, and companies were allowed to borrow freely. Where the banking system at one stage had to lend over 60 percent of its deposits to the government, and most of the others had to be lent as the government dictated, now it has a large degree of freedom to lend where commercial considerations dictate. Today India has a rather impressive financial system by developing-country standards.

**Consequences**

Growth didn't in fact accelerate much from the 1980s average to the 1990s average. But the 1980s ended in a crisis because some factors were clearly unsustainable. The growth translated into a fairly substantial fall in poverty over the course of the 1990s. The 1997 East Asian financial crisis really stopped growth in many countries. Those countries, some of them more voluntarily than others, had all liberalized their capital accounts, allowing money to flow in and out fairly liberally. In contrast, in India, if you brought money in, you could take it out again, but domestic Indians weren't allowed to take their money out freely, and India in any event hadn't borrowed a great deal. So it wasn't vulnerable to the 1997 crisis.

In the second half of the 1990s one also began seeing the rise of the IT sector. Two explanations are given for why that sector became so successful. The first is that the bureaucrats didn't notice what was happening until it had already happened, so they couldn't really interfere and put up a web of regulations and restrictions. (That's probably overly harsh). The other is that the government did some things right. It's founding of the Indian Institutes led to a flow of highly qualified manpower, many of whom found vocation in the IT sector. India at last found its niche in the world economy, which wasn't in exporting manufactures, like the East Asian countries, but instead was in the services sector, and IT in particular.

One important consequence of the 1990s is the sharpening of regional differences within India. The fast-growing states were in the south and west. The large states of the Ganghetic plain became relatively poorer during the 1990s. Policy, which became more attuned to rewarding success over the 1990s, may have exacerbated these regional differences.

**India & the World Economy**

Economics experts and various studies conducted across the globe envisage India and China to rule the

world in the 21st century. For over a century the United States has been the largest economy in the world but major developments have taken place in the world economy since then, leading to the shift of focus from the US and the rich countries of Europe to the two Asian giants- India and China. The rich countries of Europe have seen the greatest decline in global GDP share by 4.9 percentage points, followed by the US and Japan with a decline of about 1 percentage point each. Within Asia, the rising share of China and India has more than made up the declining global share of Japan since 1990. During the seventies and the eighties, ASEAN countries and during the nineties South Korea, along with China and India, contributed to the rising share of Asia in world GDP. According to some experts, the share of the US in world GDP is expected to fall (from 21 per cent to 18 per cent) and that of India to rise (from 6 per cent to 11 per cent in 2025), and hence the latter will emerge as the third pole in the global economy after the US and China. By 2025 the Indian economy is projected to be about 60 per cent the size of the US economy. The transformation into a tri-polar economy will be complete by 2035, with the Indian economy only a little smaller than the US economy but larger than that of Western Europe. By 2035, India is likely to be a larger growth driver than the six largest countries in the EU.

India, which is now the fourth largest economy in terms of purchasing power parity, will overtake Japan and become third major economic power within 10 years.

### India Vs China

Which country is going to win this race? Most economists actually think it's good when one country grows fast, that it helps another country grow faster. Nevertheless, there's a big discussion as to which of these two will grow faster in the long term.

China starts off with a higher standard of living. It has more manufacturing, a bigger economy, much better infrastructure, and a dense network of superhighways, as against India, which is just finishing its first superhighway grid linking the four big cities. China also starts off with a faster growth rate. It's been growing at 10-11 percent a year, it has a high rate—over 40 percent of GDP—of investment, it has practically universal literacy, and it has an open economy, measuring openness in terms of trade and FDI.

India has four major advantages. First, it is into the right things, the modern, skill-intensive service sectors like IT and outsourcing. Second, it has an entrepreneurial culture. Third is the fact that we have a much younger population, which means that our saving rate is going to increase in the future. A young population with a lot of people who are in the high savings phase of their life cycle is going to save more than an older population as it moves into the retirement phase and may stop active saving. Finally, in many ways India has better institutions. It has a tradition of setting up thoughtful committees before it makes a reform. It has a democratic system, which is a really major advantage. As countries modernize, one of the things people want is a greater say in running their own life. India already has that democracy, China doesn't, and almost every country that's made the transition has gone through a pretty traumatic process. Maybe China will be lucky, but India already has democratized and doesn't face that risk. So for that reason the outlook is fairly good for India.

### Issues and Priorities for India

As India prepares herself for becoming an economic superpower, it must expedite socio-economic reforms and take steps for overcoming institutional and infrastructure bottlenecks inherent in the system. Availability of both physical and social infrastructure is central to sustainable economic growth. Since independence Indian economy has thrived hard for improving its pace of development. Notably in the past few years the cities in India have undergone tremendous infrastructure up gradation but the situation in not similar in most part of rural India.


Similarly in the realm of health and education and other human development indicators India's performance has been far from satisfactory, showing a wide range of regional inequalities with urban areas getting most of the benefits. In order to attain the status that currently only a few countries in the world enjoy and to provide a more egalitarian society to its mounting population, appropriate measures need to be taken. Currently Indian economy is facing these challenges:

- Sustaining the growth momentum and achieving an annual average growth of 10 – 11 % in the next five years.
- Simplifying procedures and relaxing entry barriers for business activities.
- Checking the growth of population; India is the second highest populated country in the world after China. However in terms of density India exceeds China as India's land area is almost half of China's total land. Due to a high population growth, GNI per capita remains very poor. It was only $ 2880 in 2003 (World Bank figures).
- Boosting agricultural growth through diversification and development of agro processing.
- Expanding industry fast, by at least 10% per year to integrate not only the surplus labor in agriculture but also the unprecedented number of women and teenagers joining the labor force every year.
- Developing world-class infrastructure for sustaining growth in all the sectors of the economy.
- Allowing foreign investment in more areas
- Effecting fiscal consolidation and eliminating the revenue deficit through revenue enhancement and expenditure management.
- Empowering the population through universal education and health care. India needs to improve its HDI rank, as it is way below many other developing countries' performance. .

**India Today**

All the governments of the 1990s were effectively reforming governments, even if not as strongly as some of us would have liked. They tried to push the reform agenda, and even if they were slow, at least there were no big reversals as in Latin America and elsewhere. At the moment, the Congress-led government is in alliance with some of the regional parties. Manmohan Singh is now prime minister. The other key reformer is Palaniappan Chidambaram, the finance minister. While they haven't been able to move as fast as they may have liked, they've unquestionably been moving in a reforming direction since coming into power.

Externally, there's no hint of a balance-of-payments crisis. India has something like $200 billion of reserves. Indeed, there's been some debate as to whether it can spend some of those reserves to its advantage. There is a sense of great optimism in India at last. It found its place in the world economy as the place to which the multinationals outsource jobs. In India the current debate is how much faster it should be able to grow.



# നനവുള്ള ഓർമ്മകൾ

**ജിനോ ജോൺ**
I B.Sc. Zoolgy

ബഹളങ്ങളില്ലാത്ത യൂസിയെ ഞാൻ കാണുകയാണ്. അവിടെ സിമന്റ് തേച്ചതും തേക്കാത്തതും, ഓട് മേഞ്ഞതും മേയാത്തതും, പുതിയതും പഴയതും ആയ ഡിപ്പാർട്ട്മെന്റുകൾ ഉണ്ട്. അതിൽ കലാകാരൻമാരെ വാർത്തെടുക്കുന്ന VMH ഉം യൂസിയെ പരിപാവനമായി കാത്തു സൂക്ഷിക്കുന്ന സമാധാനത്തിന്റെ പ്രതീകങ്ങളായ പ്രാവുകൾ വസിക്കുന്ന ചാപ്പലും, ഭക്ഷണവും വെള്ളവും കാലാകാലങ്ങളായി യൂസിയിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന ക്യാന്റീനും ഉണ്ട്. കായികതാരങ്ങൾ കളിച്ച് വളർന്ന വിശാലമായ ഗ്രൗണ്ടുകളും ഉണ്ട്. ആത്മാവുകൾ ആവാകിളുറങ്ങുന്ന ലൈബ്രറിയും ഉണ്ട്. പ്രണയാർദ്രനിമിഷങ്ങൾക്ക് സാക്ഷിയായി B.B.C. യും C.C.യും ഇവിടെ ഇപ്പോഴും നിലകൊള്ളുന്നു. ഇവിടെ വിശാലമായ പൂന്തോട്ടങ്ങളുണ്ട്. അതിൽ വേർപാടിന്റെ നൊമ്പരങ്ങളുയർത്തി ചാപ്പലിനു മുന്നിലെ പേരില്ല മരവും ഉണ്ട്. മനസ്സിനും ശരീരത്തിനും ഊർജ്ജം പകരുന്ന മഹാഗണിതം ഇവിടെ പുൽത്തകിടിയിൽ വിശ്രമിക്കുന്നുണ്ട്. സംരക്ഷിത കവചങ്ങൾക്കുള്ളിൽ ചരിത്രമുറങ്ങുന്ന യൂസിയുടെ പാരമ്പര്യവും സ്നേഹവും വിളിച്ചോതി തലയുയർത്തി നിൽക്കുന്ന കച്ചേരികമാളിക ഉണ്ട്. ഇവിടെ രാഷ്ട്രീയപാർട്ടികളുണ്ട്. അതിന് വർണ്ണങ്ങളുണ്ട്. മനസ്സിൽ സ്നേഹം മാത്രമായി എന്നും അത് യൂസിയിൽ നിലകൊള്ളുന്നു. യൂസി മുഴുവനും തണലും തണുപ്പുമേകി ഇവിടെ മഹാഗണി മുത്തശ്ശിമാർ വിടർന്ന് നിൽക്കുന്നുണ്ട്. ഇവിടെ മഴ പെയ്യുമ്പോൾ അത് വേദനയായും ഇവിടെ വെയിലുദിക്കുമ്പോൾ അത് സന്തോഷമായും, ഇവിടെ കാറ്റു വീശുമ്പോൾ മനസ്സിന് കുളിർമയായും മാറാറുണ്ട്. എങ്കിലും എല്ലാം ഓരോരോ അനുഭവങ്ങൾ ജീവിതത്തിലെ അനുഭവങ്ങൾ.

ഞാനിവിടെ നിന്ന് വെറുതെ ചിന്തിച്ചുപോയി. ഞാനിവിടെ നിന്നും പോയാൽ, ഞാൻ ശ്വസിച്ച വായു ഇവിടെ സ്ഫുരണങ്ങളുയർത്തി പടർന്ന് നീങ്ങുന്നുണ്ടാകും. ഇരുന്ന ബഞ്ചുകളും ഡെസ്ക്കുകളും, ഞാൻ കയറിയിറങ്ങിയ ക്ലാസ്സ് റൂമുകളും എന്നെ ഓർക്കും. ഈ കോളേജിലെ ഓരോ മുക്കും മൂലയും എന്നെ ഓർക്കുമായിരിക്കും. ഇവിടെ നിറഞ്ഞ് നിൽക്കുന്ന മഹാഗണി അമ്മമാരുടെ മാറിൽ ഞാൻ തറച്ച ആണികൾ എനിക്കായി ശ്വസിക്കുന്നുണ്ടാകും.

ഞാനല്ല നമ്മൾ ഇവിടെ ഉണ്ട്. ഞാനും നമ്മളും ഒന്നിച്ച് ചവിട്ടി നടന്ന മണൽത്തരികൾ ഇവിടെയുണ്ടാകും. അതിൽ വേറെ ചിലർ ചവിട്ടി നടന്നേക്കും. കാറ്റടിച്ച് പറന്നവ ക്ലാസ്സ് റൂമുകളിൽ എത്തിയേക്കാം. അത് ആരുടെയെങ്കിലും മൂക്കിൽ ചെന്നാൽ തുമ്മിത്തെറിപ്പിച്ചേക്കാം. എന്നെക്കാളും മുൻപ് ഈ യൂസിയിൽ നിറഞ്ഞു നിന്ന എന്റെ ചേട്ടന്മാരും ചേച്ചിമാരും എന്നെപോലെ ചിന്തിച്ചിരുന്നിരിക്കാം. അവരുടെ കാലം മാറിപ്പോയി കഴിഞ്ഞു. എന്നെയും നമ്മളെയും സ്നേഹിക്കുന്ന അമ്മമഹാഗണിയും അച്ഛൻ യൂസിയും ഇവിടെയുണ്ടാകും. അവർ ചിന്തിക്കുന്നുണ്ടാകും, ഓരോ വർഷവും ദൈവമേ നീ കുറെ മക്കളെ തരുകയും കുറെ പേരെ ഞങ്ങളിൽ നിന്നും വേർപ്പെടുത്തുകയും ചെയ്യുന്നു. ഈ സമയം ഞങ്ങൾ ചിരിക്കണോ കരയണോ. ഇളം കാറ്റുകൾ അവർക്ക് ആശ്വാസം ഏകട്ടെ.

ഒരുപാട് വേദനകളും നൊമ്പരങ്ങളും ആയി നമ്മൾ പടിയിറങ്ങുമ്പോൾ , ഞാൻ അവളെക്കുറിച്ച് ചിന്തിച്ചേക്കാം, പ്രണയിനിയെക്കുറിച്ച്, നമ്മൾ എല്ലാവരും ചിന്തിക്കും . കാരണം പ്രണയം മനുഷ്യവികാരമാണല്ലോ. അപ്പോൾ നമ്മൾ ഓർക്കണം ഞാൻ പറഞ്ഞ വിഡ്ഢിത്തങ്ങളും നമ്മൾ സന്തോഷിച്ച പൊട്ടിച്ചിരികളും നമ്മൾ പറഞ്ഞ നുണകഥകളും നമ്മൾ നടന്ന വഴികളും ഇവിടെ അവശേഷിക്കുന്നുണ്ട്.

പിന്നീട് ഈ കോളേജിൽ നാം എത്തുമ്പോൾ ആരും തിരിഞ്ഞ് നോക്കില്ല എന്ന് നമുക്കറിയാം, കാരണം പുതിയവ പഴയതിനെ തിരിച്ചറിയില്ലല്ലോ. നമ്മുടെ വേദന മനസ്സിലാക്കാൻ അവർക്ക് കഴിയില്ല. കാരണം അവരുടെ ഭാഗത്തു നിന്നും ചിന്തിക്കുമ്പേൾ അവരും

നമ്മുടെ അവസ്ഥയിലേയ്ക്ക് വന്നാലും അവരുടെ വേദനകൾ അവരുടേതും നമ്മുടെ നമ്മുടേതും ആയിത്തീരുന്നു. ആരും ആർക്കും പകരം ആകില്ല എന്ന് നമുക്കറിയാം.

ഇനി എന്നെങ്കിലും ഒരുമിക്കാം എന്ന് പറഞ്ഞ് ഓട്ടോഗ്രാഫുകളിൽ നമ്മുടെ മനസ്സുകൾ സ്വാംശീകരിച്ച് നമ്മൾ പിരിയുന്നു. വർഷങ്ങൾക്കുശേഷം ഓട്ടോഗ്രാഫുകൾ പഴയ പെട്ടിയിൽ നിന്നും നമ്മൾ പൊടി തട്ടി എടുക്കുമ്പോൾ നമ്മൾ അച്ഛന്മാരും അമ്മമാരും, മുത്തച്ഛൻമാരും മുത്തശ്ശിമാരും ആയി മാറിയിരിക്കും. അതിന്റെ പേജുകൾ നിറം മങ്ങിയിരിക്കും. മനസ്സിൽ ചെറുപുഞ്ചിരിയും നേർത്ത വിങ്ങലും ആയി ആ ഓട്ടോഗ്രാഫിന്റെ പേജുകൾ മറിക്കുമ്പോൾ നമ്മൾ നിറഞ്ഞു നിന്ന ക്യാംപസിലെ പ്രണയവും വിരഹവും വേദനയും മിന്നിമറഞ്ഞേക്കാം. അപ്പോൾ കണ്ണിൽ നിന്നും ഉതിർന്ന് വീണ കണ്ണുനീർത്തുള്ളി ഓട്ടോഗ്രാഫിൽ പടരാതെ നമ്മൾ കൈ കൊണ്ട് തുടച്ച് നീക്കിയേക്കാം. അപ്പോൾ ഞാൻ പറയും **"LIFE IS PATH WAY OF SWEET MEMORIES"**.

ഇങ്ങനെ എത്രയെത്ര തലമുറകൾ ഇവിടെ നിന്നും പടിയിറങ്ങിപ്പോയി. അവസാനമായി ഞാൻ പറയുന്നു മഹാഗണികൾ പൂക്കുന്നത് ഞാൻ കണ്ടിട്ടില്ല. മനസ്സിൽ ഒരുപാട് പ്രതീക്ഷയുമായി,

**ഇവിടെ, നക്ഷത്രങ്ങൾ വിരിയട്ടെ.**
മഹാഗണികൾ പൂക്കട്ടെ.
മനസ്സ് തണുക്കട്ടെ.

സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുന്ന എന്റെ യൂസിക്ക് സ്നേഹത്തിന്റെ ഒരുപാട് പൂച്ചെണ്ടുകൾ ഞാൻ നേരുന്നു.

# യാത്രാമൊഴി



**അമ്പിളി എൻ.ആർ.**
III B.Sc. Botany

പലപല വഴികളിൽ
പാറിപ്പറന്നവർ
ഇന്നൊരു വൻമരത്തിൻ
ചില്ലയിൽ
അറിഞ്ഞും അറിയാതെയും
കളിച്ചും ചിരിച്ചും
കാലത്തിൻ വിരിമാറിൽ
ചങ്ങാതികളായ്
കുളിരു കോരുന്ന പുലർകാലവും
മനോഹരമാം സന്ധ്യയും
അരുണ ശോഭമാം സൗഹൃദത്തിൻ
സാക്ഷികളായ്
ഇണങ്ങിയും പിണങ്ങിയും
ദിവസങ്ങൾ പൊഴിഞ്ഞതോ
പാവമാ കിളികൾ അറിഞ്ഞതില്ല.
ഓർമ്മിക്കാൻ ഒരു പിടി നല്ല
നിമിഷങ്ങൾ
ആ വൻമരം ഞങ്ങൾക്ക്
സമ്മാനിച്ചു.
ഒരു ഞെട്ടലോടെ ഞാനിന്ന്
തിരിച്ചറിയുന്നു
വിടപറയാൻ ഞങ്ങൾക്കും
സമയമായ്
മൗനമായ്, കണ്ണീരോടെ, യാത്രാമൊഴി...

# An Eco Friendly Gesture



**Reena Cherian**
II B.A. Psychology

As the battle for the "Clean Environment" is on it is not only the. Government, the NGO or the Intelligentsia who have taken swords in their hands. Even our Corporates worn the armour by launching new eco-ffiendly technologies to win this, 'moral combat'. These technologies are basically been adopted from foreign countries. Technologies ranging from motor vehicles fuelled by solar energy to the production of electricity from oceanic energy, are on their way to bombard markets.

But are they pocket-friendly as well ?. The question is still imanswered and is therefore posing a threat to the profitability of the companies launching such strategies.

**Studies reveal that products which claim to be a weapon stainst the yoflutants remain a visionary plan as they fall to meet tht bottom-line**

The need of this hour is to device strategies that can be both eco-friendly and pocket friendly for the company. The solution lies not in banning the product but to go with the strategy and turn them into profits.

There are many market aft-ategies that the company can adopt for the successful launching of such products and also help winning this fierce battle. The companies launching such plans might win the battle on the moral, ethical and the social front but will not be able to win, when the profitability is counted. **They just cannot afford to capitalize enormously on something that is socially acceptable but is nonremuntrative and unrewarding**

Such technologies just cannot be treated like other goods. Their dealing with the unconventional method will cost them high in a country like India where new technologies take time to bombard markets. The freedom to choose is certainly unasailable, but when it pose a threat to their money making machine and is liable to the State too it will be suicidal for them to go further and therefore the companies have the right to show a red flag to the launching of such technologies.

The companies must look upon the various market techniques to attract the consumers. One of the methods that they can eMploy is to cut down on the raw inaterial. The controlled spending on raw materials will help the companies to cut down on the net cost and introduce the product in the market at cheaper rates. If the raw materials are being imported, then the import duty charges on them can be reduced. This will ensure the piling up of the profit without compromising on the quality of the matenial.

Government intervention can also prove. fruitful for the company in launchin such technologies sucessfully. The Government can cut down on some of the taxes and subsidies on these products like that of the excise duty, import duty etc, to help attract commoners towards such environmental policies. The companies too can look for reduction of taxes and subsidies like transport charges, the storage, packaging and the sales tax too, to draw the attention of the consumers at all level and from all strata.

**Conclusion**

Using eco-friendly techniques which help in piling up profit and is applicable as well, is a perspicacious attempt to win this fierce battle to preserve environment. Let thousands of such ideas flourish under one umbrella and there will be time when the conflict of these ideas will result in a truly global pro-environmental policy which can help the companies to pile up their profits and attract multi-national companies. This will lead to a sustained economic development and capable international leadership.

# New Appointments





**Mr. Eldo Varghese**
Mathematics



**Mr. Prethish Abraham**
Mathematics



**Mr. Sunil Abraham Thomas**
Economics



**Dr. Manju M. George**
Botany



**Dr. Bindu M.**
Physical Education



**Ms. Malini M. R.**
Psychology



**Ms. Rekha Nair**
English



**Ms. Sonia Chacko**
English



**Mr. Cheri Jacob**
English




**Mr. Vidhu Narayan**
Malayalam



**Dr. Sibu M. Eapen**
Malayalam

# മായാത്ത മുഖം



ആഷ ഹരിദാസ്
II Bsc. Zoology



സമയം ഒമ്പതേകാലായി. പുറത്ത് തകൃതിയായി മഴ പെയ്യുന്നു.ബാഗുമെടുത്ത് അമ്മയുടെ നേരെ കൈവീശി ഇടവഴിയിലേയ്ക്കിറങ്ങി.വഴിയുടെ രണ്ടോരത്തുംകൂടിചെളിവെള്ളം ചാലിട്ടൊഴുകി. ചെരുപ്പ് വലിച്ചെടുക്കാൻ പാടുപെട്ട് ഞാൻ മെയിൻ റോഡിലെത്തി. ദൂരേനിന്നും ആനവണ്ടി ഇരമ്പി വരുന്നതു കണ്ടു.മഴ കൂടുന്നതല്ലാതെ ഒരു തോർച്ചയുംമില്ല. ഒരു വിധം ബസ്സിൽ കയറി.തിരക്ക് കുറവായിരുന്നു.ഷട്ടറുകൾ ഇട്ടതു കൊണ്ട് അരണ്ടവെളിച്ചമേയുള്ളൂ.അപ്പോഴാണ് ഒരു സീറ്റ് കിട്ടിയത്.എന്റെയടുത്തായി പത്തുപന്ത്രണ്ട് വയസ്സുള്ള ഒരാൺകുട്ടി ഇരുപ്പുണ്ടായിരുന്നു. ഷട്ടറിനിടയിലൂടെ വരുന്ന മഴവെള്ളം അവന്റെ തോളിനെ പതുക്കെ നനച്ചുകൊണ്ടിരുന്നു.എന്റെ തലനിറയെ ഫസ്റ്റ് അവറും ലേറ്റ് സ്ലിപ്പും റെക്കോഡുകളുമാണ്.

ബസ്സിലെ ഓരോ മുഖത്തും പലപലചിന്തകളായിരുന്നു. സമയത്ത് ഓഫിസിലെത്താനുള്ള തിടുക്കം ഒരു മുഖത്ത്,രാവിലെ വഴക്കിട്ടുവന്ന ദേഷ്യം വേറൊരു മുഖത്ത്, ചിലരാണെങ്കിൽ ഒന്നുമറിയാതെ മുമ്പോട്ടും പിന്നോട്ടും ആടി സുഖമായി ഉറങ്ങുന്നു.പലതരം ചിന്തകളോടെ, ജീവിതങ്ങളുടെ ഒരുകൂട്ടം.ഞാനും അവരിലൊരാളായിരിക്കുന്നു.ഞാൻ തലചെരിച്ച് പന്ത്രണ്ടുവയസ്സുകാരന്റെ മുഖത്തേയ്ക്ക് നോക്കി അവന്റെ കവിളിൽ കൂടി നീർചാലൊഴുകുന്നത് കണ്ടു.അവനെ പതിയെ ഞാനൊന്നു തോണ്ടി. തിടുക്കപ്പെട്ട് കവിൾ തുടയ്ക്കുന്നതിനിടെ നിറമില്ലാതെ അവനൊന്നുചിരിച്ചു.

എന്താനിന്റെ പേര് ? ഞാൻ ചോദിച്ചു.തിളങ്ങുന്നകണ്ണുകളിൽ വിഷാദം നിറച്ച് എന്നെയൊന്ന് നോക്കുക മാത്രം ചെയ്തു.


ചോദ്യം വീണ്ടും ഞാൻ ആവർത്തിച്ചു.

തൊണ്ടയിൽ കുരുങ്ങിയ വിചിത്രമായ ശബ്ദം പുറപ്പെടുവിച്ച് കൊണ്ട് അവൻ തന്റെ കാലുകളിലേയ്ക്ക് നോക്കി. അപ്പോളാണ് ഞാൻ കണ്ടത് മരത്തിന്റേ ഒരുകാലും സൈഡിൽ ചാരിവച്ച താങ്ങും. ഞാൻ ചോദിച്ചതിനെല്ലാം കൈ കൊണ്ട് എന്തൊക്കെയോ മറുപടികൾ പറഞ്ഞു. അപ്പോഴേക്കും എനിക്കിറങ്ങാറായി.ആ കണ്ണുകൾ തുടച്ച് തിരിഞ്ഞു നോക്കാതെ ഞാനിറങ്ങി. പതിവുപോലെ ഞാനൊന്നുകൂടി തിരിഞ്ഞുനോക്കി. അടഞ്ഞുകിടന്ന ഷട്ടറുകളിലൊരെണ്ണം ധൃതിയിൽ പൊങ്ങുന്നതും അതിലൂടെ നനഞ്ഞ തിളങ്ങുന്ന കുരുന്നു മുഖവും ഞാൻ കണ്ടു.അറിയാതെ അവന്റെ നേരേ ഞാൻ കൈ വീശി.

ആകെ നനഞ്ഞ് നില്ക്കുന്ന കോളേജിന്റെ പടികൾ ഞാൻ യാന്ത്രികമായി കയറി. ചഞ-ന്റെ വിശാലമായ പടികൾ അറിയാതെ കയറുമ്പോഴും എന്റെ മനസ്സിൽ ആ കുരുന്നു മുഖമായിരുന്നു.വൈകിവന്നതിന്റെ ചമ്മലും കൂട്ടുകാരുടെ ചുണ്ടിലെ ചെറുചിരിയും ശ്രദ്ധിക്കതെ ഫസ്റ്റ് ബഞ്ചിൽ ഒറ്റയ്ക്കിരുന്നു.


Glucose is a monosaccharide.......സാറ് ക്ലാസ്സ് തുടരുകയായിരുന്നു.അറിയാതെ നോട്ടും പേനയും എടുത്ത് വച്ച് താടിക്ക് കൈയ്യൂന്നി സാറിന്റെ മുഖത്തേയ്ക്ക് നോക്കിയിരിക്കുമ്പോഴും എന്റെ മനസ്സുനിറയേ അവന്റെ കുരുന്നു മുഖവും മരക്കാലും നിറഞ്ഞൊഴുകിയ കണ്ണുകളുമായിരുന്നു.എന്തായിരിക്കാം അവന് സംഭവിച്ചത് ? എന്തൊക്കെയായിരിക്കും ആംഗ്യഭാഷയിൽ പറയാൻ ശ്രമിച്ചത് ? അവന്റെ മനസ്സിലെ മോഹങ്ങൾ എന്തായിരിക്കും ?...

# വിമുഖതയുടെ കോട്ടവാതിൽ



ജിന്റോ ജോൺ
I M.A. Economics

നരകത്തിലെ ഹേമന്തം
പാതാളപ്പെരുവഴിയിൽ പെരുമ്പറ
മുഴക്കുന്നു.
പാപസങ്കീർത്തനം പാടുന്ന
പഥികന്റെ നിശ്ശബ്ദ
വേദനയിറ്റു വീഴുന്ന-
നൊമ്പരം സമസ്തചുവർ ചിത്രം !
മരണം ബലാൽസംഘംചെയ്ത
കാട്ടുപെണ്ണിന്റെ നഗ്നതയിൽ
അസ്ഥികൾ പൂക്കുന്ന രൂക്ഷഗന്ധം
പേടിസ്വപ്നത്തിന്റെ തിരക്കഥകൾ...
പാലപൂക്കുന്ന രൂക്ഷഗന്ധം
ചോര തണുപ്പിയ്ക്കുന്നു മൂകമായ്...
നിശ്ശബ്ദ വേദന ബാക്കിയായ്....
പുകയുന്ന ചിതയിൽ നിന്നും
ഉയരുന്നു ചാരപ്പെട്ടുകൾ,
ആകാശ ഗോളങ്ങളെ ആക്രോശിച്ച്
നിർത്തുന്ന ഓട്ടകൾ വീണ
ചിത്തഭ്രമം...!!
പിന്നെ,
തമസ്സിന്റെ നിഗൂഢജാലകപ്പാളിയിൽ
കാറ്റിന്റെ മർമ്മരം-
മരണകീർത്തനമാകുന്നു.
അതിനിടയിൽ പുറത്തേയ്ക്ക്
നീളുന്ന ചില കൈകളിൽ-
ആഗോള നീലിമയുടെ അനന്തതയിൽ...
അജ്ഞാത നാടകമാടുന്ന
ദിവാസ്വപ്നങ്ങൾ...
ഇവിടെ,
നില്ക്കുന്നു ഞാനെന്റെ
മരണകവാടത്തിൽ ....
മുൻ ചെന്നവരുടെ അസ്ഥി-
ക്കൂനകൾക്ക് മുമ്പിൽ




പുസ്തക പരിചയം:

# മുള്ളുകൾക്കിടയിൽ വിതയ്ക്കപ്പെട്ടത്



അനൂപ് വി.
Malayalam Dept.




കണ്ണുനീർ പൊഴിച്ചുകൊണ്ട് സായാഹ്നങ്ങളിൽ മഴയത്ത് നടക്കുവാൻ ഇഷ്ടപ്പെട്ടിരുന്ന ഒപരു കോമാളി നമ്മളെ ചിരിപ്പിച്ചു കൊണ്ട് ഇവിടെ ജീവിച്ചിരുന്നു.മഴയത്തു നടക്കുമ്പോൾ അദ്ദേഹം കരഞ്ഞത് നാം കാണാതെ സൂക്ഷിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.കരഞ്ഞ സായാഹ്നങ്ങളിൽ നിന്ന് വിടപറഞ്ഞ് ചിരിക്കുന്ന പ്രഭാതം നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അതൊരു ജീവിത ദർശനമാണ്.പ്രതികൂലമായ ജീവിതാവസ്ഥകളിൽ നിന്നു കൊണ്ട് ഇച്ഛാശക്തികൊണ്ടു മാത്രം പുതിയ ജീവിതം കെട്ടിപ്പടുക്കുന്നതിന് ആഹ്വാനം ചെയ്യുന്ന പ്രദീപ് ജോസ് എഴുതിയ മുള്ളുകൾക്കിടയിൽ വിതയ്ക്കപ്പെട്ടത് എന്ന കൃതിയും നല്കുന്നത് അത്തരമൊരു ജീവിത ദർശനമാണ്.

വിദ്യാർത്ഥി സമൂഹത്തിൽ ഇന്ന് അന്യമായി കൊണ്ടിരിക്കുന്ന സാമൂഹ്യബോധവും പ്രതികരണശേഷിയും തന്റേടവുമെല്ലാം ഏറെ ചർച്ചാവിഷയമായിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു കലാലയ വിദ്യാർത്ഥി തന്റേതായ രീതിയിൽ ഒരു ചെറുത്തുനില്പിനായി നടത്തുന്ന ശ്രമം എന്ന നിലയിൽ പ്രദീപ് തന്റെ അനുഭവത്തിന്റെ നേർരേഖകൾ വരച്ചു കാട്ടുന്നു.

ആത്മകഥ എന്ന സങ്കേതത്തിന് സാഹിത്യ ചരിത്രം നല്കുന്ന മാനങ്ങൾ വച്ച് പരിശോധിച്ചാൽ ഈ കൃതി എത്രകണ്ട് വിജയിക്കുമെന്ന് നിർണ്ണയിക്കാനാവില്ലെങ്കിലും അയത്നസുന്ദരമായ ഭാഷയിലൂടെ ഒരു ജീവിതത്തിന്റെ നേർരേഖയെ ആ കൃതി നമുക്ക് പകർന്നു തരുന്നുണ്ട്. അത് കൊണ്ട് വായനയുടെ മണ്ഡലത്തിലെ നവ്യാനുഭവമായി ഈ കൃതി മാറുന്നുമുണ്ട്.


സാഹചര്യങ്ങളുടെ സമ്മർദത്താൽ ഗത്യന്തരമില്ലാതെ പഠനം അവസാനിപ്പിക്കുന്നവർക്ക്..

പ്രതികൂലസാഹചര്യങ്ങളെ ശക്തമായി നേരിട്ട് പഠനം തുടരുന്നവർക്ക് എന്ന സമർപ്പണത്തോടെയാണ് പ്രദീപ് തന്റെ പുസ്തകം അവതരിപ്പിച്ചിരിക്കുന്നത്. കേവലം ദരിദ്രമായ സാഹചര്യത്തിൽ നിന്ന് തന്റേതായ പ്രയത്നം കൊണ്ട് ജീവിതം കെട്ടിപ്പടുത്തിയ ഒരു വ്യക്തിയുടെ ചിത്രം നമുക്ക് പകർന്നു നൽകുന്നു.

ദാരിദ്രം, വിശപ്പ് എന്നീ യാഥാർത്ഥ്യങ്ങൾക്ക് തന്റേതായ നിർവചനം നല്കുവാൻ പ്രദീപിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥിയുടെ വിദ്യാഭ്യാസാനുഭവങ്ങൾ എന്ന് നിർവചിച്ചിരിക്കുന്ന ആ കൃതി നമുക്ക് മുന്നിൽ പുതിയ തുടക്കമാണ്. എനിക്ക് യാത്ര തുടരേണ്ടതുണ്ട്. പരീക്ഷണാത്മകമായ ഏത് അനൈച്ഛിക മുഹൂർത്തങ്ങളേയും പ്രതീക്ഷിച്ചുകൊണ്ട് തന്നെ അത് മുന്നിട്ട് പോകട്ടെ എന്ന് പ്രദീപ് തന്റെ പുസ്തകത്തിന്റെ അവസാനത്തിൽ പ്രഖ്യാപിക്കുന്നു.ഇടർച്ചകളിൽ പതറാതെ തുടർച്ചയിൽ ആ കൃതി അവസാനിക്കുന്നു. വായനയുടെ മണ്ഡലത്തിൽ ഒരു നവ്യാനുഭവമാകുന്നതോടൊപ്പം തന്നെ പുതിയ വിദ്യാർത്ഥി സമൂഹത്തിന് പ്രേരക ശക്തിയായി മാറുന്നതിനു ഈ പുസ്തക രചനയിലൂടെ പ്രദീപിന് സാധിച്ചത് ആ കൃതിയുടെ വിജയമായി കരുതാം.



# एक अपराजिता कि आखरी कोशिश



**Kirthy C. Nair**
II BA Psychology

है मन में मेरे एक अश्मान,
एक चाह जिसे प्रयत्न के पानि शे सींच रही हूँ।
जिंदगी की एक अधूरी दास्तान,
जिसे पूर्ण करने की इच्छा मन में रही हूँ।
है अश्मान मन में,
कि उन उचाँइयों को धू लूँ ।
अतीत कि परघाइयों ये उभरकर,
अपने उज्जवल वर्तमान को दुँढ लूँ ।
है अशमान मन में,
कि तरणकर जाऊँ सारी बाधाएँ ।
जिंदगी के इस कुरुक्षेत्र में विजय पाकर,
भूल बैठूँ मैं अपनी सारी दुविजाएँ ।

है जिंदगी क्या मेरी ?
एक बाजी, जो मैंने दिन से हारा है ।
मौत ने बक्ष दिया जिन गलतियों को
उन्हें जिंदगी ने चुन - चुन कर मारा है
अगर आज मैं खुलकर उडना चाहूँ,
तो क्या रह जाऐंगें मेरे पंख निशचल ?
जिंदगी सो कदम से कदम मिलाना चाहूँ
तो क्या पह जाऊँगी - जीवन में असफल ?
दूआ करो साथियों ।
क्योंकि इस प्रयाण में, मैं अकेली हूँ ।
अगर इस संग्राम का अंत न देख सकी
तो पूरी होकर भी, मैं अधूरी हुँ ।

# ഞാൻ മാത്രം



**എം.എസ്. സനിൽകുമാർ**
I B.A. Malayalam

നിന്നെ മനസ്സിലാകുന്നില്ല
സായന്തനത്തിലെ ഉഷ്ണകാറ്റോ
സായൂജ്യം തരുന്ന ജീവിതമോ
ഇതിലേതാണു നീ ?
ശാപഭാരവും പേറി
കളിയരങ്ങിൽ നീ നിൽക്കുന്നു
നിന്റെ ചുവടുകളിൽ തെറ്റിന്റെ
കൈമുദ്ര പതിഞ്ഞിരിക്കുന്നു.
തെറ്റുകൾ അറിഞ്ഞിട്ടും
തെറ്റാണെന്നറിഞ്ഞിട്ടും നീ
മനസ്സിലാക്കില്ല, തിരുത്തില്ലെന്ന
പിടിവാശിയോടെ നൃത്തം തുടരുന്നു
നിന്റെ തെറ്റുകൾ ഞങ്ങൾ അംഗീകരിക്കുകയോ
നിനക്കു വേണ്ടി അരങ്ങുമാറ്റുകയോ
നീ ഒറ്റപ്പെടുകയാണ്......ഇപ്പോൾ
ഞാൻ മാത്രമാണ് കാഴ്ചക്കാരൻ
എനിക്കുപോകാനാവില്ല... ഇപ്പോൾ
നീയാടുന്നതെന്റെ അരങ്ങിലാണ്

പലരും അവരവരുടെ അരങ്ങുകൾ
അഴിച്ചെടുത്ത് കടന്നുപോയ്
ഞാൻ അഴിച്ചുമാറ്റില്ല, എന്റെ
അരങ്ങ് വിശാലമാണ്, നീ തുടർന്നോളൂ
നിനക്കുവേണ്ടി കാണാൻ ഞാനിരിക്കാം
കാരണം ഒന്നേ പറയാനുള്ളൂ എന്റെ
ഉള്ളിൽ എന്നോ നീ കൂടുകൂട്ടിയിരുന്നു.

# Is Religion Unm-asonable?

**Jeneesh Jose**
III B.Sc. Botany

As many thinkers now believe, what if all the arguments for the existence of God turn out to be defective, or at least inconclusive? Would it mean that religious belief is unreasonable?

Not necessarily! Some believers claim that the grounds (reasons) of their belief have nothing to do with arguments. Their belief is rather derived from a direct experience of 'deity', namely, a "mystic experience." These believers cannot and do not prove that God exists, but they cannot prove that they themselves exist either. In both cases, they claim to know directly, by immediate (direct) confrontation, that something exists, and further proof is unnecessary. Although these believers have nothing to do with arguments, "mystical experience" might nevertheless be considered a kind of "evidence" for their belief.

The question posed, however, is whether beliefs based on no evidence can nonetheless be somehow reasonable? W.K. Clifford (1845 - 1879), the English mathematician - philosopher, argues emphatically for the negative and affirms his own rationalistic 'ethics of belief in his book, Leciures and Essays. He argues that "it is wrong always, everywhere, and for any one to believe anything upon insufficient evidence." He is of the view that the 'ethics of belief' compels one to withhold acceptance of a belief, unless all the evidence points to its truth.

Blaise Pascal (1623 - 1662), the French mathematician - philosopher, argues for the reasonableness of a kind of 'bet' (well known as 'Pascal's Wager') on God's existence even in the absence of all evidence. The argument is: It costs little to believe in God and act accordingly, even if God in fact does not exist; whereas there is an infinite amount to lose by not believing, if in fact God exists. That is: If we believe God exists and He does, the reward is eternal happiness. If we believe God exists and He doesn't, nothing is really lost. And the same is the case if we disbelieve and He doesn't exist However, if we disbelieve He exists and He does, we are damned for eternity. Thus we have everything to gain and nothing to lose by wagering God exists.

William James (1 $42 - 19 10) in his famous 71he Will -to Believe goes on to explain in his own way why belief in the absence of evidence can in some circumstance be reasonable, Belief in God was justifiable for James, if holding that belief led an individual to better behavior that if that individual had acted from unbelief According to James one can reasonably 'choose to believe' something, if one is 'willing to believe' it conditionally.

What Pascal and James have in common is the conviction that the primary function of religious belief is not simply to allay philosophical curiosity about things, but, to many, religious belief is a vital practical need. Hence, each in his own way urges us to take into account this practical consideration, when the reasonableness of belief is assessed.

But various forms of 'theistic reductionism' have in common the claim that 'the proper use of theistic language (namely "God) does not involve affirming that God in fact exists'. For example, RB. Braithwaite thinks that the theistic language "God" does not refer to an existing entity. Nonetheless it is used in worship, sice it is effective in promoting good moral behavior. If so, are the enlightened believers to think that the object of their worship and



prayer is a pure concept or fiction. If it is a concept or fiction, one would hardly worship or pray to a concept or fiction.

Another form of theistic reductionism finds its expression in the works of D.Z. PhillipsIn his Faith and Philosophical Enquiry, he says that "the difference between a man who does and a man does not believe 'in God is like the difference between a man who does and a man who does not believe in a picture." Phillips here seems to claim that the language about God does not refer to any reality, except indirectly to a conceptual one.

But, is it possible consistently to live in the mode of worship, while at the same time thinking that the reality of God is truly conceptual? If worship is a "relational activity" in which the worshipper relates in a special way to the 'Focus of Worship' ("God"), it involves the affirmation of the related as capable of responding with actions of its own originating from itself That is, it involves the assumption of the reality of the related as an "in itself' reality. If God were not conceived as existing in itself, it is not reasonable to speak of a life of "communion with."

But, unfortunately, the God whose existence philosophers have tried to prove over the centuries bears little resemblance to the God of ordinary worshippers, who seek a life of communion with God. That is why Blaise Pascal remarked: "The God of Abraham, Issac and Jacob... is not the god of the philosophers." In so far as the "God of Philosophers" is concerned, he is a "necessary being," or "an unmoved mover," or "the being than which nothing greater can be conceived."' But he is too abstract to be easily identified with the being worshipped in the churches, mosques, temples and synagogues. The God of the believers is a personal God, who lives, knows, and loves.

# വിടപറയുന്നവർക്ക് സ്നേഹപൂർവ്വം...



ടി. സി. ജോസ്
Sr. Superintentend

ക്യാമ്പസ് അറിവിന്റെ അപാരതീരമെന്നതു പോലെ അനുഭവ വൈവിധ്യങ്ങളുടെ ലോകവുമാണ്. പലനിലകളിൽ ക്യാമ്പസ് ജീവിതത്തെ അടുത്തുമനസ്സിലാക്കുവാനുള്ള ഭാഗ്യമെനിക്കുണ്ടായിട്ടുണ്ട്. പതിറ്റാണ്ടുകൾ പഴക്കമുള്ള ക്യാമ്പസ് സൗഹൃദം നിലനിർത്തുന്ന നിരവധി പൂർവ്വ വിദ്യാർത്ഥിസുഹൃത്തുക്കളെനിക്കുണ്ട്.ഇത്തരം സ്നേഹബന്ധങ്ങളെ ദൃഢതരമാക്കിയിരുന്നത് ഇവിടെ ഉണ്ടായിരുന്ന ആത്മ ബന്ധങ്ങളാണ്. അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന ഒരു ടീം വർക്കാണ് ഓരോ കാമ്പസ്സിന്റേയും ചരിത്രവും വിജയവും.കളിക്കളങ്ങളിലും ലാബുകളിലും ക്ലാസ്സ് മുറികളിലും വായനശാലയിലുമൊക്കയാണ് ഈ സൗഹൃദങ്ങൾ ആഴവും അർത്ഥവും കണ്ടെത്തിയിരുന്നത്. നിരവധി തലമുറകളുമായി അർത്ഥപൂർണ്ണമായ ഇത്തരം സ്നേഹസഖ്യങ്ങൾ നിലനിർത്താൻ കഴിയുന്നതാണ് ഞങ്ങളുടെ ജോലിയുടെ പ്രധാനമഹത്വങ്ങളിലൊന്നായി ഞാൻ കാണുന്നത്.കഴിഞ്ഞ കുറെ വർഷങ്ങളായി ക്യാമ്പസ്സുകൾ പൊതുവേ ചിന്താശൂന്യതയുടേയും നിർവ്വികാരതകളുടേയും ഇടത്താവളങ്ങളായി മാറുന്നുവോ എന്നൊരു സംശയമുണ്ട്. നവ വിദ്യഭ്യാസ സമീപനങ്ങളും സ്വാശ്രയ സംസ്കാരവുമൊക്കെ നമ്മുടെ ക്യാമ്പസ്സ് ബന്ധങ്ങളെ കൂടുതൽ യാന്ത്രികമാക്കി മാറ്റുന്നുണ്ടെന്നു തോന്നുന്നു. ഇതിനൊരു മാറ്റം ഉണ്ടാവേണ്ടതുണ്ട്. കാടിനു തീപിടിച്ചാൽ അത് ആദ്യം വിളിച്ചുപറയാനുള്ള ദൗത്യംനമ്മുടെ വിദ്യാർത്ഥി സമൂഹത്തിനുണ്ട്. രാജാവ് നഗ്നനാണെന്ന് വിളിച്ചു പറയാനുള്ള ആ തന്റേടം വിദ്യാർത്ഥികൾ തിരിച്ചുപിടിക്കേണ്ടതുണ്ട്.ചിന്താപരമായ ഉയർത്തെഴുന്നേല്പും ബൗദ്ധികമായ പ്രതിരോധങ്ങളും ഏറ്റവും ആവശ്യമായുള്ള സാമൂഹിക സാഹചര്യങ്ങളാണ് നമ്മുക്ക് ചുറ്റുമുള്ളത്.

യൂ.സി.കാമ്പസ് എന്നും ഇത്തരം ആശയദർശനങ്ങളുടെ കരുത്തും അഗ്നിസ്പർശവും നല്കിയാണ് വിദ്യാർത്ഥികളെ സമൂഹത്തിലേക്ക് അയച്ചിരുന്നത്. ആ അഗ്നിസ്പർശം അണയാതെ നിലനിർത്താൻ നിങ്ങൾക്കെല്ലാം കഴിയട്ടെ എന്ന് ആശംസിക്കുന്നു.

Miss U
Sweet Dreams


# പുനർജന്മം

അസ്തമയ സൂര്യന്റെ ചുവട്ടിലിരിക്കേ അവനെന്നോടു ചോദിച്ചു എന്തേ നിന്റെ കഥകളിലും കവിതകളിലും മരണത്തിന്റെ സ്പർശം.അസ്തമയ സൂര്യൻ അവന്റെ കവിളുകളെ ചുവപ്പിക്കുകയായിരുന്നു.കണ്ണുകളിൽ ചൂടില്ലാത്ത കനലുകൾ തീർക്കുകയായിരുന്നു. ഇളം കാറ്റിൽ പാറുന്ന മുടികളിൽ സൂര്യന്റെ ചെങ്കതിരുകൾ ഒളിച്ചു കളിക്കുകയായിരുന്നു.

കടൽതീരത്ത് ഉപ്പിന്റെ മണമുള്ള കാറ്റൊപ്പിക്കുന്ന വികൃതികൾ പാറിപ്പറക്കുന്ന മുടിയിഴകൾ ഒതുക്കിവച്ച് എന്റെ കണ്ണുകളിലേക്കു നോക്കി കൊണ്ടവൻ വീണ്ടും ചോദിച്ചു. നിനക്കെങ്ങനെ മരണത്തെ ഇത്ര സൗന്ദര്യവൽക്കരിക്കാൻ കഴിഞ്ഞു.എല്ലാവരും ഒന്നു ഭയക്കുന്ന മരണമെങ്ങിനെ നിനക്കു കൂട്ടുകാരനായി. എന്നുമെന്ന പോലെ അവനുള്ള മറുപടി ഞാനെന്റെ പുഞ്ചിരിയിലൊതുക്കി. മറുപടി തൃപ്തിപ്പെട്ടതു കൊണ്ടോ എന്തോ പിന്നീട് അവൻ എന്നോടൊന്നും ചോദിച്ചില്ല. എന്നും എന്റെ ചിരിയുടെ അർത്ഥം അവൻ മനസ്സിലാക്കിയിരുന്നു.

ചുവന്നു തുടുത്തു നിന്ന അസ്തമയ സൂര്യന്റെ സൗന്ദര്യത്തെ നോക്കി നിന്നിട്ടും എന്റെ മനസ്സിൽ പുതിയ കഥയ്ക്കുള്ള നാമ്പുമൊട്ടിട്ടില്ലായിരുന്നു. അങ്ങകലെയാകാശത്ത് കൂടണയാനായി പക്ഷികൾ വെമ്പൽ കൊണ്ട് പറക്കുകയായിരുന്നു.ആകാശത്ത് അരുണനിറം മുറിവേറ്റ ഹൃദയത്തിൽ നിന്നൊഴുകിയ നിണം പോലെ പടർന്നുകിടന്നിരുന്നു. താഴ്ന്നു പോകുന്ന സൂര്യനെ താങ്ങുവാനെന്ന പോലെ കടലിൽ നിന്നും തിരമാലകൾ ഉയരുന്നുണ്ടായിരുന്നു.

വിശാലമായ ആകാശത്തിൽ അവിടെവിടെ അരുണനിറം ബാക്കി വച്ച് എല്ലാം ഇരുട്ടിലാഴ്ത്തി സമുദ്രത്തിന്റെ അഗാധതയിലേക്ക് സൂര്യൻ ഊളിയിട്ടു അത്രയും നേരം നിശ്ശബ്ദനായിരുന്ന അവൻ മെല്ലെ മുഖം തിരിച്ച് പതിവുള്ള കള്ളനോട്ടവുമായി എന്നോടു പറഞ്ഞു.ഇതാ മറ്റൊരു മരണം സൂര്യന്റെ മരണം നല്ലൊരു നാളേക്ക് പുനർജനിക്കാനായി ഇന്നിലെ മരണം. നിന്റെ കഥകളിലില്ലാത്തതാണു പുനർജന്മം.പെട്ടെന്നെന്തു കൊണ്ടോ ശബ്ദമുയർത്തി ഞാൻ പറഞ്ഞു.എനിക്കു പുനർജന്മത്തിൽ വിശ്വാസമില്ല.അല്ലെങ്കിൽ തന്നെ നിനക്കെന്തിലാണ് വിശ്വാസമെന്ന് ചോദിച്ച് എന്നോടു പിണങ്ങിക്കൊണ്ട് ആ കടൽക്കരയിൽഎന്നെ തനിച്ചാക്കി ഇരുട്ടിലേക്കവൻ ഊളിയിട്ടു. ആ സൂര്യനും അസ്തമിക്കുകയായിരുന്നുവെന്ന് ഞാൻ അറിഞ്ഞിരുന്നില്ല.



ശിൽപ പി. എസ്.
III B.Sc. Botany

അവന്റെ കുഴിമാടത്തിനരികിൽ അവനെന്നും പ്രണയിച്ചിരുന്ന റോസാപുഷ്പങ്ങളുമായി നിൽക്കുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു.അവനുവേണ്ടി ഞാൻ കോറിയിട്ട എന്റെ കഥകളും കവിതകളും അനാഥമായി കിടക്കുന്നു.അപ്പോഴെന്റെ മനസ്സും ആഗ്രഹിക്കുന്നുണ്ടായിരുന്നു. അവന്റെ പുനർജന്മത്തിനു വേണ്ടി.അസ്തമയ സൂര്യൻ ഞങ്ങൾക്കുമുകളിൽ അരുണകിരണങ്ങൾ വിടർത്തിയിരുന്നു.

---


# മഞ്ഞ്



സോയ വി. എൻ.
II B.A. English

മഞ്ഞെന്നാൽ എനിക്ക് നിന്റെ ഓർമ്മകളാണ്
എന്റെ വേനലും, മഴയും, വസന്തവും എല്ലാം നീ തന്നെയാണല്ലോ
മൂടൽ മഞ്ഞിലൂടെ സൂര്യവെളിച്ചവുമായി വരുന്ന
നിന്റെ ചിരിയും
ഊഷ്മളതയേകുന്ന സാന്നിദ്ധ്യവും
പരിശുദ്ധിയുടെ നിറമുള്ള ആ പഴയ ദിനങ്ങളും
മഞ്ഞു കണങ്ങൾ തിളങ്ങുന്ന പുൽനാമ്പുകളിലൂടെ
നാമേറെ നടന്നതും
ഇല പൊഴിഞ്ഞ മരങ്ങളുടെയിടയിൽ....
മഞ്ഞിൽ മറഞ്ഞ മലനിരകളിൽ നാമോടിക്കളിച്ചതും
കാൽ തട്ടി വീണപ്പോൾ സ്നേഹമാം
കമ്മ്യൂണിസ്റ്റ് പച്ചകുളിരേകിയതും
ഇതുപോലുള്ള മഞ്ഞു കാലങ്ങളിലായിരുന്നല്ലോ
നമ്മുടെ ഇണക്കങ്ങളും പിണക്കങ്ങളും സ്നേഹവു-
മെല്ലാമടുത്തറിഞ്ഞ മഞ്ഞ്.
കാറ്റാടി മരത്തുമ്പിൽ നിന്ന് നീയെനിക്കായ് നേടിയെ-
ടുത്ത മഞ്ഞുതുള്ളികളുടെ നിർമ്മലത
മയങ്ങിയ വഴിവിളക്കുകളുടെ കീഴിൽ കൽപ്പടവുകളിൽ,
നിന്നെ തിരിച്ചറിഞ്ഞ നാളുകൾ
വെയിലുറയ്ക്കുമ്പോൾ മറയുന്ന മഞ്ഞുതുള്ളികളെപ്പോലെ
എന്റെയുള്ളിൽ നീയലിഞ്ഞലിഞ്ഞില്ലാതായിരിക്കുന്നു.
മഞ്ഞുകാലങ്ങളിൽ നിന്റെയോർമ്മകളുണർത്താൻ
വീണ്ടും... മരച്ചില്ലകളിലുറങ്ങുന്ന മഞ്ഞ്.

**Debit Cards from Federal Bank, freedom of cash-less purchases.**



- Make purchases at over 25 million retail outlets all over the world with instant debit to your account back home.
- Withdraw cash from over 10,00,000 Visa networked ATMs across the world.
- Enjoy the services of the largest ATM network in Kerala.

THE
FEDERAL BANK
LIMITED
YOUR PERFECT BANKING PARTNER
www.federalbank.co.in

# രാവിന്റെ നൊമ്പരം



രാജി കെ. ആർ.
I Bsc. Botany

രാവിന്റെ നിറനീലിമയിൽ
നോവിന്റെ നിറനിലാവിൽ
രാക്കുയിലിൻ പാട്ടിൽ അലിഞ്ഞ്
ആരോ എൻ മനസ്സിൻ ശ്രുതിമീട്ടി
രാവിന്റെ നൊമ്പരത്തിൽ
ആരോ എൻ നോവറിഞ്ഞു
പുലർകാലത്തിൻ കുളിർമഞ്ഞുപോലെ
അതിലോലമായ് എൻ ഹൃദയവും
അതിലേറെയാമെന്നിഷ്ടവും
പൊള്ളുന്ന വേനൽച്ചൂടിൽ
തണലായ് നിന്ന നീ, ഈ
പൂത്തുലഞ്ഞ വസന്തത്തിൽ
എന്നുള്ളിൽ ഒരു പൂവായ് വിരിയുന്നു
ഹിമകണങ്ങൾ പൊഴിയുന്ന ശിശിരത്തിൽ
എന്നോട് യാത്രചൊല്ലി നീ

കുളിരു പെയ്യുന്ന ശൈത്യത്തിൽ
ഉറഞ്ഞുപോയെൻ മിഴിനീർത്തുള്ളികൾ
വേനലിൽ വറ്റിവര നദി പോലെ
ശിശിരത്തിൽ കൊഴിഞ്ഞ മലർപോലെ
പൊഴിഞ്ഞുപോയെൻ സ്വപ്നങ്ങൾ
അവയുടെ വിരഹ ദുഃഖത്തിൽ വിറങ്ങലിച്ചു നിൽപ്പൂ ഞാൻ
എന്നിൽ പുതുവസന്തം നിറച്ച്
വിടവാങ്ങിയ സ്വപ്നമേ
നീയെന്നിൽ നിറച്ച പൂക്കൾക്കെല്ലാം
ചുവന്ന നിറമായിരുന്നു
നഷ്ട സ്മൃതിയുടെ ഈ അന്ത്യവേളയിൽ
ചൊല്ലൂ നീയെൻ ഹൃദയമോ
അതോ നീയെൻ ജീവനോ?

# नयी सुबह



Rajani R. Shenoi
III BSc Mathematics

शुभ प्रभात शुरू की होता है।
सूर्य भगवान की हँसी से।
वैसे ही तुम शुरू करो,
हर एक काम खुशी से।

फैनाओ अपना रंग इस सारे जगत में
जैसे तुम रखते हो अपना मान
करो तुम दूसरों का भी सम्मान
पाओ तुम जगत का सारा सम्मान।

सम्मान, विश्वास और सच्चाई
से जीतो सबका मन तुम।
निडरता, आत्मबल से बनाओ
तुम अपने मन को निडर

नये - पुराने आदर्शों को तुम रखना
रिति - रिवाजों को भी अपने ही संग रखना
नश्वर हो इस जिनदगी में तुम
पासकते हो अनश्वरता की नई सुबह।



# TASTEFUL HOMES



SPICE VILLAS

luxury villas with a difference

Spice Villas. Homes that come with a different flavour. Set amidst serene greenery at Kadayiruppu, Kolenchery, the Spice Villas consists of 45 premium 3 bedroom villas. The villas come with the renowned Synthite benchmark – absolute excellence. This is spelled right from the location, which is thoughtfully picked. Where, you are surrounded by serene virgin greenery, away from the bustle of madding crowds. Within close proximity, you'll find educational institutions, hospitals, places of worship, banks, business establishments and a club.


The villas are meticulously constructed. The elegant design, exceptional space-engineering, quality finishes and fixtures will excel current market standards. Common amenities include a safe children's play area, landscaped gardens, well lit walkways and much more.

At Spice Villas, everything is built with taste. To book this hot property, call us today.

SYNTHITE PROPERTIES


Synthite Valley, Kolenchery, Cochin 682 311
Tel: 0484-2760475, 98470 52634 Email: josephemb@gmail.com

# ഞാൻ സി.സി.യിൽ ഉണ്ടാവും




റിനോദ് കെ. എ.
III B.A. History

ജൂലൈ :



ക്യാമ്പസ്സിലെ ആരവങ്ങൾക്കിടയിൽ
ഒറ്റപ്പെട്ടുപോയവർ
കൂട്ടുകൂടാൻ ഒരു മുഖവും കാണാതെ
സ്വന്തം മുഖത്തേക്കു തന്നെ സംശയത്തോടെ
നോക്കുന്നവർ
ആഘോഷ സ്വീകരണങ്ങൾക്കും ക്യാമ്പെയിനുകൾക്കുമിടയ്ക്ക്
പറഞ്ഞു കേട്ട കോളേജ് ലൈഫിന്റെ ഗന്ധം.
കുറിപ്പ് : ആരുണ്ട് ഒരു കമ്പനിയ്ക്ക്

ആഗസ്റ്റ് :



പരിചയത്തിന്റെ പുതുമോടികൾ
ഓഫീസിലെ നൂലാമാലകൾക്കു വേണ്ടിയും
സ്റ്റോറിൽ ഗൈഡിനും പുസ്തകങ്ങൾക്കുമായി
യൂറിൻ ഷെഡ്ഡിൽ ഒരു കമ്പിനിക്കുവരെ -
നീണ്ടുപോകുന്ന ബന്ധങ്ങൾ
അതിനപ്പുറം -
നാം ഒന്നുമല്ല.
എങ്കിലും പരസ്പരം കണ്ണുകളിലെ തിളക്കം
തിരിച്ചറിയുന്നത് ഇവിടെ നിന്നാണ്.
കുറിപ്പ് : അധികം ചിന്തിക്കരുത്

സെപ്റ്റംബർ :



ചിന്തകൾക്കൊടുവിൽ അവൾ !!!
ട്രൂ ലവ്വിന്റെ വരികൾക്കിടയിൽ അവൾ!
ഉച്ചയ്ക്ക് സെയിനിന്റെ മൂലയിൽ
പുകച്ചുവിടുന്ന ചുരുളുകൾക്കിടയിലും അവൾ!
ക്ലാസ്സിൽ ഉത്തരം മുട്ടി സർവ്വരും ചിരിക്കുമ്പോൾ
തിളങ്ങുന്ന കണ്ണുകളിൽ ഒരു സ്വാന്തനം
മതി, ഞാനീ കടലു താണ്ടണമോ?
അതോ ..............? വീണ്ടും
മടുപ്പോടെ ഓണത്തിന്റെ അവധി ദിവസം
കുറിപ്പ് : വൈകീട്ടെന്താ പരിപാടി...

ഒക്ടോബർ :



ലാബിലെ ആസിഡിനും ആൽക്കലിക്കും
ഒരേ ഗന്ധം എന്റുപോയിന്റ് കിട്ടാതെ
നിലച്ചുപോയ പരീക്ഷണങ്ങൾ
തുഗ്ലക്കിന്റെ സൈന്യവും, ടിപ്പുവും, ഭാരതത്തിൽ
പടയോട്ടം തുടങ്ങുമ്പോൾ ചില അക്കൗണ്ടുകളുടെ
ബാലൻസുകൾ തെറ്റുന്നു.
ഒടുവിൽ ട്രിഗണോമെട്രിയും ഇന്റഗ്രേഷനും
ഡിഫറൻസിയേഷനും എല്ലാം
പൂജ്യത്തിലവസാനിക്കുന്നു.
ഷേക്സ്പിയറിന്റെ യഥാർത്ഥ സ്നേഹത്തിലെ
വരികൾ മാത്രം ക്ലാസ്സ് മുറിയിൽ മുഴങ്ങുന്നു.
കുറിപ്പ് : സ്നേഹമാണഖിലസാരം കള്ളുഷാപ്പുകളിൽ

ബ്ലയ്ഡുകൾ കൊണ്ട് കൈത്തണ്ടയിൽ
പേരുകൾ കുത്തുമ്പോൾ ഹൃദയത്തിൽ
ചോര പൊടിയുന്നു
നമുക്കു പരസ്പരം കണ്ണുകളില്ലാതാകുന്നു.
സിഗററ്റിന്റെ സുഖത്തിനപ്പുറം നീയുണ്ടെന്ന്
ഒരു വെളിപാടെനിക്കുണരുന്നു.
എൻ. ആർ. ലേക്ക് കയറിപ്പോകുന്ന
കോണിപ്പടിയുടെ ഏതോ മൂലയിൽ
നിന്റേയും എന്റെയും പേര് ഒരധിക ചിഹ്നത്താൽ
പരസ്പരം പിണഞ്ഞുകിടക്കുന്നു.
കുറിപ്പ് : ഒരം + ഒരം = കിന്നാരം

ഇലക്ഷൻ ആരവങ്ങളും വിജയവും പരാജയവും
ക്രിസ്മസ്സ് കാർഡിലെ പൊള്ളുന്ന വരിയിൽ
നിന്റെ കണ്ണീരിന്റെ ഉപ്പുരസം
ആശംസാകാർഡുകളിലെ
ചത്ത വാചകങ്ങൾ അർത്ഥമില്ലാതാകുന്നതിവിടെയാണ്.
പിന്നെ ടെൻഡേ ക്യാമ്പും
പുതുവർഷത്തിന്റെ പ്രതീക്ഷകളും
കുറിപ്പ് : വിഷ് യു എ ബ്യൂട്ടിഫുൾ 'ഡെത്ത്'

തലയ്ക്കു മുകളിൽ ശൂന്യമായ ആകാശം
ചെയ്തു തീർക്കാൻ ഒരുപാടു കാര്യങ്ങൾ
ചക്കമരത്തിലെ ബഹളങ്ങൾക്കും
സി.സി.യിലെ കൽപ്പടവുകൾക്കും
ഒരേ ചൂട് - സൗഹൃദത്തിന്റേയും പിന്നെ
പൂക്കാതെ പോയ ഒരുപാട് പ്രണയങ്ങളുടെയും
കുറിപ്പ് : ഇനി ഇല്ല ഇതുപോലെ സുഖമറിയുന്ന ഒരുകാലം

ഹൃദയത്തിന്റെ ഭാഷ അറിയുന്നതിവിടെയാണ് .
വി.എം.എച്ച് നരികിലെ വലിയ തണൽ-
മരം പോലെ കോളേജ് നമുക്കുമുന്നിൽ വലുതാകുന്നു.
മൂന്നു കൊല്ലം കുത്തിക്കുറിച്ച നോട്ടു ബുക്കുകൾ
കോളേജ് ഡേയ്ക്ക് പറപ്പിക്കുവാനുള്ള
ശരങ്ങളാകുന്നു പിന്നെ കൂവലുകളുടെ മഹാസമ്മേളനം
കുറിപ്പ് : ഭാവിയുണ്ട് പക്ഷെ ഗതി.................

ക്യാമ്പസിൽ ഇല പൊഴിയും കാലം
ചക്കമരച്ചുവടും മഹാഗണിത്തണലും
കണ്ണീരിൽ കുതിരുന്ന കാലം
ഓട്ടോഗ്രാഫിന്റെ പേജുകളിൽ അനുഭവങ്ങൾ -
പെയ്തിറങ്ങുന്ന കാലം. ഒപ്പം ഒരുപാട് ആശംസകളും
ഒടുവിൽ കൈത്തണ്ടയിൽ-
മുറിവുണങ്ങി കറുത്ത പാട് മാത്രമാകുന്നു.
കുറിപ്പ് : നന്നാവൂ ഞങ്ങളെപ്പോലെ...

യാത്ര തുടങ്ങുകയാണ്
നിനക്കും എനിക്കും തമ്മിൽ
ദൂരങ്ങളില്ലാതാകുന്നു.
ക്യാമ്പസിനപ്പുറം നാം ഒന്നുമല്ലാതാകുന്നു
എങ്കിലും-
നിനക്കു ഞാനും എനിക്കു നീയും
എന്ന പ്രതീക്ഷ ഒരിക്കലും വറ്റാതിരിക്കട്ടെ......
ഓർക്കുട്ടിലെങ്കിലും
കാണുമെന്ന പ്രതീക്ഷയോടെ............



നവംബർ :



ഡിസംബർ :



ജനുവരി:




ഫെബ്രുവരി :




മാർച്ച് :



സുഹൃത്തേ ,




# സുഹൃത്തിന്...



പ്രശാന്ത് ചന്ദ്രൻ
II B.Sc. Chemistry

നീയാണ്,
മനസ്സറിയാതെ ഹൃദയതന്ത്രിയുടെ ചലനമറിയാതെ
ഒരു നല്ലബന്ധവും സൃഷ്ടിക്കപ്പെടുന്നില്ല എന്നു പഠിപ്പിച്ചത്
നീയാണ്,
സ്നേഹം തിരിച്ചുലഭിക്കുമെന്ന പ്രതീക്ഷ
ആത്മഹത്യക്കു തുല്യമാണെന്നു പഠിപ്പിച്ചത്
നീയാണ്,
സ്നേഹിക്കപ്പെടുന്നതിനേക്കാൾ സുഖം,
സ്നേഹിച്ചു കൊ് വേദന അനുഭവിക്കുന്നതാണെന്ന് പഠിപ്പിച്ചത്.
നീയാണ്,
എന്നിലെ മുഖം മൂടി അഴിച്ചുമാറ്റി
മനസ്സ് പ്രണയാതുരമാക്കിയത്.
നീയാണ്,
പ്രകൃതിയേയും ജീവികളേയും
കിളികളേയും പ്രണയിക്കാമെന്നു പഠിപ്പിച്ചത്.
നീയാണ്,
ഒരു വേനൽമഴയോ, മന്ദമാരുതനോ, കൊഴിഞ്ഞു പോകുന്ന
ഒരു പനിനീർപുഷ്പമോ അല്ല സ്നേഹം എന്നു പഠിപ്പിച്ചത്.
നീയാണ്,
പ്രണയംപലപ്പോഴും പലതിനോടും തോന്നുന്ന
ഏകാന്തമായ ഹൃദയത്തിന്റെ വിങ്ങലാണെന്ന് എന്നെ പഠിപ്പിച്ചത്
നീയാണ്,
സൗഹൃദം പരസ്പരം എല്ലാം അറിയാവുന്ന
ഹൃദയങ്ങളുടെ സംയോജനമാണെന്നു എന്നെ പഠിപ്പിച്ചത്.
എൻ പ്രിയ കൂട്ടുകാരാ നീയാണ് എന്നെ ഞാനാക്കിയത്
നിനക്കായ് നല്കാൻ എൻ ഹൃദയത്തിൽ വിരിഞ്ഞ
ഒരായിരം ചെമ്പനീർ പൂവുകൾ
ഒരിക്കലും വാടാത്ത കൊഴിയാത്ത ചെമ്പനീർ പൂവുകൾ

# പുഴ ഒഴുകും വഴി




പ്രശാന്ത് എം. വി.
II B.Sc. Mathematics

വ ഇതിലെ ഒരു പുഴ ഒഴുകിയിരുന്നു
ഇന്ന് ഇത് നടവഴിയാണ് കാലം ഈ വഴിയിലൂടെ
നിശ്ശബ്ദം സഞ്ചരിക്കുന്നു.
മരണം കാവൽ നിൽക്കുന്ന ഒരേ ഒരു വഴിയും
ഇതു തന്നെ, എങ്കിലും ഇവിടുത്തെ മണൽത്തരികളിൽ
ആ പുഴയുടെ തേങ്ങൽ കേൾക്കാം!
മരിച്ച് പോയ നദികളുടെ കണ്ണീരിൽ
സ്നേഹത്തിന്റെ ഇതിഹാസങ്ങൾ ഒഴുകുന്നു!
അയാൾ ഞെട്ടിപ്പോയി, യമുനാനദിയെ
കാണാനില്ല അവിടെ ഒരു നീ ഇടവഴി!
ഗംഗയുടെ നിലവിളി !
എന്റെ അച്ഛന്റെ ചിതാഭസ്മം
ഞാൻ ഹൃദയത്തിലെപ്പുഴയിൽ
സമർപ്പിക്കുന്നു !




# തെരുവുമക്കളുടെ മോചനത്തിനായി ജനസേവ ശിശുഭവൻ നടത്തിവരുന്ന അവകാശ പോരാട്ടത്തിൽ പങ്കാളിയാകൂ....



ജോസ് മാവേലി
പ്രസിഡന്റ്
ജനസേവ ശിശുഭവൻ

സ്വാതന്ത്ര്യം കിട്ടി പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും ഭാരതത്തിന്റെ തെരു വീഥികൾ മനുഷ്യാവകാശ ധ്വംസനങ്ങളുടെ ആരവങ്ങളാൽ മുഖരിതമായിക്കൊണ്ടിരിക്കുന്നു. പാവപ്പെട്ടവർ കൂടുതൽ പാവപ്പെട്ടരായി ക്കൊണ്ടിരിക്കുന്നു. ഒരു വിഭാഗം സുരക്ഷിതയിൽ ആഡംബര ജീവിതം നയിക്കുമ്പോൾ മറു വിഭാഗം കടബാധ്യതയും ദാരിദ്ര്യവും മൂലം അലയുന്നു. അന്തിയുറങ്ങാൻ കൂരയില്ലാതെ, തലചായ്ക്കാനിടം തേടി, വ്യാപാരസ്ഥാപനങ്ങളടയ്ക്കാൻ കാത്തുനിൽക്കുന്ന നാടോടികളുടേയും തെരുവുമക്കളുടേയും നിശബ്ദരോദനങ്ങൾ ഭരണകൂടങ്ങളും മുഖ്യധാരാസംഘടനകളും സൗകര്യപൂർവ്വം ഒഴിവാക്കുമ്പോൾ ഇവർക്കുവേണ്ടി ശബ്ദിക്കാൻ ആരെങ്കിലുമൊക്കെ ഉണ്ടാകേണ്ടിയിരിക്കുന്നു. ഭിക്ഷാടനത്തിനും മറ്റും ഉപയോഗിക്കപ്പെട്ട് ജീവിതം നശിച്ചുപോകുന്ന കുഞ്ഞുമക്കൾ മുതിർന്നവരാകുമ്പോൾ സാമൂഹ്യ വിരുദ്ധരും മയക്കുമരുന്നിന് അടിമകളും ആർക്കും വേണ്ടാത്തവരുമൊക്കെയായി മാറ്റപ്പെടുകയാണ്. പെൺകുഞ്ഞുങ്ങളാകട്ടെ കുരുന്നുപ്രായത്തിൽ തന്നെ ലൈംഗിക പീഡനത്തിനും മറ്റുമായി ദുരുപയോഗം ചെയ്യപ്പെടുന്നു.

ബാലഭിക്ഷാടനത്തിനും ബാലവേലയ്ക്കും ലൈംഗിക ചൂഷണങ്ങൾക്കും തെരുവുസർക്കസിനും മറ്റും അടിമകളായി, പട്ടിണിക്കോലങ്ങളായി തെരുവിന്റെ പീഡനങ്ങൾ സഹിച്ചുകഴിയുന്ന മക്കളെ തെരുവിൽ നിന്നു രക്ഷപ്പെടുത്തി അവർക്ക് നല്ല വിദ്യാഭ്യാസവും ആരോഗ്യവും സ്നേഹവും നൽകി അവരുടെ നല്ല ഭാവിയ്ക്കായി ആത്മാർത്ഥ സേവനം കാഴ്ചവയ്ക്കുന്ന ജനസേവ ശിശുഭവനെ സഹായിക്കുവാൻ സന്മനസുള്ളവർ ബന്ധപ്പെടുക.





**ജനസേവ ശിശുഭവൻ**

പി. ബി. നമ്പർ – 107

ആലുവ.

0484 – 2606079

100 YEARS OF MAKING DREAMS COME TRUE

## Bank of India

*The Bank that cares....*

*1050 branches including Alangad (U.C. College) Branch Under network (CBS)*

OTHER FACILITIES

- ATM
- TELE BANKING
- REMITTANCE THRO RTGS
- CREDIT CARDS

LOAN FACILITIES


★ STAR HOME LOAN
★ STAR MORTGAGE LOAN
★ STAR HOLIDAY LOAN
★ STAR EDUCATION LOAN, Etc.....

Relationship beyond banking

## Bank of India

Alangad (U.C. College) Branch, Aluva - 2
E-mail :boi.alangad@gmail.com

# ദീർഘ നിദ്ര



സുമേഷ് പി. എം.
I B.Sc. Physics

അവിടെമാകെ കുതിര കുളമ്പടി ശബ്ദത്താൽ നിറഞ്ഞിരുന്നു.യുദ്ധത്തിന്റെ അലമുറകൾ പലയിടങ്ങളിൽ നിന്നും ഉയരുന്നുണ്ടായിരുന്നു. വജ്രം പോൽ തിളങ്ങുന്ന അവന്റെ വാൾ സൂര്യകിരണത്തെ ചുറ്റുപാടും പ്രതിഫലിപ്പിച്ചുകൊണ്ട് ശത്രുക്കളുടെ കണ്ഠത്തിൽ പതിച്ചു. അവൻ തൊടുത്തുവിടുന്ന ശരങ്ങൾ അതിവേഗം ശത്രുക്കളുടെ ശിരസ്സിനെ പിളർക്കുന്നു.വളരെ ഭയാനകമായ, ആകാശമാകെ മേഘാവൃതമായ അന്തരീക്ഷം. പെട്ടെന്നാണ് ആരോതൊടുത്ത ലക്ഷ്യം തെറ്റിയ ശരം, ശൗര്യത്തോടെ ശത്രുക്കളുടെ നേർക്ക് കുതിച്ചുകൊണ്ടിരുന്ന അവന്റെ കുതിരയുടെ കാലിൽ പതിച്ചത്. അതോടെ സംഹാരതാണ്ഡവമാടിയ അശ്വമേധം അവസാനിച്ചു. എല്ലാവരേയും ഞെട്ടിപ്പിച്ചു കൊണ്ട് അവൻ ഇടിമുഴക്കം പോൽ കുതിരപ്പുറത്തുനിന്നും നിലം പതിച്ചു.

അമ്മേ............

ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് അവൻ ചാടിയെഴുന്നേറ്റു. കുറച്ചുനേരം നിശ്ചലനായി, ഭയത്തോടെ അവൻ കട്ടിലിൽ തന്നെയിരുന്നു. അപ്പോഴാണ് അവന് മനസ്സിലായത്. അത് ഒരു സ്വപ്നമായിരുന്നെന്ന്. അവൻ കിടക്കയിൽ നിന്നേഴുന്നേറ്റ് ജനാലയുടെ കർട്ടൺ രണ്ടുകൈയ്യും കൊണ്ട് സാവധാനത്തിൽ നീക്കി, ഉടൻ തന്നെ ആ മുറിയിലെ ഇരുട്ടിനെ കീറിമുറിച്ച്കൊണ്ട് ഇളം ചൂടുള്ള സൂര്യപ്രകാശം ജനാലചില്ലിലൂടെ കടന്നുവന്നു.അന്ധകാരത്തെ നിശബ്ദതയിലാഴ്ത്തികൊണ്ട് അവിടമാകെ പ്രകാശപൂരിതമായി. ചിത്രങ്ങൾ കൊണ്ട് അലങ്കരിച്ച ചുവരിലൂടെ അവൻ കണ്ണോടിച്ചു അത് അവസാനിച്ചത്. ആ മുറിയുടെ ഒരു കോണിൽ വെച്ചിരുന്ന ഘടികാരത്തിലായിരുന്നു. സമയം ആറ് കഴിഞ്ഞിരുന്നു. കിളികളുടെ കലപില ശബ്ദങ്ങൾ കേൾക്കാമായിരുന്നു....

ദൈവമേ... രക്ഷിക്കണേ.........

അവൻ മനസ്സിൽ മന്ത്രിച്ചു. എന്നിട്ട് അവിടെവെച്ചിരുന്ന മൺകുടത്തിൽ നിന്ന്, കുറച്ച് വെള്ളം കുടിച്ചു. വരാന്തലക്ഷ്യമാക്കിനടന്നു. അവിടെ ചുമന്ന ചാന്തിട്ട തിണ്ണയിൽ അവൻ ഇരുന്നു. മരച്ചില്ലകൾക്കിടയിലൂടെ സൂര്യപ്രകാശം അവന്റെ മുഖത്ത് പതിക്കുന്നുണ്ടായിരുന്നു. ലക്ഷ്യം തെറ്റിയ ശരം അവന്റെ മനസ്സിനെ പൂർണ്ണമായും കീഴ്പ്പെടുത്തിയിരുന്നു.അത് അവന്റെ മുഖഭാവത്തിൽ നിന്ന് വ്യക്തമായിരുന്നു.

സമയം കടന്നുപോയ്കൊണ്ടിരുന്നു......

ഒരു കൈയ്യിൽ സോപ്പും മറ്റേ കൈയ്യിൽ ബ്രഷും തോളിൽ ഒരു തോർത്തുമായി അവൻ നടന്നു. പ്രഭാതത്തിലെ തണുത്ത മന്ദമാരുതനിൽ ആടിഉലയുന്ന നെൽച്ചെടികൾ ഒരു ജലാശയത്തിലെ ഓളങ്ങളായി അവന് തോന്നി. അതിലെ നെൽമണികൾ മിന്നാമിന്നിയെപ്പോലെ മിന്നിമറഞ്ഞു കൊണ്ടിരുന്നു.

വീണ്ടും ആ ലക്ഷ്യം തെറ്റിയ അമ്പ് അവന്റെ കൺമുന്നിൽ കടന്നുവന്നു അവൻ ഭയത്തോടെ വലതുകൈ നെഞ്ചിൽ വെച്ചുനോക്കി, ഹൃദയമിടിപ്പിന്റെ താളം നഷ്ടപ്പെടുന്നതായി അവന് തോന്നി.

പുഴക്കരയിലെത്തിയ അവനെ പതിവുപോലെ എതിരേൽക്കാൻ പുഴയിലെ ഓളങ്ങളുടെ കളകള ശബ്ദമോ, കിളികളുടെ നാദമോ, മഞ്ഞിൽ വിരിഞ്ഞ പൂക്കളുടെ ഗന്ധമോ ഉണ്ടായിരുന്നില്ല. പുഴക്കരയിലെ, മഞ്ഞുതുള്ളികളാൽ അലങ്കരിച്ച പച്ചപ്പുല്ലിലൂടെ അവൻ നടന്നു. പതിവിലും വ്യത്യസ്തമായി പുഴയിലെ വെള്ളം കലങ്ങിമറിഞ്ഞാണ് ഒഴുകിയിരുന്നത്. അവൻ സാവധാനത്തിൽ വെള്ളത്തിലേക്കിറങ്ങി.

രണ്ടു കൈയും കൊണ്ട് വെള്ളം കോരി മുഖം നനച്ചു. എന്നിട്ട് കണ്ണുതുറന്നതും ആ ശരം അവന്റെ കൺമുന്നിലൂടെ കടന്നുപോയി. അപ്പോഴത്തെ അവന്റെ ഭാവം അവർണ്ണനീയമായിരുന്നു. അവൻ ഭയത്തോടെ കാൽപിന്നോട്ട് വെച്ചു. അത് ഒരു പായൽ കൊണ്ട് പുതച്ച പാറക്കഷ്ണത്തിലായിരുന്നു. കാൽവഴുതി അവൻ വെള്ളത്തിലേക്ക് വീണു. നീന്തലറിയാമായിരുന്ന അവൻ അതെല്ലാം മറന്നുപോയി. ആ വെപ്രാളത്തിനിടയിൽ

അമ്മേ......

എന്ന് ഉറക്കെ വിളിച്ച് അവൻ പിടഞ്ഞു.

ജലോപരിതലത്തിൽ അവന്റെ ശിരസ്സ് ഉയർന്നുതാണകൊണ്ടിരുന്നു. പിന്നവിടമാകെ നിശബ്ദമായി. ജലം ശാന്തമായി ഒഴുകാൻ തുടങ്ങി. ജലാശയത്തിന്റെ അഗാധതയിലേക്ക് അവൻ താണുകൊണ്ടിരുന്നു. അപ്പോൾ ആ നിശബ്ദതയിൽ എവിടെനിന്നോ മരണമണിയുടെ നാദം ഉയർന്നുവന്നു.

അവൻ നദിയുടെ അടിത്തട്ടിൽ ഒരു ദീർഘനിദ്രയിൽ മുഴുകി.



# പനിനീർമഴയായ്...



**കൃഷ്ണപ്രിയ പി. പി.**
II B.Sc. Zoology

അനുഭവിച്ചു കൊതിതീരാത്ത ആ കാലത്തിനു വേണ്ടി അവൾ ആ പടികൾ കയറി. തോളിൽ ഒരായിരം കഥകളും മുന്നിൽ പനിനീർ പൂക്കളും പ്രതീക്ഷിച്ച് തണൽ മരങ്ങളുടെ ഇടയിലൂടെ നടന്നുനീങ്ങി. ചിരിക്കാൻ മാത്രം മോഹിച്ച്, സുഹൃദ് വലയത്തിൽ ഒരു പൂമ്പാറ്റയാകാൻ, ആ ക്യാംപസിലെ ഓരോ പുൽക്കൊടിയുടേയും കൂട്ടുകാരിയാവാൻ, നിറങ്ങളുടെ മുറ്റത്തേയ്ക്ക് പെയ്തിറങ്ങിയ പുതുമഴത്തുള്ളിയെ അവൾ കൈക്കുടന്നയിൽ ഏറ്റുവാങ്ങി.

വീടിന്റെ നാലു ചുവരുകൾ അന്യമാകുന്ന നിമിഷങ്ങളിൽ ഏക ആശ്വാസം ആ ക്യാംപസായിരുന്നു. പിന്നീടെപ്പൊഴോ ഹോസ്റ്റൽമുറിയായി ആശ്രയം. നിശബ്ദത വാചാലമാകുന്ന, ഏകാന്തത ഉത്സവമാകുന്ന ഈ ദിനങ്ങൾ ഇനി മായരുതേ എന്നാശിച്ച് ഹോസ്റ്റൽമുറിയുടെ ജനാലയിലൂടെ മഴയെ നോക്കി ഒരുപാടു നേരം ഒരുപാടു രാത്രികൾ അവൾ നില്ക്കുമായിരുന്നു. ഒറ്റപ്പെടലിൽ സന്തോഷങ്ങളിൽ, ദുഃഖങ്ങളിൽ അങ്ങനെ എല്ലാത്തിലും മഴ ഒരു ആശ്വാസമായി അതിനുമപ്പുറം ഒരു സുഹൃത്തായി കടന്നുവന്നു. പക്ഷെ മഴയുടെ രൗദ്ര ഭാവത്തെ അവൾക്കുപേടിയായിരുന്നു. ഇടിയും, മിന്നലുമുള്ള രാത്രികൾ ഉറക്കമില്ലാതെ കാതുകളടച്ച് ഭീകരസത്വത്തെക്കണ്ട കുട്ടിയെപ്പോലെ ഇരിക്കും. നേർത്ത മഴയുടെ തുള്ളിവിട്ട ശബ്ദം മനസ്സിന് ആശ്വാസമായി. മഴകാണുമ്പോൾ എല്ലാം അവൾ ചിന്തിക്കും. ഭൂമിഎത്ര ഭാഗ്യവതിയാണ്. അവളെ സ്നേഹിക്കാൻ അവളിൽ അലിയാൻ എത്രയെത്ര മഴത്തുള്ളികളാണ്. അതുപോലെ മഴയും, തന്നെ നെഞ്ചിലേറ്റാൻ വിശാലമായ ഒരു ഭൂമി. വരണ്ടുണങ്ങിയ ഭൂമിയിൽ പെയ്തിറങ്ങുന്ന മഴയ്ക്ക് പക്ഷെ എല്ലാം നഷ്ടപ്പെടുന്നു.അതിന് കിട്ടുന്നതോ മണ്ണിന്റെ ചൂട് മാത്രം.അതുപോലെയാണവളും നൽകുന്നതൊന്നും തിരിച്ചുകിട്ടാതെ പോയ മനസ്സിന്റെ നൊമ്പരത്തോടെ അവൾ ഓർക്കും താനും ഒരു മഴത്തുള്ളി, മരുഭൂമിയിലെ വെറും മഴത്തുള്ളി.എങ്കിലും അവൾക്കറിയാം ഒരു മഴത്തുള്ളി എത്രയോ പേരുടെ ആശ്വാസമാണ്. ഒരു മഴത്തുള്ളിയാവാനെങ്കിലും തനിക്ക് കഴിഞ്ഞെങ്കിലെന്ന് ആഗ്രഹിച്ചുപോയ നിമിഷങ്ങൾ...

തന്റെ ക്യാമ്പസിൽ കണ്ടമുഖങ്ങൾ, കേട്ടശബ്ദങ്ങൾ അതിൽ ചിലതെങ്കിലും അവളെ സ്പർശിച്ചു.ചിലത് കണ്ണുകളെ ഈറനണിയിച്ചു.മറ്റു ചിലത് ചുണ്ടിൽ പുഞ്ചിരി തന്നു.ഹൃദയത്തിലെങ്ങോ പണ്ടേക്കുപണ്ടേ പരിചിതമായതുപോലെ ഒരു മുഖം ആ ശബ്ദം ഇലത്തുമ്പിൽ ഇറ്റു നില്ക്കുന്ന മഞ്ഞുതുള്ളിയെ പോലെ അവൾ വെമ്പി.മഴയിൽ താൻ ആഗ്രഹിച്ച കൂട്ട് ഇതാണ് എന്നവൾക്കു തോന്നി.ഇനി ഒരു മഴയിലും ഒരു കുടക്കീഴിലും താൻ തനിച്ചല്ല.ആ നിമിഷം നിറയെ പൂക്കളുള്ള ഒരു പനിനീർതോട്ടം അവൾ മുന്നിൽ കണ്ടു.പക്ഷെ ആ പൂക്കൾ തേടുന്ന സുഗന്ധം താനല്ലെന്നറിഞ്ഞപ്പോൾ അവൾ തകർന്നു.ഉള്ളിന്റെയുള്ളിൽ തന്നെ ശപിച്ച നിമിഷങ്ങൾ. വരണ്ടുണങ്ങിയ ഭൂമിയുടെ വേനൽ മഴ എന്ന സ്വപ്നം പോലെ അവളും ആ പനിനീർച്ചെടികളും. ഇന്നതിൽ മുള്ളുകൾ മാത്രം.

അനുഭവങ്ങളിലൂടെ ആ പടികളിറങ്ങുമ്പോൾ മുന്നിൽ കണ്ടതു ഇരുട്ടുമാത്രം.ആ ഇരുട്ടിൽ വെളിച്ചം പകർന്നു തന്ന ആരോക്കെയോ. ഒരു പാടു പരിശ്രമത്തിലൂടെ തനിക്കു അസാദ്ധ്യം എന്നു തോന്നിയ പലതിനോടും, അവൾ മല്ലിട്ടും വിജയിങ്ങൾ ഒന്നൊന്നായി കടന്നു വന്നപ്പോഴും വേദനയുടെ ഒരു മുറിപ്പാട് എന്നും ഉള്ളിൽ വിങ്ങിക്കൊണ്ടിരുന്നു. സ്നേഹിക്കാൻ സ്നേഹിക്കപ്പെടാൻ ആഗ്രഹിച്ച ആ പെൺകുട്ടി ഇന്ന് ഒരുപാടുപേരുടെ മനസ്സറിയുന്നു, അവരുടെ കണ്ണീരൊപ്പുന്നു.വേദനിക്കുന്നവർക്ക് ഒരു സാന്ത്വനമാകുന്നു.അനുഭവങ്ങളുടെ വെളിച്ചം അവളെ കൈപിടിച്ചുയർത്തി...

അടഞ്ഞവഴികൾ മാത്രം പ്രതീക്ഷിച്ച് ആ ക്യാമ്പസിലേക്ക് വർഷങ്ങൾക്കു ശേഷം ചപലതകളില്ലാതെ പക്വമതിയായ ഒരദ്ധ്യാപികയായിവീണ്ടും കടന്നു വന്നപ്പോൾ ഓർമ്മകൾ ചുണ്ടിൽ ഒരു ചിരിയും ഒപ്പം കണ്ണുകളിൽ നനവും നൽകി.മുഖത്തിന് ഗൗരവത്തിന്റെ ഭാരം നൽകി അവൾ തന്റെ ക്ലാസ്സ് റൂമിലേയ്ക്ക് നടന്നു.

# The Present Plight of God's Own Country



Alana Babu
I BSc. Computer Science

The term "GOD's OWN COUNTRY " itself specifies the uniqueness and beauty of Kerala. The lusciouces greenery blue lakes, rivers, dancing streams & mountains roothe our minds and make its feel closer to nature. Kerala has been richly blessed with natural beauty & so, it is one of the most sought after tourist destinations.



However, the present plight of GOD's OWN COUNTRY is alarming. If the present destruction of nature continues, the day is not so far when KERALA would be called "GOD's CURSED LAND " The main reason behind this is the ignorance shown by the authorities as well as the inhabitants of this land, towards the proper case of nature.

GOD created everything according to His vision and the needs of everyone but god's own creation, humanbeings started competing with god and thereby brought nature to the extent of extinction.

Day by day people are becoming more selfish and greedy and do not bother for any obligation to either society or nature. The word selflessseems to be missing in their dictionary. They are two ignorant to understand that, they are cutting their own feet by causing destruction to nature, which can be considered equivalent to building a house on loose sand. People try to take maximum possible benefits without thinking of the consequences caused to nature.

Authorities and politicians are equally responsible for the derivable petty conditions of GOD's OWN COUNTRY. In the name of development, nature falls prey to them and their inconsiderate antics.Development should not be used as a disuise for the destruction of nature, but rather a boon for preserving it.


Chemical factories exhale poisonous gaves that destroy nature. It is also because of negligence from authorities, that proper safety norms are not strictly followed by factories. Unotherised sand mining is causing destruction of rivers. Posh bunglow loves are also increasing alaemingly which in trun adds to the thread to nature. It has become a fashion for the people to adopt or compete in building houses without looking into their needs.

The present plight of GOD's OWN COUNTRY is pathetic. Let us all come together with selfless goals and reach out our hands to preserve the beauty of this wealthy and healthy land.

Goverment authorities shouid strictly adhere to the norms of preservation of nature. Deforestation should be stopped forthwith. Afforestation is also essential to keep the balance of deforested land. Proper waste management is an important factor required for the faceliftment of nature.

Therefore, let us all row together to keep GOD's OWN COUNTRY clean and preserve its beauty for future generations and generations to come.

# *Union Members*



**JINTO JOHN**
Chairman




**ELSA THOMAS**
Vice Chairperson




**ULLAS MADHU**
General Secretary




**TOM JOSEPH**
Magazine Editor



**BENNY JOHN**
Arts Club



**RINOD K. A.**
U. U. C.




**JOSE KURIAKKOSE**
U. U. C.



**NEENU JACOB**
Lady Rep.




**THASNI M. K.**
Lady Rep.




**FRANCIS VARUN JOY**
I D.C. Rep.




**BIBIN POULOSE**
II D.C. Rep.



**BIBIN P. PAUL**
III D.C. Rep.



**RENJITH R.**
I P.G. Rep.




**VINEESH P.**
II P.G. Rep.

# *Union Nominees*






**SIBINSHA A. S.**
General Captain




**K. S. NARAYANAN**
Union Staff Advisor




**ALULA M. JOSE**
Cine Club Secretary



**NIVIN VARGHESE**
Planning Forum




**SUNIL ABRAHAM THOMAS**
Arts Club Staff Advisor




**DIJO DAMIEN**
Debate Club Secretary




**JIJO JOY**
Canteen Secretary



**VIDHU NARAYAN**
Magazine Staff Advisor



**MIDHUN K. SABU**
Quiz Club Secretary



**SYAMKUMAR L. S.**
SC/ST Rep.



# കനവ്

ശരണ്യ കെ. എസ്.
I B.Sc. Botany

മുള്ളുകൾ നിറഞ്ഞ പാതയിലൂടെ
ഒരു ദിവസം, കടൽക്കരയിലേക്ക്
ഭൂഗർത്തത്തിൽ നിന്നും പുറപ്പെടുന്ന
ശാപവാക്കുകൾ പോലെ തിരകൾ
താരകൾ നിറഞ്ഞ ആകാശത്തിനു താഴെ
ചുവടുറയ്ക്കാത്ത കുഞ്ഞുങ്ങളെപ്പോലെ-
ഓർമ്മകൾ
കീറി മുറിഞ്ഞ ഹൃദയത്തിൽ നിന്നും
ചിതറി വീഴുന്ന പക്ഷിക്കരച്ചിലുകൾ
സ്നേഹത്തിന്റെ കൊടുമുടിക്കു മുകളിൽ
സ്വപ്നത്തിന്റെ മഴപ്പകലുകൾ
നിദ്രകളിൽ നിറയുന്ന-
ഇലയില്ലാത്ത വൃക്ഷങ്ങൾ

അകന്നുപോകുന്ന നവംബർ നക്ഷത്രം
അതിൽ നിന്നും അയക്കപ്പെട്ട ഊതിയണയ്ക്കപ്പെട്ട
സൗഹൃദത്തിന്റെ അവസാനസന്ദേശം
വാക്കുകൾ ഉപ്പുപരലുകൾ പോലെ
കടലിനും കണ്ണീരിനുമിടയിൽ
രക്തം വാർന്ന് സൂര്യൻ
തീരത്തിന്റെ മണൽത്തട്ടിൽ
കാറ്റിന്റെ പടക്കുതിരകൾ
ആദ്യത്തെ മഴത്തുള്ളിക്കുമുമ്പ്
വഴിവിളക്കുകളെ മറന്നുപോയ
കിതയ്ക്കുന്ന നഗരത്തിലേക്ക്
സ്വയംഹത്യ ചെയ്തവരുടെ കിനാവുകൾ
വിരിഞ്ഞു നിൽക്കുന്ന ഇരുണ്ടതാഴ്വരയിലേക്ക്.

# മഴ



ലിജി എം. തങ്കച്ചൻ
II B.Sc. Physics

മഴപെയ്തുതോർന്നൊരാ സായന്തനത്തിൽ
ഒരു നിലാപക്ഷിയായ് ഞാൻ പറന്നു
പഞ്ഞിതൻ കൂടാരമാക്കുമാ മേഘങ്ങൾ
മഞ്ഞാൽ പൊതിഞ്ഞെന്നെ മൂടി നിന്നു.
ഒരു ചിത്രശലഭം തേൻ നുകരുന്നൊരാ
നറുപുഷ്പമിന്ന് ചിരിവിടർത്തി



മഴത്തുള്ളിയിറ്റിറ്റ് വീഴുമാദളങ്ങളിൽ
വെയിലേറ്റ സ്പന്ദനം കേൾക്കുന്നു ലോലമായ്
ഭൂമിയിൽ ചെവിചായ്ച്ചാൽ കേൾക്കുന്നു വ്യക്തമായ്
മഴയുടെ ശബ്ദം മയിലുകൾക്കാനന്ദം
മൃദുവായ് തഴുകുമീ ഭൂമിതൻ കൂട്ടും
വയലിലെ വെള്ളത്തിൽ തുള്ളിക്കളിക്കുമാ
മീനുകൾക്കെന്തൊരാഹ്ലാദമിന്ന്
മഴയെന്നും സംഗീതമായ് വന്നിരുന്നെങ്കിൽ
മനസ്സിന്റെ താഴ്വര മോദിച്ചേനെ
മരുഭൂമിയാമി ലോകത്തിനെന്നും
മഴയൊരാശ്വാസമായിരുന്നെങ്കിൽ....

# College Union Inauguration



College Union Inauguration by Dr K.S. Radhakrishnan



Principal Dr. Varghese John presenting Momento to the Chief Guest





College Union Chairman presenting Momento to Film Star Jayaram



Arts Club & Cine Club Inaugural Speech by Mr. Jayaram



Presidential Address by College Union Chairman Jinto John



Inaugural Speech by Dr. K.S. Radhakrishnan



Felicitation by Principal



Felicitation by Union Staff Advisor K.S. Narayanan



Kaviyoor Ponnamma being felicitated by College Union



Listening to the Tune of Voice of UC

# DHWANI '07

# ARTS FEST



Mohiniyattam - A Cultural Relic



Mime - Silence speeks louder



[illegible] - A Musical Ceremony



The Audience



Mime - Say no to the boundaries



College Map



Photo Exhibition



'Saugrandhikam' - Booksfair





'Work is Worship' - NSS



NCC (Girls)



NCC (Boys)



# 2006 - 2007 കലാലയ യൂണിയൻ റിപ്പോർട്ട്

അക്ഷരകേരളത്തിന്റെ അനശ്വരപ്രതിഭകളെ സൃഷ്ടിക്കുന്നതിൽ എന്നും മുന്നിലായിരുന്നു സരസ്വതിക്ഷേത്രം- ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് രാഷ്ട്ര പിതാവിന്റെ പാദസ്പർശമേറ്റ പുണ്യഭൂമി ! പതിറ്റാണ്ടുകളുടെ കറയില്ലാത്ത പാരമ്പര്യവും, അക്ഷരങ്ങളുടെ അക്ഷയഖനികളും, എല്ലാറ്റിനുമുപരി കവിഞ്ഞൊഴുകുന്ന അഭൗമമായ പ്രകൃതിസൗന്ദര്യം നിറഞ്ഞ ക്യാംപസും,.. ഇവയെല്ലാം യൂ.സിയുടെ മാത്രം പ്രത്യേകതകളാണ് അനന്തമായ ഇച്ഛാശക്തിയുടേയും ജനാതിപത്യബോധത്തിന്റേയും ഓർമ്മകൾ ബാക്കിയാക്കി ഒരധ്യയനവർഷം കൂടി പടിയിറങ്ങുന്നു. ഉന്നതനിലവാരം പുലർത്തിയ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ കോളേജ് യൂണിയന് കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ ഞങ്ങൾക്ക് ലഭിച്ച സഹകരണങ്ങൾ സാദരം സ്മരിച്ചുകൊണ്ട് 2006-2007 വർഷത്തെ കലാലയ യൂണിയൻ റിപ്പോർട്ട് അഭിവന്ദ്യഗുരുജനങ്ങളുടേയും,ആരാധ്യരായ അനന്യാപകരുടെയും എല്ലാറ്റിനുമുപരി പ്രബുദ്ധരായ വിദ്യാർത്ഥികളുടേയും മുന്നിൽ വിനയപുരസ്സരം സമർപ്പിക്കുന്നു.

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്

രാഷ്ട്രീയ സൗഹാർദ്ദത്തിന്റെ മാറ്റൊലികളുയർത്തിക്കൊണ്ട് 2006 ഡിസംബർ 15-ാം തിയതി നടന്ന തികച്ചും സമാധാനപരവും ജനാധിപത്യത്തിൽ ഊന്നിയതുമായ തെരഞ്ഞെടുപ്പിൽ 14 യൂണിയൻ അംഗങ്ങളെ തെരഞ്ഞെടുത്തു.

| | | | |
|---|---|---|---|
| ചെയർമാൻ: | ജിന്റോ ജോൺ | - | I M.A. Economics |
| വൈസ് ചെയർപേഴ്സൺ: | എൽസാ തോമസ് | - | III B.Sc. C M & E |
| ജനറൽ സെക്രട്ടറി: | ഉല്ലാസ് മധു | - | III B.Sc. Botany |
| മാഗസിൻ എഡിറ്റർ: | ടോം ജോസഫ് | - | II B.Sc. Mathematics |
| ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി: | ബെന്നി ജോൺ | - | II B.A. History |
| യു.യു.സിമാർ: | റിനോദ്. കെ.എ. | - | III B.A. History |
| | ജോസ് കുര്യാക്കോസ് | - | II B.A. English |
| വനിതാ പ്രതിനിധികൾ: | നീനു ജേക്കബ് | - | III B.Sc. B T & S P |
| | തസ്നി. എം.കെ. | - | I B.A. Economics |
| ഒന്നാം വർഷ ഡിഗ്രി പ്രതിനിധി: | ഫ്രാൻസിസ് വരുൺ ജോയ് | - | I B.A. Economics |
| രണ്ടാം വർഷ ഡിഗ്രി പ്രതിനിധി: | ബിബിൻ പൗലോസ് | - | II B.Sc. Physics |
| മൂന്നാം വർഷ ഡിഗ്രി പ്രതിനിധി: | ബിബിൻ പി.പോൾ | - | III B.Sc. Physics |
| ഒന്നാം വർഷ പി.ജി. പ്രതിനിധി: | രഞ്ജിത്ത് രഘുനാഥ് | - | I M.Sc. Biotechnology |
| രണ്ടാം വർഷ പി.ജി. പ്രതിനിധി: | വിനീഷ്. പി. | - | II M.A. English |

താഴെ പറയുന്നവരെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് യൂണിയൻ നാമനിർദേശം ചെയ്യുകയും ചെയ്തു.

| | | | |
|---|---|---|---|
| ജനറൽ ക്യാപ്റ്റൻ | സിബിൻഷാ എ. എസ്. | - | III B.A. Economics |
| പ്ലാനിങ്ങ് ഫോറം | നിവിൻ വർഗ്ഗീസ് | - | III B.Sc. Mathematics |
| സിനി.ക്ലബ്ബ് സെക്രട്ടറി | അലൂല. എം. ജോസ് | - | III B.A. Psychology |
| ഡിബേറ്റ് ക്ലബ്ബ് സെക്രട്ടറി | ഡിജോ ഡാമിയൻ | - | II B.Sc. Chemistry |
| ക്വിസ് ക്ലബ്ബ് സെക്രട്ടറി | മിഥുൻ.കെ. സാബു | - | II B.Sc. Chemistry |
| കാന്റീൻ സെക്രട്ടറി | ജിജോ ജോയ് | - | III B.A. English |
| SC/ST പ്രതിനിധി | ശ്യാംകുമാർ എൽ.എസ്. | - | I B.Sc. Mathematics |

## യൂണിയൻ അംഗങ്ങളുടെ സത്യപ്രതിജ്ഞ

2007 ജനുവരി 4-ാം തിയതി അആ-2 വിൽ വച്ച് നടന്ന ലളിതമായ ചടങ്ങിൽ യൂസിയൻ സമൂഹത്തെ സാക്ഷി യാക്കി യൂണിയൻ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ സത്യ വാചകം ചൊല്ലികൊടുക്കുകയും യൂണിയൻ അംഗ ങ്ങൾ ഏറ്റുചൊല്ലി അവരോധിക്കപ്പെടുകയും ചെയ്തു.

## വോയ്സ് ഓഫ് യൂ.സി.

കലാലയ യൂണിയൻ ഉദ്ഘാടനത്തിന് മുന്നോടിയായി യൂ.സിയുടെ മികച്ച ഗായികാ- ഗായകന്മാരെ കണ്ടെ ത്താനും, പ്രോത്സാഹിപ്പിക്കാനും വേണ്ടി സംഘടി പ്പിച്ച ഗാനാലാപന മത്സരം 2007 ജനുവരി 8,9 തിയതി കളിൽ VMA ഹാളിൽ വച്ച് നടന്നു. ഇരുന്നൂറിലധികം പേർ പങ്കെടുത്ത പരിപാടിയിൽ നിന്ന് കോളേജിലെ മികച്ച ഗായികാഗായകന്മാരെ തെരഞ്ഞെടുത്തു.

## കോളേജ് യൂണിയൻ ഉത്ഘാടനം

2007 ജനുവരി 12-ാം തിയതി കോളേജ് അങ്കണത്തിൽ വച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ പ്രശസ്ത തത്വ ശാസ്ത്ര അധ്യാപകനും, ചിന്തകനും അതിനെ ല്ലാമുപരി കാലടി സംസ്കൃത സർവ്വകലാശാലയുടെ വൈസ് ചാൻസിലറുമായ ഡോ. കെ.എസ്. രാധാ കൃഷ്ണൻ കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു.തദവ സരത്തിൽ മലയാള സിനിമാരംഗത്തെ പ്രശസ്ത താരം ശ്രീ. ജയറാം ആർട്സ്ക്ലബ്ബിന്റെയും സിനിക്ലബ്ബി ന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിയൻ ചെയർമാൻ ശ്രീ ജിന്റോ ജോൺ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജനറൽ സെക്രട്ടറി ഉല്ലാസ് മധു സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ, യൂണിയൻ സ്റ്റാഫ് അഡ്വൈസർ ശ്രീ. Lt.K.S. നാരായ ണൻ, യുയു.സിമാരായ റിനോദ്. കെ.എ., ജോസ് കുര്യാ ക്കോസ് എന്നിവർ ആശംസകളർപ്പിച്ചു കൊണ്ടുസം സാരിച്ചു.ചടങ്ങിൽ വൈസ്ചെയർ പേഴ്സൺ എൽസാ തോമസ് കൃതജ്ഞത രേഖപ്പെടുത്തി. ഉച്ചക്കുശേഷം വോയ്സ് ഓഫ് യൂ.സിയുടെ ശ്രുതിമധുരവും ശ്രവ ണസുന്ദരവുമായ ഗാനമേളയും അരങ്ങേറി.

## ക്വിസ്ക്ലബ്ബ് പ്രവർത്തനം

ക്വിസ്ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കോളേജ് യൂണിയൻ 2007 ജനുവരി 19-ാം തിയതി ടി.ബി.നൈനാൻ ഹാളിൽ വച്ച് "G.K. Hunt@u.c" എന്ന പേരിൽ ഒരു പ്രശ്നോ ത്തരി മത്സരം സംഘടിപ്പിച്ചു. രസതന്ത്രവിഭാഗത്തിലെ അധ്യാപകനായ ഡോ.കെ.പി. ഉണ്ണികൃഷ്ണൻ മുഖ്യ ക്വിസ്മാസ്റ്ററായിരുന്നു. കൂടാതെ ഇംഗ്ലീഷ് വിഭാഗ ത്തിലെ അധ്യാപകരായ ശ്രീ. ഷെറിജേക്കബ്, ശ്രീമതി രേഖനായർ എന്നിവർ സഹവർത്തികളായി മുഴുവൻ സമയവും ഉണ്ടായിരുന്നു.

## ഡിബേറ്റ് ക്ലബ്ബ് പ്രവർത്തനം

ഡിബേറ്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2007 ജനുവരി 23-ാം തിയതി ടി.ബി. നൈനാൻ ഹാളിൽ വച്ച് ഒരു ചർച്ച സംഘടിപ്പിച്ചു. സമീപകാല കോടതിവിധിക ളുടെ പശ്ചാത്തലത്തിൽ അന്വേഷണാത്മക മാധ്യമപ്ര വർത്തനം സാമൂഹ്യനീതി സ്ഥാപനത്തിൽ പങ്കുവഹി ക്കുന്നുണ്ടോ ? എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ

മലയാളവിഭാഗത്തിലെ അദ്ധ്യാപിക ശ്രീമതി.മ്യൂസ് മേരി ജോർജ്ജ് മുഖ്യ മോഡറേറ്ററായിരുന്നു. കൂടാതെ അദ്ധ്യാപകരായ ശ്രീ.പ്രതീഷ് എബ്രഹാം, ശ്രീ.ഷെറി ജേക്കബ് എന്നിവർ ചർച്ച നിയന്ത്രിക്കുന്നതിനായിമുഴുവൻ സമയവും ഉണ്ടായിരുന്നു.

## ആർട്ട്സ് ഫെസ്റ്റിവൽ ധ്വനി - 2007

2007 ജനുവരി 18,19,22,23 തിയതികളിൽ ടി.ബി. നൈനാൻ ഹാൾ, VMA ഹാൾ, പി.ജെ.ബ്ലോക്ക്, N.R. ബ്ലോക്ക് തുടങ്ങിയ വേദികളിലായി ധ്വനി -07 എന്ന പേരിൽ ആർട്സ് ഫെസ്റ്റിവൽ സംഘടിപ്പിക്കുകയുണ്ടായി. അറുപതിലേറെ മത്സരവിഭാഗങ്ങളിൽ അഞ്ഞൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു.യു.സി.യിലെ കലാകാരന്മാരുടേയും കലാകാരികളുടേയും കഴിവുകൾ മാറ്റുരച്ച വേദിയായിരുന്നു ധ്വനി-സർഗ്ഗസാധനയിൽ നിപുണരായ നിരവധി വിദ്യാർത്ഥികൾ അരങ്ങേറിയ ചടങ്ങിൽ ശ്രീ. മാർട്ടിൻ ജോർജ്ജ് കലാപ്രതിഭയായും, ശ്യാമ ശങ്കർ, രശ്മി കെ.എൻ. എന്നിവർ കലാതിലകങ്ങളുമായും തെരഞ്ഞെടുക്കപ്പെട്ടു.

## മലയാളത്തിന്റെ അമ്മയെ ആദരിച്ചു

ആർട്സ് ഫെസ്റ്റിവലിന്റെ രണ്ടാം ദിവസമായ 2007 ജനുവരി 23-ാം തിയതി VMA ഹാളിൽ വച്ച് നടന്ന പ്രൗഢമായ ചടങ്ങിൽ മലയാളസിനിമയിലെ പ്രശസ്ത നടി, മലയാളികളുടെ പ്രിയപ്പെട്ട അമ്മ ശ്രീമതി. കവിയൂർപൊന്നമ്മയെ കലാലയ യൂണിയൻ ആദരിച്ചു. ചടങ്ങിൽ ജനറൽ സെക്രട്ടറി ഉല്ലാസ് മധു സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പൾ ഡോ.വർഗ്ഗീസ് ജോൺ മലയാളത്തിന്റെ അമ്മയെ പൊന്നാടയണിയിക്കുകയും, ചെയർമാർ ജിന്റോജോൺ ഉപഹാരം നൽകുകയും ചെയ്തു.തുടർന്ന് ശ്രീമതി. കവിയൂർ പൊന്നമ്മ മറുപടി പ്രസംഗം നടത്തി യു.യു.സി ജോസ് കുര്യാക്കോസ് നന്ദിരേഖപ്പെടുത്തി. തുടർന്ന് സംഗീതസാന്ദ്രമായ നിമിഷങ്ങൾ സമ്മാനിച്ചു കൊണ്ട് വോയ്സ് ഓഫ് യു.സി.യിലെ ഗായകരായ രഹന റഹീം, വിനായക്.ആർ എന്നിവർ ഗാനങ്ങൾ ആലപിച്ചു. അഭിനയ കലയിലെ നിത്യവസന്തമായ അമ്മയെ ആദരിച്ച ചടങ്ങ് ഏറെ ഹൃദ്യമായിരുന്നു.

## ദൃശ്യ-07 ചിത്രപ്രദർശനം

2007 ജനുവരി 24-ാം തിയതി കോളേജ് യൂണിയൻ ദൃശ്യ-07 എന്ന പേരിൽ VMA ഹാളിൽ വച്ച് ഒരു ചിത്രപ്രദർശനം സംഘടിപ്പിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ചിത്രങ്ങളും നിരവധി പുരസ്ക്കാരങ്ങൾ വാരിക്കൂട്ടിയ ഫോട്ടോകളും മാറ്റുരച്ച പ്രദർശനം യു.സിയുടെ ചരിത്രത്തിൽ തന്നെ ഒരു പുതുമ ആയിരുന്നു. തൃശ്ശൂരിലെ ബട്ടർഫ്ളൈ ആർട്ട്സ് ഫൗണ്ടേഷനാണ് ചിത്രങ്ങൾ പ്രദർശനത്തിനായി നല്കിയത്.

## റീൽ-07 സിനി ഫെസ്റ്റിവൽ

2007 ജനുവരി 31, ഫെബ്രുവരി 1,5 തിയതികളിൽ റീൽ-07 എന്ന പേരിൽ കലാമൂല്യമുള്ളതും കാലിക പ്രസക്തവുമായ സിനിമകളുടെ പ്രദർശനം നടന്നു. സന്ദേശം, സൗണ്ട് ഓഫ് മ്യൂസിക്ക്, ദിൽവാലെ ദുൽഹുനിയാ ലേജായേങ്കേ എന്നീ സിനിമകളുടെ പ്രദർശനം നടത്തി. ഹോസ്റ്റൽ വിദ്യാർത്ഥികൾക്കായി പ്രത്യേകം പ്രദർശനങ്ങളുണ്ടായിരുന്നു.

## സൗഗ്രന്ഥികം-07 പുസ്തകോത്സവം

2007 ജനുവരി 31-ാം തിയതിയും ഫ്രബ്രുവരി 1-ാം തിയതിയുമായി സൗഗ്രന്ഥികം-07 എന്ന പേരിൽ ഒരു പുസ്തകമേള സംഘടിപ്പിച്ചു.അഞ്ചോളം സ്റ്റാളുകളിലായി നിരവധി പാഠ്യ പാഠ്യേതര പുസ്തകങ്ങൾ നിറഞ്ഞു നിന്ന മേള പുസ്തക പ്രേമികൾക്ക് ഹരം പകർന്നു. ആനുകാലിക പ്രസക്തങ്ങളായ പുസ്തകങ്ങൾ മാറ്റുരച്ച മേളയിൽ നൂറുകണക്കിന് പുസ്തകങ്ങൾ വിറ്റഴിഞ്ഞു. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മേള ഒരുപോലെ ഉപകാരപ്രദമായിരുന്നു.

## സർഗ്ഗോൽസവ്-07 നാടകോത്സവം

അഭിനയകലയിലെ പുതിയ വസന്തങ്ങളെ കണ്ടെത്തുന്നതിന്റെ ഭാഗമായി 2007 ഫെബ്രുവരി 1-ാം തിയതി കോളേജ് യൂണിയൻ സംഘടിപ്പിച്ച സർഗ്ഗോത്സവ് -07 നാടകോത്സവത്തിൽ വ്യത്യസ്തവും പുതുമയാർന്നതുമായ നാടകം VMA ഹാളിൽ വച്ച് അരങ്ങേറി വിശക്കുന്നവന്റെ കയ്യൊപ്പ് എന്ന നാടകം അഗ്രേഡ് കരസ്ഥമാക്കി. ജിനോ ജോൺ മികച്ച നടനായി തെരഞ്ഞെടുക്കപ്പെട്ടു.

## കേളി-07 ശിങ്കാരിമേളവും നാടൻപാട്ടും

2007 ഫെബ്രുവരി 5-ാം തിയതി കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഭാഗമായി സി.സി. യിൽ വച്ച് ഗംഭീര ശിങ്കാരിമേളവും യു.സി.യിലെ ഗായകരെ ഉൾപ്പെടുത്തിയുള്ള നാടൻപാട്ടുകളും അരങ്ങേറി. കാവുകളുടെ ഗ്രാമ്യമായ അന്തരീക്ഷത്തിൽ അരങ്ങേറിയ കേളി ഏറെ ആസ്വാദ്യകരമായിരുന്നു.

## അദ്ധ്യാപക-അനദ്ധ്യാപക യാത്രയയപ്പ് സമ്മേളനം

2006-ഫെബ്രുവരി 12-ാം തിയതി കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഈ അദ്ധ്യയന വർഷം വിരമിക്കുന്ന അദ്ധ്യാപകർക്കും അനധ്യാപകർക്കും യാത്രയപ്പ് നൽകി. VMA ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ ജനറൽ സെക്രട്ടറി ഉല്ലാസ് മധു സ്വാഗതം ആശംസിച്ചു ചടങ്ങിൽ യൂണിയൻ ചെയർമാൻ ശ്രീ ജിന്റോ ജോൺ അദ്ധ്യക്ഷൻ ആയിരുന്നു. പ്രിൻസിപ്പൾ ഡോ. വർഗ്ഗീസ് ജോൺ ചടങ്ങ് ഉത്ഘാടനം ചെയ്ത് വിരമിക്കുന്നവർക്ക് കോളേജ് യൂണിയന്റെ ഉപഹാരങ്ങൾ നൽകി. ശേഷം വിരമിക്കുന്ന അദ്ധ്യാപകരായ പ്രൊഫസർ. എ.എം ഗീവർഗ്ഗീസ്,പ്രൊഫസർ.ശാന്ത.എം.മാത്യു,അനധ്യാപകരായ ശ്രീ. ജോർജ് ഫിലിപ്പോസ്, ശ്രീമതി കെ.കെ. രാജമ്മ എന്നിവർ മറുപടി പ്രസംഗംനടത്തി. സീനിയർ സൂപ്രണ്ട് ശ്രീ. ടി.സി.ജോസ് ആശംസകളർപ്പിച്ചു സംസാരിക്കുകയും യു.യു.സി.റിനോദ്. കെ. എ. നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

## ആർട്സ്-വിന്നേഴ്സ് ഡേ

2006 ഫെബ്രുവരി 13-ാം തിയതി കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ധ്വനി-07 ലെ വിജയികൾക്കുള്ള അംഗീകാരമായ സർട്ടിഫിക്കറ്റ് വിതരണം നടന്നു. പ്രിൻസിപ്പാൾ ഡോ.വർഗ്ഗീസ് ജോൺ ആശംസകളർപ്പിച്ചു കൊണ്ട് വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## സിനി ക്ലബ്ബ് വർക്ക്ഷോപ്പ്

കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഭാഗമായി സിനിക്ലബ്ബ് ഭാരവാഹികളുടെ നേതൃത്വത്തിൽ 10-02-2007 ൽ ഒരു ഡോക്യുമെന്ററി പ്രദർശിപ്പിക്കുകയും ചർച്ചകൾ നടത്തുകയുംചെയ്തു. കഥ, തിരക്കഥ, സംഭാഷണം, സംവിധാനം തുടങ്ങി സിനിമയുടെ എല്ലാ മേഖലകളിലും നിപുണരായ യൂസിയൻ പ്രതിഭകളെ കർമ്മരംഗത്തെത്തിക്കാൻ പര്യാപ്തമായ വേദിയാണ് സിനി ക്ലബ്ബ്. ഈ വർക്ക്ഷോപ്പിൽ തന്നെ കഥാമൂല്യമുള്ള ഒരു ക്യാമ്പസ് ചിത്രം ചിത്രീകരിക്കാൻ തീരുമാനമെടുക്കുകയും പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു.

## കോളേജ് മാപ്പ് അനാഛാദനം

86 വർഷത്തെ മഹത്തായ പാരമ്പര്യമുള്ള യു.സി. കോളേജിന്റെ ഒരു വലിയ ആവശ്യമായിരുന്നു വ്യക്തമായ ഒരു കോളേജ് മാപ്പ് 2007 ഫെബ്രുവരി 15-ാം തിയതി ഉച്ചതിരിഞ്ഞ് നാല് മണിക്ക് ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ ഡോ.വർഗ്ഗീസ് ജോൺ കലാലയ യൂണിയൻ 2006-2007 ന്റെ ശ്രമഫലമായുണ്ടായ മനോഹരമായ കോളേജ് മാപ്പ് അനാഛാദനം ചെയ്തു. ഇതിലൂടെ യൂണിയന് കൈവന്നിരിക്കുന്നത് കോളേജ് സമൂഹത്തിന്റെ എക്കാലത്തെയും സ്വപ്നസാക്ഷാത്കാരം തന്നെയാണ്.

**ക്യാമ്പസ് സിനിമ:**

**"Evening walk - ക്യാമ്പസിലെ തണലുകൾ തേടി"**

കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഭാഗമായി സിനി ക്ലബ്ബിന്റെ നേതൃത്വത്തിൽ വളരെയധികം തയ്യാറെടുപ്പോടുകൂടി മാർച്ച് 17,18,19 തിയ്യതികളിലായി ഒരു ക്യാമ്പസ് ഫിലം ചിത്രീകരിച്ചു.സിനിമാ രംഗത്തെ വിദഗ്ധരുടെ സഹായത്തോടെ സിനിക്ലബ്ബ് സ്റ്റാഫ് അഡ്വൈസർ ഷെറി ജേക്കബിന്റേയും സെക്രട്ടറി അലൂല എം. ജോസിന്റേയും നേതൃത്വത്തിലാണ് ഇതിന്റെ പിന്നണി പ്രവർത്തനങ്ങൾ നടന്നത്.

"Evening walk - ക്യാമ്പസിലെ തണലുകൾ തേടി" എന്ന് പേരിട്ടിരിയ്ക്കുന്ന ചിത്രം പുതിയ കാലത്തിന്റെ ഭാഗമായി ക്യാമ്പസിൽ നഷ്ടമായികൊണ്ടിരിയ്ക്കുന്ന ഇടങ്ങളെ പ്രമേയമായി സ്വീകരിച്ചിരിയ്ക്കുന്നു. ക്ലാസ്സ് റൂം വിദ്യാഭ്യാസത്തിന് പുറമേ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിയ്ക്ക് ഇത്തരം ഇടങ്ങൾ വളരെയധികം സ്വാധീനം ചെലുത്തുന്നു. നഷ്ടമായികൊണ്ടിരിയ്ക്കുന്ന ഇത്തരം ഇടങ്ങളാണ് ഒരു കാലത്ത് ക്യാമ്പസിന്റെ ജീവനാഡിയായി പ്രവർ ത്തിച്ചിരുന്നത് കലാസാംസ്ക്കാരിക പ്രവർത്തനങ്ങളുടെ മുഴുവൻ ഉറ



വിടവും ഊർജ്ജവും ഇത്തരം ഇടങ്ങളാണ്.

**കോളേജ് ദിനാഘോഷങ്ങൾ**

2007 ഫെബ്രുവരി 15-ാം തിയതി കോളേജ് അങ്കണത്തിൽ വച്ച് കോളേജ് ദിനാഘോഷങ്ങൾ അരങ്ങേറി. കേരളത്തിന്റെ വിശ്വപ്രസിദ്ധ കലാരൂപമായ കഥകളിയ്ക്ക് പുതിയമാനങ്ങൾ നൽകിയ പ്രശസ്ത കലാകാരനും, കവിയും അഭിനേതാവുമായ സർവ്വശ്രീ കലാമണ്ഡലം കേശവൻ അവർകൾ കോളേജ് ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. മലയാളികളുടെ സംഗീതലോകത്ത് ചിരപ്രതിഷ്ഠ നേടിയ ഗായിക ശ്രീമതി മിൻമിനിയും ചടങ്ങിൽ വിശിഷ്ടാതിഥിയായി സന്നിഹിതയായിരുന്നു. പ്രിൻസിപ്പാൾ ഡോ.വർഗ്ഗീസ് ജോൺ കോളേജിന്റെ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് പാഠ്യപാഠ്യേതര രംഗങ്ങളിലെ പ്രതിഭകൾക്ക് പുരസ്ക്കാരങ്ങൾ നല്കി ആദരിക്കുകയും ചെയ്തു.വൈസ് ചെയർപ്പേഴ്സൺ കുമാരി എൽസ തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മാഗസിൻ എഡിറ്റർ ടോം ജോസഫ് സ്വാഗതം പറഞ്ഞു.ജനറൽ സെക്രട്ടറി ഉല്ലാസ് മധു കോളേജ് യൂണിയൻ റിപ്പോർട്ട് അവതരിപ്പിച്ചു.ചെയർമാൻ ജിന്റോ ജോൺ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സ്റ്റാഫ് അഡ്വൈസർ ശ്രീ.കെ. എസ്. നാരായണൻ ആശംസകൾ അർപ്പിച്ച ചടങ്ങിൽ യു.യു.സി. റിനോദ് കെ.എ. നന്ദി രേഖപ്പെടുത്തി.

ഉച്ചയ്ക്ക് ശേഷം യൂസിയൻ സമൂഹത്തിൽ പുത്തനുണർവ്വിന്റെ സംഗീതതരംഗം സൃഷ്ടിച്ചുകൊണ്ട് ഇളയനിലയുടെ ഗാനമേളയും കലാഭവന്റെ മിമിക്സും അരങ്ങേറി. ഹാസ്യത്തിന്റേയും സംഗീതത്തിന്റേയും പുതിയ ലോകങ്ങളിലേക്ക് കോളേജ് സമൂഹത്തെ നയിച്ച കലാപരിപാടികൾ ഏറെ ആസ്വാദ്യകരമായിരുന്നു.2007 ജനുവരി 12-ാം തിയതി നാന്ദികുറിച്ച കോളേജ് യൂണിയൻ പ്രവർത്തനങ്ങൾ ഫെബ്രുവരി 15 ന് കോളേജ് ദിനാഘോഷത്തോടെ ശുഭമായി പര്യവസാനിച്ചു. ചുരുങ്ങിയ കാലം കൊണ്ട് ഹൃദ്യവും, ഉപകാരപ്രദവും, ആസ്വാദ്യകരവുമായ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ ഈ യൂണിയന് കഴിഞ്ഞത് നിരവധി പേരുടെ സ്നേഹോഷ്മളമായ സഹായസഹകരണങ്ങൾകൊണ്ടാണ്.2006-2007 വർഷത്തെ കോളേജ് യൂണിയന്റെ പ്രവർത്തനത്തിൽ സജീവ പങ്കാളിയായിരുന്ന യൂസിയൻ സമൂഹത്തിലെ ഓരോ വിദ്യാർത്ഥിക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. കർമ്മവഴിയിൽ മാതൃകാദീപം തെളിച്ച ബഹുമാന്യനായ പ്രിൻസിപ്പാൾ ഡോ.വർഗ്ഗീസ് ജോൺ, സ്റ്റാഫ് അഡ്വൈസർ ശ്രീ. കെ.എസ്. നാരായണൻ,ആർട്സ് ക്ലബ്ബ് അഡ്വൈസർ സുനിൽ എബ്രഹാം തോമസ്സ്, മറ്റ് അദ്ധ്യാപകർ, അനദ്ധ്യാപകർ, ഞങ്ങളുടെ പ്രവർത്തനങ്ങളിൽ സഹകരിച്ച സുഹൃത്തുക്കൾ തുടങ്ങി എല്ലാവർക്കും ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു.

കർമ്മ സാഗരത്തിന്റെ തീരത്താണ് നിലയുറപ്പിച്ചിരിക്കുന്നതെങ്കിലും, മുന്നിൽ അനന്തമായ ഒരു സാഗരം അലയടിക്കുന്നുണ്ടെങ്കിലും അതിൽ നിന്ന് ഒരു മുത്തുച്ചിപ്പിയെങ്കിലും കണ്ടെടുക്കാൻ കഴിഞ്ഞെങ്കിൽ ഞങ്ങൾ അത്രത്തോളം കൃതാർത്ഥരായി.ശിഷ്ടം തീരുമാനിക്കേണ്ടത് നിങ്ങളാണ്.

കർമ്മങ്ങളുടെ ഈ കണക്കു പുസ്തകം യു.സിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ


**ഉല്ലാസ് മധു**
ജനറൽ സെക്രട്ടറി






# യാത്ര

മിഥുൻ മുരളി
I B.A. Malayalam



അന്ന് കാറ്റിന് പഴയ സംഗീതമില്ലായിരുന്നു. വിശാലമായ ആ പടിക്കെട്ടുകളിലെ മണൽത്തരികളെ നോക്കി അവൻ നടക്കുമ്പോഴേക്കും മഴ അതിന്റെ എല്ലാ ഭാവങ്ങളുമായി എത്തിക്കഴിഞ്ഞിരുന്നു. മഴയോടുള്ള തന്റെ സ്നേഹം അതിന്റെ പാരമ്യതയിലെത്തിയോ എന്ന് അവൻ സംശയിച്ചു. കാരണം തന്റെ കണ്ണിൽ നിന്നും അണപൊട്ടിയൊഴുകുന്ന ചാലുകളെ മറയ്ക്കും വിധം അത് തിമിർത്തു പെയ്യുകയായിരുന്നു. തന്റെ ചുറ്റുമുള്ള സജീവ ലോകത്തിന്റെ ചലനങ്ങൾ എന്തുകൊണ്ടോ അവനറിയാൻ കഴിഞ്ഞില്ല. ഒരു പക്ഷേ, അവന്റെ ഹൃദയം പേറിയിരുന്ന വിഷാദഖണ്ഡങ്ങളുടെ വേദന ഒരു മരവിപ്പായി സിരകളിലരിച്ചുകയറിയതുകൊണ്ടാവാം. ദുരന്തങ്ങൾ തീർത്ത ആ വലിയ കരിങ്കൽ ഭിത്തികൾക്കിടയിലൂടെ വന്ന നേർത്ത കിരണവും വിധി മറിച്ചതിനാലാവാം ആ കണ്ണുകളിൽ ഇരുട്ടുകയറിയിരുന്നു. വേദനയുടെ കനത്ത ഭാരങ്ങളുംപേറി ആ തെരുവു വീഥികളിലൂടെ അവൻ നടന്നകലുമ്പോൾ ഒരിക്കലും പൂക്കാത്ത മാവിന്റെ കൊമ്പിലിരുന്ന് കുയിലുകൾ മൂളുന്നുണ്ടായിരുന്നു. തിരകൾ ആർത്തടിച്ച് ഇരമ്പുന്ന സമുദ്രംപോലെ ചിന്തകളും, ചോദ്യങ്ങളും, ഓർമ്മകളും, തന്നിലേക്ക് ആഞ്ഞടിക്കുമ്പോൾ ആസന്നമായ നിദ്രയ്ക്ക് പശ്ചാത്തലമെന്നോണം കുറിച്ച വരികൾ അവൻ ഓർത്തുപാടി.

ആകാമിതെനിക്കവൻ തരുമൊടുക്കത്തെ വേദന
നിനക്കായ് ഞാൻ കുറിക്കുമവസാന വരികളാകാമിവ

മരവിച്ച മനസ്സുമായ് തന്റെ ജടിലമായ സങ്കേതത്തിലെത്തിയപ്പോഴേക്കും, രാപ്പക്ഷികൾ തങ്ങളുടെ നിശാ- സംഗീതത്തിന് കൊഴുപ്പ് കൂട്ടുകയായിരുന്നു. അവന്റെ വിശാലമായ ഹൃദയത്തെ ഉൾക്കൊള്ളാനാവാതെ ആ ഇടുങ്ങിയ ചുവരുകൾ വീർപ്പിടുന്നത് ആ പാട്ടുകാരുടെ ആവേശം വർദ്ധിപ്പിച്ചു. സ്നേഹത്തിന്റെ മഞ്ഞുപെയ്യിക്കുന്ന ഓർമ്മകളെ ആവിഷ്ക്കരിക്കാൻ ശ്രമിച്ചപ്പോൾ അനാദ്യമായി വാക്കുകളുടെ ക്ഷാമം അവനനുഭവപ്പെട്ടു. കേട്ടുമറന്ന ആപ്തവാക്യങ്ങളുടെ മേച്ചിൽപുറങ്ങളിൽ തനിക്കിണങ്ങുന്ന ഒന്നിനുവേണ്ടി അവൻ വ്യഥാ തിരഞ്ഞുനോക്കി നിരാശയുടെ താക്കോൽ പഴുതിലൂടെ അനശ്വരതയുടെ ലോകം തനിക്ക് ദൃശ്യമായപ്പോൾ, ദുഃഖത്തിന്റെ പൊടിപിടിക്കാതെ, നനുനനുത്ത മേഘപടലങ്ങളാൽ ആവരണം ചെയ്ത് വച്ച ആചിത്രം, തന്റെ ജീവന് പശ്ചാത്തലമായി നിന്ന ആ മുഖം മുന്നിലെത്തി. ആ മുഖം അവനെന്നും ഇഷ്ടമായിരുന്നു. ആ നിലാച്ചിരിയെ കനവുറങ്ങുന്ന ആ മിഴികളെ. മഞ്ഞുതുള്ളിയുടെ നിറമുള്ള അവന്റെ മനസ്സിൽ നിറഞ്ഞുതുളുമ്പിയതത്രയും ആ മുഖത്തോടുള്ള സ്നേഹമായിരുന്നു. താൻ തന്നിലും സ്നേഹിച്ച തന്റെ കുഞ്ഞി ന്റെ മുഖം ഹൃദയത്തിന്റെ അഭ്രപാളികളിൽ പ്രതിബിംബിച്ചപ്പോൾ അവന്റെ മനസ്സ് ചിന്തയുടെ ഇന്നലെകളിലേക്ക് ഊളിയിട്ടു.

എവിടേയും ഉപേക്ഷ മാത്രം കാണിച്ച ദൈവം ജീവിതത്തിൽ ആദ്യമായ് തന്ന നിധി കണ്ണൻ. തന്റെ സുഹൃത്ത്, അനിയൻ, മാത്രമോ തന്റെ പ്രാണന്റെ പ്രാണൻ ലിംഗഭേദങ്ങളുടെ സ്നേഹംഎന്ന യാഥാർഥ്യത്തിനുമപ്പുറം കളങ്കലേശമേൽക്കാതെ താനവനെ സ്നേഹിച്ചിരുന്നു. അവനെത്രയറിഞ്ഞോ എന്തോ?. ജീവിതപാഥേയത്തിന്റെ ഈ വഴിയമ്പലത്തിൽ വച്ച് എന്നന്നേക്കുമായി അവനിൽ നിന്നും അകലേണ്ടിവരുമെന്നറിഞ്ഞപ്പോഴാണ് പ്രത്യാശയുടെ കിരണം കത്തിപ്പടരാൻ തുടങ്ങിയ നിലവിളക്കിലെ തിരിയിൽ പകർന്ന ഊർജ്ജം അവനറിഞ്ഞത്. കാരണം ആ ചൂട് അവനെ ദഹിപ്പിക്കാൻ പോന്നതായിരുന്നു. അതിക്രമിച്ചുകടന്നുപോയ സമയത്തെക്കുറിച്ച് അവനെ ബോധ്യപ്പെടുത്താനെന്നോണം രാപ്പക്ഷികൾ പാട്ട് ഉച്ചസ്ഥായിയിലാക്കി. ചിന്തയിൽ നിന്നുണർന്നെങ്കിലും അപ്രതീക്ഷിതമായി വന്ന കണ്ണന്റെ ഓർമ്മ അവന്റെ മനസ്സിൽ കുളിർമഴ പെയ്യിച്ചു. ഉറങ്ങാറായി. അതിനു മുൻപു ചെയ്തുതീർക്കേണ്ട ജോലികളിൽ അവൻ വ്യാപൃതനായി. എല്ലാം തീർത്ത് സ്വസ്ഥനായപ്പോൾ ഒരു നിമിഷം അവൻ തന്റെ ഉള്ളിൽ തിളക്കുന്ന സ്നേഹത്തെക്കുറിച്ചാലോചിച്ചു. അത് പാഴാക്കിക്കളയാൻ വയ്യ. ഒടുവിൽ ദീർഘനേരത്തെ ആലോചനക്കുശേഷം ഈ ഭൂമിയിലെ മധുരിക്കുന്നതും, സുഗന്ധമുള്ളതുമായ എല്ലാറ്റിനും അവനതുനൽകി. എന്നിട്ടും ബാക്കി വന്നത് ശപിക്കപ്പെട്ട തിരസ്കൃത സ്നേഹത്തിന്റെ സ്മരണക്കായ് തന്റെ ഹൃദയത്തിൽ തന്നെ കുഴിച്ചിട്ടു. യാത്രക്കുള്ള എല്ലാ ഒരുക്കവും കഴിഞ്ഞു. താൻ പൊയ്ക്കഴിഞ്ഞാൽ ഒരുപക്ഷേ ആ കുയിലുകൾ വീണ്ടും പാടും.

പൊടുന്നനേ ഭൂമി വെടിഞ്ഞിവ്വണ്ണം നീ
പറന്നു പോയല്ലോ പ്രിയമരാളമേ

ഒടുവിൽ അവസാനമായ് നിറയുന്ന ശൂന്യതയോട് തന്റെ കണ്ണനോടെന്ന പോലെ അവൻ സംസാരിച്ചു. ഹൃദയം ദ്രവിക്കുന്ന ആ സ്നേഹലാവ അന്തരീക്ഷത്തിലെ ചൂടേറ്റ വായുകണങ്ങൾ വഴി കണ്ണന്റെ വശം എത്തുമെന്ന് അവനുറപ്പുണ്ടായിരുന്നിരിക്കാം.



എന്റെ ഹൃദയത്തിന്റെ തേങ്ങലുകളും നൊമ്പരങ്ങളും അതിഭാവുകത്വത്തിന്റെ പേരിൽ നീ മാറ്റി നിർത്തുമായിരിക്കാം. പക്ഷെ കണ്ണാ രക്തം കിനിയുന്ന, ഉഴറുന്ന, എന്റെ കണ്ണുകൾ വേദനയാൽ വിറയാർന്ന ചുണ്ടുകൾ, നേർത്തു നേർത്തു പോകുന്ന ആർത്തരോദനങ്ങൾ എല്ലാം കണ്ടിട്ടും കാണാതെ കേട്ടിട്ടും കേൾക്കാതെ ഒരു വനരോദനമെന്ന് പരിഹസിച്ച് ചിരിച്ച് നീ കടന്നു പോകുമ്പോൾ എനിക്ക് പരിഭവങ്ങളില്ല, പിണക്കങ്ങളില്ല, പരാതികളില്ല, എനിക്കതിനാവില്ല.

ദുരന്തങ്ങളുടെ പ്രേതഭൂമിയിൽപാതിയും ചത്തു മരവിച്ച എന്റെ ജഡ രൂപത്തിന് ഉദകക്രിയക്കായ് ഒരു തുള്ളി വെള്ളം പോലുമില്ലാതാവുമ്പോൾ, മൃത്യുവിന്റെ ദുഃസഹമായ വേദനസിരകളിലരിച്ചു കയറുമ്പോൾ, അബോധ കയങ്ങളിലേക്ക് ഇനി ഒരിക്കലുമുയരാത്തവണ്ണം പ്രാണൻ മുങ്ങിത്താഴുമ്പോൾ, സ്നേഹിക്കാൻ മാത്രമറിയാവുന്ന തകർന്നുടഞ്ഞ നെഞ്ചിൽ നിന്നോടുള്ള വാൽസല്യം തിരതല്ലുമ്പോൾ അശ്രാന്തശ്രമത്താൽ വിറയാർന്ന കൈകൂപ്പി ദൈവത്തോടപേക്ഷിക്കുന്നു.

സർവ്വേശ്വരാ..........
എന്നുമെന്നും എന്റെ കണ്ണന്
തുണയായിരിക്കണേ.

വീണ്ടും ഓർമ്മകൾ നിറയെ നീ തന്ന പൂക്കൾ വിരിയുന്നു. എന്നിലെ ആദ്യത്തെ സംഗീതം. ഈ നിലാവിന്റെ സംഗീതം നിറയുന്ന എന്നിൽ നീയെന്ന രാഗംമാത്രം.

മനസ്സുശാന്തമായപ്പോൾ അവൻ പതിയെ കിടന്നു. വെറും നിലത്ത്. കണ്ണുകൾ പതുക്കെയടച്ചു. ഇനിയങ്ങോട്ട് ഉറക്കമാണ് ശാന്തമായ നിദ്ര. കാലവും ജീവിതവും ഒരേ വേഗത്തിൽ ചലിക്കുമ്പോൾ ആ ഒഴുക്കിൽപ്പെട്ട് മനസ്സും അതിൽ തിങ്ങിനിറഞ്ഞ ഓർമ്മകളും, സ്വപ്നങ്ങളും ഒഴുകി നീങ്ങുന്നു. പറഞ്ഞാൽ തീരാത്തത്ര നഷ്ടപ്പെട്ടതോ നേടിയതോ എന്നറിയാത്ത നിമിഷങ്ങൾ.

എല്ലാത്തിനേയുമുപേക്ഷിച്ച് ആ ഉറക്കത്തിലേക്ക് അവൻ വഴുതിവീഴുകയാണ് ശാന്തനായ്, നിർന്നിമേഷനായ്......

ഒടുവിൽ ഏതോ ഒരു സായം സന്ധ്യയുടെ ചുവപ്പിൽ പഞ്ചഭൂതങ്ങൾ അവനെ തിരികെയേറ്റപ്പോൾ അതിനു സാക്ഷിയായ് വീശിയിരുന്ന കാറ്റ് മെല്ലെ പറഞ്ഞുകൊണ്ടേയിരുന്നു


അവനുറങ്ങി പക്ഷെ അവന്റെ ഹൃദയം
ഉണർന്നിരുന്നു.

My heart is full of your face. after I die
I will go up here and I will write your name on every star.
When look up the stars you will know how much I love
you dear"

കടപ്പാട് : മുരളി വാലത്ത്

# യാത്രയാകട്ടെ

ആരാണെനിക്കായ് തർപ്പണം ചെയ്യാൻ
ഒരു പിടി അരിയും മലരും തൂകി
പും നരകത്തിൽ നിന്നും ത്രാണനം ചെയ്‌വാൻ
എന്നാത്മാവിനെ കൈകൊട്ടി വിളിച്ചെനിക്കായ്
ഒരു നുള്ളെള്ള് കുഴച്ചൊരുരുള നൽകാൻ
ആരു മില്ലാത്തൊരാത്മാവല്ലോ ഞാൻ
ബലിയൂട്ടാനെനിക്കൊരു പുത്രനില്ല
സീമന്തരേഖയിലാരും തിലകം ചാർത്തിയിട്ടില്ല
ഇനിയും തളിരിട്ടിട്ടില്ലാത്ത താരുണ്യത്തി-
ലെനിക്കൊരു കാമുകനുണ്ടോ ?
നിനവുകൾ പൂത്തുമ്പികളായ് പാറും
കാലമിത് ബാല്യം സുവർണ്ണകാലം
മാംസഭോജികൾ ഭുജിച്ചൊരെൻ ശരീരം



ഓടകൾക്കിടയിൽ അഴുകിയൊലിച്ചു.
കഴുകൻ കൊത്തിവലിച്ച ദേഹം ഇന്നില്ല
കേവലം അസ്ഥിപഞ്ജരം മാത്രം.
നോവിച്ചിടല്ലേ എന്നാത്മാവു തേങ്ങുന്നു
ഇനിയും നോവിന്റെ മാധുര്യം
സഹിക്കാനെനിയ്ക്കു വയ്യ യാത്രയാകട്ടെ
ഇനി മടക്കമില്ല; നേരമായ്....

ശാലിനി ശശി
III B.Sc. Mathematics

# മാധ്യമങ്ങളും യുവജനങ്ങളും



ആൻസില ഉറുമീസ്
II B.Sc. Chemistry

സാമൂഹികസമ്പർക്ക മാധ്യമങ്ങളുടെ ഒരു മാസ്മര ലോകത്താണ് ഇന്നു നമ്മുടെ ജീവിതം. കഥയും കവിതയും പുരാണങ്ങളും പറഞ്ഞുകൊടുത്തിരുന്ന അപ്പൂപ്പന്മാരുടെയും അമ്മൂമ്മമാരുടെയും സ്ഥാനം ഇന്ന് സമ്പർക്കമാധ്യമങ്ങൾ കയ്യടക്കിയിരിക്കുന്നു. മനസിലുള്ള പുതിയ പുതിയ ആശയങ്ങളും ലോകമെമ്പാടും നടക്കുന്ന നവംനവങ്ങളായ വാർത്തകളും വേഗത്തിലും എളുപ്പത്തിലും വ്യക്തമായും ആകർഷകമായും മനുഷ്യസമൂഹത്തിലെത്തിക്കാനുള്ള ബദ്ധപ്പാടിലും വ്യഗ്രതയിലുമാണ് ഇന്നു മാധ്യമലോകം. മാർഷൽ മാക്ക്‌ലുഹാൻ എന്ന ആശയവിനിമയ ശാസ്ത്രജ്ഞൻ പറയുന്നത് മാധ്യമങ്ങൾ ലോകത്തെ ഒരു ആഗോള ഗ്രാമമാക്കി (Global Village) ചുരുക്കിയിരിക്കുന്നു എന്നാണ്.

## മാധ്യമസ്വാധീനം സമൂഹത്തിൽ

മാധ്യമങ്ങൾ ഇന്ന് സമൂഹത്തിലെ എല്ലാ മണ്ഡലങ്ങളിലും ചെലുത്തുന്ന സ്വാധീനം അതിശക്തമാണ്. അവ അനൗദ്യോഗിക സർവകലാശാലകൾ (non formal universities) ആയി മാറിയിരിക്കുന്നു. മാധ്യമങ്ങൾ സൂപ്പർ അദ്ധ്യാപകരുമായി (super teachers) കഴിഞ്ഞു. മാത്രമല്ല ഇന്നത്തെ സമൂഹത്തിന്റെ ടൗുല്യ എ്യ്രാമഴ്യ്രെ ആയും അവ വർത്തിക്കുന്നു. മാറിയ സാഹചര്യത്തിൽ ഒരു വ്യക്തിയുടെ സ്വഭാവരൂപവത്ക്കരണത്തിൽ അതിശക്തമായ സ്വാധീനമാണ് മാധ്യമങ്ങൾ ചെലുത്തുന്നത്. മാധ്യമ വിദഗ്ധരുടെ അഭിപ്രായത്തിൽ ഏതാണ്ട് 80 ശതമാനത്തോളം വരും ഈ സ്വാധീനശക്തി.

## മാധ്യമങ്ങളുടെ മാസ്മരശക്തി

മാധ്യമങ്ങളെ അനുസരിക്കുന്ന ഒരു ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഏത് വസ്ത്രം ധരിക്കണമെന്നും ഏത് സോപ്പ് ഉപയോഗിക്കണമെന്നും ഏത് പേസ്റ്റ് ഉപയോഗിക്കണമെന്നും മറ്റുമുള്ള അനുദിന ജീവിതചര്യകൾ പോലും മാധ്യമങ്ങളാൽ നിയന്ത്രിക്കപ്പെടുകയാണ്. യുവതീയുവാക്കളെ ആകർഷിക്കാൻ എന്തെല്ലാം തന്ത്രങ്ങളാണ് പരസ്യക്കമ്പനികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത്. തങ്ങളുടെ ഉത്പന്നം വാങ്ങാൻ പ്രേക്ഷകരിൽ മോഹം ഉണർത്തുകയാണ് പരസ്യക്കാരുടെ ലക്ഷ്യം . അതിനായ് എന്ത് തന്ത്രം പ്രയോഗിക്കാനും അവർ തയ്യാറാണ്. ഒരു ഉപഭോക്തൃ സംസ്ക്കാരം നമ്മുടെയിടയിൽ വളർത്തിയെടുക്കാൻ പരസ്യങ്ങൾ കാരണമായിത്തീരുന്നു. അതിരുകവിഞ്ഞ അനുകരണഭ്രമം നമ്മിൽ ഉളവാക്കാൻ പരസ്യങ്ങൾ ക്കുള്ള കഴിവ് വളരെ വലുതാണ്. സിനിമയിലും ടെലിവിഷനിലും പ്രത്യക്ഷപ്പെടുന്ന താരങ്ങളുടെ വേഷവിധാനരീതികൾ, അവർ അണിയുന്ന ആടയാഭരണങ്ങൾ എന്നിവ യുവജനങ്ങളെ ആകർഷിക്കുന്നു. വെള്ളിത്തിരയിലെ ഇഷ്ടതാരങ്ങളെ അനുകരിക്കുക ജീവിതപ്രമാണമാക്കിയിരിക്കുന്ന യുവജനങ്ങളും കുറവല്ല. ജീവിത വീക്ഷണത്തെയും ധാർമ്മികതയെ യും ഇത് പ്രതികൂലമായി ബാധിക്കുന്നുണ്ട്.

അടുത്ത കാലങ്ങളിൽ പത്രങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധിച്ചാൽ നമുക്ക് മനസിലാകും മാധ്യമങ്ങളുടെ സ്വാധീനം എത്ര വലുതാണെന്ന്.

സുഹൃത്തിനെ വധിക്കാൻ വഴികണ്ടത് സിനിമയിൽ സിനിമാക്കമ്പം മൂലം നാടുവിട്ട പെൺകുട്ടികൾ പിടിയിൽ സീരിയലിൽ അഭിനയിപ്പിക്കാമെന്നു പറഞ്ഞു ചതിച്ചു. എന്റെ സൂര്യപുത്രി എന്ന സിനിമ കണ്ട് രണ്ടു പെൺകുട്ടികൾ ഒളിച്ചോടി.

ആധുനികമാധ്യമങ്ങൾ കുട്ടികളിലും യുവജനങ്ങളിലും ഉളവാക്കുന്ന ദുഷിച്ച ചിന്തകളും അവ നയിക്കുന്ന വഴികളും വാർത്തകളിൽ നിറഞ്ഞു നിൽക്കുന്നു. ഇത് വികസിത രാജ്യങ്ങളിൽ നടക്കുന്ന കാര്യമല്ല നമ്മുടെ കൊച്ചുകേരളത്തിൽ നടന്ന് കൊണ്ടിരിക്കുന്ന കാര്യങ്ങളാണ് എന്നു മനസിലാക്കുക. സിനിമാതാരങ്ങളെ അനുകരിച്ച് വസ്ത്രം ധരിക്കാനും അവരുടെ വെള്ളിത്തിരയിലെ ജീവിതം അനുകരിക്കാനും യുവജനങ്ങൾ മുന്നോട്ട് വരുന്നു. ഒപ്പം സിനിമാതാരത്തെ ദേവതുല്യനാക്കി മനസിന്റെ കോണിലും പുസ്തകതാളിലും സൂക്ഷിച്ച് നിറം പിടിപ്പിച്ച കഥകളാൽ ഹൃദയത്തിൽ വർണ്ണനൂലുകൾ നെയ്യാൻ കൗമാരപ്രായക്കാരെ ഇന്നു മാധ്യമങ്ങൾ പ്രേരിപ്പിക്കുന്നു. ഇത്തരം വീരാരാധന (Hero Worship) യുടെ വികൃതമുഖങ്ങൾ യുവജനങ്ങളുടെ ജീവിതത്തെ പലപ്പോഴും തകർക്കാറുണ്ട്. സിനിമയിലെ നായകനോ നായികയോ മനസിലെ നായകനോ നായികയോ ആകുന്നതോടെ ജീവിതത്തിന്റെ താളം തെറ്റുന്നു. പ്രേമരംഗത്തിലെ തോഴിമാർ



പൂക്കൾ വിതറുന്നതും തെരുവീഥിയിൽ യുവതികൾ ആഭാസനൃത്തം ചെയ്യുന്നതും ചിത്രീകരിച്ച് സംവിധായകർ പ്രേക്ഷകരുടെ ലോലമനസ്സുകളിൽ വിഷബീജങ്ങൾ വിതയ്ക്കുന്നു. യുവതിയുവാക്കളെ സ്വർണ്ണരഥത്തിലേറ്റി കാല്പനികതയുടെയും അതിഭാവുകത്വത്തിന്റെയും സ്വപ്നമേഖലകളിലേക്ക് ആനയിക്കുന്ന സിനിമാനിർമ്മാതാവിന്റെ ലക്ഷ്യം പണം മാത്രമാണ്. മറവുകളില്ലാത്ത പ്രണയരംഗങ്ങളും അർദ്ധനഗ്നമായ സ്ത്രീ-പുരുഷ സൗന്ദര്യവും യുവമനസുകളെ വഴി തെറ്റിക്കുന്നു. പാശ്ചാത്യജീവിതത്തിലെ സ്വാർത്ഥ ഭാവങ്ങളുടെയും ലൈംഗിക സ്വാതന്ത്ര്യത്തിന്റെയും ഓളങ്ങൾ ഭാരത സംസ്ക്കാരത്തെതന്നെ കാർന്നു തിന്നുകൊണ്ടിരിക്കുന്നു. ഇത് യുവമനസുകളെ മലീമസമാക്കുന്നു. ഇത് പ്രേക്ഷകരുടെ പ്രതികരണ ശേഷിയും സംവേദനക്ഷമതയും നഷ്ടമാക്കുന്നു എന്നതാണ് ഏറെ ദുഃഖകരം.

## മാധ്യമങ്ങളുടെ മേന്മ

മാധ്യമങ്ങൾക്ക് നന്മയുടെ വശങ്ങൾ ഏറെയുണ്ട്. ഉദാത്തമായ ചിന്തയിലേയ്ക്കും ജീവിത വീക്ഷണത്തിലേയ്ക്കും മനുഷ്യ മനസിനെ നയിക്കാൻ ഈ മാധ്യമങ്ങൾക്ക് സാധിക്കും എന്നതിൽ സംശയമില്ല. നിരാശയുടെ ആഴക്കടലിലേക്ക് താണുപോകുന്നവരെ പ്രത്യാശയിലേക്ക് നയിക്കാനും ജീവിതം പച്ചപ്പിടിപ്പിക്കാനും മാധ്യമങ്ങൾക്ക് പ്രചോദനം നൽകാൻ കഴിയും. ധാർമ്മികമൂല്യങ്ങളോടുള്ള ആദരവും പ്രതിബദ്ധതയും യുവമനസുകളിൽ സൃഷ്ടിക്കാൻ മാധ്യമങ്ങൾക്ക് സാധിക്കും. വിപണിയിലെത്തിക്കുന്ന പുതിയ പുതിയ സാധനങ്ങൾ പരസ്യങ്ങളിലൂടെ ജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുന്നതിനും ഒരു ഭാവാത്മകവശമുണ്ട്. സഹോദരങ്ങളോട് സഹാനുഭൂതിയും കാരുണ്യവും പ്രദർശിപ്പിക്കാനും പുത്തൻ മൂല്യങ്ങൾ പകരാനും മനുഷ്യ സമൂഹത്തെ ഒന്നായി കാണാനും ടെലിവിഷൻ പോലുള്ള മാധ്യമങ്ങൾ സഹായിക്കുന്നു. പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ, ശാസ്ത്ര-സാങ്കേതികമേഖലകളിലെ വളർച്ച ഇവയെക്കുറിച്ച് യുവജനങ്ങളെ പഠിപ്പിക്കുവാനും ടെലിവിഷനും മറ്റ് മാധ്യമങ്ങളും സഹായിക്കുന്നു.

യഥാർത്ഥ ലക്ഷ്യങ്ങളിൽ നിന്ന് മാധ്യമങ്ങൾ വ്യതിചലിക്കുമ്പോഴാണ് മനുഷ്യവികസനത്തിനും നന്മയിലേയ്ക്കുള്ള വളർച്ചയ്ക്കും അവ തനതായി തീരുന്നത്.

## മാധ്യമങ്ങളുടെ ലക്ഷ്യങ്ങൾ

മാധ്യമങ്ങൾക്ക് പ്രധാനമായും 3 ലക്ഷ്യങ്ങളാണുള്ളത്. അറിവ് നൽകുക, പഠിപ്പിക്കുക, വിനോദം പ്രദാനം ചെയ്യുക.

**അറിവ് നൽകുക:-** ചുറ്റുപാടുമുള്ള ലോകത്ത് നടക്കുന്ന വിവരങ്ങൾ അപ്പപ്പോൾ നൽകാൻ ഇന്ന് മാധ്യമങ്ങൾക്ക് കഴിയും. സ്വന്തം രാജ്യത്ത് സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ ഉണ്ടാകുന്ന ചെറിയ ചലനങ്ങൾ പോലും മനസിലാക്കാൻ കഴിയുന്നതോടൊപ്പം മറ്റ് രാഷ്ട്രങ്ങളിൽ ഈ തലത്തിലുണ്ടാകുന്ന മുന്നേറ്റങ്ങളും പാളിച്ചകളും കണ്ടുപിടിക്കാനും ജീവിത ശൈലിയിലും മനോഭാവത്തിലും മാറ്റത്തിന്റെ വിത്ത് വിതയ്ക്കാൻ മാധ്യമങ്ങൾ സഹായിക്കുന്നു.

**പഠിപ്പിക്കുക:-** അധ്യാപകന് പകരം നിൽക്കാൻ മാധ്യമങ്ങൾക്ക് കഴിയുകയില്ലെങ്കിലും കലാലയങ്ങളിൽ നിന്നും നേടിയ അറിവ് വികസിപ്പിക്കാനും വളർത്താനും ഇവയ്ക്കു കഴിയുന്നു.

**വിനോദം പ്രദാനം ചെയ്യുക:-** മാധ്യമങ്ങളുടെ അപ്രധാനമല്ലാത്തൊരു ധർമ്മമാണ് വിനോദം പ്രധാനം ചെയ്യുകയെന്നത്. തിരക്കിട്ട ജീവിതത്തിൽ ആയാസരഹിതമായ ഇടവേളകൾ കൊണ്ട് മനസ്സിന്റെ പിരിമുറുക്കം കുറയ്ക്കാൻ ഇവയ്ക്ക് കഴിയുന്നു.

സ്വപ്നങ്ങളുടെ ഫാക്ടറിയായ സിനിമയും മിനിസ്ക്രീനും ഒരു വിനോദോപാധിയായി മാത്രം പലപ്പോഴും ഉപയോഗിച്ചതുവഴി ആ മാധ്യമങ്ങൾ വിനോദത്തിനുവേണ്ടി മാത്രമുള്ളതാണെന്ന ധാരണ ഉണ്ടാകാൻ കാരണമായിട്ടുണ്ട്.

## മാധ്യമപരിശീലനം


മാധ്യമങ്ങളെ ശരിയായി ഉപയോഗിക്കാൻ യുവജനങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു. ലോകത്തിൽ നന്മയും തിന്മയും ഉണ്ട്. ബുദ്ധിമാനായ മനുഷ്യൻ നന്മയെ സ്വീകരിക്കുകയും തിന്മയെ അകറ്റിനിർത്തുകയും വേണം. ഈ അടിസ്ഥാന സത്യമാണ് മാധ്യമങ്ങളുടെ രംഗത്തും പ്രസക്തമായിട്ടുള്ളത്. വിവിധ ദൃശ്യശ്രാവ്യമാധ്യമങ്ങൾ കച്ചവടനേട്ടങ്ങൾക്കുവേണ്ടി വിളമ്പുന്ന വിഭവങ്ങൾ നമ്മുടെ സംസ്ക്കാരത്തിനു ചേരുന്നതല്ല. പക്വതയെത്താത്തവർക്ക് അപകടകാരികളുമാകും അവ. അതിനാൽ ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ ഇന്റർനെറ്റ്, ഇ-മെയിൽ, ടിവി, സിനിമ തുടങ്ങിയ മാധ്യമങ്ങളെ വീക്ഷിക്കുവാനും ശ്രവിക്കുവാനും നാം പഠിക്കണം. മാധ്യമങ്ങൾ തരുന്ന ആശയങ്ങളും അഭിപ്രായങ്ങളും വിശകലനം ചെയ്യാനും കൊള്ളാവുന്നതിനെ സ്വീകരിക്കുവാനും തള്ളേണ്ടതിനെ തള്ളുവാനും യുവതലമുറ പരിശീലനം നേടണം. ഭൗതികവും ധാർമ്മികവുമായ നിലവാരത്തെ ഉയർത്തുന്ന പ്രസിദ്ധീകരണങ്ങളും പ്രോഗ്രാമുകളും കാണാൻ യുവതലമുറ തയ്യാറാകണം.

ടെലിവിഷൻ വീക്ഷിക്കുമ്പോൾ വാർത്ത, അറിവ്, വിനോദം എന്നിവ തമ്മിൽ ഒരു സന്തുലനം നിലനിർത്തേണ്ടത് ആവശ്യമാണ്. വിനോദകാര്യങ്ങൾ മാത്രം താൽപ്പര്യപ്പെടുന്ന യുവജനങ്ങൾ അറിവു പകരുന്ന കാര്യങ്ങളും വാർത്തയും കൂടി വീക്ഷിക്കാൻ തയ്യാറാകണം. ടെലിവിഷനിലൂടെ വരുന്ന പരിപാടികൾ എത്ര പ്രയോജനപ്രദങ്ങളാണെങ്കിലും പഠനം, ജോലി, പ്രാർത്ഥന മുതലായവ മറന്നു ടെലിവിഷന്റെ മുന്നിലിരിക്കുന്നതു ശരിയല്ല. ടെലിവിഷൻ കാണാനുള്ള സമയത്തിന് വിവേചനബുദ്ധിയോടെ ഒരു പരിധി കൽപ്പിക്കണം. നാം ഒരിക്കലും മാധ്യമങ്ങൾക്ക് അടിമയാവരുത്.

ടെലിവിഷനിൽ വരുന്ന പ്രോഗ്രാമുകളെകുറിച്ച് അഭിപ്രായ രൂപവത്ക്കരണം നടത്തുകയും പ്രതികരണം അവയുടെ നിർമ്മാതാക്കളെയും സ്പോൺസർ ചെയ്യുന്നവരെയും അറിയിക്കുകയും വേണം. നല്ല പ്രോഗ്രാമിനെ അഭിനന്ദിക്കുകയും വികലമായ മൂല്യങ്ങൾ അവതരിപ്പിക്കുന്നവയെ വിമർശിക്കുകയും വേണം. അരങ്ങിലും വെള്ളിത്തിരയിലും കടലാസിലും കാണുന്നവയെ വിമർശനബുദ്ധിയോടെ വീക്ഷിക്കാനും വിലയിരുത്താനും കഴിയുമ്പോൾ മാത്രമേ മാധ്യമങ്ങളുടെ തെറ്റായ സ്വാധീനത്തിൽ നിന്നു മോചനം നേടാനാകൂ.

അതിനുവേണ്ടി മാധ്യമാവബോധ സെമിനാറുകളും ചർച്ചകളും നടത്തി ഈ ആശയം പ്രചരിപ്പിക്കാൻ യുവജനങ്ങൾ മുന്നോട്ട് വരണം. സാഹിത്യക്യാമ്പുകൾ, നാടകപഠനക്കളരി, ചലച്ചിത്രാസ്വാദന കോഴ്സ് മുതലായവ ഈ തലത്തിൽ അനുഭോക്താക്കളെ പരിശീലിപ്പിക്കാൻ പറ്റിയ വേദികളാണ്. കലാപരമായ മേന്മയുള്ളതും അതേസമയം ധാർമ്മികതയും മാനുഷിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതുമായ മാധ്യമങ്ങളെ തിരിച്ചറിയാനും അങ്ങനെ ഒരു പുത്തൻ ദൃശ്യരാവും സംസ്ക്കാരം വളർത്തിയെടുക്കാൻ യുവജനങ്ങൾക്ക് സാധിക്കട്ടെ.

# ഓർമ്മ




അരുൺ റ്റി. എ.
I B.A. History

മൂകമാം എന്നുള്ളിൽ നാദമായ്,
നീ തമ്പുരു മീട്ടുന്നു.
പെയ്തൊഴിഞ്ഞ മഴമേഘമായ്
ഇന്നെന്റെ മൗനവും വിടചൊല്ലി
സാന്ദ്രമാം സാഗരം പോൽ എൻ
മനമൊഴുകുന്ന വേളയിൽ
യാത്രയായ് പോകയാണോ നീ
സായംസന്ധ്യേ വീണ്ടും
ഒരു മഞ്ഞുതുള്ളി പോൽ
ഒരു നറുപുഞ്ചിരി പോൽ
സന്ധ്യേ നീ എൻ മനസ്സിൽ
ഒരു കോണിൽ മായാതെ !!


# നിലാവ്

ശ്രീകാന്ത് പി. പി.
I B.A. Malayalam



നിലാവ് വധുവായപ്പോയൾ,
എന്റെ സ്വപ്നങ്ങൾ മഞ്ഞുതുള്ളിയായ്
അവ ഒന്നൊന്നായി
മരിച്ചു വീണു
അവളുടെ ചിതയ്ക്ക്
വല്ലാത്ത ചൂടായിരുന്നു
ഒടുവിൽ ചക്രവാളത്തിലെ
കനലുകൾ കെട്ടടങ്ങി
വീണ്ടും കണ്ണടയ്ക്കുമ്പോൾ....
ഇരുളിൽ അവളാം നിലാവ്!

# മഹാഗണിതം





**പി. വി. രാമചന്ദ്രൻ**

കലാലയത്തിൽ നിലനിന്ന 80 വർഷത്തിലേറെ പഴക്കമുള്ള മഹാഗണിമരത്തിന്റെ കടക്കുറ്റികൾ കൊണ്ടാണ് സ്വർണ്ണാനുപാതത്തിൽ മഹാഗണിതമെന്ന മഹാശില്പം രൂപകല്പന ചെയ്തിരിക്കുന്നത്.

6 വർഷം മുൻപ് ഉണ്ടായ ഇടിമിന്നലിലാണ് കലാലയത്തിൽ 80 വർഷത്തിലേറെ പഴക്കമുള്ള മഹാഗണിമരം തകർന്നുവീണത്. പകൽ സമയം 3.30 ഓടെയാണ് ആകാശത്തു നിന്നും രണ്ടു തീഗോളങ്ങൾ ഒരു പൊട്ടു പോലെവന്ന് 2 അടി വ്യാസമുള്ള തീഗോളങ്ങളായ് മഹാഗണിമരത്തിൽ വന്നു പതിച്ചത് ഒരു പൊട്ടലോടെ. ശാസ്ത്രജ്ഞന്മാർ അതീവഗൗരവത്തോടെ കാണുന്നു. 'ബോൾ ലൈറ്റിനിങ്ങ്' എന്ന ഇടിമിന്നലായിരുന്നു അത്.

കലാലയത്തിൽ അനേകായിരം വിദ്യാർത്ഥികളിൽ ഒരു നൊമ്പരമുണർത്തി രക്തസാക്ഷികളായ മഹാഗണിമരക്കടയിൽ നിന്നും മഹാഗണിമരം നിന്ന സ്ഥലത്തു നിന്നും 10 അടി അകലെയായി ഒരു സ്മാരകസ്മരണികപോലെ മഹാഗണിതം എന്ന ശില്പം വിരിഞ്ഞു ഒരു നിയോഗം പോലെ.

ഒരുപക്ഷേ 80 വർഷം പഴക്കമുള്ള മഹാഗണിമരം ഒരു വിത്തായിരുന്നപ്പോൾ ആ വിത്തിലും മഹാഗണിമരം എന്ന ശില്പത്തിന്റെ ആരൂഢ ചിന്തകൾ ഉണ്ടായിരിക്കാം. അതായിരിക്കാം പ്രപഞ്ചത്തിന്റെ ഒരു ശക്തിദുർഗ്ഗമായ ഒരു ഇടിമിന്നൽ മഹാഗണിമരത്തിലൂടെ കടന്ന് ഭൂമിയിൽ ലയിച്ചപ്പോൾ മഹാഗണിതമായ് വിരിഞ്ഞത്.

മഹാഗണിതമെന്ന ശില്പം ഉൾക്കരുത്തിന്റെ മഹാശില്പമാണ് ഉൾക്കരുത്തില്ലാത്ത ചാന്ത് പൊട്ടുകൾക്ക് മഹാഗണിതം ആസ്വദിക്കുന്നതിന് ആവുകയില്ല. ഒരു വർഷം മുൻപ് ഒരു കോളേജ് യൂണിയൻ ഉദ്ഘാടനത്തിൽ മഹാകവി കടമ്മനിട്ട രാമകൃഷ്ണൻ മഹാഗണിതത്തെ നോക്കി ചൂണ്ടിപ്പറഞ്ഞതാണിത്.

മഹാഗണിതമെന്ന ശില്പം നോക്കുമ്പോൾ ഒറ്റനോട്ടത്തിൽ ഒന്നും മനസ്സിലാവുകയില്ല എങ്കിലും അറിയാതെ ഏതോ ഭൂതകാലത്തിന്റെ ഉണർവിൽ നിന്ന് എന്തോ ഒന്ന് നമ്മെ പിടിച്ചു വലിയ്ക്കുന്നതായി അനുഭവപ്പെടുകയും മഹാഗണിതത്തിൽ മനസ്സു നിൽക്കുകയും ചെയ്യും. ഒരു സന്തോഷമനുഭവപ്പെടും.

പിന്നെ അന്ത്യാക്ഷരികളായ സംഗീതംപോലെ മഹാഗണിതത്തിൽ ആലേഖനം ചെയ്തിട്ടുള്ള ഗണിതശാസ്ത്ര ബോധനങ്ങൾ നമ്മുടെ കാഴ്ചയെ സമ്പൂർണ്ണമാക്കുന്നു.

ഗണിതശാസ്ത്രത്തിലെ സ്വർണ്ണാനുപാതം, കനകാനുപാതം, എന്ന ഗോൾഡൺ റേഷ്യോ, അഥവാ ഗോൾഡൻ പ്രൊപ്പോഷനിലാണ് മഹാഗണിതത്തിന്റെ അളവുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

അതിനാൽ എത്ര കണ്ടാലും മനസ്സു നിറയാതെ അനുഭൂതിലയം കാണുന്തോറും വന്നു കൊണ്ടിരിക്കും.

മഹാഗണിതമെന്ന ഗണിതശില്പം നമ്മോട് സംവേദിക്കുന്നത് മഹത്തായ ഊർജ്ജ പ്രവാഹത്തിന്റെ ഭാഷയിലാണ്.

ശില്പങ്ങളും ചിത്രങ്ങളും ആസ്വദിക്കുന്നതിന് പരിശീലനം വേണം.

മഹാഗണിതമെന്ന ശില്പം പ്രപഞ്ചക്രമത്തിന്റെ താക്കോലായ ഗണിതബോധനങ്ങളെ ചിന്തകളായി മനുഷ്യ മനസ്സുകളിലേക്ക് ആവാഹിക്കുകയാണ്.

മഹാഗണിതത്തിലെ വലിയ ഇരുമ്പുമണി കലാലയത്തിൽ പണ്ട് ഉപയോഗിച്ചിരുന്നതാണ്. സമയനിഷ്ഠയുടെ കർക്കശമായ ശാസനങ്ങളിലേക്ക് മണി പ്രതിനിധാനം ചെയ്യുന്നു. മണി എന്നാൽ മനസ്സ് എന്നും ആത്മാവുള്ളത് എന്നും... കലാലയത്തിന്റെ ആത്മാവായും മണി പ്രതീകാത്മകമാകുന്നു.

മഹാഗണിതത്തിൽ നിന്നും നാലു വശത്തേക്കും പെയ്തിറങ്ങുന്ന സർവ്വേ ചെയിനുകൾ മനുഷ്യൻ, ഭൂമിയുടെ അളവുകൾ, ഭൂമിയുടെ വിഭജനം എന്നിവ പ്രതിനിധാനം ചെയ്യുന്നു.

മഹാഗണിതം പ്രപഞ്ചത്തിലെ സമസ്ത ചരാചരങ്ങളെ, ജീവികളെ മനുഷ്യകുലത്തിലെ അനേകായിരം സങ്കീർണ്ണ ഭാവങ്ങളെ നമ്മെ കാണിച്ചുതരുന്നു നമ്മുടെ അകക്കണ്ണിന്റെ വിസ്തൃതി പോലെ.

മഹാഗണിതത്തിൽ ഗണിത തത്ത്വചിന്തകളുടെ നൂറായിരം ചിഹ്നങ്ങളും തത്ത്വവുമടങ്ങിയിരിക്കുന്നു.

മഹാഗണിതത്തിൽ കാണുന്ന ത്രികോണവും അതിനുള്ളിലെ വൃത്തവും അതിനുള്ളിലെ ത്രികോണവും മനുഷ്യരാശി നൽകുന്ന ഗണിത തത്ത്വാന്വേഷണങ്ങളാണ്.

ട്രയാങ്കിളുകൾ മൂന്നുവശവും കൂർത്തതും ഇരുണ്ടതും ബീഭത്സമായ മൂലകൾ ഉള്ളതും ചലിക്കാത്തതും കേന്ദ്രബിന്ദുവിൽ നിന്നും വ്യത്യസ്ത അളവുകളോട് കൂടിയതുമാണ്.

സമൂഹത്തിന്റെ അസമത്വവും ഞാനെന്ന ഭാവവും, സ്വാർത്ഥതയും വൈരാഗ്യപ്രവർത്തികളേയും മനസ്സിന്റെ അന്ധകാരത്തേയും സൂചിപ്പിക്കുന്ന ഈ ത്രികോണങ്ങൾ.

വൃത്തം മദ്ധ്യബിന്ദുവിൽ നിന്നും തുല്യ അകലങ്ങൾ

നിലനിർത്തുന്ന ബിന്ദു സമൂഹമാണ്. ഇത് സമൂഹത്തിലെ സമത്വത്തെ പ്രതിനിധാനം ചെയ്യുന്നു. ചലന സ്വഭാവമുള്ളതാണ്. ഇത് സമൂഹത്തിന്റെ വളർച്ചയെ പ്രതിനിധാനം ചെയ്യുന്നു.

ത്രികോണത്തിനകത്തെ വൃത്തം സൂചിപ്പിക്കുന്നത് ഏത് തിന്മയിലും തിന്മയായ മനുഷ്യരിലും നന്മ കാണാം എന്നതാണ് വൃത്തത്തിനകത്തെ ത്രികോണം ഏത് നന്മയുള്ള മനസ്സിലും തിന്മ കാണാം എന്നതാണ്.

ത്രികോണത്തിന്റെ ഒരുമൂല ഒടിയ്ക്കുക വഴി ത്രികോണം ചതുർഭുജമായും പഞ്ചഭൂതമായും 9 ഭുജങ്ങളായി മാറിയും വൃത്തമാകുന്നു. ഇത് ത്രികോണത്തിന്റെ ഞാൻ എന്ന ഭാവം മാറുക വഴി ത്രികോണം വൃത്തമാകുന്നു. ത്രികോണത്തിന്റെ ഞാൻ എന്ന അവസ്ഥയിൽ നിന്നും മാറി.

മഹാഗണിതത്തിലെ കൂറ്റൻ ഇരുമ്പുഗാർഡറുകൾ അടുത്ത നൂറ്റാണ്ടിലെ സൈബർ റോക്കറ്റുകളെയും സൈബർ ഫ്ളാറ്റുകളേയും ഓർമിക്കുന്നു.

അതെ മഹാഗണിതത്തിൽ പറഞ്ഞുവന്നാൽ പറഞ്ഞുതീരാത്തത്രയും പറയാനുണ്ട്.

എങ്കിലും മഹാഗണിതത്തെപ്പറ്റി പറയുമ്പോൾ പ്രപഞ്ചത്തിന്റെ ഒരു ഊർജ്ജ പ്രവാഹവും ദൈവത്തിന്റെ നൂറായിരം ഭാവങ്ങളിൽ ഒരു ഭാവവുമാണ് എന്നു പറയട്ടെ.

ഗണിതശാസ്ത്രജ്ഞനും യു.സി കോളേജിലെ ഗണിത വിഭാഗത്തിലെ പ്രൊഫസറുമായ സർ. സണ്ണി കുരിയാക്കോസ് സാറാണ് സ്വർണ്ണാനുപാതത്തിൽ മഹാഗണിതത്തിന്റെ അളവുകളും ഗണിത തത്വചിന്തകളും പകർന്നത്.

യു.സി കോളേജിൽ മേജർ റിസർച്ച് പ്രോജക്ടിലെ ഫീൽഡ് ഓർഗനൈസറായ ആർട്ടിസ്റ്റ് രാമചന്ദ്രനാണ് മഹാഗണിതം രൂപകല്പന ചെയ്തത്.

യു.ജി.സി. മേജർ റിസർച്ച് പ്രോജക്ട് ലെ പ്രൊഫസർ ജോണപ്പസാറാണ് മഹാഗണിതം എന്ന് നാമം കണ്ടുപിടിച്ചത്. ആർട്ടിസ്റ്റ് എം.വി. ദേവൻ മഹാഗണിതം ഉദ്ഘാടനം ചെയ്തു.

അതെ മഹാഗണിതം ഉണർവ്വിന്റെയും നിറവിന്റെയും ഘനീഭവിച്ചുറഞ്ഞ നിശബ്ദ സംഗീതത്തിന്റെയും ഊർജ്ജ പ്രണയ പാരവശ്യത്തിന്റെയും അതി നിഗൂഢ പ്രപഞ്ചാതീതമായ ശക്തിയിൽ വിലയം പ്രാപിയ്ക്കാൻ വെമ്പൽ കൊള്ളുന്ന മനുഷ്യ മനസ്സുകളുടെ ഒരു ഭാവദർശനമാണ്, പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള അനുരാഗവുമാണ്.

ഉൾക്കരുത്തിന്റെ മഹാഗണിതമേ എന്നിൽ ഉണർവ്വും കരുത്തും നിറച്ചാലും,

പ്രപഞ്ചത്തിന്റെ ക്രമങ്ങളുടെ താക്കോലായ മഹാഗണിതമേ

എന്നിൽ ക്രമത്തിന്റെ സ്വർണ്ണാനുപാതം നിറച്ചാലും. എന്നെ സമ്പൂർണ്ണനാക്കിയാലും, ക്രമം തെറ്റിയമഗയും, ക്രമം തെറ്റിയ ജീവിതവും നിറയുന്ന ഈ കാലഘട്ടത്തിൽ, പ്രിയ മഹാഗണിതമേ അറിയാതെ നിന്നെ ഞാൻ പ്രണയിച്ചു പോകുന്നു.

ഓരോ ഋതുഭേദങ്ങളിലും നീ ശക്തമായ് നിലകൊള്ളുന്നതറിഞ്ഞ് ഞാനുറയുന്നു.

പ്രിയ മഹാഗണിതമേ എന്നെ അനുഗ്രഹിച്ചാലും.

ഞാൻ പറന്നുയരട്ടെ.

ജ്വലിച്ചു നിൽക്കട്ടെ.

# Why ??




**Sherin Mathew**
I M. A. Psychology

On the street I so a small girl
Cold & shivering in a thin dress,
With little hope of a decent meal.
I became angry & said to God ;
"Why did you permit this ? why don't you do something about it ?"
For a while God said nothing,
That night he replied, quiet suddenly,
" I certainly did somthing about it,
I maid you."



# സങ്കല്പങ്ങളിലെ യൂ.സി.



ഷെരിഫ് എസ്.
II B.Sc. Mathematics

തലമുറകളുടെ ഓർമ്മകളും പേറി നിൽക്കുന്ന യു.സിയുടെ നഷ്ടപ്പെടുന്ന സൗഹൃദങ്ങളെ ഓർത്തു ഞാൻ. ആളൊഴിഞ്ഞ സീ. സിയും ബി.ബി.സിയും ആർപ്പുവിളികൾ നഷ്ടപ്പെടുന്ന ചക്കമരവുമാണ് ഇപ്പോൾ യു.സിയിലെ കാഴ്ച. മരത്തണലിലെ സൗഹൃദങ്ങളുടേയോ അന്വേഷണ വിമർശനങ്ങളുടേയോ സംവാദങ്ങളുടേയോ കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു.ബോണ്ടും പേടിച്ച് ഓടി ഒളിക്കുന്ന ഒരു കൂട്ടം കുട്ടികളെ കാണാം. ഒരു ഭാവി തലമുറ തീർത്തും ലക്ഷ്യബോധമില്ലാതെ അലയുകയാണോ?

ഇതിനെല്ലാം ഉപരി സ്വന്തം മനസ്സിലെ കാപട്യം മറച്ചുവച്ച് സ്നേഹമന്വേഷിക്കുകയാണ് പലരും. അവർക്ക് സ്നേഹവും സൗഹൃദവും എവിടെയാണ് കണ്ടെത്താൻ കഴിയുക? ജീവിതത്തിൽ പലപ്പോഴും പ്രയോജനപ്പെടാത്ത കാര്യങ്ങൾ തലയിലേറ്റി എക്സാം ഹാളിൽ ഇറക്കിവയ്ക്കുന്ന തിരക്കിനിടയിൽ ജീവിതത്തെ തന്നെ തിരിച്ചറിയാൻ മറന്നുപോകുന്നു ഇപ്പോഴത്തെ വിദ്യാർത്ഥികൾ. മനുഷ്യനായി ജീവിച്ചിട്ടും മനുഷ്യനെ അറിയാതെ വ്യക്തിയുടെ സമഗ്രമായ വികസനവും അതുവഴി ഉന്നത പൗരൻമാരെ വാർത്തെടുക്കലുമാണത്രേ വിദ്യഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം. പക്ഷെ ഇതു വരെ എഴുതിക്കൂട്ടിയ പരീക്ഷകൾ കൊണ്ടും പഠനം കൊണ്ടും എന്തൊക്കെ നേടാൻ കഴിഞ്ഞു ഇന്നത്തെ വിദ്യാർത്ഥി സമൂഹത്തിന് ? ഗണിതശാസ്ത്രത്തിലെ സമാന്തര രേഖകൾ പോലെ പഠനവും ജീവിതവും രണ്ട് വഴിക്ക് കൊണ്ട് പോകുന്നു.

ആത്മാർത്ഥതയിൽ ചാലിച്ച ഒരു ക്യാമ്പസ് സൗഹൃദമോ പ്രണയമോ ഇന്ന് നമുക്കിടയിലുണ്ടോ? ഇത് തിരിച്ചറിയാനുള്ള കഴിവു വരെ നഷ്ടപ്പെട്ടിരിക്കുന്നു ഇന്നത്തെ വിദ്യാർത്ഥികൾക്ക്. പ്രണയം എന്നതിനു പകരം പലപ്പോഴും പ്രണയാഭാസങ്ങളാണ് ഇന്ന് ക്യാംപസുകളിൽ ഉള്ളത്.


ഇപ്പോൾ ക്യാംപസിന്റെ കൗമാരച്ചൂടിൽ ഒരു ത്രിൽമാത്രമായി മാറിക്കൊണ്ടിരിക്കുകയാണ് പ്രണയം.കേട്ടറിഞ്ഞതുപോലെ കൗമാരത്തിന്റെ തിരുശേഷിപ്പുകളിൽ നിന്ന് യൗവനത്തിന്റെ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞതുകൊണ്ടും ഒരു പക്ഷെ ഒരു പ്രേമത്തിൽ പെടാത്തതു കൊണ്ടുമാവാം അങ്ങനെ തോന്നാൻ യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടുമ്പോൾ മിക്ക സ്വപ്നങ്ങളും മറന്നുപോകുന്നതു കൊണ്ടുമാകാം.

മനുഷ്യമനസ്സുകൾ പരസ്പരം തിരിച്ചറിയാനാവാത്ത വിധം അന്ധകാരത്തിൽ അകപ്പെട്ടിരിക്കുന്നു. ജീവശ്വാസം പോലെ കാത്തു സൂക്ഷിച്ച ധാരാളം സൗഹൃദങ്ങളുടെ ആഴവും പ്രകാശവും തെളിഞ്ഞു നിന്ന കാലം ഇന്നത്തെ ക്യാംപസിന് അന്യമായിരിക്കുന്നു.

ഒരായുഷ്ക്കാലം മുഴുവൻ കുളിർപ്പിക്കുന്ന തണൽ തരുന്ന മഹാഗണിച്ചുവട്ടിൽ പൂത്ത ആദ്യപ്രണയത്തിന്റേയും സൗഹൃദയത്തിന്റേയും സ്വാന്തനങ്ങളോടൊപ്പം ചിരിപ്പിച്ചും വേദനിപ്പിച്ചും വിടവാങ്ങിയ ഒത്തിരി പേരുണ്ടാകാം ഇനിയും വിടവാങ്ങാൻ കൊതിക്കാത്ത ഒത്തിരി പേരുണ്ട്. ഇനിയുള്ളവർക്കെങ്കിലും പിഴവു സംഭവിക്കാതിരിക്കട്ടെ.

ഇനിയൊരിക്കൽക്കൂടി ഒരായിരം പ്രതീക്ഷകളുമായി ഈ യു.സിയൻ ക്യാംപസിന്റെ നടകൾ ചവിട്ടിക്കയറുമ്പോൾ ഓർക്കുക, ഇത് ആർക്കോ വേണ്ടി നാം നാളെ ഉപേക്ഷിക്കേണ്ടിവരും.






# പെങ്ങൾ

**കിരൺ ഉണ്ണി**
III B.A. Psychology

ഏതോ കർമ്മത്തിൻ പുണ്യമായിട്ടു-
കിട്ടിയതാണെനിക്കെൻ കൊച്ചു പെങ്ങളെ
തമ്മിൽ പിണങ്ങിയുമിണങ്ങിയും
ഒരു പാടടുത്തുപോയി ഞങ്ങൾ
ഒരേ രക്തമല്ലെന്നെനിക്കറിയാമെങ്കിലും
അവളെൻ സ്വന്തം പെങ്ങളായിരുന്നു.
ദുഃഖത്തിലമർന്ന എൻ ഹൃദയത്തിൻ താളത്തെ
സ്നേഹം കൊണ്ടു കീഴ്പ്പെടുത്തിയെൻ പെങ്ങൾ
സ്നേഹിക്കാൻ മാത്രമറിയുന്ന എൻ കൊച്ചു പെങ്ങളെ
എത്ര നോവിച്ചതോർത്തു ഞാൻ കരയുന്നു.
ഏതു നേരത്തും തിരക്കുള്ള എൻ പെങ്ങളെ
തനിച്ചുകിട്ടാനസാദ്ധ്യമാണെന്നറിയാമെങ്കിലും
കൊതിച്ചു പോകുന്നു ഈ ഏട്ടന്റെ മനസ്സ്
എൻ പെങ്ങളൊരുമിച്ചുള്ളസുലഭനിമിഷങ്ങൾ
സ്നേഹവാക്കുകളറിയില്ലെങ്കിലും എൻ മനസ്സിൻ
ഹൃദയസ്പന്ദനങ്ങളിലെന്നുമുണ്ടായിരുന്നു എൻ പെങ്ങൾ
നിമിഷങ്ങൾ മാത്രംമതി സ്നേഹബന്ധങ്ങൾ
ഉണ്ടാകാനും തകരാനുമെന്നറിയാമെങ്കിലും
അറിയാതെ മന്ത്രിച്ചു പോകുന്നു ഈ ഏട്ടന്റെ മനസ്സ്
എന്നെ വിട്ടകലരുതേ ഈ കൊച്ചുപെങ്ങൾ
എന്നോ എന്നെ വിട്ടകലേണ്ടി വരുമെന്നറിയാമെങ്കിലും
പോകരുതേ എന്നു മന്ത്രിക്കാൻ അവകാശമില്ലെങ്കിലും
ഈ ഏട്ടന്റെ മനസ്സ് ഒന്നേ ആഗ്രഹിക്കുന്നുള്ളൂ
നിന്റെ മനസ്സിൻ മണിക്കോവിലിലെവിടെയോ
ഒരു സ്ഥാനമെനിക്കായ് മാറ്റിവയ്ക്കണേ എൻ
പ്രിയ പെങ്ങൾ............

കടപ്പാട് : കണ്ണൻ



# എന്നെ നീ അറിഞ്ഞിരുന്നോ???



**ജിനി വർഗ്ഗീസ്**
I M.Sc. Mathematics

വിരിഞ്ഞിടാതിനിയും അകന്നിടുമ്പോൾ
അകലുവാൻ വെമ്പുന്ന മിഴികളാണോ ?
കരയുവാൻ കഴിയാതെ വിതുമ്പിടുമ്പോൾ
പരിഭവം പകരുന്നതരമാണോ?
നിറയുന്ന മിഴികളിൽ പടരുന്ന സ്വപ്നമാണോ?
അരികത്തുണ്ടായിട്ടുമകലെയായ് തീർന്നില്ലേ
കലങ്ങിയ മിഴികളിൽ പുകയുന്ന വേദന
ഹൃദയത്തിൽ ജ്വലിക്കുന്ന അഗ്നിയല്ലേ ?
നിന്നധരം പൊഴിക്കുന്ന വാക്കുകളൊക്കെയും
എൻമനസ്സിനെ എന്നും തളർത്തിക്കളഞ്ഞില്ലേ ?
സ്വപ്നമായ് ഞാൻ തീർത്ത മണ്ണുകൊട്ടാരങ്ങൾ
തിരയായ് വന്നു നീ എറിഞ്ഞുടച്ചില്ലേ ?
എങ്കിലും പരിഭവം ഞാൻ പറയാതിരുന്നില്ലേ
അനന്താകാശത്തിനും അപ്പുറത്തുള്ള
അനന്തതയിൽ ഞാൻ പറന്നകന്നില്ലേ ?
ഞാൻ പറന്നകന്നില്ലേ ? പറന്നകന്നില്ലേ ?

# Principal's Report



The year 2006-07 was a year of commendable achievements for the college. A good number of students secured first, second or third positions in the M.G University examinations of March/ April 2006. The rank holders were

| Rank Holders | | |
|---|---|---|
| **BA/BSc** | | |
| Sindhu N Menon | Second Rank | BA History (first class with distinction in Archeology) |
| Pleasa Serin Abraham | First rank | BA Economics |
| Resmi P | Second Rank | BA English |
| Santhy B | Third Rank | BA Psychology |
| Prashob C.B | Third Rank | BSc Physics |
| Renu Rajan | First Rank | BSc Botany |
| Vipin P.C | Second Rank | BSc CME |
| Thushara E.S | First rank | BSc CME |
| Sreeraj R | Third Rank | BSc CME |
| Anju Mary Philip | First Rank | BT& SP |
| Maria Sharon John | Second Rank | BT& SP |
| Jinu Thampi | Third Rank | BT & SP |
| **MA/MSc** | | |
| Renu Elizabeth John | Second Rank | MSc Physics |
| Krishna Kumar | Third Rank | MSc Botany |
| Shabana M.B | Third Rank | MA History |
| Divya.S | First Rank | MA Malayalam |
| Mary Jain Jose. K | Third Rank | MA Malayalam |
| Teena Philip Sophy Mankavil | First Rank | MA Psychology |
| Sini Mol Thomas | Second Rank | MA Psychology |
| Binitha P Jose | Third Rank | MA Psychology |

The college fared well in terms of the success rate of students in different courses too. Here are the results of the final year BA/BSc and MA/ MSc examinations 2006.

**A. Undergraduate Courses**

| BA/BSc | Number of students appeared | Pass percentage | First Class | Second Class | Third Class |
|---|---|---|---|---|---|
| History | 28 | 92.86 | 6 | 10 | 10 |
| Economics | 45 | 95.56 | 20 | 13 | 10 |
| English | 44 | 93.18 | 17 | 15 | 9 |
| Psychology | 32 | 93.75 | 16 | 8 | 6 |
| Malayalam | 43 | 97.67 | 28 | 13 | 1 |
| Archeology | 26 | 69.23 | 1*+7 | 4 | 6 |
| Mathematics | 38 | 100 | 37 | 1 | 0 |
| Physics | 42 | 88.10 | 35 | 1 | 1 |
| Chemistry | 42 | 100 | 42 | 0 | 0 |
| Botany | 25 | 84.00 | 20 | 1 | 0 |
| Zoology | 25 | 88.00 | 16 | 6 | 0 |
| BT & SP | 29 | 65.2 | 28 | 0 | 0 |
| Computer Sc | 23 | 68 | 15 | 0 | 0 |
| Computer Main | 23 | 100 | 20 | 3 | 0 |

* Secured high distinction in archeology

**B. Postgraduate Courses**

| MA/MSc | Number of students appeared | Pass percentage | First Class | Second Class | Third Class |
|---|---|---|---|---|---|
| Mathematics | 18 | 100 | 5 | 11 | 2 |
| Physics | 14 | 57 | 6 | 2 | - |
| Chemistry | 12 | 50 | 3 | 3 | - |
| Botany | 11 | 90 | 4 | 6 | - |
| Biotechnology | 17 | 94 | 1 | 13 | 2 |
| History | 14 | 78.57 | 0 | 10 | 1 |
| Economics | 16 | 56.25 | 0 | 9 | - |
| English | 15 | 53 | 0 | 8 | - |
| Malayalam | 18 | 66.67 | 1 | 11 | - |
| Psychology | 9 | 88.89 | 0 | 7 | 1 |

## Award of PhDs

a) Faculty of the College

Ms. Rachel Reena Philip, Department of Physics was awarded Ph.D. by CUSAT for her work on thin films titled "Investigation of Structural Electrical and Optical Properties and Valence Band Splitting in CuInSe Compounds" Mr. K. P. Unnikrishnan, Department of Chemistry was awarded Ph. D. by CUSAT for his work "Studies on the Toughening of Epoxy resins" Ms. M.P Marykutty, Department of History was awarded Ph.D. by the Sree Sankara University of Sanskrit, Kalady, for her work on 'Cultural Contributions of the Cochin Royal Family (1800-1948 AD)'

b) Research Scholar

Sr. Benedicta Mary (St. Xaviers College, Alwaye,) has been awarded Ph.D by M. G University for her work on "Algorithmic Approach to some intersection graphs", guided by Dr. A. Sunny Kuriakose, Department of Maths.

### New Appointments

Eleven teachers were appointed in permanent posts in different departments during the year.

| | |
|---|---|
| Ms. Rekha Nair | - English |
| Ms. Sonia Chacko | - English |
| Mr. Cheri Jacob | - English |
| Mr. Prethish Abraham | - Maths |
| Mr. Eldho Varghese | - Maths |
| Mr. Vidhu Narayan | - Malayalam |
| Dr. Sibu M. Eapen | - Malayalam |
| Ms. Malini M.R. | - Psychology |
| Dr. Bindu. M. | - Physical Education |
| Dr. Manju M George | - Botany |
| Mr. Sunil Abraham Thomas | - Economics |

### Guest Appointments

About thirty five guest lecturers served in different departments of the college.

### Placement Officer

Mr. Joe Jose was appointed full time placement officer for the college in July 2006

### Improved facilities

A new Research lab is being set up on the ground floor of the Department of Physics. A new laboratory for Computer Maintenance is being set up. Facilities for the Bioinformatics course have been improved with new equipment, and lap tops for all students. The facilities in the women's waiting room have been improved considerably.The library building has been renwated with UGC assistance.

In connection with ISRO project, the research lab in the Chemistry Department has been expanded with modern equipment. A cubicle has been constructed to keep sophisticated instruments in the Physical Chemistry laboratory. The first stage of the new building for the MCA building is nearing completion.

### Scholarships introduced in the year 2005-06

1. Kano Yamomoto Scholarship

   This scholarship is given from the interest of the amount gifted by Prof. Kano Yamomoto of International Christian University, Tokyo, through the UBCHEA. The Scholarship is given to a student selected by a committee on the basis of merit cum means. This year the amount comes to Rs. 1300/- approximately.

### College Programmes

The classes on issues and ethical responses were conducted from September 22, 2006.Time table and topics were planned by the teachers who were involved in the programme.

### Silver Jubilee Celebrations

The Economics Department celebrated the Silver Jubilee of its postgraduate course on 26th January 2007. Mr. Prabath Patnaik, Vice Chairman of the State Planning Board, was the chief guest of the function.

### Open House

Open House programmes for BA/BSc classes were organized during September and October, 2006.

### Centre for Environmental Studies (CES)

A short term certificate course for 30 students from Botany, Zoology & Chemistry was conducted by the CES. Vermi fertilizer programme has been made operational. CES took leadership in the cleaning programme in connection with the spread of communicable disease programme launched by the Kerala Government and also organized the mass campaigning programme at the college.

A "Zero Waste Campus" campaign was inaugurated in the College on 16th June 2006, by Dr. Suguna Yesodharan of the Dept. of Environmental Studies, CUSAT.

A programme of planting trees on the campus was also inaugurated that day.

### Service Learning

The Service Learning centre inaugurated in the college in 2005 needs more student participation. It is proposed to start a unit of the Youth Red Cross in the college in the next academic year.

### Quiz Club

Nearly twenty students attended the quiz club meetings held on every Tuesdays. Teams representing the quiz club participated in several intercollegiate competitions and won prizes.

### Women's Cell

The activities of Women's Cell for the year were inaugurated by Advocate Angely Cyrus, with a talk on 'Human Rights as Women's Rights'. Classes on different topics were organized for the women members. The resource persons were Dr. Sudha Sasi, Gynecologist, KMK Hospital, Parur and Asha P Rao, Lecturer in Social Work, Vimala College, Thrissur. A Life skill training programme is planned for final year MA students.

### Tourism Club

The activities of the club for the year were formally inaugurated by Prof. Santha M Mathew. Several members of the club took part in the intercollegiate competitions and the club team became the overall champions in the inter collegiate cultural competitions *Tour'o fest* conducted at St. Xaviers College, Aluva.

### NCC

Lt K.S. Narayanan, SUO Sreelal S and JUO Alula M Jose attended the National Integration Camp in New Delhi in October 2006.

22 (K) Br NCC conducted a CATC in the College during Onam Vaccation (August 31 to September 11, 2006).NCC unit conducted a cycle rally to Ernakulam on December 2, 2006.

Cpl Vivek S Menon and Cpl. Chitra N Das attended the Republic Day parade in New Delhi in January 2007.

Mr. K S Narayanan continues to be the NCC officer for the Boys' division. Smt Anila E..I took in charge of the girls division with effect from November 2006 instead of Ms. MuseMaryGeorge

### NSS

The NSS has three units and the programme officers are Mr. V.P Markose, Mr. Eldo Varghese and Ms. Malini R. among the various programmes organized by the unit were an Antiwar poster exhibition in connection with Hiroshima-Nagasaki day and a One Day Camp on August 15th with volunteers cleaning the premises of Govt. L.P. School, Chamaparambu.

*Unarvu,* a three days' camp, was conducted during 15th to 17th, September 2006 inaugurated by Mr. A.M. Yoosaf, M.L.A., Aluva. 120 volunteers participated in the camp.
Chickun Guniya Awareness programme was organized in which Dr. K. E Sunil, Physician led the class on 11/10/07. A ten days camp was conducted during the



Christmas holidays at SNDP Higher Secondary School, Pallissery. The NSS volunteers of the College attended different conferences and competitions organized by different colleges.

### College Union

The College Union Elections were held on December 15, 2006. The Union activitites were inaugurated on January 12, 2007.The Union activities came to close on February 15, 2007, with the college day celebrations. Mr. K. S. Narayanan and Mr. Sunil Abraham Thomas were staff advisors for the College Union and Arts Club

### Competitions organized by the Department of Physical Education

- Dr. A. K. Baby Memorial Hockey Tournament for men & Valiyammal Trophy, October 30th to November 3, 2006
- 36th U C College Basket Ball Tournament, October 3rd to 5th, 2006
- North Zone M. G University Soft Ball, September 2006
- M. G University Women Football , November 11th and 12th, 2006
- M.G University Men's Hockey Tournament, November 28th and 29th, 2006
- Sub Junior & Junior Base ball (Girls & Boys) Baseball State Championship, January 26th and 27th, 2007
- South Zone Revenue Customs & Central Excise Revenue Hockey, January 23rd and 24th , 2007
- District Sports Council Hockey Mini games for school children 27,28th September, 2006

**Significant Achievements in Sports & Games (Team Events)**

| | No. of Students representing State | Regional/MGU |
|---|---|---|
| Women's Hockey | 4 | Runners up |
| Men's Hockey | | Winners |
| Women's Table | | Winners |
| Tennis | | |
| Soft ball | 1 | |
| Judo | 1 | |
| Base ball (W) | 1 | |
| Rugby | 2 | |
| Football (W) | | Runners up |
| Football (Men) | | |
| Intercollegiate | | Runners up |
| Hockey (M) | | |
| Staliam Trophy | | Runners up |

Mr. Neeraj George Baby of the BT & SP class has won the Runners up position in Men's Doubles in the 3rd All India Super Six Badminton Tournament for the Physically Challenged-2007.

**Orientation Programme**

The orientation programme for the BA/BSc classes was held on 8th August 2006

The orientation programme for the MA/MSc classes was held on 17.8.06.

**Farewell**

The farewell party for the out going students was held on February 14, 2007.

**Additional Responsibilities**

**Faculty programmes Abroad**

Dr. P. Thomas Mathew has been awarded the UB Freeman Fellowship of 2006-2008. He is spending one semester in Ateneo de Manila University of Philippines from November 2006– February 2007.

Dr. Varghese John, Principal attended the Asian Christian Faculty Fellowship Conference in Hong Kong in November.

**International Linkages**

Ms. Charlotte Erickson, Young Adult Volunteer from the US, left in July on completion of one year. Mr. Andrew Smith from U. S arrived in September and will be in the college for one year. He is serving the

| | | |
|---|---|---|
| 1. | Bursar | Prof. Anu Oommen |
| 2. | Dean, Administration | Prof. Santha M Mathew |
| 3. | Dean, Academic | Prof. P. M. Varkey |
| 4. | Works Superintendent | Mr. Anil Thomas Koshy |
| 5. | Secretary of the PTA | Dr. P Thomas Mathew |
| 6. | Secretary of the Staff Council | Mr. Anil Thomas Koshy |
| 7. | Secretary of the staff Association | Dr. P.M. Kuriachen |
| 8. | Staff Advisor of the Placement Cell | Dr. Molina Susan Thomas |
| 9. | Secretary of Inter Church Fellowship | Ms. Muse Mary George |
| 10. | Chief Superintendent, University Examinations | Prof. N. Geethakumari |
| 11. | IQAC | Dr. A.Sunny Kuriakose |
| 12. | Centre for Environmental Studies | Dr. K.P. Unnikrishnan |
| **Staff Advisers** | | |
| 13. | Arts Club | Mr. Sunil Abraham Thomas |
| 14. | College Union | Mr. K. S. Narayanan |
| 15. | Women's Cell | Dr. K. E. Leelamma |
| 16. | Debating Club | Dr. Ancy Eapen |
| 17. | Quiz Club | Ms. Sonia Chacko & Ms. Rekha Nair |
| 18. | Journalism Club | Mr. Vidhu Narayanan |
| 19. | Tourism Club | Dr. David Saj Mathew |
| 20. | Cine Club | Mr. Cheri Jacob |



college in various activities like documentation of UC college history, assisting various departments in going coaching for communication in English etc.

The College is making efforts to develop linkages with the Universities and Colleges abroad with a view to raising the quality of academic programmes to international standards. Dr. Keith Paterson from Liverpool Hope University visited the college in June 2006.

**Placement Cell**

The Placement Cell became active this year with the appointment of a full time Placement Officer from July 2006. Several training programmes were conducted for students. Nearly 95 students have got placed in different established organizations during the year through the Placement Cell.

**Founders Day and Alumni Reunion Day**

The founder's day was celebrated this year on November 27th. The Founders day address was delivered by Padmashree Dr. Samuel Paul, Former Director of Indian Institute of Management, Ahemadabad, and also a former student and faculty member of the college.

The keynote address for the Alumni Day was delivered by Prof. M.S. Girija, the Deputy Director of Collegiate Education and former student of U.C. College. State level elocution and quiz competitions were held on November 9th.

**Retirements**

Two teachers are retiring from service this year, Prof. A.M Geevarghese, Head of the Department of English and Prof. Ms. Santha M Mathew, Head of the Department of Botany. The college will badly miss their active presence on the campus.

Two members of the non teaching staff are also retiring this year. They are Mr. Philippose, L D Store keeper and Ms. K.K. Rajamma, Library Assisstant, two individuals with their distinct styles of work.

The college places on record its appreciation and gratitude for their services of these four members in various capacties.

**Bereavement**

We lost two members of our former staff this year.

Mr. A.A. Kochayappan, retired Lab Assistant, passed away on June 1 2006.

Mr. T. Ayappan, retired Duffedar, passed away on February 9, 2007. The College community will miss them.


**Conclusion**


I congratulate all the students and members of the teaching and non teaching staff who put in their best for the life of the college this year. The members of the College Union deserve congratulations for organizing various activities within the very limited number of days they had.



# Lakhotia Computer Centre


## Bye-pass Junction, Aluva


# University / State / National Players



ARSHAD A.A.
(Softball/Baseball)



VIJU DEVASSY
(Softball/Baseball)



FAZAL MOHAMMED
(Softball/Baseball/Hockey)



SREEJITH SHENOI
(Baseball)



VIKAS S.
(Baseball)



SHAMEER MALIK
(Baseball)



SHERIF S.
(Hockey)



SREENATH S.
(Softball/Baseball)



MOHAMMED MANZOOR S.F.
(Baseball)


JIJITH K. J.
(Hockey)


VIMAL KUMAR
(Hockey)


VINEETH E. V.
(Hockey)


NEERAJ GEORGE BABY
(Badminton)


SITHEESH RAJ S.
(Baseball)


NISSAM K.
(Hockey)


MUHAMMED AZLAF V.M.
(Baseball)



JOSE
(Hockey)



# University / State / National Players



REJITHA R.
(Judo)



ANUMOL P.S.
(Badminton)



SUSHAMOL K.S.
(Hockey/Football)




SANDHYA P. A.
(Baseball)




ANITHA THOMAS
(Softball)



PRIYAGA GANGADHARAN
(Yoga)



NISHA N.
(Hockey/Football)




SAJILA B.
(Hockey)



SUNUMOL M. V.
(Baseball)



SAJILA A.
(Hockey)



MARY JOICE
(Hockey/Football)



DEEPNA MATHAI
(Hockey)



SAJITHA K.
(Hockey)



ASWATHY I.
(Hockey/Baseball/Softball)



DHANYA DAS
(Football)



TINA
(Table Tennis)



RAKHEE GOPALAN
(Baseball)

# Sports Report 2006-2007

## SHUTTLE BADMINTON

Winners of MG University Women shuttle Badminton championship organised by Baselius College, Kottayam on 6th Oct 2006 Annmol Joy (I BA Eng) and Keerthy Nair ( Ist year Psychlogy) selected to represent M.G university in the All India Inter University tournament.

Anumol P.S. secured runner up in the doubles Junior Under -19 state Championship held at Manathavady from 12th to 15th Aug'06. She also represented the Kerala State in the 31st Junior National Badmintion Championship held at Haryana from 22nd to 30th Nov'06.

## SOFTBALL

Men and women team secured third place in the MG University softball Championship held at Mar Thoma college, Thiruvalla from 24th to 29th Sep'06.Viju Devaissy ( III CME), Srinath.S (I CME) and Arshad A.A (II ECO) represented the University in the All India inter University softball champioship organised by Mumbai University. In the Women section Anitha Thomas ( I MA Mala) and Aswathy.(I BA Mala) selected to the University team.

Our five students (Shamir Malik, Vikas.S, Sreenath.S, Viju Devasy & Sitheesh Raj) represented the Ernakulam district, Secured first position in the state senoir soft ball championship held at Pathanamthitta.

## HOCKEY

Winners of MG University women and men Hockey tournament held at Mar Thoma college, Thiruvalla (Nov 6th 2006) and UC college, Aluva (28th & 29th Nov 2006).In men section Vineeth. E.V, Fazal mohammed A.M., Sherief.S, Jijid.K.J. Jose varghese, Vimal kumar.M.P. and Nisam.K repreented the MG University in the southzone Interunversity Hockey championship organised by Annamalai University. In women section Nisha.N, Litty George,Deepa Mathew, Sajila B, Mary Joice, Rajani Janardanan, Dhanya.K, Aswathy.I, Sajila.A, Sushamol.K.S and Sajitha.K. selected to the University team.

Rajani Janardanan, Sushamol.K.S. and Aswthy.I represented the Kerala state in the subjunior southzone hockey tournement held at Chennai and secured third position.

Nisha.N, Aswathy.I, Sushamol.K.S. and Sajila.B represented Kerala state in the Womens National tournament held at Pune Dec. 2006.State senior team members Rajani Janardhanan, Sushamol. K.S., Aswathy. State Junior team members Rajani Janardhanan, Sushamol.K.S., Aswathy,Sajila A.

## TABLE TENNIS

Runner up in the MG University Table Tennies women championship held at St.Joseph's college Choondassery from 22-09-2006 to 23-09-2006. Tina Thomas (III BA Eng) represented MG University in the All India Inter University Table Tennis championship.

## FOOTBALL

Runner up in the MG University Women football champioship organised by UC college from 11th and 12th Oct 2006.Litty George, Sushamol.K.S, Mary Joice, Nisha.N and Dhanya.K. represented the MG University in the All India Inter University football championship.

## JUDO

Third place in the MG University women Judo championship organised by SH College, Thevara on 28th oct 06. Rejitha.R (II MA Eco) student has been selected as the best "Judo Ka" of MG University.

### Men

Amrutharaj ( I CME ) -III rd place in M.G. University Judo championship Renju. R (I Phy) secured second place in the Junior state Judo championship held at Ernakulam in the 66 Kg category.

## TENNIS

Third place in the MG University women Tennis championship organised by St. Therases College, EKM on 10th Jan 06. Mizaj K.V (I Psy) has been selected to the MG University team.

In the men Tennis championship our team qualified for semifinals , sreenath.S (I CME) as selected to the MG University team.

## YOGA

Our college team participated in the MG University women Yoga championship held at Morning star college, Angamaly on 7th dec'06.

Priyaga gangathran (I MSc Phy) became the individual champion for her all round performance in the competition and also seleted to the University team. Our Team secuared 5th position.

## BASEBALL

Winner of MG University Baseball Men champioship held at St.Peter's college from Feb 6th to 8th 2007. Four boys were selected to represent MG University in the All India champioship.

Runner up of MG University Women Baseball championship. Four girls selected to the University team.

Fazal Mohamed.A.M, Srejith Shenoy, Shamir Malik.A, Arshad.A.A, Mohammed V.M., Viju Devassy and Vikas.s repesented Ernakulam district team and secured first position in the state senior Baseball championship held at Agricultural University, TVM from 16th to 19th Feb'07.

Shamir Malik, Arshad.A.A and Fazal Mohamed.A.M particpated in the national Baseball championship held Indoor, Madhya pradesh in the month od Dec'06.

## SPORTS AND GAMES ORGANISED BY THE DEPT

Dr. A.K. Baby Memorial Southzone Hockey tournement for men and Valiyamannil Trophy for women were organised by the department from 30th Oct to 3rd Nov 2006. Nine teams in the men section and three teams in womens sections participated. In men section the first postion was secured by YMCA college of physical education Chennai and the second place by LNCPE, TVM. In women section the trophy was secuered by SN college for Women and second place by UC college, Aluva.

The 36th UC college Basketball tournament was organised by the department from 3rd to 5thOct 2006. Seven teams in men section and four teams in women section participated. Inmen section winners trophy were lifted by Mar Ivanious college, TVM and in women section St.Xaviers college, Aluva. The runner up in men section was SB college, changanaserry and in womens section Assumption college, Changanaserry.

Our college organised the MG University women Football championship from 11th and 12th Oct 2006 and MG University men hockey tournament on 28th and 29th Nov 2006. We also organised North zone Softball men Championship Sept 2006.

Ernakulam district Sports council has selected our hockey field for organising the district level hockey tournaments.

Sub junior and junior ( girls & boys) Baseball stae championship was organised at our campus on 26th & 27th Jan 2007

South zone revenue customes and central excise revenue Hockey tournment held at our campus on 23rd and 24th January 2007.

**SPORTS REPORT**

The much awaited appoinment of a permanet teacher to the physical education department became a reality with Dr. Bindu.M joining the dept on July 17th 2006. The year 2006-07 was one of the proud achivements for the college in Sports & games. Our college bagged thirty three points in the overall point tally for the Manorama trophy in the university which is the highest in the college sports history and stand 3rd in the over all points for best college in the sports & games in the M.G. University.

One of years creditable achvement was the Neeraj Baby george of IIIrd BT&SP became runner up in the 3rd All India Supersix Shuttle Badminton Tournament for physically challenged organised by The club, Nalco nagar, Orissa.He has been also selected to represent the Indian team for physically challenged to be held atIsrael in the month of March.

**COLLEGE ANNUAL ATHLETIC MEET**

The department organised the Annual Athletic meet on 30th Jan 2007. The meet was inaugrated by Dr.Varghese John, principal UC college Aluva and the cheif quest for the closing cexraony was Prof: A.M.Gee varghese, Head dept of English.The individual championship were Arshad.A.A (II BA Eco)and Fazal Mohamed A.M (II Eng) in men section and in women section Rajani Janardhanan (I BA Mala) and Deepna Mathai (II Mala). The overall champions in men section were.Blue house and in (II B.A./Bsc)womensection yellow house(I B.A./ Bsc+ I P.G)


Interclass competition in different discepline were conducted to men/ women section also Overall champions in men section were Blue House and in Women section Yellow house.

**Prizes and Scholarship 2006 - 07**

- Prof.C.P.Andrews Memorial Prize
  1.To the best sports men : Mr. Arshad A.A. (II B.A. Economics)
  2. To the best sports women : Miss Aswathy (I B.A. Malayalam)
- Prof. C.G. Varghese Endowment Sports Welfare
  Scholarship: Mr. Vineeth.E.V (III B.Sc. Physics)
- Mr. V.R. Kesavamenon endowment Prize
  Fazal Mohamad A.M. (II B.A. English)
- Prof. Aleyamma kutty meritcum need
  Scholarship for the outstanding women
  Sports Student : Miss Sushamol K.S. (I B.A.Malayalam)



# 'അദ്ധ്യാപകർ' അവർ നമുക്ക് വേണ്ടപ്പെട്ടവർ ആയിരിക്കുന്നത് എന്തുകൊണ്ട് ?



ജിൻജോയ് ഇ.കെ.
I B.A. Economics

ഒരു നല്ല അദ്ധ്യാപകനോടൊത്തു ചെലവഴിക്കുന്ന ഒരൊറ്റ ദിവസം ആയിരം ദിവസത്തെ ഉത്സുകമായ പഠനത്തേക്കാൾ ഗുണം ചെയ്യും എന്ന് ഒരു ജാപ്പാനീസ് പഴമൊഴി പറയുന്നു. നല്ല അദ്ധ്യാപകൻ വിദ്യാർത്ഥികളിൽ ആത്മവിശ്വാസം ഉൾനടുകയും പഠനത്തെ രസകരമാക്കി തീർക്കുകയും ചെയ്യും. ജർമ്മനിയിലെ മ്യൂണിക്കിൽ നിന്നുള്ള മാർഗിറ്റ് ഇങ്ങനെ പറയുന്നു എനിക്ക് വളരെ ഇഷ്ടമുള്ള ഒരു ടീച്ചർ ഉണ്ടായിരുന്നു.കട്ടിയുള്ള വിഷയങ്ങൾ പോലും ലളിതമായി വിശദീകരിച്ചു തന്നിരുന്നു. എങ്കിലും മനസ്സിലായില്ലെങ്കിൽ ചോദിക്കാൻ അവർ എപ്പോഴും ഞങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. വളരെ സൗഹാർദത്തോടെയാണ് ടീച്ചർ ഞങ്ങളോട് ഇടപെട്ടിരുന്നത് അതുകൊണ്ട് അവരുടെ ക്ലാസ്സുകൾ ഞാൻ വളരെ ആസ്വദിച്ചിരുന്നു.

ഏത് അദ്ധ്യാപകനാണ് വിദ്യാർത്ഥികളിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്നത് ? എന്ന ചോദ്യത്തിന് അദ്ധ്യാപനം - ഒരു അദ്ധ്യാപകന്റെ യാത്ര എന്ന ഇംഗ്ലീഷ് പുസ്തകം ഇങ്ങനെ വിശദീകരിക്കുന്നു. നല്ല അദ്ധ്യാപനം കാഴ്ചവയ്ക്കണമെങ്കിൽ ഏറ്റവും പ്രധാനമായി ഒരദ്ധ്യാപകൻ കരുതലും ചിന്തയും ഉള്ളവനും വിദ്യാർത്ഥികൾക്കായി തന്നെ ഉഴിഞ്ഞുവച്ചവനും ആയിരിക്കണം...പഠിപ്പിക്കലിൽ പ്രധാനമായും ഉൾപ്പെട്ടിരിക്കുന്നത് സ്നേഹമാണ്...മറിച്ച് ഏതെങ്കിലും രീതികളോ ശൈലികളോ മറ്റോ ബാധകമാക്കുന്നതല്ല.

തീർച്ചയായും പല അദ്ധ്യാപകർക്കും തങ്ങളുടെ വിദ്യാർത്ഥികളിൽ നിന്നും അവരുടെ മാതാപിതാക്കളിൽ നിന്നു പോലും നന്ദിപ്രകടനങ്ങൾ കേൾക്കാൻ സാധിച്ചിട്ടുണ്ട്. തിരിച്ചടികൾ ഉണ്ടാകുമ്പോളും പഠിപ്പിക്കലിൽ തുടരാൻ ഇത് അവരെ പ്രോത്സാഹിപ്പിക്കുന്നു. ഇത്തരം വിലമതിപ്പിൻ പ്രകടനങ്ങളിൽ മിക്കപ്പോഴും കാണുവാൻ സാധിക്കുന്ന പൊതുഘടകം അദ്ധ്യാപകൻ വിദ്യാർത്ഥിയോടുകാണിച്ച യഥാർത്ഥ താല്പര്യവും ദയയും ആണ്.

## അദ്ധ്യാപനം

### ത്യാഗങ്ങളും വെല്ലുവിളികളും

അദ്ധ്യാപകരിൽ നിന്നു വളരെയധികം പ്രതീക്ഷിക്കപ്പെടുന്നു, എന്നാൽ ഒട്ടുമിക്കപ്പോഴും...നമ്മുടെ സ്കൂളിലെ അർപ്പണ മനോഭാവമുള്ള അദ്ധ്യാപകർ ചെയ്യുന്ന ജോലിക്ക് പരസ്യ പ്രശംസ ലഭിക്കാറില്ല. എന്ന് സിഡ്നി യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായ 'കെൻ എൽട്ടിസ്' അഭിപ്രായപ്പെടുന്നു. അത്യന്താപേക്ഷിതമായ ഒരു തൊഴിൽ എന്നു വിശേഷിപ്പിച്ചിരിക്കുന്ന അദ്ധ്യാപകവൃത്തി വെല്ലുവിളികൾ നിറഞ്ഞ ഒന്നാണെന്ന് അംഗീകരിക്കേണ്ടിയിരിക്കുന്നു. തുച്ഛമായ ശമ്പളം, സൗകര്യങ്ങൾ ഇല്ലാത്ത ക്ലാസ്സ് മുറികൾ, വളരെയധികം പേപ്പർ ജോലി, കുട്ടികളുടെ ആദരവില്ലായ്മ, അവരുടെ അക്രമ സ്വഭാവം എന്നിങ്ങനെ വെല്ലുവിളികളുടെ പട്ടിക നീണ്ടു പോകുന്നു.

1) **അനാദരവ്:**

ന്യൂയോർക്കിലെ നാല് അദ്ധ്യാപകരോട് മുഖ്യപ്രശ്നങ്ങളായി അവർക്ക് തോന്നുന്നത് എന്താണ് എന്ന് ചോദിച്ചപ്പോൾ ഏകസ്വരത്തിൽ അവർപറഞ്ഞു അനാദരവ് .കെനിയയിലെ വില്ല്യം എന്ന അദ്ധ്യാപകൻ പറയുന്നു ആഫ്രിക്കയിലും കാര്യങ്ങൾക്ക് മാറ്റം വരുന്നു. കുട്ടികൾക്കിടയിൽ അച്ചടക്കം കുറഞ്ഞ് വരികയാണ് എന്റെ ചെറുപ്പകാലത്ത് ആഫ്രിക്കൻ ഏറ്റവുമധികം ബഹുമാനിക്കപ്പെടുന്നവരിൽ അദ്ധ്യാപകരും ഉണ്ടായിരുന്നു.അവരെ മാതൃകാവ്യക്തികളായാണ് മുതിർന്നവരും ചെറുപ്പക്കാരും കണ്ടിരുന്നത്.എന്നാൽ

ഈ അനാദരവ് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ആഫ്രിക്കയുടെ ഉൾപ്രദേശങ്ങളിൽ പോലും യുവജനങ്ങളെ പാശ്ചാത്യ സംസ്ക്കാരം മെല്ലെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

2) **മയക്കുമരുന്നും അക്രമവും:**

സ്ക്കൂളിൽ മയക്കുമരുന്ന് വളരെയധികം പ്രശ്നങ്ങൾ തീർത്തിരിക്കുകയാണ്. യു.എസ്.എ.യിലെ ഒരദ്ധ്യാപികയായ ലുവാൻ ജോൺസ് ഇങ്ങനെ പറയുന്നു. മയക്കുമരുന്ന് തടയുക എന്നത് എല്ലാസ്ക്കൂളുകളുടേയും പാഠ്യപദ്ധതിയുടെ ഭാഗമാണ്.മയക്കുമരുന്നിനെ കുറിച്ച് മുതിർന്ന മിക്ക ആളുകൾക്കും അറിയുന്നതിനെക്കാൾ കൂടുതൽ കുട്ടികൾക്കറിയാം നിസ്സഹായരും സ്നേഹിക്കപ്പെടാത്തവരും ഏകാന്തരും ആയ വിദ്യാർത്ഥികൾ മയക്കുമരുന്ന് ഉപയോഗിക്കാനുള്ള സാദ്ധ്യത കൂടുതലാണ്.

3) **സ്ക്കൂളിൽ തോക്കുകൾ:**


ഐക്യനാടുകളിലെ സ്ക്കൂളുകളിൽ അടുത്തകാലത്ത് നടന്നിട്ടുള്ള വെടിവയ്പ്പുകൾ തോക്കുകളുമായി ബന്ധപ്പെട്ടപ്രശ്നം രാജ്യത്ത് വലിയ പ്രശ്നമാണെന്ന് കാണിക്കുന്നു.ഒരു റിപ്പോർട്ട് പറയുന്നത് യു.എസ്. സ്ക്കൂളുകളിൽ കുട്ടികൾ ദിവസവും 1,35,000 തോക്കുകൾ കൊണ്ടുവരുന്നതായി കണക്കാക്കപ്പെടുന്നു.

**നിങ്ങളുടെ അദ്ധ്യാപകരോട് നിങ്ങൾ നന്ദി പറഞ്ഞിട്ടുണ്ടോ?**

ഒരു വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങൾ എപ്പോഴെങ്കിലും അദ്ധ്യാപകരുടെ പ്രയത്നത്തിനും ,അവർകാണിച്ച് താല്പര്യത്തിനും, ചെലവഴിച്ച സമയത്തിനും നന്ദി പറഞ്ഞിട്ടുണ്ടോ? അല്ലെങ്കിൽ നന്ദി പറഞ്ഞുകൊണ്ടുള്ള ഒരു കുറിപ്പോ കത്തോ നല്കിയിട്ടുണ്ടോ? കെനിയയിലെ നെയ്റോബിയൽ നിന്നുള്ള ആർഥർ ഇങ്ങനെ പറയുന്നു അദ്ധ്യാപകർക്കും അഭിനന്ദനം ആവശ്യമാണ് ഗവൺമെന്റും കുട്ടികളും മാതാപിതാക്കളും അവരുടെ സേവനത്തെ വളരെയധികം വിലമതിക്കേണ്ടതുണ്ട്. മുമ്പ് പരാമർശിച്ച് ലുവാൻ ജോൺസ് എന്ന അദ്ധ്യാപിക ഇങ്ങനെ പറയുന്നു. ഒരു അദ്ധ്യാപകനെ കുറ്റപ്പെടുത്തിക്കൊണ്ടുള്ള ഒരു കത്തു ലഭിക്കുമ്പോൾ അദ്ധ്യാപകനെ പുകഴ്ത്തിക്കൊണ്ടുള്ള വേറെ നൂറെണ്ണം എനിക്ക് ലഭിക്കാറുണ്ട്.മോശമായ അദ്ധ്യാപകരെക്കാൾ നല്ല അദ്ധ്യാപകരാണ് കൂടുതൽ എന്ന എന്റെ വിശ്വാസത്തെ ഇത് ബലപ്പെടുത്തുന്നു.

നമ്മുടെ ജിജ്ഞാസയെ ഉണർത്തുകയും മനസ്സിനേയും ഹൃദയത്തേയും ഉത്തേജിപ്പിക്കുകയും ജ്ഞാനത്തിനും ഗ്രാഹ്യത്തിനുമുള്ള ദാഹത്തെ എങ്ങനെ ശമിപ്പിക്കാം എന്നുകാണിച്ചു തരികയും ചെയ്യുന്ന അദ്ധ്യാപകരോട് തീർച്ചയായും നാം നന്ദിയുള്ളവരായിരിക്കേണ്ടതല്ലേ?

# സഖി,. നിനക്കായ്...



**നിബിൻ പി. ബി.**
I B.Sc. Mathematics

എന്നിലെ എന്നെ ഞാൻ നല്കാം സഖി
നിന്നിലെ നിന്നെ നീ നല്കുമെങ്കിൽ
വിണ്ണിലെ സൂര്യൻ ഞാനാകാം സഖി
രാവിലെ താരയായ് നീ മാറുമെങ്കിൽ
ഒരു മുളം തണ്ടായ് ഞാൻ മാറാം സഖി
ഒരു കുളിർ തെന്നലായ് നീ അണയുമെങ്കിൽ
ഒരു വീണയായ് ഞാൻ മാറാം സഖി
ഒരു വട്ടമെങ്കിലും നീ മീട്ടുമെങ്കിൽ
ഒരു രാഗലയമായ് ഞാൻ മാറാം സഖി
ഒരു കുളിർ ഗാനമായ് നീ പാടുമെങ്കിൽ
ഒരു നറു പുഷ്പമായ് ഞാൻ മാറാം സഖി
ഒരു തേൻ വണ്ടായ് നീ എത്തുമെങ്കിൽ
ഒരു സ്വപ്നമായ് ഞാൻ മാറാം സഖി
ഒരു പുലർ വേളയിൽ നീ കാണുമെങ്കിൽ
ഒരു മനുഷ്യനായ് ഞാൻ മാറാം സഖീ
ഒരു ജന്മം കാത്തുനീ നില്ക്കുമെങ്കിൽ......................



# Evening Walk

## ക്യാമ്പസിലെ തണലുകൾ തേടി

കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഭാഗമായി സിനിക്ലബ്ബിന്റെ നേതൃത്വത്തിൽ വളരെധികം തയ്യാറെടുപ്പുകളോടും മുൻ കരുതലോടും കൂടി മാർച്ച് 17,18,19 തിയ്യതികളിലായി ഒരു ക്യാമ്പസ് ഫിലിം ചിത്രീകരിച്ചു.

സിനിമാ രംഗത്തെ സാങ്കേതിക വിദ്ഗ്ദരുടേയും മറ്റും സഹായ സഹകരണത്തോടെയായിരുന്നു ഇതിന്റെ നിർമാണം. ഇതിന്റെ നിർന്നാണത്തിന് ചുക്കാൻ പിടിച്ചത് സിനിക്ലബ്ബ് സ്റ്റാഫ് അഡ്വൈസർ ശ്രീ ഷെറി ജേക്കബ്, സെക്രട്ടറി അലൂല എം.ജോസ്, റിട്ട. അദ്ധ്യാപകൻ ശ്രീ. ജോണപ്പ സർ, ചെയർമാൻ ജിന്റോ ജോൺ തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു.

ഈ കലാലയത്തിന്റെ 86 വർഷത്തെ ചരിത്രത്തിനിടയിൽ ആദ്യത്തെ പ്രാവശ്യമാണ് ഒരു മുഴുവൻ മൂവി യൂണിറ്റ് ക്യാമ്പസിൽ വരുന്നതും ക്യാമ്പസ് സിനിമ ചിത്രീകരിയ്ക്കുന്നതും. മൂന്ന് ദിവസത്തെ പരിശ്രമം കൊണ്ട് തിരക്കഥയിൽ നിന്നും ഒരു സീൻ പോലും ഒഴിവാക്കാതെ മുഴുവനും ചിത്രീകരിയ്ക്കാൻ കഴിഞ്ഞു. ഈ സിനിമ അതിന്റെ എഡിറ്റിംഗ് ഡബ്ബിങ്ങ് മേഖലയിലേയ്ക്ക് ഇതിനോടകം തന്നെ നീങ്ങി കഴിഞ്ഞു.


ഈ ചിത്രത്തിന്റെ മനോഹര ദൃശ്യങ്ങൾ ക്യാമറയിലൂടെ ഒപ്പിയെടുത്തത് പ്രശസ്ത ക്യാമറാമാൻ ശ്രീ. ഷഹനാദ് ആണ്.സത്യജിത്ത്റേ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പഠിച്ചിറങ്ങിയതിൻ ഫലമായി ഒരു വ്യത്യസ്തമായ ശൈലിയും ചിത്രീകരണ വൈഭവവും ഇതിലെ ചിത്രങ്ങൾക്ക് പിന്നിൽ കാണുവാൻ കഴിയും. പ്രശസ്ത ചലചിത്രകാരൻ ജോൺ എബ്രഹാമിന്റെ ശ്രേണിയിൽ വരുന്ന അതിവേഗം പ്രശസ്തിയിലേയ്ക്കുയരുന്ന ഒരു ക്യാമറാമാനാണ് ഇദ്ദേഹം. ദക്ഷിണേന്ത്യയിലെ മുൻനിര ക്യാമറാമാൻമാരിൽ ശ്രദ്ധേയനായ ശ്രീ. ജി.വേണുവിന്റെ അസ്സോസിയേറ്റ് ക്യാമറാമാനാണിദ്ദേഹം. മൂന്നാം പക്കം എന്ന ചിത്രത്തിൽ ഷഹനാദായിരുന്നു അസ്സോസിയേറ്റ് ക്യാമറാമാൻ. പഴശ്ശിരാജ എന്ന പുതിയ ചിത്രത്തിന്റെ ആദ്യത്തെ ഷെഡ്യൂളിന്റെ ഇൻ ചാർജ്ജ് ഇദ്ദേഹമാണ്. ഈ സിനിമയുടെ ചിത്രീകരണ വിജയത്തിന്റെ ഒരു വലിയ ഘടകം ശ്രീ. ഷഹനാദാണ്.

ഈ ചിത്രത്തിലെ മുഖ്യവേഷങ്ങളിലൊന്നായ ഫ്രാൻസിസിനെ അവതരിപ്പിച്ചിരിയ്ക്കുന്നത് ശ്രീ. വേണു.കെ.ബി.യാണ്. അദ്ദേഹം ഈ കലാലയത്തിലെ ഒരു പൂർവ്വവിദ്യാർത്ഥിയാണ്. ഇദ്ദേഹത്തിന്റെ തട്ടകം കൈരളി ചാനലാണ്. വിശ്വ സിനിമാ ചരിത്രത്തിലെ ക്ലാസിക്ക് സിനിമകളെക്കുറിച്ചുള്ള അവലോകനമായ "മാജിക് ലാൻഡേൺ" എന്ന പരിപാടിയുടെ അരങ്ങിലും അണിയറയിലും ഇദ്ദേഹമാണ്. ഇതിനു പുറമേ ശ്രീ വേണു ഒരു ഫ്രീലാൻസ് ടി.വി. ജേർണലിസ്റ്റ് കൂടിയാണ്. ഇതിനെല്ലാം പുറമേ ഇദ്ദേഹം "അവാബി" എന്ന ഡോക്യുമെന്ററി ചിത്രത്തിന്റെ സംവിധായകൻ കൂടിയാണ്.


ഇവർക്കെല്ലാം പുറമേ ഈ കലാലയത്തിലെ തന്നെ വിദ്യാർത്ഥികൾ തന്നെയാണ് ഇതിലെ അഭിനേതാക്കളും. ശ്രീ ജിന്റോ ജോൺ, കിരൺ ഉണ്ണി, ജിനോ ജോൺ, നീബ, സുമ, സിദ്ദാർത്ഥ്, അജിത്ത്, രാജേഷ്, ജോമി, പ്രദീപ്, റോഷ്നി, മംഗള, അമൃത, രശ്മി, പ്രെറ്റി, സെബിൻ ഇവർക്കെല്ലാം പുറമേ അദ്ധ്യാപകൻ ശ്രീ. ഷെറി ജേക്കബും ഇതിൽ വേഷമണിഞ്ഞിട്ടുണ്ട്. ഈ ചിത്രത്തിന്റെ സംവിധാനം നിർവ്വഹിച്ചിട്ടുള്ളത് സിനിക്ലബ്ബ് സെക്രട്ടറി ശ്രീ. അലൂല.എം. ജോസ് ആണ്. ഇതിന്റെ പ്രൊഡക്ഷൻ സഹായികളായി ജിജോ, ജോമി, നിവിൻ സിബിൻഷാ,ജിനോ, തുടങ്ങിയവരും പങ്കെടുത്തു.കൂടാതെ പ്രൊഫഷണുകളായ ശ്രീ. ജിതിന്റേയും, അനുമോന്റെയും സഹായങ്ങൾ സംവിധാനത്തിനും മറ്റുമായ് ഉണ്ടായിരുന്നു.ഇതിനെല്ലാമപ്പുറം സ്റ്റാഫ് അഡ്വൈസർ ശ്രീ ഷെറിജേക്കബിന്റെ സഹായവും പ്രേരണയും പിന്തുണയുമാണ് ഈ ചിത്രത്തിന്റെ ശുഭ പര്യവസാനത്തിലേയ്ക്ക് ദൂരം കുറച്ചത്.

Evening Walk എന്ന് പേരിട്ടിരിയ്ക്കുന്ന ഈ ചിത്രം പുതിയ കാലത്തിന്റെ ഭാഗമായി ക്യാമ്പസിൽ നഷ്ടമായികൊണ്ടിരിയ്ക്കുന്ന ഇടങ്ങളെ പ്രമേയമായി സ്വീകരിച്ചിരിയ്ക്കുന്നു. ക്ലാസ്സ് റൂം വിദ്യഭ്യാസത്തിന് പുറമേ വിദ്യാർത്ഥികളുടെ സമഗ്രപുരോഗതിയ്ക്ക്, ഇത്തരം ഇടങ്ങൾ വളരെയധികം സ്വാധീനം ചെലുത്തുന്നു.നഷ്ടമായികൊണ്ടിരിയ്ക്കുന്ന ഇത്തരം ഇടങ്ങളാണ് ഒരു കാലത്ത് ക്യാമ്പസിന്റെ ജീവനാഡിയായി പ്രവർത്തിച്ചിരുന്നത്. കലാസംസ്ക്കാരീക പ്രവർത്തനങ്ങളുടെ മുഴുവൻ ഉറവിടവും ഊർജ്ജവും ഇത്തരം ഇടങ്ങളാണ്. ഇത് പുനസ്ഥാപിയ്ക്കുകയാണ് ഈ ചിത്രത്തിന്റെ നിർമ്മാണോദ്ദേശ്യം. ഇതാണ് നമ്മുടെ ലക്ഷ്യവും.


# Annual Report of NSS - 2006-07



**Jose Kuriakose**



**Rekha C.**



**Tom Antony**

The National Service Scheme of this college has three units consisting of hundred students each. The motto of N.S.S. for this year is Healthy Youth for Healthy India'. The office bearers of N. S. S for the academic year 2006-07 are:

**Programme Officers:**

- Mr. V.P. Markose, Department of Malayalam
- Mrs. Mdlini R., Department of Psychology
- Mr. Eldo Varghese, Department of Mathematics

**Volunteer Secretaries:**

- Mr. Jose Kuriakose, II B.A. English
- Ms. Rekha C., II B.Sc. Chemistry
- Mr. Tom Antony, II B.Sc. CM & E

**Executive Members:**

- Mr. Emcy K. Mathew., III B.Sc. CM & E
- Mr. Ramesh R. Menon, III B.A. Economics
- Mr. Ajith T.S., III B.A. Economics
- Mr. Shalat K,.J., III B.A. Economics
- Ms. Maithreyi, III B.Sc. Chemistry
- Ms. Preethi Mridula Mathew, II B.A. English
- Mr. Sumesh, II B.A. English
- Ms. Nandidni Raja, II B.A. History
- Ms. Deepa G., II B.Sc. Botany
- Ms. Anitha.M.B, II B.A. Malayalam

The activities of N.S.S. in this academic year were inaugurated on 28.July.06 Friday at 1.00 p.m. by our principal Dr. Varghese John by lighting the lamp. In his speech, he reminded about the social responsibilities of an N.S.S. volunteer. Programme Officer Mr. V.P. Markose presided over the meeting. Volunteer Secretary Mr. Tom Antony delivered the welcome speech. Ex-volunteer Secretary Mr. Thomas Jacob felicitated in the meeting. Cultural programmes of the N.S.S. volunteers followed the inaugural session. Ms. Rekha C. expressed the vote of thanks.

**Anti-war Poster Exhibition**

The unit conducted an anti-war poster exhibition in connection with of the Hiroshima- Nagasaki day on 10th and 11th of August 2006. The volunteers took an anti-war pledge in the leadership of exprogramme officer Mr. Punoose M.1. In his speech, he explained about war and its consequences.

**One day camp**

The one-day camp of this year was conducted on August 15th, 2006. Principal Dr. Varghese John hoisted the National flag and delivered the Independence Day address. It was followed by an orientation by Adv. Jayasankar. The volunteers did a voluntary work by cleanin the premises of Govt.

L.P. School, Chamaparambu. After lunch, Dr. K.P. Unnikrishnan, Dept. of Chemistry, gave a talk on the present situation of the Independent India.

On August 22, 2006, a meeting for congratulating the programme officers, volunteer secretaries and executives of the previous year for leading the unit to achieve the fourth place among the N.S.S. units of M.G. university. Principal Dr. Varghese John lead the *'Sadbhavana'* pledge in remembrance of former prime minister late Rajiv Gandhi in his birthday.

**Three days camp**

The three days camp *'Unarvu - 06'* was conducted from 15th -17th, of September 2006. Principal Dr. Varghese John hoisted the N.S.S. flag and the volunteers sang the N.S.S. song. The camp was inaugurated by Mr. A.M. Yousaf, M.L.A., Aluva. Principal Dr. Varghese John presided over the function. The meeting was followed by and icebreaking session and self- introduction of the volunteers.

On the second day, the volunteers cfeaned the area for (he proposed Botanical Garden, basketball court and East Gate premises. Mr. Sabukuttan, N.S.S. Co-ordinator, M.G. University, took an orientation class for the volunteers. Principal handed over the fund collected from 'the college students for the treatment of Mr. Rajesh Lal to Mr. Sabukuttan.

On the third day, the volunteers planted tree-saplings in the proposed Botanical garden.

Around 120 volunteers participated in the camp.

**Chickun Guniya Awareness**

The unit organized an awareness program on *'Chickun Guniya'* on 11. octobrt . 2006 in association with college P.T.A. and Kerala Action Force. Dr. K.E. Sunil, Physician of the Panayikulam Homeo College, lead the class. The volunteers distributed the *Chickun Guniya* preventive medicine for the staff &, students on 12.10.2006.

About hundred volunteers of the unit participated in a communitybased awareness campaign on *Chickun Guniya* organized by the Aluva Municiplity. The volunteers visited the houses and tried to make aware the people about the disease. In addition to it, they distributed the preventive medicine.

**Ten- days Camp**

The 10 days camp was conducted during the Christmas Holidays at S.N.D.P. Higher Secondary School, Palissery.

The inaugural session of the camp was presided by principal Dr. Varghese John. Mr. A.K.Chandran, M.L.A., inaugurated the camp and Mrs. Baby Paulose, President, Annamanada Panchayath, inaugurated the voluntary work. Various members of Annamanada Panchayat and persons from S.N.D.P. School management felicitated over the meeting.

During the camp, the volunteers completed the cleaning of a Lift Irrigation Canal as well as the premises of a Govt. L.P. School. There were classes on different topics like Yoga, Healthy Youth, and Environment Protection etc. The classes were lead by eminent personalities like Fr. Thomas Maliekkal, Prof. Chinnan K. Painadath, and Prof. E. Mukundan etc. Many teachers and ex-volunteers visited the camp.

The camp came to an end on 31st December 2006 with a valedictory function, presided by Prof. Mathew Koshy, Manager, U.C. College. Around 65 volunteers participated in the camp.

**Seminars and Camps Attended by the Members of the unit**

Mr. Eldo Varghese attended a conference of N.S.S.

programme officers held on'11th of August 2006 at M.G, University campus.

The volunteer secretaries attended a 3-days training camp on 25th , 26th &, 27th August 2006, organized by the M.G. University at S.B. College, Changanassery.

Volunteer Secretaries Mr. Jose Kuriakose &, Mr. Tom Antony attended a 2-days intercollegiate camp held on Ist & 2nd September 2006 at Nalpathimala, M.G. University.

Mrs. Malini R attended a Business Meeting of Programme Officers held on 9th November 2006 at B.C.M. College.

Programme Officer Mrs. Malini R and ten volunteers attended a one-day seminar on 'National Integration' held on 20th November 2006 at St. Theresa's College, Eranakulam.

Mr. Jose Kuriakose and Ms. Nadini Raja participated in the intercollegiate competitions for N.S.S. volunteers organized by M.G. University at Newman College, Thodupuzha. Mr. Jose Kuriakose won the first prize in the elocution competition and the team of Mr. Jose & Ms. Nadini won the second prize in the debate competition.

**Heath Survey**

A health survey was conducted by the N.S.S. unit in 15, 16,17 wards of Kadungallor Panchayat on 18th February, 07 in association with Athijeevana Vadi. 100 students participated in the survey. They went to houses in the panchayat and collected details about the increasing health hazards due to industrial polution in the area.

# ഒരു കുഞ്ഞുപൂവ്



**അഷിത കെ.**
I B.Sc. Mathematics

ഒരു പുതു പുഞ്ചിരി പോലെ വന്നവൾ
എന്റെ ജീവിതത്തിൽ വെളിച്ചമായി-
ഒന്നു കിണുങ്ങിവരാൻ വിസമ്മതിച്ചു
കാറ്റിനൊത്താടിയും പാടിയും നിന്നവൾ
എന്നുമെൻ കണ്ണുകൾക്ക് കൗതുകമായി
ഒരു കുഞ്ഞു തലോടലായ് മാറി
മറഞ്ഞുവേതോ കാറ്റിനൊപ്പം
ഓർമയിൽ ഒരു പുഞ്ചിരി മാത്രം ബാക്കിനിർത്തി



സുഗന്ധമായും പരിശുദ്ധ സ്നേഹമായും
കാറ്റിനോടലിഞ്ഞു ചേർന്നവൾ
ഒരു ചെറു കുളിരായിമാറി
ഒഴുകുന്നു വേതോ ഓളത്തിനൊപ്പം
മറവിയിലേക്കെന്നപോലവൾ
നിറങ്ങളായും കണ്ണീരായും
ഓളമായൊഴുകിയവൾ
ആരും കൊതിക്കുമവളെ
അത്രയും സുന്ദരിയാണവൾ
ആരും സ്നേഹിക്കുമവളെ
അത്രയും പരിശുദ്ധയാണവൾ
ആരും മറക്കില്ലവളെ
മരണവും മറന്നില്ലവളെ
ഈ നൈമിഷിക ഭാവനയെ
എന്തുഞാൻ വിളിക്കും?
ഒരുകുഞ്ഞു പൂവ്
അല്ലാതെന്ത് !

# College Day Celebrations



Inauguration of College Day Celebrations by Sri. Kalamandalam Kesavan



Welcome Speech by Mr. Tom Joseph



Union Report Presented by Mr. [illegible]



Presidential Speech by Ms. Eva Thomas



Felicitation by Mr. Rinod K.A.



Felicitation by Mr. Jose Kuriakose



Kalathilakam Syama Sankar receiving prize



Kalathilakam Reshmi K.N. receiving prize



Kalaprathibha Martin George receiving prize



College Union Vice Chairperson presenting Momento to Ms. Minmini



Principal Dr. Varghese John presenting Momento to the Chief Guest



Audience: Unity of Friendship



'Gaanamela'



Listening to the tune of joy

# Sports Day



*Flag hoisting*



*Oath taking*

## Sports Teams



*Softball & Baseball*



*Hockey*



*Football*



*Hockey, Softball, Baseball & Football*



*Basketball*



*Atheletics*



*Judo, Wrestling & Yoga*



*Table Tennis*



*Tennis*




*Shuttle Badminton (Men)*



*Shuttle Badminton (Women)*



# മഹാഗണി മുത്തശ്ശിമാരോട്



മാർട്ടിൻ ജോർജ്ജ്
I M.A. Malayalam

ഇവിടെ
മഹാഗണി മുത്തശ്ശിമാർ തണൽ വിരിക്കുന്നതും ഇലപൊഴിക്കുന്നതും
ആർക്കുവേണ്ടിയാണ് ?
അറിവിന്റെ പടവുകൾ കയറി വരുന്ന കാലത്തിന്റെ
കൗമാരവസന്തങ്ങൾക്കുവേണ്ടി
വസന്തങ്ങൾ വിരുന്നു വരുന്ന ഈ തിരുമുറ്റത്ത്
കാലത്തിന് എന്നും കാല്യം
കൊഴിഞ്ഞ ഇലകളുടെ മൗനസ്മൃതിയിൽ
സ്നേഹ സൗഹൃദങ്ങളുടെ നിറമുള്ള പൂക്കൾ
ഒപ്പം ചിതലരിക്കുന്ന സൗഹൃദപ്രഹേളികളും
അറിവിന്റെ അക്ഷരങ്ങൾ ആയുധമാക്കി
വിജയഗാഥ രചിക്കുന്നവർ



സ്വർഗ്ഗ വാതിൽപക്ഷി വന്നണയുന്നതും കാത്ത്
വെയിൽ പെയ്യുന്ന വഴിയോരങ്ങളിൽ കാത്തിരിക്കുന്നവർ
ജീവിത പാഥേയം വഴിയിലുപേക്ഷിച്ച്
നിത്യതയുടെ സാന്ത്വനത്തിലേക്ക് നടന്നു മറയുന്നവർ
പഴമയുടെ നന്മയും പുതുമയുടെ ഗന്ധവും
അറിവിന്റെ മുത്തശ്ശിമാർ ഇനിയും തുണയാവണം
മനുഷ്യരാശിയുടെ പുരോയാനത്തിൽ നഷ്ടപാദരാവാതിരി
ക്കാൻ
മനുഷ്യശിരസ്സുകൾ കൊത്തി പറക്കുന്ന
കഴുകന്മാർക്ക് മുൻപിൽ പതറാതിരിക്കാൻ
അജ്ഞതയുടെ ഇരുളിൽ നിന്നും അറിവിന്റെ നേർപ്രകാശ
ത്തിലേക്ക്
കൗമാരങ്ങളിനിയുമുണരാൻ
നന്ദി
അറിവിന്റെ തീർത്ഥം പകരുന്നവർക്ക്
അയന മന്ത്രപ്പൊരുളുകൾ അരുളുന്നവർക്ക്
തണലേകി തളിരേകി ഞങ്ങളുടെ സ്വപ്നങ്ങൾക്ക് നിറമേ
കുന്ന
മഹാഗണി മുത്തശ്ശിമാർക്ക്.

# Annual Report of SD NCC Boys 2006-2007

| | | | | | |
|---|---|---|---|---|---|
| Lt. | : | K.S. NARAYANAN | APPOINTMENTS : | | |
| SCUO | : | SREELAL.S. | SCUO | : | SREELAL.S |
| JUO | : | ALULA M.JOSE | CUDs | : | ALULA M.JOSE, |
| JUO | : | M.G. DILEEP KUMAR | | | M.G. DILEEP KUMAR |
| JUO | : | VINAYAK R. | | | VINAYAK R. |
| | | VIVEK S. MENON | CSM | : | MURALI KRISHNAN J. |
| | | RAHUL M.U | CQMS | : | AJOSH K. JOY |

The National Cadet Corps (NCC) offers wonderful oppourtunities. The Cadets, if they work hard can gain exposure and trainees in a mind boggling array of skills. For a Cadet adventure is round the corne.Our Cadets have been all over India this year.

During this training period a total of 160 cadets were enrolled. The company is divided into three platoons led by S.G.T.Lalbimon P.B., S.G.T. Mevin Joseph, S.G.T Prathyush Parat.

**Achievements:**

S.G.T. Vivek.S. Menon was selected to represent the Republic day Contigent of Kerala & Lakshadweep at New Delhi. S.G.T Rahul M.U.purticipated in the most prestigious Thal sainik camp at NewDelhi we are proud to say that we have got 100 % result in "B and 'C' certificate examination.

**Activities:**

Our Subunit started is activites on 29 th July 2006. Our principal Dr:Varghese John was the Cheif Guest for the Indepenance day parade held on 15 th Augest 2006.Twenty regular parade's, that include Drill and theory classes were Sucessfully completed. Our cadets have been allover India this year, along with sucess in academics.

Four of our cadets J.U.O. M.G. Dileep Kumar, C.p.l. Aslam K.A., C.Q.M.S.Ajosh.K. Joy, S.G.T. Labimon P.B. attended the National integration Camp (N.I.C.) held at west Bengal. Two of our senior cadets S.U.O. sreelal.S. and J.U.O. Alula.K. Jose held the previlage to attend the D.G. vewgnized national integration camp(N.I.C) held at New Delhi.They were accompanied by K.S. Narayanan.

Lcpt.Jibin was selected to attened the N.I.C. at Kasargode. Our College become the host for the combined all wing annual training camp (CAWATC) during the Onam holidays. We are proud that Our cadets took Initiative to donote Blood during the oneday Blood donation Camp.On 25th November 2006.We visited Aluva Janaseva Sishu Bhavan and distributed sweets, we were happy to spend time with them. We celebrated our Republic day, on 26th January 2007, with a Ceremonial parade.

Lt.K.S. Narayanan was the key person behind the achievement of our cadets. We would like to thank our respected and Beloved Dr.Varghese John for him support. Last but not the least. We would like to show our gratitude to Col.K. Venugopal and P.T.staff's for thier training and services given to us.

Thank you.



# Annual Report of NCC Girls 2006-2007

22 (K) BN NCC- UNION CHRISTIAN SUB UNIT
COY COMMANDER - CAPT ANILA.E.I.

**Cadet Appoinments:**

| | | |
|---|---|---|
| CSUO | - | Rejitha.R |
| JUO | - | Linsa Ibrahim |
| JUO | - | Moushina Lubaiba |
| CSM | - | Anu. P.V. |
| CSM | - | Reshmi. V.R |
| CQMS | - | Reshma. V.C |

Proudly presnt the annual report of the girls having of U.C.C., NCC subunit for the year 2006- 2007. In all sorts of NCC actvities conducted by 22(k) BN NCC, Aluva, our subunit has marvelled pther. Last year we get 100 % result in 'B' and 'C' certificate examination. We are proud that SVO fazhaV.M. JUO Reshmi Krishnan, JUO Anusha. S. Nair, CSM Renjtha. R and CSM Anupama Unni Krishnan secured 'B' grade in 'C' certificate examination.

This subunit started its activies on 29th July 2006. In August 15th we had our Independance Day Ceremonial parade and celebration. Our principal Dr. Varghese John was our chef guest on that day. I would like to announce that we had successfully completed 20 regular parades will drill and theony classes.

Our cadete attended several camps and they have done well during this academic year. 5 of our cadets attended the ATC which was the RD selection camp of this year. Cpt Chitra. N. Das was the leader of the team. 2 cadets were selection for the capsule camp. cpt. feba. Benny, Sgt. Shibi. K.S and Cpt Chitra. N. Das attended NIC at Delhi and Lakshedweep respectinely. JUO Linsa Ibrahim, CSM Anu.P.V. and Cpt AlPha. Kuryan attended an All India Trakking Camp held at Nilagiri. Cdt. Marry Joice attended the ATC which was this years TSC selection camp and she was the best performen in obstrader.SUO Rejitha. R attented an Army attachment camp which was an All India Camp held at officers Training Academy (OTA) Chennai.25 of our cadets attended ATC held at UCC Aluva. We are proud that SW girls won the just prize in the drill competition which was led by CSM Anu. P.V.

We are proud that our cadet Cpt Chitra.N.Das represented the Kerala and Lakshedweep Dierectorate in RDC 2007 at New Delhi. 6 cadets from our subunit attended a one day blood donation camp and all of them donated blood.

On NCC Day on Nov. 25th we visited Janaseva Sisubhavan. We distributed sweets and spend some dashing moments with them. On 26th January 2007 we celebrated our Republic Day with a Ceremonial parade in which two girls platoom along with the boys. BC competition was held on the sameday.


I am very glad to report that our lady ANO Capt.Anila. E.I in the key person behind the acheivment of our cadets. We also thank our male ANO TrK.S. Narayanan for his giudance.

I am greateful to Mrs Niho Baby to giving her preseuions time and guidance to us. Iam taking thin oppertunity to thank our respected and belowed principal Dr. Varghese. John for his support.

Above all we can never discard the valuable services and training given by our commanding officer Cat.K.Venugopal and his P.I staffs.

**Thank you**

# എന്നിൽ ഭദ്രം നിന്നോർമ്മകൾ...



ശ്രീജിത് വി. നായർ
II B.Sc. Physics

വൃശ്ചികക്കാറ്റെൻ വിപഞ്ചിക തൊട്ടപ്പോൾ
സ്വപ്നമായ് നീയെന്നിൽ തളിർത്തു വീണ്ടും
ആ നിശ്വാസമെൻ തൂലികതൊട്ടപ്പോൾ
കവിതയായ് നീ എന്നിൽ പൂത്തുവീണ്ടും
എൻ സർഗ്ഗ സൃഷ്ടിയെ പാണിഗ്രഹം ചെയ്തു,
നിന്നെകാണുവാൻ പാറിപ്പറന്നു ഞാൻ.
ഒരായിരം വസന്തങ്ങൾ ഓർമ്മയിൽ തിരുകി
നീ എങ്ങോ കളിയായ് ഒളിച്ചിരിക്കുന്നു.
നിന്നുയർച്ചകളെന്നുമെനിക്കാനന്ദത്തിരികൾ
നിൻ ഗദ്ഗദങ്ങളെന്നിൽ പൊഴിയും കണ്ണുനീർ
ഇമകൾക്കിടയിൽ കൃഷ്ണമണിയെന്ന പോൽ
എൻ ഹൃത്തിൽ ഭദ്രം നിന്നോർമ്മകൾ
ഓരോ മയക്കവും പടിയിറങ്ങീടുമ്പോൾ
നിനക്കായ് മാത്രം കാത്തിരിക്കുന്നു ഞാൻ
പാരിജാത സുഗന്ധവശ്യതയാണു നീ
തുലാവർഷ പേമാരിതൻ തീവ്രതയാണു നീ
മയക്കത്തിൽ പോലും മങ്ങിയില്ലൽപ്പവും
നയന മനോഹരം നിന്റെ രൂപം.

# നിന്റെ പദസ്വരം കേൾക്കുവാൻ



മീര വി. ബി.
II B.Sc. Botany

കൃഷ്ണ പാദങ്ങളിൽ ചേരാൻ കൊതിക്കുന്ന
തുളസീദളം പോലെ,
ഒരു തുള്ളി നീരിനായ് കേഴുന്ന
വേഴാമ്പൽ പോലെ,
നിന്നോടലിയാൻ എൻ ഹൃദയം
വെമ്പൽ കൊള്ളുന്നു.
എന്നാത്മാവു പോലെ, രാഗം പോലെ,
എൻ കണ്ണിനു കുളിരായ് വരും വസന്തം പോലെ,
എൻ മനോമണ്ഡപത്തിൽ തിളങ്ങും കണ്ണനെപ്പോലെ,
എന്നുള്ളിലൊരു കുളിർകാറ്റായ് നീ വിലസുന്നു.
ഇന്നു ഞാനുമെന്റെ സ്വപ്നങ്ങളും
നിൻ ശബ്ദത്തിനായ് കേഴുന്നു
ഒരു കുഞ്ഞു തലോടൽ പോലെ,
ഒരു ചെറു സ്പന്ദനം പോലെ,
ഒരു മകരമാസനിലാവു പോലെ,
ഒരു ധനുമാസക്കുളിരു പോലെ,
നീയെന്നിലെന്നും ഓഗ്നിയായ്
പടരുന്നു.
എൻ ജീവിതതാളമായ്,
എൻ ഹൃദയരാഗമായ്,
എന്നുമെൻ ഹൃദയത്തിലെ കെടാവിളക്കായ്,
ആയിരം പൊൻ തിരി നാളമായ്,
എൻ വൃന്ദാവനത്തിലെ പനിനീർപ്പൂവായ്,
എൻ ജീവിത നൗകയിൽ പങ്കാളിയായ്
എന്നു വരുമെൻ പ്രിയതോഴനേ?
എൻ നിശ്വാസത്തിലും, എൻ സ്വരത്തിലും,
എൻ സ്വപ്നത്തിലും, എൻ ദുഃഖത്തിലും,
എൻ ജീവിതത്തിലെ കരുത്തായ്,
നീ വരുന്നനാൾ ഇനിയെത്രയകലെയാണ്?
നീ നടന്നകന്ന വഴിയിലെ പതിയിരിക്കുന്ന തണുപ്പിൽ
നിന്റെ പദസ്വരത്തിനായ് ഞാനും എന്റെ സ്വപ്നങ്ങളും
കാതോർത്തിരിക്കുന്നു.
നിന്റെ പദസ്വരം കേൾക്കുവാൻ.........................

# കവിതയുടെ ഉൾത്തിരിവ്



മിഥുന ബി.
I B.A. Economics

ജീവിതത്തിന്റെ നൗകയിൽ എൻ തൂലിക ചലിക്കുന്നു
ആരോടെന്നോ, ആർക്കെന്നൊ ഇല്ലാതെ;
എൻ കൈത്തടങ്ങൾ തിരിയുന്നു.
പുസ്തകത്താളുകൾ എന്നെ മിഴിനട്ടിരുന്നു
ഞാനോ? അവരുടെ വെണ്മയെ കറുത്ത-
മഷിയാൽ കുത്തിക്കുറിച്ചു.
എൻ മനസ്സിന്റെ വാതായനത്തിൽ നിന്നാ-
രോ ചൊല്ലിയതെല്ലാം എഴുതി
പ്രണയവും, ദുഃഖവും, സങ്കൽപ്പങ്ങളും
ആ നൗകയിലെ യാത്രികരായി
വെള്ളത്തിന്റെ തിരകളിൽ തട്ടി ആ നൗക
കൈ എഴുത്തിന്റെ വെളിച്ചത്തിലേയ്ക്കു നീങ്ങി
അർത്ഥങ്ങൾ ചിലത് മിഥ്യയെന്നു വിളിച്ചോതി
മിഥ്യയിലെ സത്യത്തെ ചിലർ തിരിച്ചറിഞ്ഞു
പക്ഷെ, വീഥിയിൽ ഞാൻ ഒറ്റയ്ക്കായിരുന്നില്ല
തിക്കിത്തിരക്കുന്ന ആ തോണിയിൽ
ഞാനൊരു കടത്തുകാരി മാത്രം.

---

# വെയിൽ മറയുന്നു...
# ഇനി സന്ധ്യകൾ...
# എങ്കിലും നിനക്കായ്...



സിബിൻഷാ എ.എസ്.
III B.A. Economics

നിന്നിൽ നിന്നും ഞാൻ ഏറെ അകലേയാണ്, എങ്കിലും..... ഇന്നും ഞാൻ മഴയുടെ മുത്തുകളെ കൊരുത്തുവച്ച് നിനക്കായ്..........അതേ നിനക്കായ് മാത്രം കാത്തിരിക്കുന്നു.

ഞാൻ പ്രണയിച്ച എന്റെ ഡിസംബറും എന്നിലേയ്ക്ക് കനിഞ്ഞിറങ്ങുന്ന ആ മഞ്ഞിന്റെ കുളിരും നിനക്കുവേണ്ടിയുള്ള എന്റെ കാത്തിരുപ്പിന്റെ അടയാളങ്ങളാണ്.

എനിക്കറിയില്ല നിലാവിന്റെ നക്ഷത്രങ്ങൾ നീ എനിക്ക് എന്തിനാണ് കാട്ടിത്തന്നത്. മഞ്ഞും മഴയും പോലെ അവയും എനിക്ക് പ്രിയപ്പെട്ടതാണ്.

നിന്റെ പ്രണയത്തിന്റെ തീനാളങ്ങൾ ഒരിക്കൽ എന്നെ വിഴുങ്ങികളഞ്ഞിരുന്നു. പക്ഷെ..................


എന്റെ ഹൃദയസ്പന്ദനങ്ങളെ വേർതിരിച്ചറിയാതെ എന്റെ വിങ്ങലുകളെ തീർത്തും അവഗണിച്ച് എവിടെയാണ് നീ പോയത് ?



വീണ്ടും ഈ ഒലിവിന്റെ ചില്ലകൾ പൂവിടുമ്പോൾ എന്റെ പൂമരക്കൊമ്പുകൾ വിഷാദത്തിന്റെ വേനൽ ചൂടിൽ എരിയുകയാണ് എങ്കിലും നീ അറിഞ്ഞുവോ എന്റെ പ്രിയകൂട്ടുക്കാരി, ഞാനും എന്റെ സ്വപ്നങ്ങളെ ഓർമ്മകളാക്കാതെ നിന്റെ സ്നേഹത്തിന്റെ ദീപ്ത രശ്മികൾ കൊണ്ട് വീണ്ടും വീണ്ടും തട്ടിയുണർത്താൻ ശ്രമിക്കുകയായിരുന്നുവെന്ന്. കാരണം, നമ്മളെന്നും ഒന്നാണ്, നമ്മുടെ സ്വപ്നങ്ങളും.....................


"ചൂടാതെ പോയ് നീ
നിനക്കായ് ഞാൻ ചോര-
ചാറിച്ചുവപ്പിച്ചൊരെൻ
പനിനീർപ്പൂവുകൾ"

- ബാലചന്ദ്രൻ ചുള്ളിക്കാട്



# സനീപിന് ആദരാഞ്ജലികൾ

# വിദ്യാർത്ഥികളും അദ്ധ്വാന ശീലവും





അശ്വിൻ എ. എസ്.
II B.Sc. Mathematics

ലോകത്തിൽ ഇന്ന് നാം കാണുന്ന നേട്ടങ്ങൾ ഒരു പരിശ്രമം കൊണ്ട് ഉണ്ടായിട്ടുള്ളതല്ല. നിരന്തരമായ കഠിനാദ്ധ്വാനം കൊണ്ടാണ് നേട്ടങ്ങളൊക്കെ ഉണ്ടായിട്ടുള്ളത്.ശാസ്ത്രജ്ഞന്മാരും മറ്റു മഹത് വ്യക്തികളും നേടിയിട്ടുള്ള പ്രശസ്തിയുടെ പിന്നിൽ നിരന്തരമായ പരിശ്രമമുണ്ട്.

ഒരു കുതിയതിനാൽ ലഭിച്ചതല്ല-

പ്പോടമകൾ, വമ്പൻ പുലർത്തിടുന്നതെല്ലാം.

എന്നുള്ള ആപ്തവാക്യം ഓർത്തു പോകുന്നു.ഇത് എത്രയോ ശരിയാണ്.ദീർഘനാളത്തെ തളരാത്ത- പതറാത്ത പരിശ്രമങ്ങളുടെ ഫലമായിട്ടാണ് പലരും പേരും പെരുമയും നേടിയിട്ടുള്ളത്.അമേരിക്കൻ ശാസ്ത്രജ്ഞൻമാർ 1969-ൽ മനുഷ്യനെ ചന്ദ്രനിൽ ഇറക്കി അന്നുവരെ ലോകം സ്വപ്നം കണ്ടിരുന്നകാര്യം യാഥാർത്ഥ്യമാക്കികൊണ്ട് ചന്ദ്രനിൽ അവർ കൊടി നാട്ടി.ഒരു പറ്റം ശാസ്ത്രജ്ഞൻമാരുടെ അനേക വർഷത്തെ കഠിനാദ്ധ്വാനമാണ് ഈ വിജയത്തിന്റെ പിറകിൽ ഉള്ളത്.

വിദ്യാർത്ഥികൾ സ്ഥിരോത്സാഹികളായിരിക്കണം.നിരന്തരമായ അദ്ധ്വാനം കൊണ്ടുമാത്രമേ ഏതൊരു വ്യക്തിയ്ക്കും ലക്ഷ്യസ്ഥാനത്ത് എത്താൻ കഴിയുകയുള്ളൂ.മഹാനായ ആൽഫ്രഡ് നോബൽ തന്നെ നിരന്തരം ശല്യപ്പെടുത്തിയിരുന്ന തലവേദന അവഗണിച്ചുകൊണ്ട് ഫാക്ടറിയിൽ പണിയിടുത്തിരുന്നു.ആ കഠിനാദ്ധ്വാനത്തിന്റെ ഫലമായിട്ടാണ് അദ്ദേഹത്തിന് ഡൈനാമിറ്റ് കണ്ടുപിടിക്കാൻ സാധിച്ചത്.റേഡിയം കണ്ടുപിടിച്ച മാഡംക്യൂറിയുടെ കഥയും ഇവരിൽ നിന്ന് ഭിന്നമല്ല.ക്ലേശങ്ങളും പരാജയങ്ങളും ഉണ്ടായിട്ടും തന്റെ ഗവേഷണജോലി അവർ തുടർന്നു.അവസാനം വിജയം കണ്ടെത്തി.നിരന്തരമായ അദ്ധ്വാനം കൊണ്ട് മാത്രം ഉയർന്നുവന്നവരാണ് ലോകത്തിലെ മിക്ക മഹാത്മാക്കളും. മഹാനായ എബ്രഹാം ലിങ്കൺ വഴിവിളക്കുകളെ ആശ്രയിച്ചുപോലും രാത്രിയിൽ പഠനം നടത്തിയിരുന്നു.അദ്ധ്വാന ശീലനായ ഈ വിദ്യാർത്ഥിയുടെ മാനസ്സികവും ശാരീരികവുമായ വളർച്ച വളരെ വേഗത്തിലായിരിക്കും. അദ്ധ്വാനിക്കാത്തവൻ എല്ലാത്തരത്തിലും പിൻതള്ളപ്പെടുന്നു.ഒരുവന്റെ ജീവിത നിലവാരത്തിന്റെ ഉയർച്ച അവന്റെ അദ്ധ്വാനത്തെ ആശ്രയിച്ചാണ്.മടിയനെ എല്ലാവരും വെറുക്കുന്നു.പരിശ്രമി എല്ലാവരുടേയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റുന്നു. അവൻ സാഹചര്യങ്ങളെ അതിജീവിച്ച് മുന്നേറുന്നു.

നമ്മുടെ ആവശ്യങ്ങൾക്ക് അന്യരെ ആശ്രയിക്കാതെ അദ്ധ്വാനിക്കണം. അന്യരെ ആശ്രയിക്കാതിരിക്കുമ്പോൾ മാനസ്സികശക്തി കൂടുതൽ ആയി ഉണ്ടാകും നാടകകൃത്തും, ചിന്തകനുമായ ബർണാഡ്ഷാ അദ്ധ്വാനത്തിലൂടെ ഉയർന്നു.തന്റെ ഗ്രന്ഥങ്ങിലൂടെ അദ്ദേഹം അദ്ധ്വാനത്തിന്റെ മേന്മയെ വിളിച്ചറിയിച്ചു.ചാർലി ചാപ്ലിന്റെ ജീവിത ചരിത്രവും അദ്ധ്വാനത്തിന്റെ മേന്മ വിളിച്ചുണർത്തുന്നതാണ്.

നമ്മുടെ നാട്ടിൽ തൊഴിലുകൾക്ക് മാന്യത കൂടുതലും കുറവും കല്പിക്കുന്നുണ്ട്.അമേരിക്കൻ ഐക്യനാടുകളിൽ ഏതു തൊഴിലും മാന്യമാണ്.തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള അതിർ വരമ്പുകൾ ഒന്നും അവിടെയില്ല.അതായിരിക്കാം അവരുടെ സാമ്പത്തിക പുരോഗതിയുടെ കാരണവും.

നമ്മുടെ കേരളത്തിന്റെ മുൻരാഷ്ട്രപതിയായ കെ.ആർ. നാരായണനും ഇപ്പോഴത്തെ സുപ്രീംകോടതി ചീഫ്ജസ്റ്റിസ് ആയ ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണനും മറ്റും വളരെ കഷ്ടപ്പെട്ടാണ് ഇത്ര ഉയർന്ന നിലയിൽ എത്തിയത്. ഏതു ജോലിയും ഉത്കൃഷ്ടമാണെന്നുള്ള ബോധം വിദ്യാർത്ഥികളിൽ വളരണം.

കുടുംബത്തിലെ എല്ലാ ജോലികളിലും മാതാപിതാക്കളെ സഹായിക്കാൻ കുട്ടികൾക്ക് പരിശീലനം കൊടുക്കണം മാനസ്സികമായും കായികമായും പ്രയത്നശീലം കൈമുതലായുള്ളവന് എന്തും സ്വായത്തമാക്കാൻ കഴിയും അദ്ധ്വാനം കൂടാതെ മഹത്തായ ഒന്നും ആരും നേടിയിട്ടില്ല എന്നുള്ള എമേഴ്സന്റെ വാക്കുകൾ വിസ്മരിക്കരുത്. കഠിനാദ്ധ്വാനത്തിലൂടെ മാത്രമേ ഐശ്വര്യത്തിലേക്ക് എത്താനാവൂ എന്ന തത്വം ഭാരതീയരെ പഠിപ്പിക്കാൻ തന്റെ ജീവിതകാലം മുഴുവൻ ഗാന്ധിജി നമുക്ക് മാതൃക കാട്ടിത്തന്നു. ആ മഹാത്മാവിന്റെ കാലടിപ്പാടുകളെ പ്രതിജ്ഞാപൂർവം നമുക്ക് പിൻതുടരാം.



# നമ്മുടെ യൂസി...

വിനീഷ് സി. വി.
III B.A. Psychology

വണ്ട് ആരോ പറഞ്ഞത് ഞാനോർക്കുന്നു... ഓർമ്മകളാണ് സുഖം.... ഈ കലാലയത്തിലെ പൊഴിഞ്ഞു വീണ മൂന്നു വർഷങ്ങളിലെ സുന്ദരമായ ഓർമ്മകൾ...

പിരിയാൻ സമയമായപ്പോഴാണ് ഈ മഹാഗണിതമുള്ള കലാലയം അതിമനോഹരമായിരുന്നു എന്ന തോന്നിയത്.

എത്രയെത്ര പ്രണയങ്ങൾക്ക് സാക്ഷിയായതാണിവിടുത്തെ മഹാഗണിമരങ്ങൾ.... ഒത്തിരി ഒത്തിരി പ്രണയിനികളുടെ കണ്ണുനീർത്തുള്ളികൾ പതിഞ്ഞ നമ്മുടെയെല്ലാം സീസീയും.....

പണ്ടൊരു കവിഹൃദം പാടിയതുപോലെ അടരുവാൻ വയ്യ....എനിക്കേതുസ്വർഗ്ഗംവിളിച്ചാലും....ഞാനാവരികൾ ഓർക്കുന്നു....അതുപോലെയാണെനിക്കീയൂസിയും.....ഇനി എനിക്കവിടെ മഴക്കാലമില്ല.....ഇനിയുമൊരുമഞ്ഞ്കാലമില്ല....ഈ കലാലയത്തിന്റെ ആഴങ്ങളെ ദർശ്ശിച്ച ഓരോ ചങ്ങാതിമാർക്കും ഇവിടം ഒരു കലാലയമല്ല....ഒരു വീടാണ്....ഇണക്കങ്ങളും പിണക്കങ്ങളും സമരങ്ങളും നിറഞ്ഞ ഒരു വീട്.....

ആരുടേയും ശ്രദ്ധയിൽപ്പെടാതെ കാന്റീനിന്റെ മുൻപിലുള്ള മഞ്ചാടിക്കുരു പെറുക്കി കൂട്ടുകാരിക്ക് കൊടുത്തതും മഞ്ഞ് വീണ് മയങ്ങിയ ഇലഞ്ഞിപ്പൂക്കൾ കൊടുത്ത് സൗഹൃദം പുതുക്കിയതും എന്റെ മനസ്സിലൂടെ മിന്നിമറയുന്നു. സ്വന്തമെന്ന് പറയാൻ ഒരുപിടിനല്ല സൗഹൃദങ്ങൾ മാത്രം തന്നത് ഈ കലാലയ മുത്തശ്ശിയാണ്. ഇനി ഈ കലാലയമുത്തശ്ശിയെ പിരിയാൻ സമയമായി.

ചക്കമരവും ഇക്രുവും എല്ലാം ഓർമ്മകൾ മാത്രം.....

മകരമഞ്ഞിന്റെ അസ്ഥിതുളക്കുന്ന തണുപ്പിൽ യൂസിക്ക് മനം മയക്കുന്ന ഒരു സൗന്ദര്യം വന്ന് ചേർന്നത് പോലെ തോന്നുന്നു...


പ്രണയിനികളുടെ ഇഷ്ട സ്ഥലമായ ചാപ്പലിന്റെ പുറകിലുള്ള മഹാഗണി മരത്തിനടിയിലിരുന്നാണ് ഇത് കുത്തികുറിക്കുന്നത്....ഈ കലാലയത്തിൽ ഏറ്റവുമൊടുവിൽ ഇലപൊഴിക്കുന്ന നമ്മുടെയെല്ലാം ചങ്ങാതിമരമാണിത്.

രാത്രിയിൽ നമ്മുടെ കലാലയത്തിനെ കാണാൻ നല്ല രസമാണ് നിലാവിൽ ലയിച്ച് മിന്നാമിനുങ്ങിന്റെ ഇത്തിരിവെട്ടത്തിൽ കാണുമ്പോൾ നല്ല വശ്യതതോന്നും.

മഴനനഞ്ഞ് നടന്ന് ഇടവഴികളും ആദ്യ പ്രണയത്തിന്റെ കണ്ണുനീർതുള്ളികൾ വീണക്ലാസ്സ് മുറിയും ഓർമ്മയുടെ ചെപ്പിൽ ഏറ്റുവാങ്ങി കൊണ്ട് ഞാനിറങ്ങുന്നു ഈ യൂസിയൻ പടികൾ....നിറഞ്ഞമനസ്സോടെ..........

---

# അവർ അവർക്ക് ആര് ?



സിൻഡ്രല അത്തോളി
I B.A. Psychology


മൗനത്തിന്റെ ചിറകടികൾ മാത്രമാണ്
എനിക്കവരിൽ നിന്നു കേൾക്കാനായത്
അവരുടെ ഹൃദയത്തിന്റെ തുടിപ്പോ
മനസ്സിന്റെ താളമോ ഞാനറിഞ്ഞില്ല
ഒരു പക്ഷെ അവർ നിശബ്ദം സല്ലപിക്കുകയാവാം....
അക്കൂട്ടർ അങ്ങനെയായിരുന്നല്ലോ പ...
മുഖങ്ങൾ മാറുന്നുവെന്നു മാത്രം
കന്നി പ്രണയത്തിന്റെ നോവ് ഒന്നുതന്നെ
പ്രാണന്റെ ചിന്തകൾ തോളിലേറ്റി
അവർ പുസ്തകത്തിന്റെ ഭാരം കുറച്ചിരുന്നു.
കയറുപൊട്ടുന്ന മനസ്സും ഉരുകുന്ന നെഞ്ചുമായ്
ഒരു വേഴാമ്പലിനെപ്പോലെ
തന്റെ പ്രാണന്റെ സ്വരത്തിനായ് കാതോർക്കുന്നു
തനിച്ചാവുമ്പോൾ അവർ സല്ലപിക്കുന്നു
മൗനത്തിന്റെ തടവറ ഇടയ്ക്കിടെ ഭേദിക്കുന്നു
സംസാരിക്കുന്നു ചിരിക്കുന്നു...
എനിക്ക് അവർ അവരല്ലാതാവുന്നു
മുൻപെങ്ങോ ക മറക്കാനാവാത്ത മുഖങ്ങളാവുന്നു
അതെ മറക്കാനാവാത്ത
ഓർമ്മയിൽ എന്നും തെളിയുന്ന മുഖങ്ങളാവുന്നു.
അവരുടെ പ്രണയം മൊട്ടിട്ടതും വിരിഞ്ഞതും
എല്ലാവരെയും ആനന്ദിപ്പിച്ചു വിലസിയതും
ഞാൻ കിരുന്നു.
ഉള്ളുരുകി ഞാനുമതിൽ ആഹ്ലാദിച്ചു
ഇന്നവർ എനിക്ക് വെറുമൊരോർമ്മയായി
അവർ അവർക്കു തന്നെ ഓർമ്മയായി
എന്നതാണു സത്യം
നാളെ ഇവർക്കും അവർ...........................





# മൗനനൊമ്പരങ്ങൾ

രേണു രാജ്
I B.A. English




ഒരു പക്ഷെ ഇന്നെന്നെ കൂടുതലായി അറിയുന്നതും മനസ്സിലാക്കുന്നതും എന്റെ തലയിണയാകാം.കാരണം എന്റെ ഓരോ കണ്ണുനീർത്തുള്ളിയുടേയും നനവും അവൾക്കറിയാം. ആ കണ്ണുനീർ തുള്ളികളുടെ അർത്ഥം അവളിന്നറിയുന്നു.എന്റെ ഓരോ കണ്ണു നീർത്തുള്ളിയേയും ഏറ്റുവാങ്ങുമ്പോഴും അവൾ എന്തൊക്കെയോ എന്നോട് മന്ത്രിക്കാറുണ്ട്. കുറേ വർഷമായി അവളെന്നെ കാണുന്നു.അവൾക്കെന്റെ ഓരോ വാക്കിന്റയും മൂളലിന്റെയും ഭാവമാറ്റത്തി ന്റെയും അർത്ഥം അറിയാം. പക്ഷെ എന്നിട്ടും എനി ക്ക്.........കണ്ണുനീരിനാൽ കുതിർന്ന എന്റെ കവിൾത്ത ടങ്ങൾ ഞാൻ അവളിൽ അമർത്തുമ്പോൾ സ്നേഹ ത്തിൻ തലോടലുകൾ എനിക്കവൾ തന്നു.എന്റെ സ്വപ്നങ്ങൾ, നിനവുകൾ, കുറുമ്പുകൾ, കള്ളത്തര ങ്ങൾ, ദുഃഖങ്ങൾ, എന്റെ സ്വപ്നഭംഗങ്ങൾ അങ്ങനെ എല്ലാം എല്ലാം അവൾക്ക് മനസ്സിലാകും.കാരണം, ഇവയെല്ലാം ഉൾക്കൊണ്ട എന്റെ തല ചായ്ക്കുന്നത് അവളുടെ നെഞ്ചിലാണ്. ഞാൻ ഒരു സ്വാർത്ഥയല്ലേ?

എന്റെ കണ്ണുനീർത്തുള്ളികളുടെ ഉപ്പിൽ മുങ്ങിയ അവ ളുടെ ജീവിതം...?? എന്റെ പുഞ്ചിരി ഇന്ന് ഒരു പക്ഷേ അവൾ ആഗ്രഹിക്കുന്നുണ്ടാകും.എന്റെ നല്ല ഭാവിക്കാ യ്, എന്റെ കണ്ണുനീർത്തുള്ളികളെ സ്വീകരിക്കാൻ അവൾ തയ്യാറാകുമായിരിക്കില്ല. എനിക്ക് അവൾക്കായി സന്തോഷം നൽകാനാകുമോ?? ഇനി അവളും എന്നെ വെറുത്താൽ.......?

# ആര്?




സനിത കെ. എസ്.
II B.A. Economics



എൻ മനസ്സിന്റെ താമരയിത-
ളുകൾ ആരോ പറിച്ചെടുക്കുന്നു.
എൻ മനസ്സിന്റെ ചിപ്പിയിലെ മുത്തെടുത്താരോ
അതിൽ കോർക്കുന്നു.
എൻ മനസ്സിൻ ജാലകം തുറക്കുന്നതാരോ
കരയുന്ന എൻ മിഴികളിലെ അടർന്ന്
വീഴുന്ന കണ്ണീർ കണങ്ങൾ
ആരോ തുടയ്ക്കുന്ന പോലെ !
എന്റെ നിസ്സഹായവസ്ഥയിൽ
കാറ്റായി തഴുകിയതാരാണ് ?
വെറുതെ ഞാനോർത്തു
കിനാവിൽ വന്നതാരാണ് ?
ഞാനറിയുന്നു അത് എന്റെ വെറും
തോന്നലുകൾ മാത്രമായിരുന്നു
അല്ലെങ്കിൽ ഞാൻ എവിടെയോ, പോയി മറയുമായിരുന്നു.

# നവ വിദ്യഭ്യാസ സംസ്ക്കാരം: ഒരു വിദ്യാർത്ഥിയുടെ കാഴ്ചപ്പാടുകൾ



പ്രദീപ് ജോസഫ്
II M.A. History

ഡെസ്റ്റോയെവ്സ്ക്കിയുടെ നോവലിലെ ഒരു രംഗം: കൊട്ടാരത്തിലെ സദ്യയെപറ്റിയറിഞ്ഞ തെരുവുതെണ്ടികളായ ഏതാനും പേർ അവിടേയ്ക്ക് ഓടിച്ചെന്നു. അവരെ കവാടത്തിന്റെ പ്രധാനഗേറ്റിനു മുന്നിൽ വച്ചുതന്നെ കാവൽക്കാർ നിഷ്ക്കരുണം അടിച്ചോടിച്ചു.വന്നതുപോലെ തന്നെ തിരിച്ചോടുമ്പോൾ അവർക്ക് വിശപ്പിനൊപ്പം അടിയേറ്റതിന്റെ വേദനയും ഉണ്ടായിരുന്നു.അപമാനിതരായ ആ കുട്ടികൾ ആകാശത്തേയ്ക്ക് കൈകളുയർത്തി കരഞ്ഞു .എന്നാണ് ഡോസ്റ്റോയെവ്സ്ക്കി എഴുതുന്നത്. കരളലിയിപ്പിക്കുന്ന ഒരു കാഴ്ചയാണിത്. കൊട്ടാരത്തിന് പകരം വിദ്യാഭ്യാസസ്ഥാപനങ്ങളേയും വിശന്നോടിവരുന്ന കുട്ടികൾക്ക് പകരം പിന്നോക്ക സാഹചര്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളേയും പകരം വെച്ച് വായിക്കുവാൻ തുടങ്ങുമ്പോൾ നമ്മുടെ വിദ്യാഭാസവ്യവസ്ഥ ബഹുഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികൾക്ക് നേരേ എന്ത് ചെയ്യുന്നുവെന്ന് ബോദ്ധ്യമാകും.

വിശപ്പ് മാറാതെ അടിയേറ്റ് അപമാനിതരായി തിരിച്ചോടുന്ന ഈ പരാജിതരെ സാന്ത്വനിപ്പിക്കാൻ,അവരെ അറിയാൻ ഇന്നാരും ശ്രമിക്കുന്നില്ല.അച്ഛനമ്മമാർക്ക്, ടീച്ചർമാർക്ക്, ജനങ്ങൾക്ക്, ആർക്കെങ്കിലും ഇവരെ അറിയാനാകുന്നുണ്ടോ? കുഞ്ഞേ,നീ എന്തുകൊണ്ട് തോറ്റു . ആരെങ്കിലും ഈ കുട്ടിയോട് ചോദിക്കുന്നുണ്ടോ?ഇന്ത്യൻ പൊതുവിദ്യഭ്യാസ സ്ഥാപനങ്ങളിൽ വെച്ച് വിളമ്പുന്ന നിങ്ങളുടെ വിദ്യഭ്യാസം ഞങ്ങൾക്കൊന്നും തരുന്നില്ല, ഞങ്ങളുടെ ഒരു വിശപ്പും മാറുന്നില്ല.എന്ന് പറയാതെ പറയുന്ന തോറ്റ വിദ്യാർത്ഥികളുടെ ജീവിതം അതിന്റെ ആഴം ഹൃദയം കൊണ്ടറിയാൻ നമുക്കാകുന്നുണ്ടോ?

ഇതേ വിഷയം മനുഷ്യസ്നേഹിയായ മറ്റൊരു എഴുത്തുകാരൻ വിക്ടർ ഹ്യൂഗോ പാവങ്ങൾ എന്ന നോവലിൽ ഒരിടത്ത് ഉന്നയ്ക്കുകയുണ്ടായി. അദ്ദേഹം എഴുതി എന്നെ ഏറെ വേദനിപ്പിക്കാറുള്ള ഒരു കാഴ്ചയുണ്ട് വിശന്നു മരിച്ച ഒരു കുഞ്ഞിന്റെ മുഖം തുടർന്നു അദ്ദേഹം പറയുന്നു ഇതിലും വേദനിപ്പിക്കുന്ന ഒന്നും ഇല്ലേ എന്ന് ചോദിച്ചാൽ ഉവ്വ് അറിവ് കിട്ടാതെ മരിച്ചുപോയ ഒരു കുട്ടിയുടെ മുഖം.

ലോകത്തെവിടേയും ഇന്ന നിലനില്ക്കുന്ന വിദ്യഭ്യാസം കുട്ടികളെ മത്സര ബുദ്ധികളാക്കുകയാണ്. ഭൂമിയിൽ ഓരോ കുട്ടിയും തുല്യത ഇല്ലാത്തതും വ്യത്യസ്തരുമാണ്. ഒരാൾക്കും മറ്റൊരാളാകാനാവില്ല.ഓരോ വ്യക്തിയിലും അളവറ്റ സവിശേഷതകൾ ഉണ്ടായിരിക്കും. അതിന്റെ മുമ്പിൽ പരീക്ഷകളിലെ മാർക്കുകൾ പരിമിതം.

ടീർച്ചർമാർ, മാതാപിതാക്കൾ, ബന്ധുക്കൾ ഇവർകുട്ടികളിൽ താഴ്ന്ന തരത്തിലുള്ള മത്സര സംസ്ക്കാരം ഉണ്ടാക്കുന്നത് പരസ്പരം സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ട ഒരു ക്ലാസ്സിലെ കുട്ടികളെ പരസ്പരം ശത്രുക്കളാക്കുന്നു.അവരെ ഹിംസാത്മകരാക്കുന്നു.തെറ്റായ മത്സര സംസ്ക്കാരത്തിന്റെ ഇരകളായ് പഠിപ്പിക്കൽ ജീവിതത്തിൽ എന്നേയ്ക്കും തോറ്റുപോയ ലോകത്തിലെ കുട്ടികൾ അവരുടെ ഇരുണ്ടുപോയ ജീവിതം കൊണ്ട് പാടിത്തീർക്കുന്ന ഗാനത്തിൽ ഇവർ ഇങ്ങനെ വിലപിക്കുന്നുണ്ടാകുമോ ഞങ്ങൾക്കും പലപല വിഷയങ്ങളിൽ താല്പര്യമുണ്ടായിരുന്നു വാസനയുണ്ടായിരുന്നു. പക്ഷെ നിങ്ങൾ അതിനെ കണ്ടെത്തിയില്ല. അത് വളർത്തുവാൻ സഹായിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ഇങ്ങനെ ആവുമായിരുന്നില്ല.

മത്സരത്തിൽ നിന്ന് ശത്രുതയുണ്ടാകുന്നു. അസൂയ, വെറുപ്പ്, കോപം,ക്രൂരത ഇവ വളരുന്നു.സ്നേഹഗാനത്തിനു പകരം മത്സരഗാനം ഉയരുവാൻ തുടങ്ങിയാൽ അവരുടെ ജീവിതഗാനം മാധുര്യമറ്റതായി തീരുന്നു.ക്ലാസ്സും അദ്ധ്യാപകരുമൊക്കെ സ്ക്കൂൾ എന്ന സംവിധാനത്തിന്റെ ഘടകങ്ങളാണ്. അദ്ധ്യാപകൻ ഒരു ഷോപ്പ് അസിസ്റ്റന്റ് വിദ്യയാണ് പയറ്റുന്നത്.വിദ്യയെ കൊത്തിനുറുക്കി യൂണിറ്റുകളാക്കി തരം തിരിച്ചിരിക്കുന്നു. ആകർഷകമായ പാക്കറ്റുകളിൽ ഉപഭോക്താക്കളുടെ പ്രായഭേദമനുസരിച്ച് അവ വിതരണം ചെയ്യുന്നു. സാമർത്ഥ്യങ്ങളെ കൂട്ടുകയും സദ്ഗുണങ്ങളെ കിഴിക്കുകയും ചെയ്യുന്ന വിദ്യഭ്യാസമാണ് കുട്ടികളെ മൂല്യമറ്റവരാക്കുന്നത്.



ക്ലാസ് മുറിക്കുള്ളിൽ അല്ലെങ്കിൽ വെളിയിൽ സദ്ഗുണങ്ങൾ പരിപോഷിപ്പിക്കുന്ന അല്ലെങ്കിൽ മൂല്യബോധമുള്ള പൗരൻമാരാക്കി തീർക്കുവാൻ പാഠഭാഗത്തിന് അപ്പുറം ശ്രമിക്കുന്ന എത്ര അദ്ധ്യാപകരുണ്ട്?

മൂല്യബോധമില്ലാത്ത വിദ്യാഭ്യാസത്തിന്റെ സംസ്ക്കാരം വിദ്യാർത്ഥികളിൽ മതിഭ്രമം സൃഷ്ടിക്കുന്നു. സ്വന്തം അനിയത്തിയെപ്പോലെ തോന്നേണ്ട ഒരു വിദ്യാർത്ഥിക്കുനേരേ ഹീനമായി പെരുമാറുന്നത് ,റാഗിംഗ് നടത്തുന്നത് ഈ വിദ്യഭ്യാസ ദർശനമാണ്.


ശരിയായ വിദ്യാഭ്യാസക്രമത്തിന്റെ ഭാഗമായുള്ള വ്യക്തിത്വത്തിന്റെ പൂർണ്ണവികാസത്തിന് രണ്ടുതരം പ്രവർത്തനങ്ങൾ വ്യക്തിയിൽ നടത്തപ്പെടണം.ഒന്ന് ബാഹ്യം,രണ്ട് ആന്തരീകം. ബാഹ്യ പ്രവർത്തനമെന്നത് നിഷ്കാമമായ കർമ്മം. ആന്തരികം എന്നത് മനസ്സിന്റെ അഗാധ തലങ്ങളെ സ്വസ്ഥവും ശാന്തവുമാക്കുന്ന ധ്യാനം പോലുള്ള രീതികൾ ഇതിലേയ്ക്ക് വിദ്യാർത്ഥികളെ എത്തിക്കുവാൻ സഹായിക്കുന്ന ഒരു നവ വിദ്യഭ്യാസ ക്രമം വഴി മൂല്യ ബോധം ഉയരുമ്പോൾ മാത്രമേ വിദ്യഭ്യാസം ഒരു ജനതയെ വിവേകമുള്ളവരും ഗുണമുള്ളവരും ആക്കുകയുള്ളൂ. അങ്ങനെയെല്ലാത്ത വിദ്യഭ്യാസം സ്വഭാവ നന്മയ്ക്കല്ല സാമർത്ഥ്യത്തിനാണ്, കൗശലത്തിനാണ് അധിക പ്രാധാന്യം നല്കുന്നത്.

അമ്മയുടെ ഗർഭപാത്രത്തിലിരിക്കെ ഒരു ശിശുവിന് അവന്റേതായ വ്യക്തിത്വമില്ല.ഗർഭപാത്രത്തിൽ നിന്ന് പുറത്ത് വരുന്നതോടെ അവന് പുതിയൊരു വ്യക്തിത്വം ഉണ്ടാവുകയാണ്. പക്ഷെ അവൻ സമൂഹം നിർമ്മിച്ചൊരുക്കിയ മറ്റൊരു ഗർഭപാത്രത്തിലേയ്ക്ക് പിറന്ന് വീഴുകയാണ്.ഓരോ ശിശുവും ജനനം മുതൽ മരണം വരെ സമൂഹത്തിൽ നിർമ്മിക്കപ്പെട്ട വ്യവസ്ഥചെയ്യപ്പെട്ട ഒരു സാഹചര്യത്തിലേയ്ക്ക് പിറവിയെടുക്കുകയാണ്. അങ്ങനെ ഭൂമിയിൽ ജനിച്ചു വീഴുന്ന ഓരോ മനുഷ്യനും അവൻ പെറ്റുവീണ സമൂഹത്തിന്റെ തടവുകാരനാണ്. സമൂഹം നിർമ്മിച്ചൊരുക്കുന്ന ഗർഭപാത്രത്തിൽ നിന്ന് പുറത്ത് കടക്കുമ്പോഴത്രേ വ്യക്തി വെളിച്ചത്തിലേയ്ക്ക്, ബോധത്തിലേയ്ക്ക് വരുന്നത്.

അത്തരം ഒരു വിദ്യഭ്യാസത്തിന്റെ അഭാവത്തിൽ കുട്ടികളെ മൃഗീയതയ്ക്കും മാനവികതയ്ക്കും ഇടയ്ക്കുള്ള ഒരന്തരാളാവസ്ഥയിൽ ഒതുക്കി വയ്ക്കാനാണ് വിദ്യഭ്യാസം ശ്രമിക്കുന്നത്. മനുഷ്യന്റെ മൃഗീയതയിൽ നിന്ന് മാനവികതയിലേക്കും മാനവികതയിൽ നിന്ന് അതിമാനവികതയിലേയ്ക്കും ഉയർത്താനുതകുന്നതായിരിക്കണം വിദ്യഭ്യാസം.

---


# വേനലും വാകയും




**അൻസിഫ് കെ.എ.**
II B.Sc. Physics


വിപ്ലവത്തെ കണ്ടുമുട്ടുമ്പോൾ
മെയ്മാസത്തിൽ വാകപൂക്കുമ്പോൾ
വേനലിൽ ഞാൻ വസന്തം സ്വപ്നം കാണുന്നു
വരണ്ട വേനലിന്റെ ചുവന്ന തുടിപ്പുകളും
പ്രതീക്ഷയറ്റവന്റെ ചുടുരക്തവും
ഉണങ്ങിയ ശിഖരങ്ങളിലെ ശ്വേത പുഷ്പങ്ങൾ
തകർന്ന ജീവിതത്തിന്റെ സത്രം
വേരുകളാൽ, ചത്തുമലച്ച മാതാവിന്റെ
അമ്മിഞ്ഞ ഊറ്റിക്കുടിയ്ക്കുന്നു.
തകർന്ന വീടിന്റെ തറതിരയുന്നവൻ
ഉണങ്ങിയ ചിന്തകൾക്ക് രക്തം പകരുന്നു.
അതിനാൽ നാളെകൾ നിനക്കുള്ളതാണ്
വസന്തത്തിൽ നീയൊരു പരിത്യാഗിയായിരുന്നു.
അവർ ഉത്സവപറമ്പിലും നീ പള്ളിയിലും
ഇന്നെന്റെ ദുഃഖത്തിലവർ ഇന്നലെകൾ അയവിറക്കുമ്പോൾ
വസന്തത്തിന്റെ ഉഴവുകാരൻ നീയിന്ന് കൊയ്ത്കൂട്ടുന്നു
അതിനാൽ നാളെകൾ നിനക്കുള്ളതാണ്
തീയെടുത്ത പുൽമേടുകളിൽ നീ
ചുവപ്പുകൊണ്ട് നനവു പകരുന്നു
ഉഷ്ണവാതങ്ങളിൽ ചുവപ്പൻ
തലയിളക്കിയാടുമ്പോൾ നീയും അവനും
വായാടി, ഭ്രാന്തൻ എന്നവർ
അതിനാൽ വേനലിൽ വാകപൂക്കുമ്പോൾ
വരണ്ട യുദ്ധ ഭൂമിയിലേക്ക് ചുടുരക്തം തിരിച്ചുവരുന്നു.

# ഒരു ഇന്റർവ്യൂ അനുഭവം



ആനന്ദ് വി. പി.
II B.A. Economics

അവൻ ഇന്ന് പതിവിലും നേരത്തെയാണ് എഴുന്നേറ്റത്, ആധികൊണ്ടാവാം.ഇന്ന് ജീവിതത്തിൽ ആദ്യമായ് ഒരു ജോലിയുടെ ഇന്റർവ്യൂന് പോകുകയാണ്. അതും നേവിയിൽ ആദ്യമായാണ് അവൻ ഒരു ഇന്റർവ്യൂന് കാർഡ് അയച്ചത്.അയച്ചപ്പോൾ ഒരിക്കലും പ്രതീക്ഷിച്ചില്ല അത് വരുമെന്ന്.കാർഡ് വന്നപ്പോൾ ജോലികിട്ടിയ സന്തോഷമായിരുന്നു അവന്. ഇന്റർവ്യൂവിന്റെ തലേദിവസം കൂട്ടുകാരോടും അയൽക്കാരോടും ജോലിക്കു പോകുന്നതുപോലെയായിരുന്നു അവന്റെ യാത്ര പറച്ചിൽ.രാവിലെ ആറുമണിക്ക് കൊച്ചി നേവൽ ബേസിൽ ഹാജരാകണം.പുലർച്ചെ 4.00 മണി ആയപ്പോഴേക്കും അവനും അച്ഛനും യാത്രയായി.ജോലി കിട്ടിയ ശേഷം ചെയ്യേണ്ട കുറേ സ്വപ്നങ്ങളും അവൻ അച്ഛന്റെ വണ്ടിയുടെ പുറകിൽ ഏതോ ലോകത്ത് കണ്ണും നട്ടിരുന്നു.ഗെയ്റ്റിന് പുറത്ത് വരെ അച്ഛന് വരുവാൻ അനുവാദം ഉണ്ടായിരുന്നുള്ളൂ.അവിടന്ന് നേവിയുടെ വണ്ടിയിൽ ഉദ്യോഗാർത്ഥികളെ അകത്തേക്ക് കൊണ്ട് പോയി.

പേരും നമ്പരും രജിസ്റ്റർ ചെയ്ത ശേഷം എഴുത്തു പരീക്ഷയ്ക്ക് ഇരുത്തിയപ്പോൾ ആകെ ഒരു പേടി.ഒരാളെ പോലും പരിചയമില്ല.എഴുത്തു പരീക്ഷ തുടങ്ങി. കടുകട്ടിയായിരുന്നു പരീക്ഷ. പരീക്ഷ കഴിഞ്ഞപ്പോൾ തന്നെ എല്ലാ പ്രതീക്ഷയും നശിച്ചു.ഏതോ ഒരു ഓഫീസർ പറഞ്ഞു പരീക്ഷ കഴിഞ്ഞവർ പുറത്ത് നിൽക്കുക റിസൾട്ട് ഒരു മണിക്കൂറിൽ അറിയിക്കും.ജയിക്കില്ലാ എന്നുറപ്പായി പുറത്തേക്ക് നടന്നു നീങ്ങുമ്പോൾ താൻ ദിവസം പ്രാർത്ഥിക്കുന്ന ദൈവങ്ങളെ മുഴുവൻ വാരിപ്പിടിച്ചു.അവർ അവനെ കൈ വിടില്ല എന്ന് അവൻ അവന്റെ മനസ്സിനെ വിശ്വസിപ്പിക്കാൻ ശ്രമിച്ചു.

ഹാളിന്റെ പുറത്ത് മനോഹരമായ പുൽതകിടികളും ചെടികളും വെള്ളച്ചാട്ടവുമുണ്ടായിരുന്നു.അതിൽ നോക്കിയിരുന്നാൽ സമയം പോകുന്നതേ അറിയില്ല. പെട്ടെന്ന് ഒരു മൈന ആ പുൽതകിടിയിൽ പറന്നിറങ്ങി അതു കണ്ടപ്പോഴാണ് അവൻ ഓർത്തത് ഒറ്റ മൈനയെ കാണുന്നത് ദുശ്ശകുനം ആണെന്ന്. അതു കൂടി കണ്ടതോടെ അവന്റെ എല്ലാ പ്രതീക്ഷയും നശിച്ചു.എങ്കിലും അവൻ മനസ്സുരുകി പ്രാർത്ഥിച്ചു ഒരു മണിക്കൂറിനു ശേഷം ഓഫീസർ വന്നു സെലക്ഷൻ ലഭിച്ച നമ്പറുകൾ വിളിക്കാൻ തുടങ്ങി എന്നാൽ അവന്റെ നമ്പർ അതിൽ ഉണ്ടായിരുന്നില്ല. അവന് തല കറങ്ങുന്നതുപോലെ തോന്നി. അവൻ കുട്ടികളുടെ ഇടയിൽ നിന്ന് മരത്തിന്റെ അടിയിലേക്ക് പോയി നിന്നു. അവന്റെ മനസ്സ് ആകെ കലങ്ങി മറിഞ്ഞു.സെലക്ഷൻ കിട്ടിയ കുട്ടികളുടെ ആഹ്ലാദം അവൻ ഏതോ ഒരു ലോകത്ത് നിന്നെന്നപോലെ കണ്ടു നിന്നു. സെലക്ഷൻ ഇല്ലാത്തവർ തിരിച്ച് ബസ്സിൽ കയറി ഇരിക്കേണ്ടതാണ് എന്ന് അനൗൺസ്മെന്റ് വന്നു.ബസ്സിൽ വന്നിരുന്നപ്പോൾ താൻ അച്ഛന്റെ മുഖത്ത് എങ്ങനെ നോക്കും എന്ന് ആലോചിച്ചു.

ബസ്സ് ഗെയിറ്റിനു മുന്നിൽ നിർത്തി. കുട്ടികൾ തിരക്കിട്ട് ഗെയ്റ്റ് കടന്നു കൊണ്ടിരുന്നു. പുറത്ത് നിന്ന് കുട്ടികളുടെ ഇടയിൽ അച്ഛൻ അവനെ തിരയുന്നുണ്ടായിരുന്നു. എന്നെ കണ്ടപ്പോൾ അച്ഛൻ ചോദിച്ചു. സെലക്ഷൻ കിട്ടിയില്ല അല്ലെ. ഇല്ല. അവൻ ദുഃഖത്തോടെ തല കുമ്പിട്ടു കൊണ്ടു പറഞ്ഞു. വണ്ടിയുടെ പുറകിൽ ഇരുന്ന് ആ തിരക്കേറിയ പട്ടണത്തിൽ നിന്ന് യാത്രയാകുമ്പോൾ അവൻ കോളേജിനെക്കുറിച്ചോർത്തു. അവിടെ അവനുണ്ടായ കൊച്ചു കൊച്ചു തമാശകൾ ഓർത്ത് അവൻ ഇന്റർവ്യൂവിന് തോറ്റ ദുഃഖം മറക്കാൻ ശ്രമിച്ചു. അപ്പോഴാണ് താൻ കഴിഞ്ഞദിവസം കോളേജിൽ നിന്നും പോരുമ്പോൾ തനിക്ക് ജോലികിട്ടാൻ വേണ്ടി പ്രാർത്ഥിക്കാം എന്നു പറഞ്ഞ തന്റെ പ്രിയപ്പെട്ടവളുടെ മുഖം അവൻ ഓർത്തത്. അപ്പോഴേയ്ക്കും അവിടെ ഒരു ചാറ്റൽ മഴ പെയ്തിറങ്ങി.



# ഇലഞ്ഞിച്ചുവട്ടിലെ സൗഹൃദം

**ഫർസാന എം.കെ**
I M.Sc. Biotechnology

ആ കോളേജ് കെട്ടിടത്തിന്റെ ഉള്ളിലേക്ക് അവൾ നടന്നുകയറി. അവളുടെ ഉള്ളിൽ പല ചിന്തകളും ഉണ്ടായിരുന്നു.തന്നെ ആരെങ്കിലും തിരിച്ചറിയുമോ, തനിക്ക് ആരേയെങ്കിലും കാണാൻ പറ്റുമോ എന്നെല്ലാം.പക്ഷെ, എല്ലാം ഉള്ളിലൊതുക്കി, ഇടനാഴിയിലൂടെ നടന്ന് തന്റെ ക്ലാസ്സ് മുറികളും ലാബുകളും ഒന്ന് അവൾ ചുറ്റിക്കണ്ടു.പക്ഷെ അവിടെ പരിചയമുള്ള ഒറ്റ മുഖങ്ങളും ഉണ്ടായിരുന്നില്ല.ഉണ്ടായിരുന്നവർ അവളെ തിരിച്ചറിഞ്ഞതുമില്ല.അവൾ പുറത്തേയ്ക്കിറങ്ങി.

അവിടെ വലതുവശത്തേയ്ക്കുള്ള വഴിയിലൂടെ നടന്നു.മറ്റു പല ഡിപ്പാർട്ടുമെന്റുകളും ആ നടത്തത്തിൽ അവൾ കണ്ടു.അതെല്ലാം ശ്രദ്ധിച്ചുകൊണ്ട് അവൾ നടന്നു.അങ്ങനെ അവൾ ആ ഇലഞ്ഞിച്ചുവട്ടിലെത്തി.അത് പൂത്തിട്ടുണ്ട് ചുറ്റും സുഗന്ധം പരന്നിരുന്നു.അപ്പോഴേ അവൾ അത് തിരിച്ചറിഞ്ഞിരുന്നു.അവൾ അതിന്റെ ചുവട്ടിൽ പോയി നിന്നു. അല്പനേരം ആ സുഗന്ധം ആസ്വദിച്ചു.

പെട്ടെന്ന് പുറകിൽ നിന്ന് ഒരു വിളി.

ശ്രുതി അവൾ തിരിഞ്ഞു നോക്കി.

അപ്പോഴാണ് അവൾ ഉണർന്നത്, താൻ വർഷങ്ങൾ ഇപ്പുറത്തേയ്ക്ക് ഒരുപാട് ദൂരം സഞ്ചരിച്ചിരുന്നു എന്ന് ബോധവതിയായത്

ആ ഇടനാഴികളും ക്ലാസ്സ് മുറികളും എല്ലാം എന്നും അവൾക്ക് അപരിചിതം ആയിരുന്നു.അത് ഉൾക്കൊള്ളാൻ ഒരിക്കലും അവൾക്ക് സാധിച്ചിരുന്നില്ല.അവയെല്ലാം അവളിൽ എന്നും നഷ്ടബോധത്തിന്റെ വേദന ഉണർത്തിയിരുന്നു, ഇപ്പോഴും.

പിന്നെ അവളിവിടെ ഒരിക്കൽക്കൂടി വന്നത്....

പഠിച്ചിറങ്ങിയ സ്ഥാപനവും അവിടത്തെ അദ്ധ്യാപകരേയും ഒരിക്കൽക്കൂടി ഒന്ന് കാണണമെന്ന മോഹം ഉള്ളിന്റെയുള്ളിൽ അണപൊട്ടിയപ്പോൾ അവൾ വന്നു.

തന്റെ പേര് വിളിച്ചുകൊണ്ട് അടുത്തേക്ക് വരുന്ന ആളെ പെട്ടെന്ന് തിരിച്ചറിയാൻ അവൾക്ക് സാധിച്ചില്ല. പ്രായാധിക്യത്തിന്റെ വികൃതിയാണ് അതിന് കാരണം. പണ്ടെങ്ങോ കേട്ടുമറന്ന ആ സ്വരം, മൂടിപ്പോയ ഓർമകളിൽ നിന്ന് ചികഞ്ഞെടുക്കാൻ ശ്രമിച്ചു അവൾ. പക്ഷെ....

ദൃഷ്ടി തെളിയുന്ന ദൂരത്തെത്തിയപ്പോൾ അവൾ തിരിച്ചറിഞ്ഞു,അത് തനിക്ക് ഈ കലാലയത്തിൽ ആശ്വാസം പകർന്നിരുന്ന അപൂർവ്വം ചില മുഖങ്ങളിൽ ഒരാളായിരുന്നു.

തന്റെ ഏറ്റവും അടുത്ത ഒരു സുഹൃത്ത്- സബീന.

പ്രായത്തിന്റേതായ നരകളും ചുളിവുകളുമെല്ലാം വീണിരുന്നുവെങ്കിലും, ഒറ്റനോട്ടത്തിൽ തന്നെ അവൾ തന്റെ ആ പഴയ സുഹൃത്തിനെ തിരിച്ചറിഞ്ഞു.

അവൾ പഠിച്ച കോളേജിൽ തന്നെ അദ്ധ്യാപികയായെന്ന് ആരോ പറഞ്ഞറിഞ്ഞിരുന്നു.എങ്കിലും ഈ കൂടിക്കാഴ്ച ഒരിക്കലുംപ്രതീക്ഷിച്ചിരുന്നില്ല.കോളേജിൽ നിന്ന് പിരിഞ്ഞശേഷം കുറച്ചുകാലം ഫോണിലൂടേയും കത്തിലൂടേയും മറ്റും ഇരുവരും തങ്ങളുടെ സൗഹൃദം കാത്തുസൂക്ഷിച്ചിരുന്നു. പക്ഷെ, പിന്നീട്, ജീവിതയാഥാർത്ഥ്യം വൈകൃതമുഖങ്ങൾ ധരിച്ചു മുൻപിൽ നിന്നപ്പോൾ ഉണ്ടായ പതർച്ചയിൽ മറ്റു പലതും അവർ മറന്നു.ഇങ്ങനെ പല ചിന്തകളും അവളുടെ ഉള്ളിലൂടെ കടന്നുപോയി.

ആ സുഹൃത്ത് അടുത്ത് വന്നപ്പോഴേയ്ക്കും അവളുടെ കാഴ്ച വീണ്ടും മങ്ങിയിരുന്നു, കണ്ണുനീരുകൊണ്ട്.....

അപ്രതീക്ഷിതമായ ആ കണ്ടുമുട്ടലിൽ എങ്ങനെ മൗനം ഭഞ്ജിക്കണം എന്നറിയാതെ ഇരുവരും ഒരു നിമിഷം കുഴങ്ങി.അവരുടെ ആ മൗനത്തിലും പക്ഷെ പരാതികളും പരിഭവങ്ങളുമുണ്ടായിരുന്നു.ഇരുവരുടേയും ഇക്കാലമത്രയും അടക്കിവച്ചിരുന്ന സ്നേഹം തുളുമ്പി, ആ സന്തോഷത്തിൽ അവരുടെ കണ്ണുകളും....

വിശേഷങ്ങൾ പങ്കിടാൻ അവർ തങ്ങളുടെ പഴയ ക്യാന്റീനാണ് തിരഞ്ഞെടുത്തത്. പണ്ടെങ്ങോമറന്ന അവിടത്തെ ചായയുടേയും പരിപ്പുവടയുടേയും സ്വാദ് ഒരിക്കൽക്കൂടി ആസ്വദിച്ചുകൊണ്ട്, വർഷങ്ങളായി ജീവിതത്തെ മാറ്റിമറിച്ച സംഭവങ്ങളെപ്പറ്റി അവർ സംസാരിച്ചു.

തന്റെ മകനും മകളും സെറ്റിൽഡ് ആയി എന്ന് ശ്രുതി പറഞ്ഞത് ഒരു ആശ്വാസത്തിന്റെ നെടുവീർപ്പോടെയാണ്.സബീനയ്ക്ക് തന്റെ ഏകമകൾ അവരുടെ തന്നെ പാത പിൻതുടർന്ന കഥയാണ് പറയാനുണ്ടായിരുന്നത്. മക്കളെല്ലാം ഒരുനിലയിൽ എത്തിയതിന്റെ ആശ്വാസം രണ്ട് അമ്മമാരും പങ്കുവച്ചു. സബീനയ്ക്കിനി വിരമിക്കാൻ രണ്ടു വർഷം കൂടിയേ ബാക്കിയുള്ളൂ എന്ന് പറയുമ്പോൾ അവരുടെ കണ്ണിലെ ആ ദുഃഖം മനസ്സിലാക്കി ശ്രുതി അവരെ ആശ്വസിപ്പിച്ചു.

ഏറെനേരം അവർ തങ്ങളുടെ കഴിഞ്ഞകാല വിശേഷങ്ങൾ പറഞ്ഞു.അവർ തങ്ങളുടെ ആ പഴയ കാലത്തിലേയ്ക്ക് ഒന്ന് ഊളിയിട്ടു. കുറച്ചു നേരത്തേയ്ക്ക് അവർ ആ പഴയ വിദ്യാർത്ഥിനികൾ ആയി.അന്നത്തെ ഇണക്കങ്ങളും പിണക്കങ്ങളും തമാശകളും പൊട്ടിച്ചിരികളും.... എല്ലാം അവരുടെ ഉള്ളിലൂടെ ഒരു മിന്നായം പോലെ കടന്നു പോയി. ഇനി ഒരിക്കലും തിരിച്ചുവരാത്ത ആ നല്ലകാലത്തെ അവർ ഒരു നഷ്ടബോധത്തോടെ സ്മരിച്ചു.

സമയം പോയത് അവർ അറിഞ്ഞില്ല.ഒരു പിരീഡ് തുടങ്ങി ഏറെകഴിഞ്ഞിട്ടും തങ്ങളുടെ അദ്ധ്യാപികയെ കാണാതെ, ഒരു വിദ്യാർത്ഥി വന്ന് സബീനയെ വിളിച്ചപ്പോഴാണ് അവർക്ക് സ്ഥലകാലബോധം വന്നത്.

ശ്രുതി തന്റെ സുഹൃത്തിന്റെ സാഹചര്യം മനസ്സിലാക്കി യാത്ര പറഞ്ഞ് പോകാനൊരുങ്ങി.സബീന തന്റെ നിസ്സഹായവസ്ഥ മറച്ചുകൊണ്ട് ശ്രുതിയോട് അല്പം കഴിഞ്ഞ് പോകാമെന്ന് പറഞ്ഞു.ശ്രുതി പക്ഷെ തനിക്ക് ഒത്തിരിദൂരം പോവേണ്ടതുള്ളതുകൊണ്ട് യാത്ര പറഞ്ഞു. സബീന ശ്രുതിയെ തന്റെ വീട്ടിൽ ഒരു ദിവസം കഴിയാൻ ക്ഷണിച്ചുവെങ്കിലും ശ്രുതി സ്നേഹപൂർവ്വം അത് നിരസിച്ചുകൊണ്ട് ക്യാന്റീനിൽ നിന്നിറങ്ങി.പോകുന്നതിനു മുൻപ് അവർ തങ്ങളുടെ ഫോൺ നമ്പർ പരസ്പരം കൈമാറിയിരുന്നു, വല്ലപ്പോഴും വിളിക്കാം എന്ന് പറഞ്ഞ്....

കുറച്ച് ദൂരം താൻ കൂടി വരാമെന്നു പറഞ്ഞ് സബീനയും ശ്രുതിയോടൊപ്പം ഇറങ്ങി.നടന്നുനടന്ന് അവർ വീണ്ടും ഇലഞ്ഞിച്ചുവട്ടിൽ എത്തി അവിടെ നിന്ന് അവർ യാത്രപറഞ്ഞു.ഇരുവരുടേയും ഹൃദയം ഒന്നു വിങ്ങി, ഇനിയെന്നെങ്കിലും കാണുമോ എന്നറിയാതെ വീണ്ടും ഒരു പിരിയൽ.ആ മരച്ചുവട്ടിൽ നിന്ന് രണ്ടു പേരും രണ്ടു വഴിക്ക് .....

ശ്രുതി ആ പടവുകൾ ഇറങ്ങിപ്പോവുന്നതു നോക്കി സബീന നിന്നു.സബീനയോട് കൈവീശി യാത്ര പറഞ്ഞുകൊണ്ടാണ് ശ്രുതി ഇറങ്ങിയത് അവളുടെ കണ്ണിൽ നിന്ന് മായുന്തോറും സബീനയുടെ ആ ചിത്രം, ശ്രുതിയുടെ മനസ്സിൽ, ഒരിക്കലും മായാത്ത വിധം പതിയുകയായിരുന്നു.കാരണം,അവളുടെ ആ സുഹൃത്തിനെ അവൾ അത്രയേറെ സ്നേഹിച്ചിരുന്നു.

അതുകൊണ്ട് തന്നെയാവണം അവൾ ആ പടികൾ ഇറങ്ങുമ്പോൾ വർഷങ്ങൾക്കുശേഷം കണ്ടതിന്റെ സന്തോഷത്തിന്റേയും ഒരു പിരിയലിന്റേയും കൂടി വേദനയും കലർന്ന ഒരു വികാരം കൊണ്ട് അവളുടെ മനം നിറഞ്ഞതും മിഴി നനഞ്ഞതും.....

---

# മാറ്റം അനിവാര്യമത്രേ...



**ശാലിനി റ്റി.ആർ.**
II B.A. Malayalam

പുതുമതൻ വരവേല്പുകൾക്കിടയിലുമിന്നിതാ
ഓർമ്മയായ് പഴയൊരാ ഗ്രാമസൗന്ദര്യങ്ങൾ
ഓടിക്കളിച്ച പുൽപ്പാടങ്ങളോർമ്മയായ്
ആവിയടിക്കുന്ന യന്ത്രങ്ങൾ കാഴ്ചയായ്
മഴയിൽ കുരുക്കുന്ന തകരകൾ പോലിതാ
മുളപൊട്ടുമായിരംവ്യവസായശാലകൾ
പാതയോരത്തെയാ പൂമരക്കൂട്ടവും
നടവഴി നിറഞ്ഞൊരാ ശീതളച്ഛായയും
ഇമ്പം തുളുമ്പുന്ന ശാന്തസംഗീതവും
കൺതുറന്നപ്പോളകന്ന സ്വപ്നങ്ങളായ്
മുട്ടിനുമുട്ടിനു തലയുയർത്തീ പുതു
പുത്തൻ സംസ്ക്കാര സൗന്ദര്യശില്പങ്ങൾ
എല്ലാത്തിനും പുതുഭാവങ്ങൾ രൂപങ്ങൾ
ഒന്നിനും തികയാത്ത ഉദയാസ്തമയങ്ങൾ
മാറുന്ന കാലത്തിനോരം പിടിച്ചിന്ന്
മാറിത്തുടങ്ങുന്ന പാവം മനുഷ്യരും
മാറ്റത്തിനെതിരായ മുറവിളികൾക്കിന്നിതാ
മറുപടിചൊല്ലുന്ന പണ്ഡിത ശ്രേഷ്ഠരും
മാറ്റം അനിവാര്യമത്രേ
ഈ മാറ്റങ്ങളനിവാര്യമത്രേ

# RNA Interference: A Promising Strategy for Silencing Wayward Genes





**Anju Mary Philip**
I M.Sc. Biotechnology

A 6-year-old girl is enduring a period of crisis-breathlessness, debilitating fatigue, sudden onset of chest, back or limb pain, cerebral symptoms, and kidney failure. She will suffer repeated agony for the rest of her short life. A 10-year old boy is having difficulty in breathing, frequent severe respiratory infection and a clogged pancreas that disrupts digestion-all resulting from a buildup of extremely thick mucus secretions. His parents have to pound his chest every morning to dislodge the thick mucus, to ease his breathing. Trying to open a stuck window, a 55-year-old nurse feels a sudden sharp pain just above her wrist. The bone has broken, weakened by cancer cells that have silently spread there from her breast and are multiplying uncontrollably.

In each case, wayward genes are the culprit. The 6-year old girl inherited a defective gene that makes a misshapen version of the hemoglobin protein inside her red blood cells, causing sickle cell anemia. The 10- year old boy inherited the gene for cystic fibrosis whereby the chloride ion channels in his body don't function properly, leading to accumulation of mucus. The nurse inherited a breast-cancer gene, and the gene is ordering the cells to multiply. Humans suffer from over 3000 such diseases which are the direct results of abnormal genes.

Doctors have long dreamed of a magic bullet that could travel harmlessly through the body to diseased cells, enter those cells and switch off the wayward genes that cause the suffering. Since the 1960s it has been the central tenet of biology that a specific sequence of DNA (a gene) makes a specific sequence of messenger RNA (mRNA), which in turn makes a specific protein. In most instances, the expression of a gene is by the elaboration of a protein, which is often an enzyme catalyzing a metabolic reaction, leading to the expression of a trait. An adult human being is composed of 100 trillion cells belonging to over 230 different types. All our genes are contained in each of our cells. But in each cell, certain genes are expressed while others remain dormant, which is why the trillions of cells in the human body look and function differently from one another.

Over the past 30 years, scientists have identified various proteins that activate or silence genes. However, those proteins are large and complex molecules that are difficult to harness in order to control disease. Around 1990, molecular biologists obtained a number of unexpected results that were difficult to explain. The most striking effects were observed by plant biotechnologists who were trying to increase the colour intensity of the petals of petunias by introducing a gene inducing the formation of red pigment in the flowers. But instead of intensifying the colour, this treatment led to a complete loss of colour and the petals turned white! The mechanism causing these effects remained enigmatic until Andrew Z. Fire and Craig C. Mello made the discovery of RNA interference, for which they received the 2006 Nobel Prize in Physiology or Medicine. They, however, were studying the mRNA coding for a muscle protein in a 1mm long worm, Caemorhabditis elegans when they discovered that injecting double stranded RNA encoding the muscle protein actually silenced the muscle

protein gene, and no protein of the encoded type was made. This mechanism was called RNA interference.

Considered just a curiosity at first, RNA interference has since revolutionized biological research. It has allowed scientists to silence specific genes very precisely in cell cultures and even in animals, like mice. Since molecular biologists have now identified every gene in humans, in several animals and in many microorganisms that cause human disease, researchers can systematically silence one gene after another, and observe what happens to the cells or the animals-a direct test of a gene's function, including its role in causing a particular disease. If a gene plays such a role, it becomes a target for developing a conventional or novel treatment.

Could RNA interference technology be used to silence wayward genes? It's easy enough to produce micro RNAs that have similar sequences to a particular gene. Such synthetically made RNAs are called small interfering RNAs, or siRNAs. The hard part is to deliver the siRNA to the ce))s deep inside the body, where the wayward genes are causing mayhem. But progress is being made. Scientists are figuring out ways to protect the siRNAs from destruction as they circulate through the body, and to allow them entry into the target cells. In animal studies, siRNAs have stifled autoimmune hepatitis, a neurological disease called spinocerebellar ataxia, several viral diseases and several types of cancer, and have dramatically lowered cholesterol levels. And, in human studies, siRNAs have recently shown promise in the treatment of macular degeneration, the leading cause of blindness in the elderly.

It's true that we already have conventional drugs that inhibit the reproduction of some viruses, slow the growth of cancer and lower cholesterol. But RNA-interference technology offers a number of advantages. For one thing, it is a strategy that can affect genes in general. Hence, it would be effective against many pathological genes for which no counteracting drugs have yet been developed. And while the process of looking for conventional drugs that counteract the effects of wayward genes is getting faster and more efficient, ifs still ponderous and expensive. Once scientists know the identity and structure of a wayward gene, they can easily make siRNAs to silence it. And, compared with most conventional drugs, siRNAs are simple molecules that should be very inexpensive to produce. Also, since the immune system does not recognize siRNAs as foreign, they would likely produce fewer side effects than conventional drugs.

Though there are reasons to be optimistic that this new technology will lead to powerful and nontoxic novel treatments, there are many obstacles to overcome. Would the custom-made siRNAs reach all their potential targets deep in the body? And would siRNAs mistakenly silence healthy genes with similar sequences to a wayward gene? It is also uncertain how durable the effect of this new form of therapy will be. It is possible that in chronic diseases, siRNAs, like conventional treatments, will need to be given repeatedly in order to sustain a beneficial effect.

Nevertheless, the potential for RNA-interference therapy in human and veterinary medicine remains tremendously high. The story of its discovery is just the latest example of how an investment in basic research can lead to completely unexpected, and enormously beneficial, results. Who could have imagined that trying to make a petunia more purple or studying the production of a muscle protein would reveal a potential new approach for shutting down the gene for cancer'? No one. That's why it's wise for a society to invest in curious people who try to understand how living things work.

# എന്റെ പ്രിയ കൂട്ടുകാരാ....





ലക്ഷ്മി ഹരിദാസ്
III B.Sc. Mathematics

എപ്പോഴുമെന്തെങ്കിലുമോർത്തു വിഷമിച്ചിരിക്കുക എന്നത് പണ്ടേ അവളുടെ സ്വഭാവമായിരുന്നു.ഈയിടെയായി അത് വളരെ കൂടിയിട്ടുണ്ട്.തന്നെ മനസ്സിലാക്കാൻ തന്റെ വിഷമങ്ങൾ പങ്കുവയ്ക്കാൻ ആരുമില്ലെന്നൊരു തോന്നൽ!! പെട്ടെന്ന് അവൾ തന്റെ പ്രിയ കൂട്ടുകാരനെ ഓർത്തു അവൻ ഇപ്പോൾ തന്റെ അടുത്തുണ്ടായിരുന്നെങ്കിൽ എന്നവൾ വെറുതെ ചിന്തിച്ചു...

ഒത്തിരി നാളുകളായി അവളെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു വലിയ പ്രശ്നമാണ് ഏകാന്തത.ഒത്തിരി ആളുകളെ താൻ സ്നേഹിക്കുന്നു എങ്കിലും തന്നെ പൂർണ്ണമായി മനസ്സിലാക്കാൻ ആരുമില്ലെന്നചിന്ത അവളെ വിഷമിപ്പിച്ചു.അങ്ങനെ ഓർമകളിൽ തേരോട്ടം നടത്തിക്കൊണ്ടിരുന്നപ്പോഴാണ് അരികിൽ പൂത്തുനില്ക്കുന്ന വള്ളിച്ചെടി അവളുടെ ശ്രദ്ധയിൽപെട്ടത്.ഇളം നീല നിറത്തിലുള്ള പൂക്കൾ കുലകുലയായി ആചെടിയിൽ നിറഞ്ഞു നില്ക്കുന്നു.മറ്റു ചെടികളിൽ നിന്ന് വ്യത്യസ്തമായി എന്തോ ഒരടുപ്പം അവൾക്ക് അതിനോട് തോന്നി.ആ ചെടി താൻതന്നെയാണെന്ന തോന്നലായിരിക്കാം അവളെ അതിലേയ്ക്കടുപ്പിച്ചത് അതിനാൽ അതിനരുകിലേയ്ക്ക് ചെന്ന് കുറച്ചു നേരം അതിന്റെ ഭംഗി ആസ്വദിച്ചിരുന്നു.

പെട്ടെന്ന് അതുവഴി ഒരു കാർവണ്ട് വന്നു.അത് ആ വള്ളിച്ചെടിയുടെ മുകളിലൂടെ മൂളിക്കൊണ്ട് പറന്നു നടന്നു.അതിനു ശേഷം അത് ഓരോ പൂവിനോടും കുശലം ചോദിക്കാനെന്നപ്പോലെ മുട്ടിയുരുമ്മിനിന്നു. അപ്പോഴാണ് അരുകിൽ വിഷമിച്ചിരിക്കുന്ന അവളെ അതു കണ്ടത്.പെട്ടെന്ന് മൂളിക്കൊണ്ട് അത് അവളുടെ അരികിലേയ്ക്കു ചെന്നു.അവൾക്കല്പം പേടിതോന്നി ഇതുമനസ്സിലാക്കിയിട്ടെന്നപ്പോലെ അതവളോടായി പറഞ്ഞു. ഭയപ്പെടേണ്ട ഞാനൊരു പാവമാണ് ഉപദ്രവിക്കാനായി വന്നതല്ല... അവൾക്കല്പം ആശ്വാസവും അതോടൊപ്പം ആശ്ചര്യവും തോന്നി.
ആരാണു നീ? എന്ന ചോദ്യത്തിന് അവൾ അവ്യക്തമായ ചില ആശയങ്ങൾ നല്കി അപ്പോൾ അത് അവളോട് പറഞ്ഞു നമ്മളാരും ഒരിക്കലും ഏകാകിയാകുന്നില്ല. ആരെങ്കിലുമൊക്കെയുണ്ടാകും നമ്മെ അറിയാനും സ്നേഹിക്കാനുമായി.... ഇത് സത്യമാണ്... ഈ വാക്കുകൾ അന്നവളെ ഒരു പാടു സന്തോഷിപ്പിച്ചു അന്നുവരെ അവളുടെ വിഷമങ്ങൾ പങ്കുവയ്ക്കാനും അവളെ മനസ്സിലാക്കാനും ആരും ശ്രമിച്ചിരുന്നില്ല.എന്നാൽ അന്ന് അവളെ സ്നേഹിക്കാനും ഉപദേശിക്കാനും ഒരു കൂട്ടുകാരൻ ഉണ്ടായി....

അന്നു മുതൽ എല്ലാദിവസവും സന്ധ്യയാകുമ്പോഴേയ്ക്ക് അവൾ വള്ളിച്ചെടിയിൽ നോക്കിയിരിപ്പാണ്. തന്റെ വിശേഷങ്ങളും വിഷമങ്ങളും പങ്കുവയ്ക്കാൻ പ്രിയകൂട്ടുകാരനെ കാത്ത്...

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു പോയി.ഈ ചുരുങ്ങിയ നാളുകൾകൊണ്ട് ആ കാർവണ്ട് അവളുടെ ജീവിതത്തിലെ പ്രധാന കഥാപാത്രമായി മാറി.അവൾ ആ കാർവണ്ടിനെ ജീവനു തുല്യം സ്നേഹിച്ചു പോന്നു. അങ്ങിനെ താൻ ഏകാകിയാണെന്ന ചിന്ത അവൾ മറന്നു.

ഒരു ദിവസം കോളേജിൽ നിന്നെത്തിയ അവൾ ധൃതിയിൽ തന്റെ ജോലികളെല്ലാം തീർത്ത് വള്ളിച്ചെടിക്കരികിലേയ്ക്ക് ഓടി.എന്നാൽ പെട്ടെന്ന് അവൾ ഞെട്ടിപ്പോയി തന്റെ പ്രിയപ്പെട്ട വള്ളിച്ചെടി അപ്രത്യക്ഷമായിരിക്കുന്നു.അവൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല.പിന്നീടവളറിഞ്ഞു അമ്മയുടെ നിർദ്ദേശപ്രകാരമാണ് അച്ഛൻ അത് വെട്ടിക്കളഞ്ഞത് എന്ന്. ആ വള്ളിച്ചെടി പടർന്ന് ഇലക്ട്രിക്ക് ലൈനിലേയ്ക്ക് കയറിയിരുന്നു.ഇനിയുമത് വെട്ടിക്കളഞ്ഞില്ലായിരുന്നുവെങ്കിൽ എല്ലാവരും ഇരുട്ടിൽ കഴിയേണ്ടിവരുമായിരുന്നെന്ന് അമ്മ ഓർമിപ്പിച്ചു.

ഇത്രയും കേട്ടപ്പോഴേയ്ക്ക് അവൾക്ക് തലചുറ്റുന്നതു പോലെ തോന്നി. ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന് അവൾ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നതല്ല. പിന്നീട് അവൾ തന്റെ പ്രിയകൂട്ടുകാരനെ കാത്തിരുന്നു.കുറച്ച് നിമിഷങ്ങൾക്കുശേഷം അവൻ ഒരു മൂളിപ്പാട്ടും പാടിക്കൊണ്ടെത്തി എന്നാൽ വള്ളിച്ചെടിയുടെ തിരോധാനത്തെക്കുറിച്ചറിഞ്ഞ അവൻ വല്ലാതെ വിഷ

മിച്ചു.പിന്നീട് അവൻ പറഞ്ഞു സാരമില്ല. ദൈവനിശ്ചയം അതായിരിക്കാം. ഒരു കാര്യം ഇനി എനിക്കിങ്ങോട്ട് ദിവസവും വരാൻ കഴിയുമെന്ന് തോന്നുന്നില്ല.എനിക്ക് മറ്റൊരിടത്തേയ്ക്ക് പോയേ പറ്റൂ...എന്നാലും നീവിഷമിക്കേണ്ട നമുക്ക് ഇടയ്ക്ക് എവിടെയെങ്കിലും വച്ച് കണ്ടുമുട്ടാം.

അവൾ അതു കേട്ട് തരിച്ചുനിന്നു.അങ്ങനെ തന്റെ ഒരേയൊരു കൂട്ടുകാരൻ തന്നെ വിട്ടു പോകുന്നു.അവൾക്കവനെ പിരിയുവാൻ കഴിയുമായിരുന്നില്ല.കാരണം അവൾ അവനെ അത്രയധികം സ്നേഹിച്ചിരുന്നു.

ഇപ്പോഴിതെല്ലാം എന്തിനാണാവോ ഓർത്തത്. വളരെ നാളുകൾക്കു ശേഷം അവൾ തന്റെ പ്രിയ കൂട്ടുകാരനെ കുറിച്ചോർത്തു പോയി.അവന്റെ മൂളിപ്പാട്ടുകളും, ആശ്വാസവാക്കുകളും കേൾക്കാൻ അവൾ കൊതിച്ചു. തന്റെ വിശേഷങ്ങളും, വിഷമങ്ങളും പങ്കുവയ്ക്കാൻ ഇന്നും അവൻ ഉണ്ടായിരുന്നെങ്കിൽ എന്നവൾ വെറുതെ ആശിച്ചു. പ്രിയകൂട്ടുകാരാ.... നീ എവിടെയായിരുന്നാലും നിനക്ക് നന്മ വരട്ടെ. ഒരു കാര്യം നീ ഒരിക്കലും മറക്കരുത്. നിന്നെ ഞാൻ ഒരുപാടൊരുപാട് സ്നേഹിച്ചിരുന്നു...

# തണുപ്പ്




**വിജയൻ പി.ആർ.**
I M.A. History

മഞ്ഞുമൂടിക്കിടക്കയാണെൻ ആത്മാവ്
എൻ സിരകളിൽ ഒഴുകുന്നത് തണുത്ത രക്തമോ?
എൻ കണ്ണുനീരിൽ നിറയുന്നതാലിപ്പഴമോ?!
എൻ കാതിൽ വീഴുന്നത് തണുത്ത
കാറ്റിന്റെ വിറച്ച ശബ്ദമോ?
കട്ടപിടിച്ച ഇരുട്ടാണിവിടെയും
അലറിക്കരയാൻ കൊതിക്കയാണെൻ മനസ്സ്
പക്ഷെ എൻ നാവും തണുത്തിരിക്കുന്നു.
തണുപ്പുമൂടിക്കിടക്കുന്ന രാത്രിയിൽ
തണുത്ത നിലാവിനെ കൂട്ടുപിടിച്ച്
നഗ്നപാദുകനായി അലയുന്നു
ഞാനിപ്പോഴും
തണുത്ത വീഥിയിൽ നിറയെ
ഉറഞ്ഞുപോയ കണ്ണുനീർ ചിതറിക്കിടക്കുന്നു.
ഇതും എന്റേതാണോ?
നിശബ്ദതയെന്നെ തുറിച്ചു നോക്കുന്നു.

ഞാൻ മാത്രമോ ഈ വീഥിയിൽ
ഈ തണുത്ത രാവിലും എനിക്ക്
ദാഹിക്കുന്നു.
കണ്ണുനീരിൻ ഉപ്പുചുവയ്ക്കുന്ന
ജലമാണെവിടെയും
അല്ല ഞാൻ മാത്രമല്ല ഇവിടെ
ആരോ തണുത്ത ശരീരത്തെ
വലിച്ചെൻ മുൻപേ പോകുന്നു
അതോ എൻ കിനാവോ അത്
ദൂരെയെങ്ങോ ഒരു തിരിനാളം
തെളിയുന്നുവോ ?
കഷ്ടം എൻ കാഴ്ചയും
തണുത്തു തുടങ്ങിയോ?



# Adiev Mother Adiev



**Alula M.Jose**
III B.A. Psychology

My Alma mater dearest mother of my mind and sprit, writing about you is often very exhitarating, but now it becomes a bit beurldering .Mary happy moments and some sad ones we together shared - to write of them all, I feewl realy at a loss. Where shall I, how shall I begin oh, dear mother this?

Mixed feelings of shining memories here and swell sweet ones and sour ones....how to sort them all? All are important, all dear to you and me! adding to these whirlpools in my mind is that creeping pain of parting, so to love I am going to be an 'old student od U.C.'. The world old student is a misnamer "tenagers passing out are called 'old studens"- funny isn't it ?

Desting decision:

When I think of old days, I feel joining in U.C was desting decision. I had a sure card from K.E. College Kottayam and I rather disliked U.C admission, tomake a change in my family history. But things hered out in such a maner that atlast I land in U.C itself. But then could I make it love at first sight...? Not at all... it took me and grate many pains.... he so called maturins process.

The first encountor was curious. born in east Africa, Indian aristographic patterns surprised me. The 'cakacherimalika'guarded by might mahogany trees was a thrilling sight, get not tomy test. I passed out from Rajagiri Public School and the building and class rooms there are posh and cosy. At first presented a big contrast. That was only the beginning. Then followed a serries of events trails and tribulaors-the frish buds of friendshipers the canker at concealed every the bitter betrayals, misunderstanding and rejectrs,silent sobs and un seen tears - at times paining too much and pushing away all limites of pahrce. The pain was more as narrow departmental walls promoted prejudies and petty personal games. But above all I remember and cherish oh mother, the sudden blow of sincere love, the rainbows of any campus life.Where ever signed in silera or sobbed unseen, you my dear sent your agents of soothing comfort to reviv me and proud me on.... All these changed a namer tenajer in to a nature adult. Now I feel am a morarch bullrthy ready to soor on its own wings. Over flows flooding heart puncturted by noshalsic forwell scenes.

Last old student reunion in day shires in my memory we N.C.C voluntaers where guiding the guest. The came a scorpio to the campus and helped by a young couple every very very old gentleman got off the car. He steadied himself survyed the scope and cheked "same old U.C" I later enquired about him. He studied in U.C Ideading before it is grade children where the new old student. The score and his body language were somthing unique and rors. I felt Tagor lines echoirs.... a rain drop falls on the earth and whispers "mother I am come back" the old man somed happier than Tagor rain drop. No wonder Tagor spirit hours our you, my U.C.c(now it is unique choice college - for me] No wonder Mahatma look him to plant a mango sapling these thoughts wash away ;the pains some of your petty people coursed as I can now sing with Shakespers that for giving is a rearer virtue though parting, I'll be a part of you always, mother and you'll be forever with me. Mother I'll come back to you I've to wherever I am - I'll come back to sit in your lap to refresh my burrings soul after yours or deades- to recharge my heart cells llike wordsworth used to from the systems way or I'll fall back to , like Tagore's raindrop after wondering in the vales oh tears like a scholar gipzy. Then I'll come one day and lie silently at your holy feet, whisperrings " "my mother I come back" my mind and heart will once more here their fill of serenity and submiting so, mother adieve, just for a white a diev, till than...

ഞങ്ങൾ...
ഉണർന്നിരിയ്ക്കുന്നു.
ഒരു ജനത ഉറങ്ങാതിരിയ്ക്കുമ്പോൾ...
ഞങ്ങൾക്കുറങ്ങാൻ കഴിയുന്നില്ല.
ചുവപ്പ് നാടകളുടെ നൂലാമാലകൾ
കതിർമണ്ഡപമൊരുക്കി
കുരുതികൊടുത്ത
ചില...
ഇരുട്ടുകൾക്കെതിരെ...
ആളൊഴിഞ്ഞ... ആരവം കേൾക്കാതെ
ചില കലാലയത്തിരഞ്ഞെടുപ്പുകൾ...
ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ ഹനിയ്ക്കുന്ന
നിയമ സാക്ഷരതയുടെ -
നിറം മങ്ങിയ ചില
നോട്ടുപുസ്തകങ്ങൾ...
എല്ലാം...,
ഞങ്ങളുടെ ഉറക്കത്തിന്
ഭംഗം വരുത്തുന്നു.
ഇവിടെ,
ചില ഉറക്കച്ചടവുകൾ...
നിറം ചേർക്കാതെ,
പൊലിപ്പിച്ച് കാട്ടാതെ...
മനസ്സിന്റെ ചില്ല് കൂട്ടിലേയ്ക്ക്..,
ഫ്രെയിം ചെയ്യുന്നു...!!
ഇനിയങ്ങോട്ട്...,
ചില...ഓർമ്മപ്പടവുകൾ...

**ക്യാമ്പസിന്റെ ചില ചരിത്രതാളുകളിലേക്ക്**

# ചരിത്രത്തിന്റെ ഇടവഴികളിലൂടെ...





# നിത്യവസന്തത്തിന്റെ തണലുകൾ തേടി...

# എന്റെ അൽമ മേറ്റർ



മലയാറ്റൂർ രാമകൃഷ്ണൻ

ആയിരത്തിത്തൊള്ളായിരത്തി നാൽപ്പത്തിരണ്ട്.

എന്റെ പ്രായം കഷ്ടിച്ച് പതിനഞ്ച്. എന്റെ ഗ്രാമത്തിൽ നിന്നും (തോട്ടുവ, മലയാറ്റൂർ) ഞാൻ കലാലയ വിദ്യാഭ്യാസത്തിനായി ആലുവ യൂ. സി.കോളേജിലെത്തുന്നു. അരനൂറ്റാണ്ടു മുൻപ്. കൃത്യമായി പറഞ്ഞാൽ ഏതാണ്ട് 54 വർഷങ്ങൾക്കു മുൻപ്.

എന്റെ അൽമ മേറ്റർ ലത്തീനിൽ സ്നേഹനിധിയായ, ഔദാര്യമതിയായ അമ്മ എന്ന് ഒഴുക്കൻ മട്ടിൽ തർജിമ ചെയ്യാം.

രാം ലോക മഹായുദ്ധം നടക്കുന്ന കാലം. ബംഗാൾ ക്ഷാമത്തിന്റെ നാളുകൾ. "ഇന്ത്യ വിടുക"! എന്ന സിംഹഗർജ്ജനം മഹാത്മജിയുടെ ചുിൽ നിന്നുയർന്ന അവിസ്മരിണീയ ചരിത്ര മുഹൂർത്തം.

ജൂനിയർ ഇന്റർമീഡിയറ്റ് ക്ലാസ്സിൽ പ്രവേശനം കിട്ടി. പയ്യന്മാരുടെ താമസ ത്തിനായി നിർമ്മിക്കപ്പെട്ട ടാഗൂർ ഹോസ്റ്റലിൽ ഒരു മുറിയും തരപ്പെട്ടു. റൂമിൽ മൂന്നു പേർ. വളരെ പരിമിതമായ സൗകര്യങ്ങളേയുായിരുന്നുള്ളൂ, "ടാഗൂറിൽ". ഭാഗ്യവശാൽ അധികം വൈകാതെ ഞാൻ "സ്കിന്നർ" ഹോസ്റ്റലിലെ അന്തേവാ സിയായി സ്വീകരിക്കപ്പെട്ടു. സീനിയർ ഇന്റെറിലെത്തിയപ്പോൾ എനിക്ക് "നോർത്ത് ഈസ്റ്റ്" ഹോസ്റ്റലിൽ (പിൽക്കാലത്ത് അത് "ചാക്കോ ഹോസ്റ്റൽ" എന്നറിയപ്പെട്ടു) ഇടം കിട്ടി.

ക്യാംപസിലെ പ്രധാന നിരത്തുകളിൽ മാത്രമാണ് ഇലക്ട്രിക് വിളക്കു കൾ ഉായിരുന്നത്, ഒരൊറ്റ ഹോസ്റ്റലിൽ പോലും വൈദ്യുതി കടന്നുവന്നിരു ന്നില്ല. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലാണ് വിദ്യാർത്ഥികൾ പഠിച്ചിരുന്നത്. ഒരു ഹോസ്റ്റലിലും കുളിമുറികൾ ഉായിരുന്നില്ല. കോളേജ് കുന്നിനെ കസവ ണിയിച്ചു പെരിയാർ ഒഴുകുമ്പോൾ എന്തിനു ബാത്ത് റൂംസ്? വിസർജ്ജന സൗകര്യങ്ങളും കുറവായിരുന്നു. "പോർക്ക് സിസ്റ്റം" എന്ന അത്ഭുതത്തെപറ്റി ഞാൻ മ്പെവിടെയോ കുറി ച്ചിട്ടു്.

ജാതിയടിസ്ഥാനത്തിലായിരുന്നു "മെസ്സുകൾ". ബ്രാഹ്മിൻസ് മെസ്, നാ യർ മെസ്, ക്രിസ്ത്യൻ മെസ്... എന്നിങ്ങനെ. ഞാൻ ബ്രാഹ്മിൻ മെസിലെ അംഗമായിരുന്നു. സമൃദ്ധമായ ശാപ്പാട്, പ്രതിമാസ ചെലവ് കേവലം പത്തര രൂപ. മുറിവാടക മൂന്നു രൂപ, കോളേജ് ഫീസ് പത്തു രൂപ, ഏതാ് മുപ്പതു രൂപ യുങ്കിൽ ഒരു മാസത്തെ ജീവിതവും, പഠനവും കുശാൽ!.

ഡിസിപ്ലിനേറിയനായ അച്ഛന്റെ പിടിയിൽ നിന്നും രക്ഷ പ്രാപിച്ച് യൂ. സി. കുന്നിലെത്തിയപ്പോൾ ഞാൻ എന്റെ വ്യക്തിപരമായ ലിബറേഷൻ പ്രഖ്യാപിച്ചു. എങ്ങനെയെന്നോ? മമ്മതിന്റെ മാടക്കടയിൽ നിന്നും ഒരണയ്ക്കു മൂന്നു വീതം "പാസിംഗ് ഷോ" എന്ന സിഗററ്റ് വലിച്ചതു വഴി! ഞാൻ ആദ്യമായി മദ്യ പിച്ചതും യൂ.സി.യിൽ പഠിക്കുമ്പോഴാണ്. ("പട്ടാപ്പകൽ പട്ടർ പട്ടയടിച്ച" കഥ എന്റെ വേരുകളിൽ കാണാം).

എന്റെ അൽമ മേറ്ററിൽ അതികായന്മാരായ ഗുരുനാഥന്മാരുായിരുന്നു. പ്രിൻസിപ്പൽ വി.എം. ഇട്ടീര സാർ, സി.പി മാത്യു സാർ, ടി ബി. സഹോദരന്മാർ (നൈനാൻ സാറും, തോമസ് സാറും) അരവാ മുദം അയ്യങ്കർ സാർ, ഡി.പി ഉണ്ണി സാർ, കുറ്റിപ്പുഴ സാർ, അനന്തരാമയ്യർ സാർ, രാമാനുജം സാർ, ബയോളജിയി ലെ ജോസഫ് സാർ, ലോജിക്കും ചരിത്രവും പഠിപ്പിച്ചിരുന്ന ജേക്കബ് സാർ, സ്കിന്നറിലെ വാർഡനായിരുന്ന ജോസഫ് ശെമ്മാശൻ......... ആ ലിസ്റ്റ് അങ്ങനെ നീളുന്നു.

ഒരാളെ എടുത്തുപറയാതെ വയ്യ.

സി.പി. ആൻഡ്രൂസ് സാർ

ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ബയോളജി ലക്ചററുമായിരു ന്നു. കാഴ്ചയിൽ പരുക്കൻ. പക്ഷെ, അദ്ദേഹത്തിന്റെ ഹൃദയം സ്നേഹത്തിന്റെ ആഴക്കടലായിരുന്നു.



അക്കാലത്തു ഗുരുശിഷ്യബന്ധം പാവനമായിരുന്നു. ഞങ്ങൾ ഗുരുനാഥന്മാരെ ആരാധിച്ചിരുന്നു. വലിയൊരളവിൽ ഭയപ്പെട്ടിരുന്നു. കോളേജിൽ ആകെ മൊത്തം അഞ്ഞൂറു വിദ്യാർത്ഥീ-വിദ്യാർത്ഥിനികളെ ഉായിരുന്നുള്ളു. മുന്നൂറ്റമ്പതോളം പേർ ഹോസ്റ്റലുകളിൽ താമസിക്കുന്നവരായിരുന്നു.

ക്യാംപസിന് പുറത്തായിരുന്നു പെൺകുട്ടികളുടെ ഹോസ്റ്റൽ. "സെറ്റിൽ മെന്റ്" കുന്നിനു സമീപം.

ആ 'ജുറാസിക് യുഗ'ത്തിൽ വിദ്യാർത്ഥികൾ വിദ്യാർത്ഥിനികളോട് സം സാരിക്കുമായിരുന്നില്ല. അതിനു ധൈര്യപ്പെട്ടിരുന്നില്ല. സംസാരിച്ചുപോയാൽ അന്നത്തെ സോഷ്യൽ ടാബൂസ് അവയുടെ കൊമ്പൻ മീശകൾ വളച്ചകറ്റുമാ യിരുന്നു. എന്നിട്ടുപോലും ഈ ഞാൻ ഒരു പെൺകുട്ടിക്ക് പ്രേമലേഖനമെഴുതി: ഒരു പുസ്തകത്തിനുള്ളിൽ അതൊളിപ്പിച്ചു വച്ചു. വിമൻസ് വെയിറ്റിംഗ് റൂമിന്റെ വരാന്തയിൽ നിന്നിരുന്ന അവളെ കിത്താബ് ഏൽപ്പിച്ചു മടങ്ങി.

പിന്നെ മൂങ്ങി. പേടിസ്വപ്നങ്ങൾ കു. അവൾ ആ പ്രേമലേഖനം ഇട്ടീര സാറിനെ ഏൽപ്പിച്ചുകാണുമോ? ഞാൻ കോളേജിൽ നിന്നും ഡിസ്മിസ് ചെയ്യപ്പെടുമോ? മൂന്നാലു ദിവസങ്ങൾ ഞാൻ ഒളിച്ചുനടന്നു. ഭാഗ്യം! അവൾ നല്ല കുട്ടിയായിരുന്നു. ഞാൻ കോളേജിൽ തലപൊക്കിയപ്പോൾ അവൾ എന്റെ പ്രണയ ലേഖനം മടക്കിത്തന്നു.

എം.എം. ചെറിയാനും, എം.എം അബ്ദുൾ ഖാദറും, കെ.സി. മാത്യുവും രവിവർമ്മയും, പി.കെ.വിയും പി.ജിയും ഞാനും മറ്റും സ്റ്റുഡന്റ് ഫെഡറേഷൻ പ്രവർത്തകരായിരുന്നു. ഒന്നു നോക്കിയാൽ 1942-44 ലെ യൂ.സി കോളേജിന്റെ 'നിറം' ചുവപ്പായിരുന്നില്ലേ? 'അഞ്ചു സെന്റ്' എന്ന നോവലിൽ ആ നാളുകളുടെ സുഗന്ധമു്.

1962-ലാണ് ഞാൻ പഴയ യൂ.സി. കോളേജിൽ അവസാനമായി പോയത്. അന്ന് ഞാൻ തൃശ്ശൂർ സബ് കളക്ടർ. ഗവർണർ. ഗിരിയൊന്നിച്ചാണ് പോയത്.

(1969-ൽ ഒരിക്കൽ കൂടി പോയില്ലേ? സംശയം)

54 വർഷങ്ങൾ കടന്നുപോയിരിക്കുന്നു.

ഞാൻ വൃദ്ധനായിരിക്കുന്നു.

1942-ലെ ക്യാംപസ് ഇന്നാകെ മാറിയിരിക്കണം.

ഒന്നുമാത്രം.... അത് ഒരു അമ്മയുടെ വളർച്ചയാണ്. അൽമ മേറ്റർ എന്ന അമ്മ. ആ അമ്മയ്ക്ക് നിത്യയൗവ്വനമാണ് എന്നും. ദീപ്ത സൗന്ദര്യമാണ്. എന്നെ ഞാനാക്കിയത് എന്റെ യൂ.സി.കോളേജാണ് അക്ഷരലോകത്തിലെ എന്റെ അമ്മ.

*അമ്മേ, പ്രണാമം!*

# കണ്ണു തെളിയിച്ച കാലം



**പി. കെ. വാസുദേവൻ നായർ**

**1942** മുതൽ 46 വരെ നാലു വർഷം യൂ.സി കോളേജിൽ പഠിച്ച് ബിരുദം നേടാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. അന്നത്തെ തിരുവിതാംകൂറിൽ തിരുവനന്തപുരത്തുണ്ടായിരുന്ന സർക്കാർ കോളേജുകൾക്കു പുറമേ ആലുവ, കോട്ടയം, ചങ്ങനാശ്ശേരി, നാഗർകോവിൽ എന്നിവിടങ്ങളിൽ സ്വകാര്യ മേഖലയിൽ ഓരോ കോളേജ് പ്രവർത്തിച്ചിരുന്നു. എന്റെ അമ്മാവൻ ശങ്കുണ്ണി നായർ യൂ.സി കോളേജിലെ വിദ്യാർത്ഥിയായിരുന്നതിനാൽ ഞാനും അവിടെത്തന്നെ ചേരാൻ ഇടയായി. ഇത് യാദൃച്ഛികമായി സംഭവിച്ചതാണെങ്കിലും ഇവിടത്തെ നാലു വർഷങ്ങൾ എനിക്ക് ജീവിതത്തിൽ വഴിത്തിരിവായി ത്തീർന്നു. ഈ മാതൃ കാ വിദ്യാലയത്തിൽ പഠിക്കാൻ കഴിഞ്ഞത് ഏറ്റവും വലിയ നേട്ടമായി ഞാൻ കരുതുന്നു. എന്റെ ഈ വികാരം ഒട്ടുമിക്ക പൂർവ്വ വിദ്യാർത്ഥികളുടേതുമാണെന്ന് ഞാൻ കരുതുന്നു.

ഞങ്ങളുടെ അധ്യാപകർ മിക്കവരും ജീവിതമാർക്ഷമെന്നതിലുപരി സ്വന്തം സാമൂഹ്യ കടമ നിർവ്വഹിക്കുന്ന സമീപനത്തോടെയാണ് ജീവിച്ചതും പ്രവത്തിച്ചതു മെല്ലാം. വളരെ പരിമിതമായ വരുമാനം കൊണ്ട് (അക്കാലത്ത് പൊതുവിൽ അധ്യാപകരുടെ സ്ഥിതി ഇതായിരുന്നു). അവർ സന്തോഷം സേവനം അനുഷ്ഠിച്ചു. മിക്ക വിഷയങ്ങളിലും അതിപ്രശസ്തരായ അധ്യാപകരാണ് അവിടെ ഉണ്ടാ യിരുന്നത്. ഞാൻ പഠിച്ചിരുന്നപ്പോൾ വി.എം ഇട്ടിയവിര പ്രിൻസിപ്പലായിരുന്നു. തികഞ്ഞ സാത്വികനും, ശാന്തശിലനും ആയിരുന്ന അദ്ദേഹത്തെ വിദ്യാർത്ഥി കൾ ബഹുമാനിക്കുകയും, സ്നേഹിക്കുകയും ചെയ്തു. അദ്ദേഹത്തിനു മുൻപ് പ്രിൻസിപ്പലായിരുന്ന എ.എം.വർക്കിയേപ്പറ്റി കേട്ടറിയാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളു. അതിപ്രശസ്തനായ എ.എം വർക്കിയുടെ കാലത്ത് കോളേജ് നിർണ്ണായകമായ പുരോഗതി നേടുകയുണ്ടായി. പ്രൊഫ. കെ.സി. ചാക്കോ സമാദരണീയനായ അധ്യാപകൻ എന്നതിലു പരി കോളേജിന്റെ പ്രവർത്തനങ്ങളിൽ ഒരു മാർഗ്ഗദർശ്ശിയായിരുന്നു.

ഈ കോളേജിലെ അധ്യായനകാലം എന്റെ ജീവിതത്തിൽ വഴിത്തിരാവായിത്തീർന്നുവെന്ന് ചൂണ്ടിക്കാട്ടിയല്ലോ. ഒരുപക്ഷെ മറ്റു പലരുടേയും കാര്യത്തിൽ ഇത് ശരിയായിരുന്നിരിക്കാം.

വിദ്യാർത്ഥി ഫെഡറേഷനു നേതൃത്വം നൽകിയിരുന്നത് കമ്മ്യൂണിസ്റ്റുകാ രായ വിദ്യാർത്ഥികളായിരുന്നു. ക്വിറ്റ് ഇന്ത്യാ സമരത്തെ കമ്മ്യൂണിസ്റ്റുകാർ പോലും എതിർത്തിരുന്നുവെന്ന് വമ്പിച്ച പ്രചാരണം ആഞ്ഞടിച്ചപ്പോഴും ഞങ്ങളുടെ കോളേജിലെ വിദ്യാർത്ഥികൾ വിദ്യാർത്ഥി ഫെഡറേഷനിൽ ഉറച്ചുനിന്നു. സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് അവർ അപ്രകാരം ചെയ്തത്. കോളേജിലെ സമരം സർ. സി.പി.യുടെ ഇടപെടലിനുപോലും കാരണമായി. അദ്ദേഹത്തി ന്റെ നിർദ്ദേശപ്രകാരം കോളേജിലെ 12 വിദ്യാർത്ഥികളെ പുറത്താക്കാൻ യൂണിവേഴ്സിറ്റി അധികൃതർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ഇതു കൊണ്ടൊന്നും സമരത്തിന്റെ വീര്യം കെടുത്താൻ കഴിഞ്ഞില്ല.

1940-നും 1950-നും ഇടയ്ക്കുള്ള പത്തു വർഷങ്ങൾക്കുള്ളിൽ കോളേജിലെ വിദ്യാർത്ഥി ഫെഡറേഷനിൽ പയറ്റിത്തെളിഞ്ഞ നിരവധി പേരെ ഞാൻ ഓർക്കുന്നു. എം.എം.ചെറിയാൻ, കെ.സി.മാത്യു, എം.എം. അബ്ദുൾഖാദർ, മലയാറ്റൂർ രാമകൃഷ്ണൻ, കെ. ചിത്തരഞ്ജൻ, എം.എസ്.രാജേന്ദ്രൻ, ഐസക് തോമ സ്, പന്തളം രവിവർമ്മ, ഐ. സ്റ്റുവർട്ട്, എം.പി.ഗോപിനാഥമേനോൻ, ഡോ. കെ. വി. നായർ, കെ.ടി.തമ്പി, കെ.കൃഷ്ണൻ നായർ, ഇ.ആർ.നിലകണ്ഠൻ നായർ തുടങ്ങിയവരെല്ലാം ഇതിൽ പെടുന്നു.

ഞങ്ങളുടെ അധ്യാപകർ പൊതുവിൽ ദേശീയവാദികളും ലിബറൽ ചിന്താ ഗതിക്കാരും ആയിരുന്നുവെന്ന് പറഞ്ഞാൽ മാത്രം മതിയാകില്ല. അവരിൽ ഒരാ ളെപ്പറ്റി പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. അത് ഞങ്ങളുടെ മലയാളം അധ്യാപകനായിരുന്ന കുറ്റിപ്പുഴ കൃഷ്ണപിള്ള സാറാണ്. നിരവധി തലമുറകളിൽപ്പെട്ട വിദ്യാർത്ഥികളെ അദ്ദേഹത്തിന്റെ സാന്നിധ്യവും ആശയങ്ങളും സ്വാധീനിച്ചിട്ടുണ്ട്. നീറിപ്പുകയുന്ന ഒരഗ്നി പർവ്വതത്തിന്റെ ചിത്രമാണ് അദ്ദേഹം കാഴ്ചവെച്ച ത്. സമൂഹത്തിലെ ചൂഷണങ്ങൾ, അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ എന്നിവയ്ക്കെല്ലാം എതിരായി അദ്ദേഹം പൊട്ടിത്തെറിച്ചിരുന്നു. ഇക്കാര്യത്തിലും ക്ലാസ്സ് മുറിയ്ക്കകവും പുറവും എന്ന വ്യത്യാസം അദ്ദേഹത്തിനുണ്ടായിരുന്നില്ല. കുറ്റിപ്പുഴ സാറിന്റെ വിദ്യാർഥിയായിരിക്കാൻ കഴിഞ്ഞുവെന്ന സ്മരണ വിലപ്പെട്ട നിധിയായി ഞാൻ കാത്തുസൂക്ഷിക്കുന്നു.

യു.സി.കോളേജ് സ്വന്തം തനിമയും വ്യക്തിത്വവും പരമാവധി നിലനിർത്തുമെന്ന പ്രതീക്ഷയാണ് എന്നെപ്പോലുള്ള പൂർവ്വ വിദ്യാർഥികൾ വെച്ചുപുലർത്തുന്നത്.



# എന്റെ പാത തിരിച്ചുവിട്ട കലാലയം



ഗുരു നിത്യചൈതന്യ യതി

ഡോ. മീസ് (സാധു ഏകരസൻ) യൂറോപ്പിൽ പോയിരുന്ന അവസര ത്തിൽ രണ്ടു പ്രധാനപ്പെട്ട സം വങ്ങളുണ്ടായി. അതിൽ ആദ്യത്തേത് സാധു ഏകരസൻ എന്ന പേര് മീസിനു കൊടുത്തനുഗ്രഹിച്ച ഭഗവാൻ രമണ മഹർഷിയെ ദർശനം ചെയ്യാനിട വന്നതും രണ്ടാമത്തേത് ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിലെ ഇംഗ്ലീഷ് പ്രൊഫസർ പദവി ഫാദർ ടി.വി. ജോണിനെ സന്ധിച്ചതുമാണ്.

വളരെക്കാലം മുറിയിൽ തനിച്ചിരുന്നു വായിക്കുകയും, എഴുതുകയും ചെയ്തതിന്റെ മരവിപ്പ് ഒന്നു മാറ്റാനായി ഞാൻ തിരുവനന്തപുരം വരെ പോയി. അപ്പോഴും വേഷം ഒരു തോർത്തു മാത്രമായിരുന്നു. തിരുവനന്തപുരം റെയിൽ വേ സ്റ്റേഷന്റെ മുമ്പിൽ വച്ച് ഒരു പാതിരിയച്ചൻ എതിരേ വരുന്നതു കണ്ടു. എ ല്ലാ ആദ്ധ്യാത്മിക പുരുഷന്മാരെയും ഞാൻ വന്ദിക്കുന്ന കാലമായിരുന്നു അത്. അദ്ദേഹത്തോടും ഞാൻ വന്ദനം പറഞ്ഞു.

അതുകണ്ട് അച്ചൻ അടുത്തുവന്നു. അദ്ദേഹം എന്റെ വിവരങ്ങൾ അന്വേഷിക്കുകയായി. എന്തിന്? പത്തു മിനിട്ടിനിടയിൽ ഞങ്ങളുടെ സംഭാഷണം ഞങ്ങളെ ഒരു വലിയ മൈത്രിയുടെ വക്കിലെത്തിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ. സ്കൂൾ ഫൈനൽ പരീക്ഷ പാസായതിനുശേഷം എട്ടുവർഷത്തോളം പഠിക്കാതെ ഊരുചുറ്റി നടന്ന ഞാൻ കോളേജിൽ പോകണമെന്ന് അദ്ദേഹം നിർബന്ധിക്കുകയും, ആ തീരുമാനത്തോടുകൂടി അരമണിക്കൂറിനകം അദ്ദേഹം എന്നെ തിരുവനന്തപുരം - ആലുവാ എക്സ്പ്രസ്സിൽ കയറ്റി ആലുവായിലേക്ക് കൊണ്ടു പോകുകയും ചെയ്തു. എനിക്കുവേണ്ട വസ്ത്രങ്ങളും, പണവും ആ മനുഷ്യസ്നേഹിതന്ന് എന്നെ ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിലെ വിദ്യാർത്ഥിയാക്കി.

യൂണിവേഴ്സിറ്റി ഡിഗ്രിയെടുക്കുന്നതിൽ വിമുഖനായിരുന്ന എന്റെ പാത ഈ ലോകത്തേക്ക് തിരിച്ചുവിട്ടത് ഈ മഹാശയനായിരുന്നു. എന്നാൽ ഒരിക്കൽ പോലും അദ്ദേഹം എന്നെ ക്രിസ്ത്യൻ സഭകളിലേക്ക് ആകർഷിക്കുവാൻ ശ്രമിച്ചിട്ടില്ല. മാത്രമല്ല, ഞാനൊരു നല്ല ഹിന്ദുസന്യാസിയായിരിക്കണമെന്നു നിരന്തരം പ്രേരിപ്പിക്കുകയും ചെയ്തു.

അന്ന് ആലുവാ യുണിയൻ ക്രിസ്ത്യൻ കോളേജ് അനാദൃശ്യരായ ചില പണ്ഡിതരുടെ സാന്നിദ്ധ്യത്താൽ സമ്പന്നമായിരുന്നു.

വി.എം. ഇട്ടിയേരാ, സി.പി. മാത്യു, അരുവാമൂദം അയ്യങ്കാർ, ഡി.പി ഉണ്ണി, കുറ്റിപ്പുഴ കൃഷ്ണപിള്ള, ടി.ബി, തോമസ് ഇവരൊക്കെ എന്റെ അദ്ധ്യാപകരായിരുന്നുവെന്ന് വളരെ അഭിമാനത്തോടുകൂടി ഞാൻ ഓർക്കാറുണ്ട്.

# അല്പം ആത്മ പ്രശംസ



ചെമ്മനം ചാക്കോ

നാൽപ്പത്തെട്ടു കൊല്ലം മുമ്പാണ് (1948-50) ഞാൻ ആലുവ യു.സി.കോളേ ജിൽ പഠിച്ചതെന്ന് വിശ്വസിക്കാൻ വിഷമം. അതു മിനിഞ്ഞാന്നു രാത്രിയിൽ കണ്ടുതീർന്ന ഒരു സുഖസ്വപ്നം പോലെ ഇന്നും മനസ്സിൽ കുളിർമ്മ പകർന്നു നിൽക്കുന്നു.

ഇന്റർമീഡിയറ്റിന് സെക്കന്റ് ഗ്രൂപ്പിൽ പ്രവേശനം കിട്ടിയ ഇരുപത്തിനാലു വിദ്യാർത്ഥികളിൽ ഒരാളായിരുന്നു ഞാൻ. കവിതയിൽ ചില കൈക്കുറ്റപ്പാടുകൾ ചെയ്യുമായിരുന്നതിനാൽ തെല്ലും

പ്രശസ്തിയുമായിട്ടാണു കോളേജിലേക്കുള്ള വരവ്. പോരെങ്കിൽ, തലേക്കൊല്ലം പ്രസിദ്ധീകരിച്ച 'വിളംബരം' എന്ന എന്റെ പുസ്തകത്തിനു ഒന്നാന്തരം ഒരു അവതാരിക എഴുതിയിരിക്കുന്നത് കോളേജിലെ പ്രഖ്യാതനായ പ്രൊഫസർ കുറ്റിപ്പുഴ കൃഷ്ണപിള്ളയും. അതുംപോരെങ്കിൽ, പഠിക്കാനുള്ള അത്യുത്സാഹത്തിൽ ഒമ്പതാം സ്റ്റാൻഡേർഡിൽ വച്ചു സാഹിത്യ വിശാരദ് പരീക്ഷയ്ക്ക് പ്രൈവറ്റായി ചേർന്ന് സ്റ്റേറ്റ് റാങ്കോടെ ജയിച്ച ഞാൻ, പഠിച്ച സ്കൂളിൽത്തന്നെ രണ്ടുകൊല്ലം മലയാളം പണ്ഡിറ്റായി കൂടെ പഠിച്ചു തോറ്റവരെയെല്ലാം പഠിപ്പിച്ച് അതിന്റെ കണക്കുതീർക്കാൻ ഒരു ശിഷ്യയുടെ യും മൂന്ന് ശിഷ്യന്മാരുടെയും കൂടെ പഠിക്കുവാനാണ് കോളേജിൽ എത്തിയിരിക്കുന്നത്. മിക്കവാറും എല്ലാ മീറ്റിങ്ങിലും കയറി പ്രസംഗം, ഫുൾക്കയ്യൻ ജൂബ്ബ യുമിട്ട് നടത്തം, സ്വയം സൃഷ്ടിച്ച ഒരു ഉപദേഷ്ടാവിന്റെ പരിവേഷം. ആകെക്കൂടി ഇന്നത്തെക്കാൾ പക്വമതിയായിരുന്നു അന്ന് ഞാനെന്ന് നിങ്ങൾക്കുതോന്നാം.

രണ്ടാം കൊല്ലം കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്. സാധാരണ ബി.എ/ബി.എസ്.സിക്കു പഠിക്കുന്നവരാണ് ചെയർമാനും സെക്രട്ടറിയുമായി നിന്നു മത്സരിക്കുന്നത്. രാഷ്ട്രീയകക്ഷി പ്രേരിതമായ മത്സരം അന്നു വള്ളിവീശിപ്പടർന്നിട്ടില്ല. ഞാൻ സെക്രട്ടറി പദത്തിനു മത്സരിക്കാൻ രംഗത്തിറങ്ങി. എന്നെ വിലമതിക്കുന്ന സുഹൃത്തുക്കളും ശിഷ്യരുമായ സഹപാഠികൾ നിർബന്ധിച്ചു രംഗത്തിറക്കി എന്നു പറയുന്നതാവും ശരി. ഇലക്ഷനിൽ ഒരു ഇന്റർമീഡിയറ്റ് – ബി.എ. വാശിയായിരുന്നു പ്രധാന അടിയൊഴുക്ക്. ഒന്നാംവർഷം ന്യൂ ഹോസ്റ്റലിലും, രണ്ടാംവർഷം സ്കിന്നറിലുമായിരുന്നു എന്റെ താമസം. ഇരു ഹോസ്റ്റലുകളിലും ഫുൾ സപ്പോർട്ട്. പ്രായേണ പ്രായം കുറഞ്ഞ കുട്ടികൾ താമസിക്കുന്ന ടാഗോർ ഹോസ്റ്റലിലേക്ക് ഇനിയും പ്രചരണത്തിന് ചെന്നാൽ മറിച്ച് വോട്ടു ചെയ്യുമെന്ന ഭീഷണിപ്പെടുത്തൽ. ആ പ്രസ്താവന എനിക്ക് ഊറ്റം നൽകി. ബി.എ. ക്കാരനായ എതിർ സ്ഥാനാർത്ഥി താമസിക്കുന്ന ചാക്കോ ഹോസ്റ്റലിൽ ചെല്ലുമ്പോൾ മാത്രം ജ്യേഷ്ഠ ഭ്രാതാക്കളുടെ തണുപ്പൻ പ്രതികരണം. ഡേസ്കോളേഴ് സിനെ കയ്യിലെടുക്കാൻ നേരംനോക്കി ഗേറ്റിങ്കലെത്തി നോട്ടീസ് വിതരണവും അഭ്യർത്ഥനയും. എതിരാളി അല്പം കമന്റടിക്കാരനായത് പെൺകുട്ടികൾക്കിടയിൽ എനിക്ക് ഒരു പ്ലസ് പോയിന്റ് ആയും തീർന്നു.

ഇടക്കിടെ രണ്ടു സെക്രട്ടറി സ്ഥാനാർത്ഥികളും ഇംഗ്ലീഷിലും മലയാള ത്തിലും ബിറ്റ് നോട്ടീസ് അടിച്ചു വിതരണം ചെയ്യും. അതിന്റെ പൊലിമയ്ക്കിട യിൽ, തിരഞ്ഞെടുപ്പിനു തൊട്ടുമുന്നും, കവിതയിൽ എന്റെ ഒരു അ ഭ്യർത്ഥന അച്ചടിച്ചു മുറികളിലെല്ലാമെത്തിച്ച് ചങ്കൂറ്റം മറച്ചുവെയ്ക്കുന്നില്ല.

വോട്ടുമൂലം കൃതാർത്ഥതയേകാൻ
കൂട്ടുകാരേ, കരങ്ങളും കൂപ്പി
വീണ്ടുമർത്ഥിച്ചിടുന്നു ഞാനുള്ളിൽ –
തീണ്ടുമോമൽ കൃതജ്ഞതാപൂർവ്വം.

എന്നോ മറ്റോ ആയിരുന്നു ആ നാലുവരി കവിത. അത് എന്റെ ഷെയർമാർക്കറ്റ് വാല്യു വർദ്ധിപ്പിച്ചു. വമ്പിച്ച ഭൂരിപക്ഷത്തോടെ ഇന്റർ മീഡിയറ്റുകാരൻ കോളേജ് യൂണിയൻ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു എന്നതുതന്നെ തെളിവ്. പ്രിൻസിപ്പൽ സി.പി. മാത്യുവിന്റെ അഭിനന്ദനം ഏറ്റുവാങ്ങുമ്പോൾ എന്റെ ഹൃദയം സന്തോഷത്തിന്റെ നിറകുടമായിരുന്നു.

ഇങ്ങനെ ഓർമ്മകളുടെ പരമ്പരയിൽ ഹൃദയം ഒഴുകി നടക്കുന്നു. ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ അഭിമാനത്തിന്റെയും ആനന്ദത്തിന്റെയും വളർച്ചയുടെയും രണ്ടു വർഷങ്ങളായിരുന്നു യു.സി. കോളേജിൽ കഴിച്ചത്. സഹപാഠികൾ തമ്മിൽ പുലർത്തുന്ന സഹോദര്യബോധം ഈ മഹാവിദ്യാലയ മുത്തശ്ശിയുടെ വിലപ്പെട്ട സംഭാവനയാണ്. ഇന്നും വഴിയിൽവെച്ച് എന്നെ മനസ്സിലായോ? എന്ന് ചിലർ ചോദിക്കുമ്പോൾ, മനസ്സിലായില്ലെങ്കിലും മനസ്സിലായെന്ന ഭാവത്തിൽ ഞാൻ പ്രയോഗിക്കുന്ന ഒരു വിദ്യയുണ്ട്, ചോദ്യമുണ്ട്:- യൂ.സി. കോളേജ്? തൊണ്ണൂറു ശതമാനവും ഒത്തിരിക്കും. ഇക്കാര്യത്തിൽ യു.സി കോളേജ് ഇതര വിദ്യാലയങ്ങളെ അതിശയിക്കുന്നു. മക്കൾ മറഞ്ഞാലും ഈ വിദ്യാലയ മാതാവ് ആരോഗ്യത്തോടെ, യശസ്സോടെ, ജീവിച്ചുകൊണ്ടിരിക്കും. പ്ലാറ്റിനത്തേക്കാൾ സാന്ദ്രതയേറിയ വസ്തുക്കൾ കണ്ടെത്തേണ്ടിയിരിന്നു.

ഈ ഓർമ്മക്കുറിപ്പിന് ആത്മപ്രശംസയുടെ ഉപ്പ് കൂടിപ്പോയത് ക്ഷമിക്കു ക. എന്റെ ആത്മപ്രശംസയിൽ ഒരു വാചകം കൂടി ചേർക്കട്ടെ:-

'ഞാൻ യൂ.സി. കോളേജിലെ പൂർവ്വ വിദ്യാർത്ഥിയാണ്.'

# യു.സി.കോളേജിന്റെ 25-ാം വാർഷികത്തിൽ മഹാകവി വള്ളത്തോൾ നടത്തിയ പ്രസംഗം



വള്ളത്തോൾ



സദസ്യർക്കെല്ലാവർക്കും മതാചാര്യന്മാർക്കും വന്ദനം. അദ്ധ്യക്ഷനു വേ റെ നമസ്കാരം. അദ്ധ്യക്ഷൻ എന്റെ സ്നേഹിതനാണ്. നേരിട്ടുകണ്ടിട്ടും അദ്ദേ ഹം പറഞ്ഞപ്പോഴാണ് അദ്ദേഹം സ്നേഹിതനാണ് എന്ന് ഞാനോർത്തത്. ഏതാനും കൊല്ലം മുൻപ് ക്രിസ്ത്യൻ കോളേജിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. കേരളത്തിലെ ഡാൻസ് എന്റെ നേതൃത്വത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അദ്ദേഹം അതു മറ ന്നില്ല. വാർദ്ധക്യഗ്രസ്തനായ വള്ളത്തോൾ മറന്നുപോയി.

അദ്വൈതപ്രബോധകനായ ഗവാൻ ശ്രീശങ്കരൻ ഏതു നദീജലത്തിലാണ് കുളിച്ചിരുന്നത് - അവിടത്തെ ബാല കാല ക്രീഡകൾ ഏതു നദിയുടെ മണലിൽ ആയിരുന്നു - ആ പ്രകൃതിസുന്ദരമായ പെരിയാറിന്റെ തീരത്ത് വിദ്യാഭ്യാസം നിർവ്വഹിച്ചുകൊണ്ട് വിരാജിക്കുന്ന ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജ് രജത ജൂബിലി മലയാളികൾക്കെല്ലാം മഹോത്സവം തന്നെ യാണ്. എനിക്ക് വിശേഷിച്ചും അങ്ങനെതന്നെയാണ്. ഞാൻ ഈ കോളേജിന്റെ ഒരു പഴയ പരിചയ ക്കാരനു മായ വിദ്വാനും പരിശ്രമശീലനുമായിരുന്ന പ്രിൻസിപ്പാൾ മി. വർക്കിയുടെ ക്ഷണം അനുസരിച്ച് ഞാൻ ഇവിടെ പല പ്രാവശ്യം വന്നിട്ടുണ്ട്. അപ്പോഴൊക്കെ വള്ളത്തോൾ വായിൽ തോന്നിയ പോലെ പ്രസംഗിച്ചിട്ടു മുണ്ട്. വള്ള ത്തോൾ എന്തുപറഞ്ഞാലും അതു വർക്കിക്ക് വേദ വാക്യമായിരുന്നു. 20 കൊല്ലത്തെ വിദ്യാഭ്യാസ പരി ശ്രമങ്ങൾക്കുശേഷം അദ്ദേഹം ഇപ്പോൾ യേശുഭഗവാ ന്റെ മടിയിൽ വിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തിന്റെ മധുരോദാരമായ ഛായാപടം കണ്ടു തൃപ്തിപ്പെടാം.

ഞാൻ ഡോക്ടറുടെ ചികിത്സയിൽ ആയിരുന്നു. ചിന്തിച്ചുകൂടാ, വായിച്ചു കൂടാ, വെടിപറയുകപോലും പാടില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ ചട്ടം.

ഇന്നു പ്രഭാതത്തിൽ ആകാശത്തു കണ്ട വെള്ളി നക്ഷത്രവും പുലർകാലത്തു ഇളവെയിൽ തട്ടി പെരി യാറ്റിലെ കൊച്ചോളങ്ങൾ വെള്ളിപ്പോളകളായി മാറിയതും രജതജൂബിലിയെ സൂചിപ്പിച്ചു. ഇന്നിവിടെ വന്നു നിങ്ങളോടു രണ്ടു വാക്കുപറയാൻ ഇടയായത് എനിക്കു സന്തോഷാധിക്യം നൽകുന്നു.

പ്രിയപ്പെട്ട വിദ്യാർത്ഥികളെ, വിദ്യാർത്ഥിനികളേ! 25 കൊല്ലമായി അനേക ബിരുദധാരികളെ വീരമാതാ വായ ഈ കോളേജിന്റെ മടിയിൽ വിദ്യയും വിജ്ഞാന വും തേടുന്ന നിങ്ങൾ ഭാഗ്യവാന്മാരും ഭാഗ്യവതികളു മാണ്. എന്നാൽ നിങ്ങൾ രജിസ്ട്രാർ ആഫീസു ഗുമസ്തന്മാരായാൽ പോരാ. രാജ്യത്തിന്റെ ആഗ്രഹം നിങ്ങൾ ശില്പശാസ്ത്രജ്ഞന്മാരും, നീതിശാസ്ത്ര വിശാരതന്മാരും, ആരോഗ്യശാസ്ത്രകുശലന്മാരും, ധനശാസ്ത്രപണ്ഡിതന്മാരും മറ്റും ആകണമെന്ന താണ്. 150 കൊല്ലത്തെ അടിമത്തത്തിനുശേഷം ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ പടിവാതിൽ എത്തിയിരിക്കുന്നു. എന്നാൽ ദീർഘകാലമായി ചങ്ങല കൊണ്ട് കെട്ടിയിരുന്ന തുകൊണ്ടായിരിക്കാം പടിതുറക്കുന്നതി നുള്ള ശക്തി കൈകൾക്കു കാണുന്നില്ല. സോവിയറ്റു റഷ്യയുടെ സൃഷ്ടികർത്താവായ ലെനിൻ ഒരവസര ത്തിൽ പറ ഞ്ഞിട്ടുണ്ട് രാഷ്ട്രീയ കാര്യങ്ങളിൽ നിന്നു വിദൂരമായ വിദ്യാഭ്യാസം വെറും നുണയും കപടവു മാണ്. എന്നാൽ ഇതിന്റെ അർത്ഥം വിദ്യാർത്ഥികൾ രാഷ്ട്രീയ പ്രക്ഷോഭത്തിൽ പങ്കെടുക്കണമെന്നല്ല. രാജ്യമീമാംസയിൽ വിദ്യാർത്ഥികൾ അറിവു നേടണം. ആവേശം കൊള്ളുന്നതുപോലെ ആലോചനയും വേണം. ആത്മസംയമനമില്ലാത്ത മനസ്സ് വേലിയി ല്ലാത്ത പുര പോലെയാണ്. ചീനഗുരു വായ കൺഫ്യൂ ഷ്യസ് ചിന്ത കൂടാത്ത പഠനം നിഷ്പ്രയോജനവും പഠനം കൂടാ ത്ത ആലോചന ആപൽക്കരവുമാണെന്ന് പറഞ്ഞിട്ടുണ്ട്. ഇൻഡ്യാക്കാരന്റെ അടി മത്തം അവന്റെ പഴയകാല മാഹാത്മ്യങ്ങൾ മറക്കുവാൻകൂടി അവനെ

പഠിപ്പിച്ചു. നമ്മുടെ പൂർവ്വികന്മാർ ആലോചന കൊണ്ടു അനേക നേട്ടങ്ങൾ ഉള്ളവരായി ത്തീർന്നു. സസ്യങ്ങൾക്കു ജീവനുണ്ടെന്നു മനസ്സിലാക്കിയതു ഒരു പഴയ സംസ്കൃതഗ്രന്ഥം നോക്കിയാണെന്നു സർ ജഗദീശ് ബോസ് പറഞ്ഞിട്ടുണ്ട്. പുഷ്പകവിമാനത്തെപ്പറ്റി രാമായണത്തിൽ പറഞ്ഞിരിക്കുന്നു. രാമായണത്തിനു 5000 കൊല്ലത്തെ പഴക്കമുണ്ട്. എന്നാൽ ചില ബിരുദധാരികൾക്കു ഇതു സ്വീകാര്യമല്ല. 5000 കൊല്ലത്തിനു മുൻപിലത്തെ വിമാനം ഒരു ഇംഗ്ലീഷ് ഫാക്ടറിയിൽ പണിതതാണെന്നു വന്നാലേ അവർക്ക് സ്വീകാര്യമാകയുള്ളു.

കോളേജിന്റെ 25 വയസ്സ് ആഘോഷിക്കുമ്പോൾ ഒരു 68 വയസ്സുകാരനും ഉണ്ടായിരിക്കണമെന്നു ഭാരവാഹികൾ നിശ്ചയിച്ചു. ഈ മഹാ വിദ്യാലയത്തിന്റെ സ്വർണ്ണ ജൂബിലിയും രജതജൂബിലിയും യഥാക്രമം കൊണ്ടാടുമ്പോൾ അന്നു വള്ളത്തോൾ ഉണ്ടായിരിക്കയില്ലെന്നും നിങ്ങളിൽ പലരും ഉണ്ടായിരിക്കുമെന്നും തെല്ലൊരു അസൂയയോടുകൂടി ഓർത്തുകൊണ്ടു മഹാവിദ്യാലയത്തിനു എല്ലാ മംഗളങ്ങളും നേർന്നുകൊള്ളുന്നു.

ICIT

**Institute of Communication and Information Technology**

**Union Christian College**

Accredited by the Dept. of Electronics, Govt. of India
Regional Centre, Mahatma Gandhi University

U. C. College P. O., Alwaye - 683 102, Kerala
Ph: 0484-604613, E-mail: uccicit@md2.vsnl.net.in

Courses:

**Full-Time**

B.C.A. (3 year) - M.G. University
BLISc (1 year) - M. G. University

PGDCA & A Level (1 year) DOEACC, Govt. of India
DCA & O Level (1 year) DOEACC, Govt. of India

**Part Time:**

CCC (6 months) DOEACC
DCA & aDCA ) 1 year) - for College Students


# Sub Editors



Jino John




Ansila Urumese



Midhun Murali


# Committee Members



Binil M. V.



Jayalal K. J.




Bineesh Kumar




Sijo John M. J.




Vishnuraj N. R.




Nibin P. B.




Sarin John



Bins George



Azad Azeez



Sreeraj K. S.



Joby Varghese

# സമാപനക്കുറിപ്പ്

217 ദിവസങ്ങൾ....
മഞ്ഞിന് സുഗന്ധമുള്ള രാത്രികൾ
ചൂടേറിയ അച്ചടിയന്ത്രങ്ങളുടെ ശബ്ദ കോലാഹലങ്ങൾ
മഴയിൽ കുതിർന്ന വേഷങ്ങൾ.
ബാഗ് നിറയെ സി.ഡി.കൾ - ഫോട്ടോ കോപ്പികൾ
കമ്പിയൊടിഞ്ഞ കുട...
ആശങ്കകൾ മാത്രം വരുന്ന ഔദ്യോഗിക നാവുകൾ
പരസ്യക്കാരുടെ ജല്പനങ്ങൾ
ഇടവഴിയിൽ നിന്നുള്ള വാക്ശരങ്ങൾ
അലച്ചിലിന്റെ മണിക്കൂറുകൾ - കഥകളേറെയുണ്ട്
എങ്കിലും.
പറയാതിരിയ്ക്കാതിരിക്കാൻ വേണ്ടി.
ആയിരങ്ങളുടെ കണക്കുകൾ - ഓഡിറ്റിംഗ്
കഥാന്ത്യത്തിൽ.
നഷ്ടപ്പെട്ട നന്മകളെക്കുറിച്ചോർത്ത്.
മുന്നിൽ ഇരുട്ട് നിറയുമ്പോഴും പ്രകാശകിരണങ്ങൾ
സ്വപ്നം കണ്ടുകൊണ്ട്....

*Miss U Sweet Dreams...*

സ്നേഹാദരങ്ങളോടെ, വിശ്വസ്തതയോടെ
ഇതേറ്റുവാങ്ങിയ ഏവർക്കും നന്ദി...

- 'എന്റെ കലാലയത്തിന് ഹൃദയം നിറഞ്ഞ നന്ദി' -

*Miss U Sweet Dreams...*




ARUN V. RAJ
*Cordon Bleu, UK*

MANU VINCENT
*DCT Switzerland*

SHABIR YUSUF
*Humber, Canada*

LALITHA. S
*St.George, Australia*

Where are you ?

**Join them at top universities in USA, UK, Australia, Switzerland, Canada or Malaysia.** Right now, as you're reading this ad, many of your friends are walking into classrooms in USA, Europe and the Far East. Pursuing Degrees and Diplomas in Medicine, Hospitality, Engineering, IT or just about any discipline you can think of. Now you too can enjoy this international experience...with a little help from **GlobalEdu Higher Education Services.** Just walk into our office at Pallimukku, Ernakulam, and we will make things easy for you.

✦ GENERAL COUNSELING ✦ COURSE SELECTION ✦ UNIVERSITY SELECTION ✦ ADMISSION FORMALITIES
✦ ORIENTATION FOR IELTS, TOEFL, GRE, SAT ✦ VISA GUIDANCE & MOCK INTERVIEW ✦ PRE-DEPARTURE BRIEFING
✦ TRAVEL & TICKETING ASSISTANCE ✦ INSURANCE HELP DESK ✦ GUIDANCE ON EDUCATION LOANS & MORE

GlobalEdu
HIGHER EDUCATION SERVICES
*Overseas education made easy*
www.globalhigheredu.com

# കീ ഇൻസ്റ്റിറ്റ്യൂട്ട് (1969 മുതൽ)

## എല്ലാ കോഴ്സുകൾക്കും 100% ഗ്യാരണ്ടി



1. ഹൈസ്കൂൾ /കോളേജ് വിദ്യാർത്ഥികൾക്ക്
   **വെക്കേഷൻ ക്ലാസ്സുകൾ -
   സ്പോക്കൺ ഇംഗ്ലീഷും ഗ്രാമറും
   പേഴ്സനാലിറ്റി ഡിവലപ്മെന്റും
   ഇന്റർവ്യൂ ട്രെയിനിംഗും**
2. **സ്പോക്കൺ ഇംഗ്ലീഷ്** (ജനറൽ)
3. SPOKEN ENGLISH FOR SENIORS
4. IELTS 5. TOEFL
6. **കോൾസെന്റർ ട്രെയിനിംഗ്**
7. **പേഴ്സനാലിറ്റി ഡിവലപ്മെന്റ്,
   പബ്ലിക് സ്പീക്കിംഗ്,
   മെമ്മറി എൻഹാൻസ്മെന്റ്** etc.



- ഞങ്ങളുടെ ബ്രാഞ്ചുകൾ ഒന്നും തന്നെ ഫ്രാഞ്ചൈസികൾ അല്ല. നേരിട്ടുള്ള ഉത്തരവാദിത്വത്തിലും ഉറപ്പിലും നടത്തുന്നവയാണ്.
- ബ്രിട്ടീഷുകാരിൽ നിന്നും അമേരിക്കക്കാരിൽ നിന്നും ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകരാണ് FLUENCY ക്ലാസ്സുകൾ നയിക്കുന്നത്
- 37 വർഷത്തെ അദ്ധ്യാപനപാരമ്പര്യത്തിന്റെ മികവും മലയാളം മീഡിയംകാർക്ക് പ്രത്യേകം ബാച്ചുകളും.

**ഇതാണ് ഞങ്ങളുടെ വിജയ രഹസ്യം.**

**എറണാകുളം** ജോസ് ജംഗ്ഷൻ (0484 – 2371818, 2372727, 2350808),
**കലൂർ** ബസ്സ്റ്റാന്റിന് സമീപം (0484 – 2536836, 2536059, 2536014),
**വൈറ്റില** (0484 – 2389191, 2389332, 9447974181),
**തൃപ്പൂണിത്തുറ** (0484 – 2783118, 2782272, 9388871818),
**ആലുവ** (0484 – 2620245, 2621208, 9895753830),
**തൃശൂർ** തെക്കേ മഠത്തിന് സമീപം (0487 – 2441046, 2441136, 9947472308)
**ചാലക്കുടി** പ്രൈവറ്റ് ബസ്സ് സ്റ്റാൻഡിന് പിറകിൽ (0480 – 2703495, 2709129, 9946231309)
**തൊടുപുഴ** (04862 – 229852, 229897, 9846206868)